

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2021-23)

മുപ്പത്തിയൊമ്പതാമത് റിപ്പോർട്ട്
(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1, 2, 3, 4, 5, 6, 8, 9, 10 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

മുപ്പത്തിയൊമ്പതാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1, 2, 3, 4, 5, 6, 8, 9, 10 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

## ഉള്ളടക്കം

പേജ്


സമിതിയുടെ ഘടന : I

മുഖവുര : II

റിപ്പോർട്ട് : 1

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും : 164

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി : 181

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ മുപ്പത്തിയൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1, 2, 3, 4, 5, 6, 8, 9, 10 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1, 2, 3, 4, 5, 6, 8, 9, 10 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

## 1. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തി

സംസ്ഥാനത്തെ ഏക സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്. പൊതു പണത്തിൽ ഏതാണ്ട് പകുതിയോളം കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡുകൾ തുടങ്ങിയ തദ്ദേശ നിധികളാണ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്നത്. ഈ സ്ഥാപനങ്ങളിലെ സാമ്പത്തിക ഭരണ നിർവ്വഹണം സുതാര്യവും കാര്യക്ഷമവും നിയമബദ്ധവുമാണെന്ന് ഉറപ്പാക്കുകയാണ് വകുപ്പിന്റെ പ്രധാന ചുമതല.

ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ വിശദമായി പരിശോധിച്ച് സമഗ്രമായ ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പ് പുറപ്പെടുവിക്കാറുണ്ട്. റിപ്പോർട്ടുകളിന്മേൽ നിയമപരമായ അനന്തര നടപടികളും സ്വീകരിക്കാറുണ്ട്. ഓരോ വർഷവും പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളിൽ നിന്ന് തിരഞ്ഞെടുത്ത പരാമർശങ്ങളുടെ സംക്ഷിപ്ത സമാഹാരമാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

1994 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ച് ഓരോ വർഷവും സെപ്റ്റംബർ 30 - ന് മുമ്പ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ അത് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ഇങ്ങനെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് നിയമസഭയ്ക്കും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസിക്കും തമ്മിലുള്ള നിയമപരമായ

ആശയ വിനിമയ രേഖയാകുന്നു. തുടർന്ന് സമാഹൃത റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമസഭാ കമ്മിറ്റിയുടെ വിശകലനത്തിനും പരിശോധനയ്ക്കും തുടർ നടപടികൾക്കും വിധേയമാകുന്നു. അങ്ങനെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന് സവിശേഷമായ പ്രസക്തിയും പ്രാധാന്യവും കൈവരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് സംബന്ധമായ പൊതു ചിത്രം സമാഹൃത ഓഡിറ്റ് റിപ്പോർട്ട് നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനകാര്യ ഭരണത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. ഈ മേഖലയിലെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് ക്രിയാത്മകമായ ഉപദേശം നൽകുന്നതിന് പുറമെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണത്തിലും ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്ന വാർഷിക ഓഡിറ്റുകളും അവയിലുള്ള അനന്തര നടപടികളും പ്രസ്തുത സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് ക്രമപരമാക്കുന്നതിൽ നിസ്തുലമായ പങ്കാണ് വഹിക്കുന്നത്.

സമാഹൃത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ സാമ്പത്തിക ഭരണ നിർവ്വഹണ മേഖലയിൽ കാണുന്ന പോരായ്മകളുടെയും ക്രമക്കേടുകളുടെയും അതോടൊപ്പം അനിവാര്യമായ കേന്ദ്ര മാറ്റത്തിന്റെയും സംക്ഷിപ്ത ചിത്രം പ്രദാനം ചെയ്യുന്നു. ക്രമക്കേടുകൾ പരിഹരിക്കുന്നതിലും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിലും ഭരണാധികാരികൾക്ക് അവ വഴികാട്ടിയാവുന്നുണ്ട്. ഓരോ ക്രമക്കേടിന്റെയും അടിസ്ഥാനകാരണങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കുമ്പോഴാണ് ഓഡിറ്റ് അർത്ഥപൂർണ്ണമാകുന്നത്.

## 2. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2003 - 2004 സാമ്പത്തിക വർഷം പുറപ്പെടുവിച്ച വിവിധ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുത്ത ഓഡിറ്റ് പരാമർശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ. വകുപ്പിന്റെ പ്രവർത്തനത്തിൽ അധികം പരിഗണന ലഭിക്കുന്നത് ഇവയ്ക്കാണ്. അതിനാൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അധികവും ഈ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ളവയാണ്.

2003 - 04 കേരള വികസന പദ്ധതി വർഷമാണെങ്കിലും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അധികവും ജനകീയാസൂത്രണ പദ്ധതികളുടേതാണ്. 97-98 മുതലുള്ള പരാമർശങ്ങളും കാണാം. 2000-01, 2001-02 വർഷങ്ങളിലെ പരാമർശങ്ങളാണ് അധികവും. സർക്കാർ നിർദ്ദേശപ്രകാരം ജനകീയാസൂത്രണ വർഷങ്ങളിലെ ഓഡിറ്റ് മുൻഗണന നല്കി പൂർത്തിയാക്കാൻ ശ്രമിച്ചതിനാലാണിത്.

പരാമർശങ്ങൾ തിരഞ്ഞെടുക്കുന്നതിൽ പ്രാതിനിധ്യം ഉറപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. വരവിലേയും ചെലവിലേയും അപാകതകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യത്യസ്തമായ പരാമർശങ്ങൾക്കും സ്ഥലം നല്കിയിട്ടുണ്ട്. വകുപ്പ് 2003-2004 ൽ പുറപ്പെടുവിച്ച നിരവധി റിപ്പോർട്ടുകളിലെ അഴിമതി, ക്രമക്കേടുകൾ, ധനാപഹരണങ്ങൾ, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ പദ്ധതി നിർവഹണങ്ങൾ, തദ്ദേശ നിധിയിലുണ്ടായ വിവിധ സ്വഭാവത്തിലുള്ള നഷ്ടങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ നാമമാത്രമായ പരാമർശങ്ങൾ മാത്രമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന മറ്റ് സ്ഥാപനങ്ങളായ സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, വികസന അതോറിറ്റികൾ, ഭവന നിർമ്മാണ ബോർഡ് തുടങ്ങിയവയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുക്കുന്ന പരാമർശങ്ങൾക്കും ഇടം നൽകിയിട്ടുണ്ട്. പരാമർശങ്ങൾ തിരഞ്ഞെടുക്കുന്നതിന് ഗുരുതരമായവ, പ്രസക്തമായവ, വൻ തുക പാഴ്ചെലവായവ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായവ, സർക്കാരിന്റെയും നിയമസഭാ സമിതിയുടേയും ശ്രദ്ധ പതിയേണ്ടവ എന്നിവയാണ് മാനദണ്ഡമാക്കിയത്.

മുൻ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ വ്യക്തമാക്കിയതുപോലെ ഈ റിപ്പോർട്ടും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മാണ മേഖലയ്ക്ക് മുൻതൂക്കം നൽകിയതായി സാക്ഷ്യപ്പെടുത്തുന്നു. പദ്ധതി വിഹിതത്തിൽ അധികവും നിർമ്മാണ മേഖലയ്ക്കാണ് നൽകിയത്. സർക്കാർ നിർദ്ദേശവും ഇത്തരത്തിലായത് സ്ഥാപനങ്ങൾക്ക് സൗകര്യമായി. ഉൽപാദന മേഖലയിൽ ഉൾപ്പെട്ട പദ്ധതികൾ പോലും ആത്യന്തികമായി നിർമ്മാണ സ്വഭാവത്തിലുള്ളതായിരുന്നു.

നമ്മുടെ വികസന നയത്തിൽ - പ്രത്യേകിച്ചും പ്രാദേശിക ജനാധിപത്യ സ്ഥാപനങ്ങളിൽ - മരാമത്ത് പദ്ധതികൾ മുഖ്യ അജണ്ടയാകുന്നത് പുന:പരിശോധിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തിന്റെ ഭൂപരമായ പ്രത്യേകതകളും സാമൂഹ്യ സാംസ്കാരിക സ്വത്വങ്ങളും പരിഗണിക്കുമ്പോൾ ഉല്പാദന മനുഷ്യവിഭവശേഷി നവീകരണ പദ്ധതികൾക്ക് മുൻതൂക്കം ലഭിക്കേണ്ടതാണ്. അനിയന്ത്രിതവും അനാവശ്യവുമായ മരാമത്ത് പദ്ധതികളുടെ പാരിസ്ഥിതികാഘാതങ്ങളും പരിഗണിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തു നിന്നും ഏറ്റവും അധികം കയറ്റി അയയ്ക്കപ്പെടുന്നത് കാർഷിക ഉല്പന്നങ്ങളും മനുഷ്യ വിഭവശേഷിയുമാണ്. പദ്ധതികൾ ഈ കാഴ്ചപ്പാടിൽ രൂപപ്പെടുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാട്ടിയിട്ടുണ്ട്. പരിമിതമായി

നിർവഹിക്കപ്പെട്ട തൊഴിൽ പരിശീലന പദ്ധതികൾ ശരിയായ മോണിട്ടറിംഗിന് വിധേയമാക്കിയിട്ടുമില്ല. സർവകലാശാലകൾ, ദേവസ്വം എന്നിവിടങ്ങളിലും മുൻഗണന മരാമത്ത് പദ്ധതികൾക്കാണ്.

മുൻവർഷങ്ങളിലേതു പോലെ പദ്ധതി വിഹിതത്തിൽ നിന്നും ലക്ഷക്കണക്കിന് രൂപ നിക്ഷേപപദ്ധതികൾക്ക് വകമാറ്റിയിട്ടുണ്ട്. വൈദ്യുതി, ഭവന നിർമ്മാണ ബോർഡുകൾ, ജലഅതോറിറ്റി എന്നിവയിലാണ് അധികവും നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. വികസനത്തിന്റെ ആധാരഘടകങ്ങളായ വെള്ളം, വെളിച്ചം, പാർപ്പിടം എന്നിവയ്ക്ക് വേണ്ടിയാണെങ്കിലും നിക്ഷേപ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ഇതിന് തെളിവാണ്. മുൻ വർഷങ്ങളിലെ നിക്ഷേപം കൂടി കണക്കാക്കുമ്പോൾ പദ്ധതി വിഹിതത്തിൽ കോടികളാണ് നിക്ഷേപമായിരിക്കുന്നത്. വികസനം ഇങ്ങനെ നിക്ഷേപമാകുന്നത് ആശാസ്യമല്ല. നിക്ഷേപ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. ഇവ സമയ ബന്ധിതമായി പൂർത്തിയാക്കാൻ വഴി തേടേണ്ടതാണ്.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത പദ്ധതികൾ അധികവും പൂർത്തിയായിട്ടില്ലെന്ന് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ വ്യക്തമാക്കുന്നു. ഗുണഭോക്തൃ സമിതികൾ വഴിയുള്ള പദ്ധതി നിർവഹണത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ഗുണഭോക്തൃ സമിതികൾ ലക്ഷക്കണക്കിന് രൂപ പദ്ധതി വിഹിതത്തിൽ നിന്നും മുൻകൂർ കൈപ്പറ്റി പദ്ധതി നിർവഹണം നടത്താതിരിക്കുന്നതായും പരാമർശങ്ങൾ വ്യക്തമാക്കുന്നു. മുൻ വർഷങ്ങളിലെ മുൻകൂറുകൾ കൂടി പരിഗണിക്കുമ്പോൾ പൊതു പണത്തിൽ കോടിക്കണക്കിന് രൂപയാണ് സ്വകാര്യ വ്യക്തികൾ കയ്യടക്കിയിരിക്കുന്നത്. ഇത്തരം വികസന നിഷേധങ്ങൾ ഗൗരവമായി കാണേണ്ടതാണ്.

കാർഷിക മേഖലയിലെ പദ്ധതികൾ-പ്രത്യേകിച്ച് കാർഷിക യന്ത്രവത്കരണം - ഫലപ്രാപ്തിയിലെത്തിയില്ലെന്ന് റിപ്പോർട്ടിലെ പരാമർശങ്ങൾ വ്യക്തമാക്കുന്നു. കാർഷിക മേഖലയിലെ തൊഴിൽ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ കാർഷിക യന്ത്രവത്കരണത്തിന് സാമൂഹ്യ പ്രസക്തിയുണ്ടായിരുന്നെങ്കിലും ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

## 3. പദ്ധതി നിർവഹണം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തിൽ ഓഡിറ്റിൽ കണ്ട പൊതുവായ അപാകതകൾ താഴെ വിവരിക്കുന്നു.

### 1. മരാമത്ത് പദ്ധതികൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ അധികവും മരാമത്ത് പണികളാണ്. ക്രമക്കേടുകൾ ഇവിടെ വ്യാപകമാണ്. അവ താഴെ വിവരിക്കുന്നു.

1. മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നത് വിവിധ തലങ്ങളിലുള്ള വിദഗ്ധ സമിതികളാണ്. എസ്റ്റിമേറ്റിലെ നിരക്കുകളുടെ സാധുതയും സാങ്കേതികതയും മാത്രമാണ് സമിതികൾ പരിശോധിക്കുന്നത്. പദ്ധതിയുടെ " ഫീസിബിലിറ്റി" പരിശോധിക്കാറില്ല. അതിനാൽ നിർമ്മാണ വേലകളുടെ സാങ്കേതികത്വത്തോടൊപ്പം " ഫീസിബിലിറ്റി" കണക്കിലെടുത്താവണം അംഗീകാരം നൽകാൻ.

2. എസ്റ്റിമേറ്റ് യാഥാർഥ്യബോധത്തോടെയല്ല തയ്യാറാക്കുന്നതെന്ന് അവസാന മൂല്യനിർണയം തെളിയിക്കുന്നു. എസ്റ്റിമേറ്റിൽ വ്യതിചലനം വ്യാപകമാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ 'എക്സ്ട്രാ ഇനങ്ങ' ളായി ചെയ്യുവാൻ താല്പര്യം ഏറുന്നു. ഇങ്ങനെ എക്സ്ട്രാ ഇനങ്ങൾ ചെയ്യുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങൾ അനുശാസിക്കുന്നതുപോലെ മുൻകൂറായി റിപ്പോർട്ട് ചെയ്ത് അനുമതി വാങ്ങുന്നില്ല.

3. അനുവദനീയമായതിൽ അധികം നിരക്ക് നൽകി എസ്റ്റിമേറ്റ് തയാറാക്കി അതനുസരിച്ച് മൂല്യ നിർണ്ണയം നടത്തിയതായി കാണുന്നു. നിരക്കുകൾ നിർണയിച്ചത് സംബന്ധിച്ചുള്ള ഡാറ്റ ഫയലിൽ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. അധിക നിരക്ക് നൽകിയതിനാൽ ഉണ്ടായ നഷ്ടത്തിന് ഉത്തരവാദി സാങ്കേതികാനുമതി നല്കിയ സമിതിയിലെ അംഗങ്ങളാണ്. അതിനാൽ ഈ വിഷയത്തിൽ ഉത്തരവാദിത്വം നിർണയിക്കുന്നതിന് മാനദണ്ഡം ഉണ്ടാകണം.

4. ഭൂരിഭാഗം മരാമത്ത് പണികൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. എന്നാൽ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഇത് കുറവ് ചെയ്തതായി കാണുന്നില്ല.

5. മരാമത്ത് പണികൾക്കായി ടാറുൾപ്പെടെ പല സാധനങ്ങൾ കൺവീനർമാർ വാങ്ങുന്നുണ്ടെങ്കിലും അതിന്റെ ഗുണനിലവാരം ഉത്തരവാദപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഡിപ്പാർട്ട്മെന്റ് സപ്ലൈ സാധനങ്ങൾ പലതും സ്റ്റോർ പർച്ചേസ് മാനുവലനുസരിച്ച് വാങ്ങുകയോ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

6. മരാമത്ത് പണികളുടെ നിർവഹണത്തിൽ സാങ്കേതിക നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കാത്തതിനാൽ ഭീമമായ അധികചെലവ് കാണുന്നു. ഗുണഭോക്തൃസമിതികൾ ചമയ്ക്കുന്ന കരാറുകൾക്ക് നിയമസാധുത ലഭിക്കുവാൻ മുൻകൂതലുകൾ എടുക്കേണ്ടതാണ്. നഗരസഭകളിൽ മരാമത്ത് പണികൾക്ക് ക്വട്ടേഷൻ സ്വീകരിച്ച് വർക്ക് ഓർഡർ നല്കുന്നതോടൊപ്പം കരാർ ചെയ്യേണ്ടതുള്ളപ്പോൾ പണി പൂർത്തിയായ ശേഷമാണ് പലപ്പോഴും കരാർ പത്രം സമർപ്പിക്കുന്നത്. കരാറുകാരൻ മാത്രം ഒപ്പിട്ട കരാർ പത്രങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

7. പദ്ധതി നിർവഹണത്തിൽ സർക്കാർ, പൊതു മരാമത്ത് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ട്. മണ്ണ് ഫില്ലിംഗിന് നിരക്ക് നിർണ്ണയിക്കുന്നതിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4.4.86 ലെ 13584/എഫ്.ടി.ഡബ്ല്യു സി 1/എഫ് സ്പഷ്ടീകരണ കത്ത് പരിഗണിച്ചില്ല. (തൃശ്ശൂർ ജില്ലയിലെ പരാമർശം കാണുക.)

8. എസ്റ്റിമേറ്റിനോടൊപ്പം 10 ശതമാനം തുക നികുതിക്കും മറ്റും വകയിരുത്തിയാണ് ഉണഭോക്തൃ സമിതി നടപ്പാക്കുന്ന പണികളുടെ അടങ്കൽ നിശ്ചയിക്കേണ്ടതെന്ന് വ്യവസ്ഥയുണ്ടെങ്കിലും ചില എസ്റ്റിമേറ്റുകളിൽ പര്യാപ്തമായ തുക വകയിരുത്താത്തതിനാൽ നികുതി ഉൾപ്പെടെയുള്ള ചെലവുകൾ അടങ്കൽ തുകയെ അധികരിക്കുന്നതായി കാണുന്നു. ഇങ്ങനെ വകയിരുത്തിയ തുകകളാകട്ടെ കൃത്യമായി സർക്കാരിൽ അടയ്ക്കുന്നതായി കാണുന്നില്ല. എത്ര തുക ഈടാക്കിയിട്ടുണ്ട്, എത്ര തുക സർക്കാരിലേക്ക് അടയ്ക്കുന്നു എന്ന് പരിശോധിക്കുന്നതിന് അടിസ്ഥാനരേഖകൾ പല സ്ഥാപനങ്ങളിലും ലഭ്യമല്ല.

9. പദ്ധതി നിർവഹണത്തിൽ സമയക്രമം പാലിക്കാത്തത് മരാമത്ത് പണികളിൽ ഒഴിയാബാധയാണ്. പദ്ധതികൾ അനിയന്ത്രിതമായി നീളുന്നത് എസ്റ്റിമേറ്റ് പരിഷ്കരണത്തിനും അധിക ചെലവിനും ഇടയാക്കുന്നുണ്ട്. സമയത്ത് പൂർത്തിയാക്കുവാൻ കഴിയാത്ത പദ്ധതികൾ അധികവും പാതിവഴിയിൽ ഉപേക്ഷിക്കുന്നതായും കാണുന്നു. ഇതിനാൽ പാഴ്ച്ചെലവ്, പദ്ധതി നിർവഹണത്തിൽ പെരുകുന്നു.

പദ്ധതികളിൽ മുൻഗണനാ ക്രമം ബോധപൂർവം തെറ്റിക്കുന്നതാണെന്നും വ്യക്തമായിട്ടുണ്ട്. കുടിവെള്ള ജലസേചന പദ്ധതികളിലാണിത് വ്യാപകം. ജലസ്രോതസ് കണ്ടെത്തി നവീകരിക്കുന്നതിന് മുമ്പ് പമ്പ്സെറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കൂട്ടുന്നു. ഇങ്ങനെ ഗണ്യമായ തുക ചെലവഴിക്കപ്പെട്ട ചില പദ്ധതികൾ ജലലഭ്യതയുടെ കുറവിനാൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

## 2. മരാമത്തിതര പദ്ധതികൾ

മരാമത്തിതര പദ്ധതികളുടെ നിർവഹണത്തിലും പാളിച്ചകൾ പ്രകടമാണ്. റിപ്പോർട്ടിലെ ബന്ധപ്പെട്ട പരാമർശങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്.

ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിലേയും അർഹതാ പരിശോധനയിലേയും അപാകതകൾ, സബ്സിഡി പരിധി ലംഘനങ്ങൾ, ആസൂത്രണ രാഹിത്യത്തിലൂടെയുള്ള നിർവഹണ ചെലവ് വർധന, മോണിട്ടറിംഗിന്റെ അഭാവം എന്നിവ പ്രകടമാണ്.

പദ്ധതി ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ ഗ്രാമസഭയോട് പൂർണ്ണമായും നീതി പുലർത്താറില്ല. ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അർഹത നിർവഹണ ഉദ്യോഗസ്ഥർ സൂക്ഷ്മപരിശോധന നടത്തി ഉറപ്പാക്കാറില്ല. സർക്കാർ ഉത്തരവുകൾ കാലികമായി നിർണയിച്ച പരിധി ലംഘിച്ച് സബ്സിഡി നൽകിയതായി കാണുന്നുണ്ട്. കാർഷിക മൃഗ സംരക്ഷണ ക്ഷീര മേഖലയിലെ പദ്ധതികളിൽ സബ്സിഡി പരിധി ലംഘനം ചെറുതല്ല.

ഒരു സാമ്പത്തിക വർഷം തന്നെ സമാന പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ പ്രത്യേകം നടപ്പാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അഴിമതിക്ക് വഴിയൊരുക്കുന്നതാണിത്. ഒരേ ഗുണഭോക്താക്കൾ തന്നെ മൂന്ന് പദ്ധതികളുടേയും ആനുകൂല്യം കൈപ്പറ്റുവാൻ ഇതിനാൽ സാധ്യതയേറുന്നു. നിർവഹണ ഏജൻസികൾ ക്രമക്കേടുകൾ നടത്താനും ഇത് ഇടയാക്കുന്നു. കാലിതീറ്റ, പശു വിതരണ പദ്ധതികൾ ഉദാഹരണമാണ്. ഇതിൽ കാലിതീറ്റ വിതരണ പദ്ധതി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഒരേ വർഷം പ്രത്യേകം നടത്തുന്നതായി പരിശോധനയിൽ വ്യക്തമായി.

പദ്ധതിയിൽ നിർവഹണ ഏജൻസികളുടെ പൂർണ്ണമായ പങ്കാളിത്തം ആശങ്കാജനകമാണ്. കാലിതീറ്റ വിതരണ പദ്ധതി ഉദാഹരണം. പദ്ധതിയുടെ നിർവഹണ ഏജൻസി ക്ഷീര സംഘങ്ങളാണ്. ത്രിതല പഞ്ചായത്തുകളുടെ കാലിതീറ്റ വിതരണ പദ്ധതികൾ ഒരേ സമയം ക്ഷീര സംഘങ്ങൾ ഏറ്റെടുക്കാറുണ്ട്. സമാന്തരമായി സംഘങ്ങൾ ക്ഷീരകർഷകർക്ക് കാലിതീറ്റ വില്ക്കാറുമുണ്ട്. അങ്ങനെ ഒരേ സമയം കാലിതീറ്റ വില്പനയും സബ്സിഡി നിരക്കിൽ കാലിതീറ്റ വിതരണവും സംഘങ്ങൾ നടത്തുന്നു. ഇവ രണ്ടിന്റേയും ഗുണഭോക്താക്കൾ സംഘങ്ങളിൽ 'പാൽ അളക്കുന്ന' ക്ഷീരകർഷകരും. അവിഹിതമായ ഇടപെടലുകൾക്ക് ഈ പ്രവർത്തനങ്ങളിൽ സ്ഥലം ഏറെയാണ്. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിർവഹിക്കപ്പെട്ട കാലിതീറ്റ വിതരണ പദ്ധതികൾ സമഗ്രമായി അന്വേഷിക്കേണ്ടതാണ്.

കാർഷിക പദ്ധതികളിലും സമാനത ദൃശ്യമാണ്. കാർഷിക പദ്ധതികളുടെ നിർവഹണ പങ്കാളികൾ കേര പാടശേഖരസമിതികളാണ്. സർക്കാർ നിർദ്ദേശങ്ങളിലൂടെ അനുവദിക്കപ്പെട്ട പങ്കാളിത്തത്തിൽ അധികം സമിതികൾക്ക് നിർവഹണ ഉദ്യോഗസ്ഥർ അനുവദിക്കുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നുണ്ട്. ജനാധിപത്യം പരിമിതമായി മാത്രമുള്ള ഇത്തരം സമിതികളുടെ പങ്കാളിത്തം സംശയാസ്പദമാണ്. മാത്രമല്ല സാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും സമിതികളിൽ ഉറപ്പാക്കാൻ ഇന്ന് സംവിധാനം നിലവിലില്ല. അതിനാൽ ഇത്തരം സമിതികളെ നവീകരിച്ച് നിയമബദ്ധമാക്കി പദ്ധതി നിർവഹണത്തിൽ ശരിയായ ജനകീയ ഇടപെടലിന് വഴിയൊരുക്കണം.

സമാന്തര പദ്ധതി നിർവഹണം ഈ മേഖലയിൽ വ്യാപകമാണ്. കാർഷിക പദ്ധതികളാണ് ഇതിനുദാഹരണം. ഒരേ പദ്ധതികൾ ഒരേ സമയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും വകുപ്പ് തലത്തിലും നടപ്പാക്കുന്നു. ചില പദ്ധതികളാകട്ടെ വകുപ്പ് തലത്തിൽ മാത്രം ഒതുക്കുന്നു.

ഇത്തരം പദ്ധതി നിർവഹണം അധികാര വികേന്ദ്രീകരണത്തെ തകർക്കുന്നതാണ്.

കാർഷിക-മൃഗസംരക്ഷണ-ക്ഷീര മേഖലകളിലെ പദ്ധതികളുടെ ഫലപ്രാപ്തിയും നേട്ടവും വിലയിരുത്തുന്നതിന് പുതിയ സമീപനം ആവശ്യമാണ്. ഇത്തരം പദ്ധതികൾക്ക് ജനകീയാസൂത്രണത്തിൽ നിർദ്ദേശിക്കപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റികൾ കടലാസിൽ ഒതുങ്ങിയതായി ഓഡിറ്റിൽ വ്യക്തമായതും ഓർക്കേണ്ടതുണ്ട്. ഇന്ന് പദ്ധതി അടങ്കൽ ചെലവഴിച്ചു കഴിഞ്ഞാൽ പദ്ധതി ഭൗതിക നേട്ടം കൈവരിച്ചതായി വിലയിരുത്തപ്പെടുന്നു. ഇതിന് പകരം ഉല്പാദന വർദ്ധനവ് ഭൗതിക നേട്ടം നിർണയിക്കുന്നതിന് അധിഷ്ഠിതമാക്കണം. ഓരോ വർഷത്തെ പദ്ധതി നിർവഹണത്തിന് ശേഷവും ഉല്പാദന വർധനവ് വിലയിരുത്തുവാൻ സ്വതന്ത്ര സംവിധാനം വേണം.

വിപുലമായ മോണിട്ടറിംഗ് സംവിധാനം പദ്ധതികൾക്ക് നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും അവ നിഷ്ക്രിയമായിരുന്നു. ഇവയുടെ നിഷ്ക്രിയത വികേന്ദ്രീകൃതാസൂത്രണത്തിലെ ജനകീയ ഇടപെടലിനെപ്പറ്റി പുനർചിന്തക്ക് പ്രേരിപ്പിക്കുന്നതാണ്.

പദ്ധതികളുടെ ചെലവ് ആസൂത്രണരാഹിത്യത്താൽ വർധിച്ചതും ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ സമാന സ്വഭാവമുള്ള ചെലവുകൾ അനാവശ്യമായി ആവർത്തിക്കപ്പെട്ടതായി കാണാം. അതേപോലെ പദ്ധതി ചെലവ് കുറയ്ക്കാൻ സ്റ്റോർ പർച്ചേസ് നിയമം പോലുള്ളവ ഫലപ്രദമായി ഉപയോഗിക്കുവാനും നിർവഹണ ഉദ്യോഗസ്ഥർ ആർജ്ജവം കാട്ടിയില്ല.

## 4. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ധന സ്ഥിതി

അധികാര വികേന്ദ്രീകരണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ ബാധ്യതകൾ വർധിപ്പിച്ചിരിക്കുന്നു. വാർഷിക ആവർത്തന സ്വഭാവമുള്ളതാണ്

ഇതിനുള്ള ചെലവുകൾ. ഇവയുടെ നിർവഹണത്തിനുള്ള എസ്റ്റാബ്ളിഷ്മെന്റ് ചെലവുകളും വർധിച്ചിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടാണ് ചെലവുകൾ നിറവേറ്റേണ്ടത്. തനത് ഫണ്ട് വികേന്ദ്രീകൃതാസൂത്രണ പൂർവകാലത്തേതിൽ നിന്ന് കാര്യമായി വർധിച്ചിട്ടില്ല. മാത്രമല്ല വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പദ്ധതി സഹായം ഒഴികിയെത്തിയതോടെ തനത് വരുമാന ചോർച്ച ഒഴിവാക്കുന്നതിൽ സ്ഥാപനങ്ങൾക്ക് ആത്മാർത്ഥത കുറയുന്നുണ്ട്. ഇതിനാൽ അധികം സ്ഥാപനങ്ങളും ഗുരുതരമായ സാമ്പത്തിക തകർച്ചയിലാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി ഉണ്ടായിട്ടില്ല. പ്രധാന വരുമാനമായ കെട്ടിട നികുതി പരിഷ്കരണം വർഷങ്ങളായി മുടങ്ങിയിരിക്കുകയാണ്. പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ഇപ്പോൾ പൂർണ്ണമായും ഉദ്യോഗസ്ഥാധികാരത്തിന്റെ പരിധിയിലാണ്. മാത്രമല്ല നികുതി നിർണയത്തിൽ പലവിധ താല്പര്യങ്ങൾ ബന്ധിതമാണ്. ചുമത്തുന്ന നികുതികൾ പിരിച്ചെടുക്കുന്നതിൽ തികഞ്ഞ അലംഭാവം പ്രകടമാണ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ നികുതി പിരിവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോടികളുടെ കുടിശിക വരുത്തിയതായി തെളിയിക്കുന്നു. കുടിശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ക്രിയാത്മക നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

നികുതി പിരിവിലെ അലംഭാവം മറ്റ് വരുമാനങ്ങളിലും പ്രകടമാണ്. ചോർച്ച ഒഴിവാക്കി കാര്യക്ഷമമായി പിരിച്ചെടുക്കാൻ ശ്രമിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമാനമായ അവസ്ഥ സർവകലാശാലകളിലും ദൃശ്യമാണ്. സർവകലാശാലകളുടെ പ്രധാന വരുമാനമായ ഫീസിൽ കാലിക വർധനയുണ്ടായിട്ടില്ല. ക്ഷേത്രങ്ങളുടെ കാര്യത്തിൽ കെട്ടിടങ്ങളുടെ വാടക കാലാനുസൃതമായി പരിഷ്കരിച്ച് കുടിശികയില്ലാതെ പിരിച്ചെടുക്കുന്നതിലും വഴിപാട് ലേല ുക

ഈടാക്കുന്നതിലും ഉദാസീനതയുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം കാലികമായി വർധിപ്പിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും ഫലപ്രദമായ നിർദ്ദേശങ്ങൾക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വരുമാന തകർച്ചക്കൊപ്പം ചെലവിലും അച്ചടക്കരാഹിത്യം ദൃശ്യമാണ്. ഇതിന് ഉദാഹരണമാണ് ഫോട്ടോ കോപ്പികൾ എടുക്കുന്നതിനുള്ള ചെലവ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നും ഒരു വർഷം ലക്ഷത്തിൽ കുറയാത്ത തുക ഇതിന് ചെലവഴിക്കുന്നതായി ഓഡിറ്റ് വേളയിൽ കണ്ടെത്തിയിട്ടുണ്ട്. ഈ ചെലവിൽ മിതത്വം ഉറപ്പാക്കാനാണ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയന്ത്രം കൊടുക്കുവാൻ പദ്ധതി തയ്യാറാക്കിയത്. പഞ്ചായത്തുകളിൽ നിന്ന് ഒരു ലക്ഷം രൂപ വീതം അംശദാനം പിരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി നിർവഹിക്കപ്പെട്ടിട്ടില്ല. ചെലവിൽ മിതത്വം ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 5. ഗ്രാമ സഭകളും വ്യക്തിഗത ആനുകൂല്യങ്ങളും

നമ്മുടെ രാഷ്ട്രീയ ഘടനയിലെ ഏറ്റവും താഴെ തട്ടിലുള്ള ഭരണഘടനാ വേദിയാണ് ഗ്രാമസഭകളും വാർഡ് സഭകളും. ഈയൊരു ഗൗരവം ഉൾക്കൊണ്ടുള്ള പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാട്ടിയില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വിഷയം പ്രതിപാദിച്ചിരുന്നതാണ്.

വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ അധികാരം ഗ്രാമസഭകൾക്കാണ്. അധികാരങ്ങളെപ്പറ്റിയുള്ള ബോധരാഹിത്യത്താൽ ഗ്രാമസഭകൾ ആരോപണ വേദികളായി ചുരുങ്ങുന്നു. ഗ്രാമസഭകൾ ശരിയായ പ്രാദേശിക ജനാധിപത്യ വേദികളാകുന്നുമില്ല. അതിനാൽ ഇവയിലൂടെയുള്ള ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പും സംശയിക്കത്തക്കതാണ്.

പദ്ധതികളുടെ ആനുകൂല്യം ഒരേ ഗുണഭോക്താക്കൾ വിവിധ വർഷങ്ങളിൽ കൈപ്പറ്റുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഒരേ വ്യക്തികൾ ആവർത്തിച്ച് ആനുകൂല്യം കൈപ്പറ്റുന്നത് തടയേണ്ടതുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളുടെ വിശകലനത്തിന് വിധേയമാക്കണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. അപൂർവ്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇത് നടപ്പാകുന്നത്. ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഇത് ആവശ്യമാണ്. പദ്ധതി നിർവഹണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുവാനും ഇത് ആവശ്യമാണ്. അഴിമതി, സ്വജനപക്ഷപാതം, സാമ്പത്തിക ക്രമക്കേടുകൾ എന്നിവക്ക് എതിരെയുള്ള ജനകീയ പ്രതിരോധവും ഇതിലൂടെ സൃഷ്ടിക്കപ്പെട്ടേനെ. അതിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളുടെ സജീവചർച്ചക്ക് വിഷയമാക്കുവാൻ കർശനമായ നിർദ്ദേശം ഉണ്ടാകണം. അതോടൊപ്പം ഗ്രാമസഭകളെ ശാക്തീകരിക്കുവാനും നിർദ്ദേശങ്ങൾ ഉണ്ടാകണം.

## 6. പാഴാവുന്ന ആസ്തികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണത്തിലൂടെ കോടി കണക്കിന് രൂപയുടെ ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും പരിതാപകരം ഇവയെപ്പറ്റി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സമഗ്രമായ വിവരം ലഭ്യമല്ലെന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തി വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിന് ക്ലിപ്തമാതൃകയിൽ രജിസ്റ്റർ ഉണ്ടാകണം. സ്ഥാപനത്തിലെ അടിസ്ഥാന രജിസ്റ്ററുകളിൽ ഒന്നാകണം ഇത്.

ആസ്തികളിൽ അധികവും ഇന്ന് നാശത്തിന്റെ വക്കിലോ അന്യാധീനപ്പെട്ട അവസ്ഥയിലോ ആണ്. കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റ് റിപ്പോർട്ടിൽ നിന്ന് സമാഹരിച്ച്

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരാമർശങ്ങൾ കാണുക. സമാനസ്ഥിതി മറ്റ് ജില്ലകളിലുമുണ്ട്. ആസൂത്രണത്തിലെ തെറ്റായ അജണ്ടയുടെ ഫലമാണിത്. പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുക്കാതെ, വേണ്ടത്ര സാധ്യതാപഠനങ്ങൾ നടത്താതെ പദ്ധതികൾ നിർവഹിക്കപ്പെട്ടതിന്റെ ബാക്കിപത്രങ്ങളാണ് നാശോന്മുഖമായ ആസ്തികൾ.

കാർഷിക യന്ത്രവത്കരണത്തിന് വാങ്ങി കൂട്ടിയ ലക്ഷങ്ങൾ വിലമതിക്കുന്ന യന്ത്രങ്ങൾ തുരുമ്പെടുക്കുന്നു. വ്യവസായ വികസനത്തിന് സൃഷ്ടിക്കപ്പെട്ട വിവിധ പദ്ധതികൾ പ്രവർത്തനം നിലച്ച യന്ത്രങ്ങളോ അന്യാധീനപ്പെട്ട ഭൂമിയായോ അവശേഷിച്ചിരിക്കുന്നു. പൊതുപണത്തിൽ നിന്ന് കോടികളാണ് ഇങ്ങനെ പാഴ്ച്ചെലവായിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും സമൂഹത്തിനും ആസ്തിയേക്കാൾ ഇവ ബാധ്യതയായിരിക്കുന്നു. ഇതേപറ്റി അന്വേഷണം നടത്തി ബാധ്യതകൾ മാത്രമായവ സ്ഥാപനത്തിനും സമൂഹത്തിനും നഷ്ടം ഉണ്ടാകാത്ത വിധത്തിൽ കയ്യൊഴിയേണ്ടതാണ്. ഒപ്പം ഫലപ്രദമായവ സമൂഹത്തിന് ഗുണകരമായ വിധത്തിൽ പുന:സംഘടിപ്പിക്കേണ്ടതുമാണ്.

## 7.പദ്ധതി നിർവഹണത്തിന് നല്കിയ മുൻകൂകൾ തിരികെ ഈടാക്കുന്നത്

ജനകീയാസൂത്രണ പദ്ധതി നിർവഹണത്തിന് ഗുണഭോക്തൃ സമിതികൾക്ക് വൻ തുകകൾ മുൻകൂർ നല്കിയിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ്; സെക്യവേർഡ് അഡ്വാൻസ് എന്നിങ്ങനെയാണ് മുൻകൂറുകൾ നൽകിയത്. നിർവ്വഹിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഗുണഭോക്തൃസമിതി കൺവീനർമാരിൽ കിടക്കുന്ന തുക ഈടാക്കുവാൻ ഫലപ്രദമായ നടപടിയില്ല. ചില സ്ഥാപനങ്ങൾ റവന്യൂ റിക്കവറി നിയമത്തിന്റെ സാധ്യതകൾ തേടിയിട്ടുണ്ടെങ്കിലും ഫലം കണ്ടിട്ടില്ല. നിയമദൃഷ്ട്യാ നിലനിൽക്കുന്ന നടപടിക്രമങ്ങൾ പാലിച്ചല്ലായിരുന്നു മുൻകൂറുകൾ നൽകിയതെന്നതാണ് ഏറ്റവും വലിയ പ്രശ്നം. ഗുണഭോക്തൃ സമിതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചമച്ച കരാറുകൾ അപൂർണ്ണമോ വ്യാജമോ നിയമസാധുതയില്ലാത്തതോ ആണ്. സമിതി അംഗങ്ങളെ നിയമസാധുതയുള്ള രേഖകളുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞല്ല കരാറുകൾ ചമച്ചത്. കൺവീനർമാരുടെ വിലാസം പോലും ശരിയല്ലാതെ റവന്യൂ റിക്കവറി നോട്ടീസ് മടങ്ങിയ ഉദാഹരണങ്ങളുണ്ട്. ബാധ്യത ഈടാക്കുന്നതിന് സാമ്പത്തിക സുരക്ഷിതത്വം ഇവർക്ക് ഉണ്ടോയെന്ന് ഉറപ്പാക്കിയല്ല മൻക്കൂറുകൾ നൽകിയത്. വ്യക്തിപരമായ ബാധ്യതകൾ നിയമദൃഷ്ട്യാ ഇവർ തദ്ദേശഭരണ സ്ഥാപനത്തിന് വരുത്തിയിട്ടുണ്ടോയെന്നും സംശയമാണ്. പദ്ധതി നിർവഹണത്തിന് ഗുണഭോക്തൃ സമിതിയുടെ പേരിലാണ് മൻക്കൂർ കൈപ്പറ്റിയത്. അതിനാൽ ഈ വിഷയം പഠിച്ച് ഇവരിൽ നിന്ന് മൻക്കൂർ തുകകൾ ഈടാക്കാൻ നടപടിയുണ്ടാകണം.

## 8. ചാർജ്/സർചാർജ് നടപടി

ലോക്കൽ അതോറിറ്റിയുടെ പണത്തിനോ അതിന്റെ വസ്തുവകകൾക്കോ സംഭവിച്ച നഷ്ടം, ദുർവിനിയോഗം, അപഹരണം എന്നിവയ്ക്ക് ഒരു വ്യക്തിയെ ഉത്തരവാദിയായി പ്രഖ്യാപിച്ച് പ്രസ്തുത നഷ്ടം അയാളിൽ നിന്നും ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്ന വകുപ്പുതല സംവിധാനമാണ് ചാർജ്/സർചാർജ് നടപടി. ചാർജ്/സർചാർജ് നടപടി ഫലപ്രദമായി ഉപയോഗിക്കുന്നതിൽ വകുപ്പ് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഏറ്റവും പ്രധാനം നഷ്ടത്തിന് ഉത്തരവാദി ആരെന്ന് നിർണയിക്കുന്നതാണ്.

നിയമം ഈ വിഷയം വിശദീകരിക്കുന്നില്ല. മാത്രമല്ല പഞ്ചായത്ത് രാജ് നിയമപ്രകാരം ചെലവു നടത്തുന്ന ആളാണ് നഷ്ടത്തിനുത്തരവാദി. ചെലവ് നടത്തുന്ന ആളെ മാത്രമായി നഷ്ടത്തിന് ഉത്തരവാദിയായി കണക്കാക്കുന്നത് നിർമ്മാണ പദ്ധതികളിലെങ്കിലും വ്യവഹാരം ചെയ്യപ്പെടാവുന്നതാണ്. ഉദാഹരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് വേലകൾ സെക്രട്ടറിയായിരിക്കും ചെലവ്

നടത്തുന്നത്. സാങ്കേതിക വിദഗ്ധനല്ലാത്ത സെക്രട്ടറിയുടെ പേരിൽ എസ്റ്റിമേറ്റിലേയും മൂല്യനിർണയത്തിലേയും അപാകതകളിലൂടെയുണ്ടായ നഷ്ടം ഈടാക്കുന്നത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടേക്കും. അതിനാൽ ബാധ്യത ചുമത്തുന്നതിൽ ഉത്തരവാദി ആരെന്ന് നിയമത്തിൽ തന്നെ വിശദീകരിക്കേണ്ടതാണ്.

നിലവിലുള്ള നിയമമനുസരിച്ച് രേഖകൾ കൃത്യമല്ലാത്തതും ഓഡിറ്റിന് അവ ഹാജരാക്കാത്തതും ചാർജ്/സർചാർജ് നടപടികളുടെ പരിധിയിൽ വരുന്നില്ല. ഓഡിറ്റിന് രേഖകൾ ഹാജരാക്കാത്ത സ്ഥാപനത്തിന്റെ കാര്യനിർവഹണാധികാരിക്ക് എതിരെ പ്രോസിക്യൂഷൻ നടപടികൾ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്നുണ്ട്. പഞ്ചായത്ത് രാജ് നിയമമനുസരിച്ച് കാര്യനിർവഹണാധികാരിയുടെ ഇത്തരം നിഷേധങ്ങൾ ശിക്ഷണ നടപടികളുടെ പരിധിയിൽ വരുന്നതാണ്.

രേഖ ഹാജരാക്കാത്ത ഉദ്യോഗസ്ഥന് എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നത് കാലതാമസത്തിനും കോടതി വ്യവഹാരങ്ങൾക്കും ഇടയാക്കുന്നുണ്ട്. ഓഡിറ്റ് സമയ ബന്ധിതവും കാലികവുമാക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. രേഖകളും രജിസ്റ്ററുകളും കൃത്യമായി തയാറാക്കി സൂക്ഷിക്കാത്തതും ഓഡിറ്റിന് വിധേയമാക്കാത്തതും ബോധപൂർവ്വമാണെന്ന് കാണുന്നു. അഴിമതിയും ക്രമക്കേടുകളും സുഗമമാക്കാനും അവ മൂടിവെക്കുവാനും വേണ്ടിയാണെന്ന് ഓഡിറ്റ് അനുഭവങ്ങൾ സാക്ഷ്യപ്പെടുന്നുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുവാനേ നിയമത്തിൽ പഴുതുള്ളൂ. ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ സാധ്യത ഇവിടെ പരിമിതപ്പെടുന്നു. അതിനാൽ രേഖകൾ കൃത്യമല്ലാത്തതും ഇല്ലാത്തതും ഓഡിറ്റിന് ഹാജരാക്കാത്തതും കൂടി ഉൾപ്പെടുത്തി ചാർജ്/സർചാർജ് നടപടിയുടെ പരിധി വ്യാപിപ്പിക്കേണ്ടതാണ്.

ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിന്മേലുള്ള ബാധ്യത ഉത്തരവാദി ലോക്കൽ അതോറ്റിയിൽ അടയ്ക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നിയമം വഴി

ഈടാക്കുവാനാണ് സർക്കാർ നിർദ്ദേശം. റവന്യൂ റിക്കവറി നിയമം പ്രയോഗിക്കുന്നതിൽ പ്രതിബന്ധങ്ങളുണ്ട്. റവന്യൂ റിക്കവറി നിയമത്തിന്റെ പരിധിയിൽ തദ്ദേശനിധിക്കുള്ള ബാധ്യത വരുന്നില്ല. മാത്രമല്ല റവന്യൂ റിക്കവറി നിയമത്തിന്റെ സഹായം തേടുവാൻ അധികാരമുള്ള ഉദ്യോഗസ്ഥന്മാരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഉൾപ്പെടുന്നില്ല. ചാർജ്/സർചാർജ് നടപടികളുടെ ഫലം നഷ്ടപ്പെടുത്തുന്നതാണിത്. സർക്കാരിന്റെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിന്മേലുള്ള ബാധ്യത അടയ്ക്കാതെയും കോടതിയിൽ കേസ് നിലവില്ലാതിരിയ്ക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഉത്തരവാദി സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾ വഴി ശമ്പളത്തിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനും നിർദ്ദേശം ഉണ്ടാകേണ്ടതാണ്.

സർചാർജ് നടപടിയുടെ നിലനില്പ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബിൽ സിസ്റ്റം നിലവിൽ വന്നതോടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവുകൾ അധികവും ബിൽ സിസ്റ്റം കൺസോളിസേറ്റഡ് ഫണ്ടിൽ നിന്നുമാക്കിയിരിക്കുന്നു. ഇതോടെ സർചാർജ് പരിമിതപ്പെട്ടും. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് തദ്ദേശനിധിക്കുണ്ടാകുന്ന നഷ്ടമേ സർചാർജ് നടപടിയിലൂടെ ഈടാക്കുവാൻ സാധുതയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി, കെടുകാര്യസ്ഥത, ക്രമക്കേടുകൾ എന്നിവ പ്രതിരോധിക്കുവാൻ സർചാർജ് നടപടികൾ നിലനിൽക്കേണ്ടതുണ്ട്. പ്രാദേശിക ജനാധിപത്യ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും ഇത് അനിവാര്യമാണ്.

## 9. ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ

ഓഡിറ്റ് സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തിയാക്കുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ അധികവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനാൽ ഓഡിറ്റ് നേരിടുന്ന പ്രധാന പ്രതിബന്ധങ്ങളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നു തന്നെയാണ്. ഇവയിൽ അടിയന്തര ശ്രദ്ധ പതിയേണ്ട പ്രശ്നങ്ങൾ താഴെ വിവരിക്കുന്നു.

## 1. രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത്

രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫലപ്രദമായി നിറവേറ്റാൻ കഴിയാതെ വരുന്നു.

സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായും പദ്ധതിവിഹിതമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെടുന്ന തുകയിലും ഏറ്റെടുക്കപ്പെടുന്ന പദ്ധതികളിലും ഉണ്ടായ വർദ്ധനവിന് ആനുപാതികമായി കൃത്യനിർവ്വഹണത്തിന് ആവശ്യമായ മനുഷ്യശേഷി ലഭിക്കായ്കയാൽ രജിസ്റ്ററുകളുടേയും കണക്കുകളുടേയും സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുള്ളതായി കാണപ്പെട്ടു. അടിസ്ഥാന രജിസ്റ്ററുകളായ വരവ് രജിസ്റ്റർ, ക്യാഷ്ബുക്ക് മുതലായവ പോലും അപൂർണ്ണമായാണ് സൂക്ഷിക്കപ്പെടുന്നത്. വരവ് രജിസ്റ്ററിൽ നിശ്ചിത കോളങ്ങളിൽ തുകകൾ രേഖപ്പെടുത്താതെ വർഷാന്ത്യ ക്ലോസിംഗ് സമയത്ത് വളരെയധികം വെട്ടിതിരുത്തലുകൾ വരുത്തി ക്രമീകരണങ്ങൾ നടത്തുന്നതായി കാണുന്നു.

ക്യാഷ്ബുക്ക് യഥാവിധി ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് നിർണ്ണയിച്ച് ആയത് വിവിധ അക്കൗണ്ട് ബാലൻസുകളുമായി പൊരുത്തപ്പെടുത്തി വ്യതിയാനത്തിനുള്ള കാരണങ്ങൾ വ്യക്തമായി രേഖപ്പെടുത്തുന്നതിലും (റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്) നീക്കിയിരിപ്പിന്റെ ഘടകങ്ങൾ നിർണ്ണയിക്കുന്നതിലും ഒട്ടുമിക്ക സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുണ്ട്. നീക്കിയിരുപ്പിന്റെ ഘടകങ്ങൾ കൃത്യമായി നിശ്ചയിക്കാത്തതിനാൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിനുള്ള അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യപ്പെടുന്ന തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത മറ്റിനങ്ങൾ (ഗ്രണഭോക്തൃവിഹിതം,

ചെക്കായി ലഭിക്കുന്ന പെൻഷൻ, പ്രസവാനുകൂല്യ ധനസഹായം, പെൻഷൻ, തൊഴിലില്ലായ്മ വേതന തിരിച്ചടവ്, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം മുതലായവ) വകമാറ്റി ചെലവഴിക്കുന്ന പ്രവണത വളരെ കൂടുതലാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടയ്ക്കേണ്ട തുകകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ, ഗ്രാന്റ് രജിസ്റ്റർ, വിവിധ നികുതിയിനങ്ങളുടെ കുടിശ്ശിക തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ മുതലായവയുടെ സൂക്ഷിപ്പും പൊതുവെ അപൂർണ്ണമായാണ് കാണപ്പെടുന്നത്. ആയതിനാൽ ഋണബാദ്ധ്യതയിനങ്ങളിലുള്ള വരവ് പോലും വേറിട്ട് സൂക്ഷിച്ച് യഥാസമയം സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അടയ്ക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. നിർമ്മാണ തൊഴിലാളി ക്ഷേമവിഹിതമായി വർഷങ്ങളായി ബില്ലിൽ കിഴിക്കുന്ന തുകകൾ പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് അടയ്ക്കാതെ സൂക്ഷിക്കുന്നതായും കാണുന്നു. കെട്ടിടനികുതി ഡിമാന്റ് രജിസ്റ്റർ ശരിയായി സൂക്ഷിക്കാത്തതിനാൽ (ആകെ തുക കൂട്ടിയെഴുതാറില്ല) മിക്കപ്പോഴും വരവ് രജിസ്റ്റർ പ്രകാരമുള്ള തുകയാണ് തൻവർഷത്തേയ്ക്കുള്ള കളക്ഷനായി ഡി.സി.ബി. പത്രികയിൽ കാണിക്കുന്നത്. ഓരോ രശീത് പ്രകാരവും ലൈബ്രറി സെസ്സ് ഇനത്തിൽ പരിച്ച ആകെ തുക നിർണ്ണയിക്കാതെ വരവ് രജിസ്റ്റർ പ്രകാരമുള്ള ആകെ തുകയുടെ 5% ലൈബ്രറി സെസ്സ് എന്ന് കണക്കാക്കി അടയ്ക്കുന്ന പ്രവണതയും കണ്ടു വരുന്നു. കെട്ടിട നികുതിയുടെ പരിഷ്കരണം നടന്നിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നതിനാൽ മിക്ക പഞ്ചായത്തിലേയും അസസ്മെന്റ്/ഡിമാന്റ് രജിസ്റ്ററുകൾ ജീർണ്ണിച്ച് നാശോന്മുഖമായിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത് പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന്റെ തകർച്ചയുടെ തെളിവാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി ശരിയാക്കി

കണക്കുകൾ സമയബന്ധിതമായി തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ വേണ്ടിയാണ് പെർഫോമൻസ് ഓഡിറ്റ് സൃഷ്ടിക്കപ്പെട്ടത്. ഇത് മറന്നുള്ള പ്രവർത്തനമാണ് പെർഫോമൻസ് ഓഡിറ്റ് കാഴ്ചവച്ചിട്ടുള്ളത്.

## 2. വാർഷിക കണക്കുകൾ സമയത്ത് സമർപ്പിക്കുന്നത്

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് ജൂലായ് 31 നകം പൂർണ്ണമായ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതുണ്ട്. അപൂർവ്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് നിയമം അനുസരിക്കുന്നത്. ഭൂരിഭാഗം സ്ഥാപനങ്ങളും കണക്കുകൾ സമർപ്പിക്കുന്നതിൽ യാതൊരു കൃത്യതയും പാലിക്കുന്നില്ല. കണക്കുകൾ സമർപ്പിക്കുന്നതിലെ കാലവിളംബം ഓഡിറ്റ് കാലികമാക്കുന്നതിന് പ്രതിബന്ധമാകുന്നു.

നിലവിലുള്ള നിയമമനുസരിച്ച് വാർഷിക കണക്കുകൾ സമർപ്പിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ മാത്രം ബാധ്യതയാണ്. ഇതിന് മാറ്റം വരണം. പഞ്ചായത്ത് രാജ് നിയമപ്രകാരം ത്രിതല പഞ്ചായത്തുകൾ മാർച്ച് 31 ന് മുമ്പ് ബജറ്റ് പാസ്സാക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ ഉത്തരവാദിത്വമാണിത്. ഇതേപോലെ ജൂലായ് 31 മുമ്പ് വാർഷിക കണക്കുകൾ അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടത് ഭരണസമിതിയുടെ ബാധ്യതയാകണം. ഇതിന് വീഴ്ച വരുത്തുന്നത് ഭരണസമിതിയെ അയോഗ്യത കല്പിക്കുവാനുള്ള മാനദണ്ഡങ്ങളിൽ ഒന്നാകണം. ഇതിന് ആവശ്യമായ നിയമഭേദഗതി ഉണ്ടാകണം.

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് കണക്കുകൾ സമർപ്പിക്കാൻ വീഴ്ച വരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക്

എതിരെ ഇപ്പോൾ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാം. എന്നാൽ ഇതിന് നിയമ സാങ്കേതിക തടസ്സങ്ങൾ ഏറെയാണ്. ഇതിൽ ഏറ്റവും പ്രധാനമാണ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെ കണ്ടെത്തുന്നത്. ജൂലായ് 31 നു ശേഷം സർവീസിലുള്ള സെക്രട്ടറിക്ക് എതിരെയാണ് പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടത്. സെക്രട്ടറി ജൂലായ് 31 ന് നാളുകൾക്ക് മുമ്പോ അതിന് ശേഷമോ സ്ഥാപനത്തിൽ സേവനം തുടങ്ങിയതാകാം. കണക്ക് സമർപ്പിക്കാൻ വീഴ്ച വരുത്തിയതിന്റെ മുഴുവൻ ഉത്തരവാദിത്വം ഈ സെക്രട്ടറിയിൽ ചുമത്തുന്നതിന് നിയമ സ്വീകാര്യത ഉണ്ടാകണമെന്നില്ല. ഇതിന് പരിഹാരമായി സെക്രട്ടറിമാരെ ശിക്ഷണ നടപടികളുടെ ഭാഗമല്ലാതെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കപ്പെടണം. സാമ്പത്തിക വർഷവും അതിന് ശേഷം ആറ് മാസം കൂടി സെക്രട്ടറിയെ തുടരാൻ അനുവദിക്കണം.

### 3. വകുപ്പ് പുന: സംഘടന

വികേന്ദ്രീകൃതാസൂത്രണം വന്നതോടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ജോലിഭാരം അധികരിച്ചിട്ടുണ്ട്. വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മനുഷ്യവിഭവശേഷി ശാസ്ത്രീയമായ ജോലി പഠനം നടത്തി നിർണയിക്കേണ്ടതാണ്. അതോടൊപ്പം തന്നെ പ്രസക്തമാണ് വകുപ്പിന്റെ അർത്ഥപൂർണ്ണമായ പുനഃസംഘടനയും. ഓഡിറ്റിനൊപ്പം ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾക്കും ഇന്ന് പ്രത്യേക പ്രാധാന്യമുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ നിയമബദ്ധമായ ബാധ്യത മാത്രമല്ല വകുപ്പിന്റെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാനും ആവശ്യമാണ്.

ഓഡിറ്റും ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികളും ഇന്ന് ഓഡിറ്റർ ഒരേ സമയം ചെയ്യേണ്ടതുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളുടെ നിലവാരത്തെയും തുടർ നടപടികളുടെ കാര്യക്ഷമതയേയും ഇത് ബാധിക്കുന്നുണ്ട്. ഇതിന് പരിഹാരമായി ഓഡിറ്റർമാരെ രണ്ട് വിഭാഗമായി

തിരിക്കാവുന്നതാണ്. ഒരു വിഭാഗം ഓഡിറ്റിനും മറ്റൊരു വിഭാഗം ഓഡിറ്റ് റിപ്പോർട്ടുകളുടെ സൂക്ഷ്മപരിശോധനയ്ക്കും. ഇതുവഴി തുടർനടപടികൾ സമയബന്ധിതവും കാര്യക്ഷമവുമാകും.

സർക്കാരിന് ആവശ്യമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനായി ഓഡിറ്റിന് വിനിയോഗിക്കേണ്ട വിലപ്പെട്ട സമയം വകുപ്പ് ചെലവിടുന്നുണ്ട്. ബന്ധപ്പെട്ട ഭരണവകുപ്പിലൂടെ ലഭ്യമാകുന്ന വിവരശേഖരണത്തിൽ നിന്നും വകുപ്പിനെ മുക്തമാക്കേണ്ടതാണ്.

ഓഡിറ്റ് ധൈഷണികവും അർദ്ധ ജൂഡീഷ്യൽ സ്വഭാവമുള്ളതുമാണ്. തുടർച്ചയായ പരിശീലനത്തിലൂടെ ഇതിന് ജീവനക്കാരെ സജ്ജമാക്കേണ്ടതുണ്ട്. അതിനായി സ്ഥിരം പരിശീലന സംവിധാനം നിലവിൽ വരണം. വകുപ്പിലെ പരിചയസമ്പന്നരുടേയും പുറമേ നിന്നുള്ള വിദഗ്ധരുടേയും സേവനം ഇതിനായി സ്വീകരിക്കാവുന്നതാണ്.

## 10. ഓഡിറ്റ് സർട്ടിഫിക്കറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്ന് ലഭിക്കുന്ന സർക്കാർ ധനസഹായത്തിൽ ചില ഗ്രാന്റുകൾക്ക് മാത്രമാണ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ബാധകമാക്കിയിട്ടുള്ളത്. പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം തുടങ്ങിയ ഭൂരിഭാഗം സഹായങ്ങൾക്കും ഓഡിറ്റ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. ഗ്രാന്റ് വിനിയോഗിച്ചതായുള്ള കാര്യനിർവഹണ അധികാരിയുടെ സാക്ഷ്യപത്രത്തിന്മേൽ പുനർ ധനസഹായം ലഭിക്കുന്നു. ഇതിന് മാറ്റമുണ്ടാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന എല്ലായിനം ധനസഹായങ്ങൾക്കും ഓഡിറ്റ് സർട്ടിഫിക്കറ്റ് കർശനമായി ബാധകമാക്കണം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് ബാധകമാക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ ഭരണവും പദ്ധതി നിർവഹണവും കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാകും. രജിസ്റ്ററുകളും രേഖകളും കൂടുതൽ സൂക്ഷ്മതയോടും

കൃത്യതയോടും തയാറാക്കപ്പെടും. വാർഷിക കണക്കുകൾ നിയമബദ്ധമായ സമയത്തിനുള്ളിൽ സമർപ്പിക്കാനാകും. ഓഡിറ്റും സമകാലികമാകും. സർക്കാർ ധനസഹായം കാര്യക്ഷമമായി വിനിയോഗിച്ചുവെന്ന് ഓഡിറ്റ്-ഏജൻസി സാക്ഷ്യപ്പെടുത്തുന്നത് വികേന്ദ്രീകൃതാസൂത്രണത്തിൽ സുതാര്യത ഉറപ്പാക്കും.

## 11. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടും

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനപരമായ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയാണ് "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് നിയമസഭാ കമ്മിറ്റി" രൂപീകരിച്ചത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിയമസഭക്ക് സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടാണ് കമ്മിറ്റി മുഖ്യമായും പരിഗണിക്കുന്നത്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ശക്തവും കാര്യക്ഷമവുമായ തുടർനടപടികൾ ഇതിനാൽ സാധ്യമാകുന്നുണ്ട്.

ശ്രീ. എം. മുരളി എം.എൽ.എ. അദ്ധ്യക്ഷനായ കമ്മിറ്റിയാണ് നിലവിലുള്ളത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമർപ്പിച്ച 98 മുതൽ 2002 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളാണ് കമ്മിറ്റി 2003-04 പരിഗണിച്ചത്.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പരിശോധിച്ച് തുടർ നടപടികൾ നിർദ്ദേശിക്കുന്നതിന് കമ്മിറ്റി 2003-04 ൽ 20 സിറ്റിങ്ങുകൾ നടത്തി. ഇതിൽ 4 എണ്ണം വിശാലകൊച്ചി വികസന അതോറിറ്റി ഓഡിറ്റ് പരാമർശങ്ങളിന്മേലായിരുന്നു. കോഴിക്കോട് സർവകലാശാല ഓഡിറ്റ് പരാമർശങ്ങളിന്മേൽ രണ്ടും, തിരുവനന്തപുരം കോർപ്പറേഷൻ, സാംസ്കാരിക സ്ഥാപനങ്ങൾ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, വയനാട് ജില്ലാ പഞ്ചായത്തുകൾ (ഒന്നിച്ച്) ഗുരുവായൂർ ദേവസ്വം എന്നിവയുടെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഓരോ സിറ്റിങ്ങും കമ്മിറ്റി നടത്തിയിട്ടുണ്ട്.

നിയമസഭാ കമ്മിറ്റിക്ക് ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച വകുപ്പുതല നടപടികൾ, പരാമർശങ്ങൾക്കുള്ള സർക്കാർ മറുപടിയിന്മേലുള്ള

ഓഡിറ്റ് പ്രതികരണങ്ങൾ, കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായ പ്രത്യേക പരാമർശങ്ങൾ എന്നിവ തയാറാക്കി നൽകുന്നതും കമ്മിറ്റി ആവശ്യപ്പെടുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് കാര്യക്ഷമമാകാൻ നിയമസഭാ കമ്മിറ്റിയുടെ സാന്നിദ്ധ്യം സഹായകമായിട്ടുണ്ട്. അതോടൊപ്പം സർക്കാർ ഖജനാവിലേക്ക് വരേണ്ട തുകകൾ ഈടാക്കുന്നതിൽ വളരെയേറെ മുന്നേറ്റമുണ്ടായിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.1 മുതൽ 1.11 വരെ)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. അദ്ധ്യായം-1 ലെ താഴെപ്പറയുന്ന പൊതുപരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

1) സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തി

2) സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

3) പദ്ധതി നിർവ്വഹണം

I. മരാമത്ത് പദ്ധതികൾ

II. മരാമത്തിതര പദ്ധതികൾ

4) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനഃസ്ഥിതി

5) ഗ്രാമസഭകളും വ്യക്തിഗത ആനുകൂല്യങ്ങളും

6) പാഴാവുന്ന ആസ്തികൾ

7) പദ്ധതി നിർവ്വഹണത്തിന് നൽകിയ മുൻകൂറുകൾ തിരികെ ഈടാക്കുന്നത്

8) ചാർജ്/സർചാർജ് നടപടി

9) ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ

I. രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത്

II. വാർഷിക കണക്കുകൾ സമയത്ത് സമർപ്പിക്കുന്നത്

III. വകുപ്പ് പുനഃസംഘടന

10) ഓഡിറ്റ് സർട്ടിഫിക്കറ്റ്

11) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടും

## നിഗമനങ്ങൾ/ശിപാർശകൾ

**2. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അധ്യായം-1 ലെ 1.1 മുതൽ 1.11 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## ഓഡിറ്റ് പുരോഗതി

## 2003-04 സാമ്പത്തിക വർഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ

### 1. ഓഡിറ്റ്

2003-04 ൽ 1721,39,44,427/-രൂപയുടെ കണക്കുകൾ ഓഡിറ്റ് ചെയ്തു. ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ, സർവകലാശാലകൾ, ദേവസ്വം ബോർഡുകൾ, വികസന അതോറിറ്റികൾ, മറ്റ് സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. (അനുബന്ധ പത്രിക 1 കാണുക)

ഓഡിറ്റ് ചെയ്ത കണക്കുകളിൽ 20,99,77,200/-രൂപയുടെ ചെലവുകൾ നിരാകരിക്കുകയും 136,56,21,526/-രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുകയുമുണ്ടായി. വിവിധ സ്ഥാപനങ്ങളുടെ 1427 ഓഡിറ്റ് റിപ്പോർട്ട്/ഓഡിറ്റ് നോട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധ പ്രതിക 1 കാണുക)

## അനുബന്ധം I

## ഓഡിറ്റ് അവലോകന പത്രിക 2003-2004-വിവിധ സ്ഥാപനങ്ങൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ക്രമ നമ്പർ | സ്ഥാപനം | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക |
|---|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തുകൾ | 6158155525 | 6799439844 | 4221538 | 116873278 | 636600684 |
| 2 | ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ | 992823893 | 1013102939 | 3973 | 14453911 | 97449564 |
| 3 | നഗരസഭകൾ | 1424034694 | 1687682389 | 2958213 | 22127720 | 236096800 |
| 4 | കോർപ്പറേഷനുകൾ | 1435002971 | 3134848915 | 1181003 | 23468236 | 224477644 |
| 5 | സർവ്വകലാശാലകൾ | 2625754304 | 2473661036 | 1167752 | 6057827 | 117208264 |
| 6 | മറ്റു സ്ഥാപനങ്ങൾ | 2153288551 | 2105209304 | 816233 | 26996237 | 53788570 |
| | ആകെ | 14789059938 | 17213944427 | 10348712 | 209977209 | 1365621526 |

## അനുബന്ധം I എ

## ഓഡിറ്റ് അവലോകന പത്രിക 2003-2004-ഗ്രാമപഞ്ചായത്തുകൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ ജില്ല തിരിച്ച്)

| ക്രമ നമ്പർ | ജില്ല | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 225736673 | 224826740 | 121315 | 2159364 | 15954599 |
| 2 | കൊല്ലം | 767349570 | 850833835 | 471159 | 13390102 | 45520403 |
| 3 | പത്തനംതിട്ട | 101570329 | 106730986 | 36329 | 3327825 | 17119901 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ആലപ്പുഴ | 489505034 | 389840108 | 104162 | 9989148 | 11858464 |
| 5 | ഇടുക്കി | 288187217 | 338211658 | 563860 | 5456404 | 27485069 |
| 6 | കോട്ടയം | 328706476 | 404585411 | 106646 | 3385490 | 130029327 |
| 7 | എറണാകുളം | 472523901 | 688488255 | 527900 | 23324371 | 69869912 |
| 8 | തൃശ്ശൂർ | 458873067 | 404682027 | 269316 | 6462237 | 54127650 |
| 9 | പാലക്കാട് | 453784259 | 581795834 | 143452 | 7800965 | 52597654 |
| 10 | മലപ്പുറം | 539833079 | 515376015 | 608134 | 12593420 | 77615840 |
| 11 | കോഴിക്കോട് | 884642257 | 1050192376 | 1141200 | 5937086 | 65085603 |
| 12 | വയനാട് | 238232140 | 239621873 | 118433 | 1261816 | 12365456 |
| 13 | കണ്ണൂർ | 852291411 | 952119607 | | 21175783 | 51251415 |
| 14 | കാസർഗോഡ് | 56920112 | 52135119 | 9632 | 609267 | 5719392 |
| | **ആകെ** | **6158155525** | **6799439844** | **4221538** | **116873278** | **636600684** |

## അനുബന്ധം I ബി

## ഓഡിറ്റ് അവലോകന പത്രിക 2003-2004-ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ ജില്ല തിരിച്ച്)

| ക്രമ നമ്പർ | ജില്ല | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 20158935 | 31498505 | | 186607 | 2933773 |
| 2 | കൊല്ലം | 22054760 | 22382149 | | 247413 | 1880139 |
| 3 | പത്തനംതിട്ട | 84627103 | 105570213 | | 1596483 | 9607357 |
| 4 | ആലപ്പുഴ | 59484094 | 60985714 | | 5623935 | 8820358 |
| 5 | ഇടുക്കി | 237184537 | 264971554 | | 879821 | 11475623 |
| 6 | കോട്ടയം | 102920426 | 107061278 | 3241 | 243828 | 23916183 |
| 7 | എറണാകുളം | 63931389 | 78215210 | | 1660273 | 14756172 |
| 8 | തൃശ്ശൂർ | 33465355 | 34618741 | | 419597 | 4185086 |
| 9 | പാലക്കാട് | 195813605 | 206909381 | 732 | 2539648 | 13562809 |
| 10 | കോഴിക്കോട് | 60925575 | 54958479 | | 929778 | 3452649 |
| 11 | വയനാട് | 17934777 | 26748900 | | 44960 | 990394 |
| 12 | കണ്ണൂർ | 94323337 | 19182815 | | 81568 | 1869021 |
| | **ആകെ** | **992823893** | **1013102939** | **3973** | **14453911** | **97449564** |

## അനുബന്ധം I സി

## ഓഡിറ്റ് അവലോകന പത്രിക 2003-2004-നഗരസഭകൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ ജില്ല തിരിച്ച്)

| ക്രമ നമ്പർ | ജില്ല | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടത്തിയ തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 97595267 | 116666862 | 49886 | 292510 | 6097071 |
| 2 | കൊല്ലം | 20570531 | 15194065 | 260 | | |
| 3 | പത്തനംതിട്ട | 90438542 | 85882868 | 63402 | 358023 | 5420200 |
| 4 | ആലപ്പുഴ | 210045568 | 234850802 | 578673 | 6501933 | 4933215 |
| 5 | കോട്ടയം | 99143227 | 204364140 | 56030 | 1782203 | 30204322 |
| 6 | എറണാകുളം | 110745397 | 161999682 | 60697 | 4415967 | 16791515 |
| 7 | തൃശ്ശൂർ | 55858082 | | | 1434009 | 5916639 |
| 8 | പാലക്കാട് | 360930581 | 350128385 | 349866 | 2288056 | 130647396 |
| 9 | മലപ്പുറം | 55522476 | 54831170 | 1624666 | 699818 | 6121878 |
| 10 | കണ്ണൂർ | 323185023 | 463764415 | 174733 | 4355201 | 29964564 |
| | **ആകെ** | **1424034694** | **168768289** | **2958213** | **22127720** | **236096800** |

## അനുബന്ധം I ഡി

## ഓഡിറ്റ് അവലോകന പത്രിക 2003-2004-കോർപ്പറേഷനുകൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ക്രമ നമ്പർ | ജില്ല | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടത്തിയ തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 407135250 | 405534205 | 5421 | | |
| 2 | കൊല്ലം | | 140468104 | 8217 | 499648 | 26828670 |
| 3 | എറണാകുളം | 591109799 | 1947214089 | 749272 | 14368480 | 135848599 |
| 4 | തൃശ്ശൂർ | | 191228509 | | 7505663 | 39636349 |
| 5 | കോഴിക്കോട് | 436757922 | 450404008 | 369283 | 1094445 | 22164026 |
| | **ആകെ** | **1435002971** | **3134848915** | **1181003** | **23468236** | **224477644** |

## അനുബന്ധം I ഇ

## ഓഡിറ്റ് അവലോകന പത്രിക 2003-2004-സർവ്വകലാശാലകൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ക്രമ നമ്പർ | പേര് | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടത്തിയ തുക |
|---|---|---|---|---|---|---|
| 1 | കേരള സർവ്വകലാശാല | 859188752 | 840304221 | 57611 | 655326 | 317337 |
| 2 | മഹാത്മാഗന്ധി സർവ്വകലാശാല | 426579679 | 403952636 | 1092651 | 1603721 | 57281182 |
| 3 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 557109074 | 478936637 | 17490 | 1235929 | 54601172 |
| 4 | കോഴിക്കോട് സർവ്വകലാശാല | 688436543 | 672775006 | | | |
| 5 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 94440256 | 77692536 | | 2562851 | 5008573 |
| | **ആകെ** | **2625754304** | **2473661036** | **1167752** | **6057827** | **117208264** |

## അനുബന്ധം 1 എഫ്

## ഓഡിറ്റ് അവലോകന പത്രിക 2003-2004 - മറ്റു സ്ഥാപനങ്ങൾ

(പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ക്രമ നമ്പർ | സ്ഥാപനം | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ഓഡിറ്റിൽ നിരികരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെട്ടത്തിയ തുക |
|---|---|---|---|---|---|---|
| 2 | കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 26119114 | 16425405 | 5398 | 34456 | 345341 |
| 3 | തിരുവനന്തപുരം വികസന അതോറിറ്റി | 143742985 | 131256328 | | 90156 | 666462 |
| 4 | ഗുരുവായൂർ ദേവസ്വം | 1396694899 | 1373189008 | 35239 | 26101225 | 34494879 |
| 5 | കോഴിക്കോട് വികസന അതോറിറ്റി | 45242414 | 55591449 | 156487 | | 683952 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ | 541489139 | 528747114 | 619109 | 770400 | 17597936 |
| | **ആകെ .** | **2153288551** | **2105209304** | **816233** | **26996237** | **53788570** |

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ (94) ത്തിലൂടെ സ്റ്റാറ്റ്യൂട്ടറിയായി ലഭിച്ചതും ബഹു. ഹൈക്കോടതി നിർദ്ദേശത്തിലും സർക്കാർ ഉത്തരവുകളിലൂടെയും ലഭിച്ച 3500 ഓളം സ്ഥാപനങ്ങൾ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുണ്ട്.

ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ 1215 എണ്ണം പഞ്ചായത്ത്രാജ്/നഗരപാലികാ സ്ഥാപനങ്ങളാണ്. ഇതിൽ 631 സ്ഥാപനങ്ങൾ-51.93 ശതമാനം റിപ്പോർട്ട് വർഷം ഓഡിറ്റ് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങളുടെ ഓഡിറ്റ് സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ വകുപ്പ് ആത്മാർത്ഥമായി ശ്രമിക്കുമ്പോഴും പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളുടെ എണ്ണം പരിമിതപ്പെടുന്നുണ്ട്. വകുപ്പിൽ മനുഷ്യവിഭവശേഷി ലഭ്യത പരിമിതമായതാണ് പ്രധാന കാരണം. വികേന്ദ്രീകൃത ആസൂത്രണം സൃഷ്ടിച്ച അധിക ജോലി ഭാരത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർധിപ്പിച്ചിട്ടില്ല.

ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തത ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (94) അനുശാസിക്കുന്ന ഓഡിറ്റിന്റെ സമയപരിധി പാലിക്കുന്നതിലും തടസ്സമാകുന്നുണ്ട്. ഓഡിറ്റ് നിയമം സെക്ഷൻ 10 പ്രകാരം ഒരു ലോക്കൽ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ച അക്കൗണ്ടിന്റെ ഓഡിറ്റ് അത് ലഭിച്ച് ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുണ്ട്. 2003-04 ൽ വിവിധ സ്ഥാപനങ്ങളുടെ 7063 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുണ്ടായിരുന്നു. 1720 എണ്ണം 24.35 ശതമാനം- മാത്രമാണ് ഓഡിറ്റ് ചെയ്തത്. 31.12.2003 മുതൽ 31.3.2004 വരെ മാത്രം ലഭിച്ച 4488 വാർഷിക ശതമാനം- ഓഡിറ്റ് ചെയ്യുകയുണ്ടായി. നിയമം അനുശാസിക്കുന്ന സമയ പരിധി അതിക്രമിച്ച 5345 വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ അവശേഷിക്കുന്നു. അനുബന്ധ പത്രിക 2 കാണുക).

## അനുബന്ധം 2

## 2003-04 ൽ ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നമ്പർ | സ്ഥാപനം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | 2003-04 ൽ ഓഡിറ്റ് ചെയ്യേണ്ടിയിരുന്ന അക്കൗണ്ടുകളുടെ എണ്ണം | ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ എണ്ണം | 2003-04 അവസാനം ഓഡിറ്റ് ചെയ്യാൻ അവശേഷിക്കുന്ന അക്കൗണ്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തുകൾ | 544 | 4488 | 753 | 3735 |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | 53 | 541 | 103 | 438 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 5 | 45 | 12 | 33 |
| 4 | മുനിസിപ്പൽ കൗൺസിലുകൾ | 24 | 402 | 45 | 366 |
| 5 | മുനിസിപ്പൽ കോർപ്പറേഷനുകൾ | 5 | 58 | 12 | 46 |
| 6 | യൂണിവേഴ്സിറ്റികൾ | 5 | 18 | 6 | 17 |
| 7 | ദേവസ്വം ബോർഡുകളും ഹിന്ദുമതധർമ്മ സ്ഥാപനങ്ങളും | 179 | 197 | 135 | 65 |
| 8 | കോടതികൾ | 139 | 260 | 177 | 83 |
| 9 | മറ്റു സ്ഥാപനങ്ങൾ | 366 | 1054 | 477 | 562 |
| | **ആകെ** | **1320** | **7063** | **1720** | **5345** |

ഈ പരിമിതികൾക്കിടയിലും നമ്മുടെ സംസ്ഥാനത്തെ പൊതുധനത്തിന്റെ സിംഹഭാഗവും ഒഴുകിയെത്തുന്ന ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ വകുപ്പ് തികഞ്ഞ ജാഗ്രത പുലർത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 991 ഗ്രാമ പഞ്ചായത്തുകളുടെ കണക്കുകളിന്മേൽ റിപ്പോർട്ട് വർഷം 821 റിപ്പോർട്ടുകൾ - 82.85% - പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 27 എണ്ണം ചെലവ് ഓഡിറ്റ് റിപ്പോർട്ടുകളാണ്.

## 2. ധനാപഹരണം / ധനദുർവിനിയോഗം

ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് 50,56,924/- രൂപയുടെ ധനാപഹരണം/ധനദുർവിനിയോഗം കണ്ടെത്തിയിട്ടുണ്ട് (അനുബന്ധ പത്രിക 3 കാണുക).

### അനുബന്ധം 3

### 2002-03, 2003-04 വർഷങ്ങളിൽ കണ്ടുപിടിച്ച ധനാപഹരണം/ ധനദുർവിനിയോഗം എന്നിവയുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം | തുക |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 39 | 2298490 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 1 | 18932 |
| 3 | നഗരസഭകൾ | 7 | 542158 |
| 4 | ദേവസ്വം ബോർഡുകളും ഹിന്ദുമതധർമ്മ സ്ഥാപനങ്ങളും | 5 | 2182344 |
| 5 | കോടതികൾ | 1 | 15000 |
| | **ആകെ** | **53** | **5056924** |

## 3. ചാർജ് / സർചാർജ് നടപടികൾ

തദ്ദേശ നിധിക്കുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനുള്ള വകുപ്പുതല സംവിധാനമാണ് ചാർജ്/സർചാർജ് നടപടിക്രമം. കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (94) സെക്ഷൻ 16, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം (96), ചട്ടം 20 എന്നിവ പ്രകാരം നഷ്ടം ഈടാക്കുന്നതിന് ഉത്തരവാദികളുടെ പേരിൽ ചാർജ്/സർചർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാൻ അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

2003-04 ൽ 15,64,592 രൂപയുടെ വരവിലെ നഷ്ടം ഈടാക്കുന്നതിന് 42 ചാർജ് സർട്ടിഫിക്കറ്റുകളും 42,82,642 രൂപയുടെ ചെലവിലെ നഷ്ടം ഈടാക്കുന്നതിന് 283 സർചാർജ് സർട്ടിഫിക്കറ്റുകളും

പുറപ്പെടുവിച്ചിട്ടുണ്ട്. ചാർജ് സർട്ടിഫിക്കറ്റുകളിന്മേൽ 41,329 രൂപയും സർചാർജ് സർട്ടിഫിക്കറ്റുകളിന്മേൽ 1,71,295 രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ഈടാക്കിയിട്ടുണ്ട്.

ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് കൈപ്പറ്റിയ ആൾക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16(3) പ്രകാരം ഓഡിറ്റ് പരാമർശത്തിനെതിരെ ബന്ധപ്പെട്ട .ജില്ലാ കോടതിയിൽ വ്യവഹാരപ്പെടാം. കോടതി നഷ്ടം ഈടാക്കുവാൻ വിധിച്ചാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ ഉത്തരവാദി തുക അടയ്ക്കേണ്ടതുണ്ട്. ഇതിന് വീഴ്ച വരുത്തിയാൽ കേരള റവന്യൂ റിക്കവറി നിയമം (68) ഉത്തരവാദിക്ക് എതിരെ പ്രയോഗിക്കാനേ വഴിയുള്ളൂ. ഇപ്പോഴത്തെ സ്ഥിതിയിൽ വന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ പലവിധ കാരണങ്ങൾ തടസമാകുന്നുണ്ട്.

2003-04 ൽ പുറപ്പെടുവിച്ച ചാർജ് സർട്ടിഫിക്കറ്റുകളിന്മേൽ ആറും സർചാർജ് സർട്ടിഫിക്കറ്റുകളിന്മേൽ 35 ഉം ഉൾപ്പെടെ 41 കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്.

റിപ്പോർട്ട് വർഷം ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ അയക്കുന്നതിന് മുൻ നടപടിയായി 23,99,286 രൂപയുള്ള 127 ചാർജ് നോട്ടീസുകളും 2,86,26,775 രൂപയുള്ള 624 സർചാർജ് നോട്ടീസുകളും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയുടെ തുടർ നടപടികൾ പൂർത്തിയാകാനുണ്ട്.

വകുപ്പ് ഓരോ വർഷവും 1200 ൽ അധികം റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നുണ്ട്. പരിമിതമായ റിപ്പോർട്ടുകളിന്മേൽ മാത്രമാണ് ചാർജ്/ സർചാർജ് നടപടികൾ പൂർത്തിയാക്കുവാനാകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം ഈടാക്കുവാൻ ഫലപ്രദമായ ചാർജ്/സർചാർജ് നടപടികൾ വ്യാപിപ്പിക്കേണ്ടത് പൊതുധന മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ അത്യന്താപേക്ഷിതമാണ്. ഇവിടെയും പ്രധാന പ്രതിബന്ധം ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തതയാണ്.

## 4. ഓഡിറ്റ് ചാർജ്

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലൂടെ സർക്കാരിന് ലഭിക്കുന്ന പ്രധാന വരുമാനമാണ് ഓഡിറ്റ് ചാർജ്. ഓരോ വർഷവും കോടിക്കണക്കിന് രൂപയാണ് ഈ ഇനത്തിൽ ലഭിക്കുന്നത്. 2003-04 - ൽ ഓഡിറ്റ് ചാർജായി 2,19,10,883 രൂപ വകുപ്പ് സർക്കാരിലേക്ക് സ്വരൂപിച്ചിട്ടുണ്ട്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ തട്ടിക്കിഴിച്ച തുക ഉൾപ്പെടുന്നില്ല.

ഡിമാന്റ് ചെയ്യുന്ന ഓഡിറ്റ് ചാർജിൽ നാമമാത്ര തുകയാണ് പിരിച്ചെടുക്കാനാകുന്നത്. 2002-03 ൽ 35,54,85,470 രൂപ ഡിമാന്റ് ചെയ്തപ്പോഴാണ് 2,19,10,883 രൂപ പിരിഞ്ഞത്. ഡിമാന്റ് തുകയുടെ 6.16 ശതമാനം മാത്രം.

ഭീമമായ തുക ഓഡിറ്റ് ചാർജ് ഇനത്തിൽ കുടിശികയുണ്ട്. 31.12.2003 വരെയുള്ള കണക്കുകൾ പ്രകാരം കുടിശിക 33,36,03,587 .രൂപയാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ ഓഡിറ്റ് ചാർജ് പിരിച്ചെടുക്കുന്നതിന് നിർദ്ദേശം നിലവിലില്ല. പ്രതിബന്ധങ്ങൾ ഏറെയുള്ളതിനാൽ റവന്യൂ റിക്കവറി നിയമത്തിന്റെ സാധ്യതകൾ തേടുന്നത് പ്രായോഗികമല്ല. അതിനാൽ വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭിക്കുന്നതിന് ഓഡിറ്റ് ചാർജ് കുടിശിക ഇല്ലെന്നത് കൂടി യോഗ്യതാമാനദണ്ഡമാക്കാവുന്നതാണ് .

## 5. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് പരിധിയിൽ വരുന്ന വിവിധ ധനസ്ഥാപനങ്ങൾക്ക് ലഭ്യമായ ധനസഹായത്തിന്റെ വിനിയോഗം വിലയിരുത്തി 64,80,68,087 രൂപയുടെ 687 ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ നല്കുകയുണ്ടായി. സ്ഥാപനങ്ങൾക്ക് ധനസഹായത്തിന്റെ പുനർലഭ്യതയ്ക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുപേക്ഷണീയമാണ്. (അനുബന്ധ പത്രിക 4 കാണുക).

## അനുബന്ധം 4

## 2003-04 (31.12.2003 വരെ പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നമ്പർ | സ്ഥാപനം | പുറപ്പെടുവിച്ച സർട്ടിഫിക്കറ്റുകളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | 182 | 19458539 |
| 2 | നഗരസഭകൾ | 2 | 41950296 |
| 3 | സർവ്വകലാശാലകൾ | 137 | 273207827 |
| 4 | സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 2 | 17871000 |
| 5 | മറ്റ് സ്ഥാപനങ്ങൾ (അക്കാദമികൾ, ലൈബ്രറി കൗൺസിലുകൾ, അനാഥാലയങ്ങൾ തുടങ്ങിയവ) | 364 | 295580425 |
| | **ആകെ** | **687** | **648068087** |

## 6. ചാരിറ്റബിൾ എൻഡോവ്മെന്റ്

കേരളാ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് (80) അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സംസ്ഥാനത്തിന്റെ "ട്രഷറർ ഓഫ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്" കൂടിയാണ്.

31.3.2003 വരെയുള്ള കണക്കുകൾ പ്രകാരം ഡയറക്ടറുടെ അധികാര പരിധിയിൽ 1283 എൻഡോവ്മെന്റുകൾ നിലവിലുണ്ട്. ഇവയിലെ സഞ്ചിതധനം 55,4,90,727.76 രൂപയാണ്. റിപ്പോർട്ട് വർഷം 6,04,286 രൂപ പലിശ ലഭിച്ചിട്ടുണ്ട്. എൻഡോവ്മെന്റുകളുടെ അഡ്മിനിസ്ട്രേറ്റർമാർക്ക് ആവശ്യപ്രകാരം 66,83,073 രൂപ റിപ്പോർട്ട് വർഷം നല്കിയിട്ടുണ്ട്.

## 7. പെൻഷൻ നിർണയം

നഗരസഭ, കോർപ്പറേഷനുകൾ, വികസന അതോറിറ്റികൾ, ദേവസ്വം, ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ഭവനിനിർമ്മാണ ബോർഡ്, ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, മെഡിക്കൽ കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകളുടെ

പരിശോധനയും സാക്ഷ്യപ്പെടലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സാധ്യതയാണ്. റിപ്പോർട്ട് വർഷം 2149 പെൻഷൻ കേസുകൾ പരിശോധനക്ക് ലഭിക്കുകയുണ്ടായി മുൻവർഷങ്ങളിലുൾപ്പെടെ 2381 കേസുകൾ 2003-04 ൽ തീർപ്പാക്കി.

പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ അംശദാന പത്രികകൾ പരിശോധിച്ച് അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കേണ്ടതും വകുപ്പിന്റെ ഉത്തരവാദിത്വത്തിൽപെടുന്നുണ്ട്. ഇവരുടെ ശരാശരി വേതന പത്രികകളും അംഗീകരിച്ച് നല്കിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.1 മുതൽ 2.7 വരെ)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. 2003-04 സാമ്പത്തിക വർഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളായ

1) ഓഡിറ്റ്
2) ധനാപഹരണം/ധനദുർവിനിയോഗം
3) ചാർജ്/സർചാർജ് നടപടികൾ
4) ഓഡിറ്റ് ചാർജ്ജ്
5) ഓഡിറ്റ് സർട്ടിഫിക്കറ്റ്
6) ചാരിറ്റബിൾ എൻഡോവ്മെന്റ്
7) പെൻഷൻ നിർണയം

എന്നിവയിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**4. അധ്യായം - 2 ലെ 2.1 മുതൽ 2.7 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### കോട്ടയം ജില്ല

### മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | | പരാമർശം | തുക |
|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 99-00 | 1. | വ്യവസായ വികസന ആഫീസർ നടപ്പിലാക്കിയ പദ്ധതി-അപാകതകൾ | 108709 |
| ഏറ്റുമാനൂർ ഗ്രാമ പഞ്ചായത്ത് | 99-00 | 1. | മരാമത്ത് പണികൾ അധികമായി തുക നൽകിയത് | 25495 |
| | 99-00 | 2. | ക്ഷീരവികസന പദ്ധതികൾ- നബാർഡ് നിരക്കിൽ കൂടുതൽ സബ്സിഡി | 234750 |
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 99-00 | 1.3 | മരാമത്ത് പ്രവൃത്തി-നികുതി വിഹിതങ്ങൾക്കായി വക കൊള്ളിച്ചിരുന്ന തുകയും അധിക തുകയും കൺവീനർക്ക് നൽകി. | 46804 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.5.5)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

### പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

**വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ-**

**1,08,709/- രൂപ**

5. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററിൽ മെഷീനറി വാങ്ങിയതിന് 1999-2000 ൽ പ്രത്യേകം ക്വട്ടേഷൻ വിളിച്ച് ഉത്ഥാപന ജോലികൾക്കായി അധികം തുക

കൊടുത്തു എന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം അന്നത്തെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയിൽ നടത്തിയ പ്രവൃത്തിയാണതെന്നും സ്ഥാപനവും യന്ത്രസാമഗ്രികളും പള്ളിക്കത്തോട് ഐ.ടി.ഐ.യ്ക്ക് 15.04.2005-ൽ കൈമാറിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

6. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

## ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്

**1. മരാമത്ത് പണികൾ അധികമായി ഉക നൽകിയത്. ഉക 25495/-**

7. പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിനെക്കുറിച്ച് എന്താണ് അറിയിക്കാനുള്ളതെന്നും ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ട് നടപടി സ്വീകരിക്കാതിരുന്നതെന്തെന്നും സമിതി ആരാഞ്ഞതിന് 2015-ൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റിയായി ഉയർത്തപ്പെട്ടിട്ടുള്ളതാണെന്നും പഞ്ചായത്ത്, മുൻസിപ്പാലിറ്റിയ്ക്ക് കൈമാറിയപ്പോൾ അന്നത്തെ എൽ.എസ്.ജി.ഡി. വിംഗിൽ നിന്നും രേഖകൾ കിട്ടിയിട്ടില്ലെന്നും അത് കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടെന്നുമാണ് മുൻസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

8. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് 2015-ൽ മുൻസിപ്പാലിറ്റിയായി മാറിയെങ്കിലും ഫയലുകൾ കൈമാറിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന എഗ്രിമെന്റും ബിൽബുക്കും പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ലെന്നും അതുകൊണ്ടാണ് തുടർ നടപടികൾ സ്വീകരിയ്ക്കാതിരുന്നതെന്നും പരാമർശവിധേയരായ കൺവീനർമാരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും എഗ്രിമെന്റ് വിശദമായി പരിശോധിച്ചാൽ മാത്രമേ അഡ്രസ് കണ്ടെത്തി അവർക്ക് കത്തയയ്ക്കാൻ സാധിക്കുകയുള്ളുവെന്നും മുൻസിപ്പൽ സെക്രട്ടറിയും സമിതിയെ ബോധ്യപ്പെടുത്തി.

9. പഞ്ചായത്ത് മുൻസിപ്പാലിറ്റി ആയി മാറി ഇത്രയും വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരുന്നിട്ട് രേഖകൾ ലഭ്യമല്ലായെന്ന പറയുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**2. ക്ഷീര വികസന പദ്ധതികൾ - നബാർഡ് നിരക്കിൽ കൂടുതൽ സബ്സിഡി ഇന-2,34,750/-**

10. പദ്ധതി വിജയകരമായി പൂർത്തിയാക്കിയതിനാലും മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവുകൾ യഥാസമയം ലഭിക്കാതിരുന്നതിനാലും സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയതുമൂലം വന്ന വീഴ്ചയായതിനാലും നിർവ്വഹണോദ്യോഗസ്ഥൻ 2005-ൽ സർവ്വീസിൽ നിന്ന് പിരിഞ്ഞതിനാലും മറുപടി അംഗീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്.**

**മരാമത്ത് പ്രവൃത്തി - നികുതി വിഹിതങ്ങൾക്കായി വക കൊള്ളിച്ചിരുന്ന തുകയും അധിക തുകയും കൺവീനർക്ക് നൽകി 46804/- രൂപ**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

11. നികുതി വിഹിതങ്ങൾക്കായി വകയിരുത്തിയ തുക പൊതുമരാമത്ത് പ്രവൃത്തികളുടെ കൺവീനർക്ക് അധികമായി നൽകിയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും ഒമ്പത് പദ്ധതികൾക്കാണ് കൺവീനർക്ക് അധികമായി തുക നൽകേണ്ടിവന്നതെന്നും ആകെ ചെലവ്, എസ്റ്റിമേറ്റിനെക്കാൾ അധികരിക്കുകയും നികുതിക്കായി വകയിരുത്തിയ തുകയിൽ നിന്നും 10 ശതമാനം തുക അടയ്ക്കേണ്ടി വരികയും ചെയ്തുവെന്നും ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭഘട്ടത്തിലാണിങ്ങനെ നൽകേണ്ടിവന്നതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് മുൻപ് മറുപടി നൽകിയിരുന്നുവെങ്കിലും പുതുക്കിയ മറുപടി കഴിഞ്ഞ ദിവസം നൽകിയെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

12. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

13. പാമ്പാടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

14. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി മാറി വളരെ വർഷങ്ങൾക്കു ശേഷവും മരാമത്ത് പണികൾക്ക് അധികമായി തുക നൽകി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാതെ രേഖകൾ ലഭ്യമല്ലെന്ന് മറുപടി നൽകിയത് ന്യായീകരിക്കാൻ കഴിയുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. രേഖകൾ കൈമാറുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

15. ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ക്ഷീരവികസന പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

16. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ഓഡിറ്റ് ഖണ്ഡിക

**പാലക്കാട് ജില്ല**

മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ

| | | | | |
|---|---|---|---|---|
| അലനല്ലൂർ | 98-99 | 1. | ട്രാക്ടർ കം ട്രയിലർ വാങ്ങൽ പദ്ധതി | 31200 |
| | 97-98 | 2. | പി.വി.സി. പൈപ്പുകളുടെ വില അധികരിച്ചു നൽകിയ തുക. | 13970 |
| പുതുശ്ശേരി | 98-99 | 3. | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാനുള്ളത് | 20560 |
| കൊടുവായൂർ | 98-99 | 1 | കിണർ (ജനറൽ) -ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലുള്ള ക്രമക്കേട് | 15000 |
| | | 2. | മരാമത്ത് പണികളിൽ അധികം | 18086 |
| | | 3. | എഞ്ചിനീയർക്ക് അധിക വേതനം | 17078 |
| വടവന്നൂർ | 01-02 | | മരാമത്ത് പ്രവൃത്തികളിലെ അധിക നിരക്ക് | 12018 |
| വെള്ളിനേഴി | 97-98 | 1. | റോഡ് നിർമ്മാണം തെക്കുംപുറ ക്കോളനി തിരുവാഴിയോട് ലക്ഷംവീട് കോളനി റോഡ് | 12500 |
| നാഗലശ്ശേരി | | 2. | അടുക്കളത്തോട്ട പദ്ധതി | 14100 |
| | | 3. | ആടുവളർത്തൽ(ജനറൽ) | 12000 |
| | | 4. | ആടുവളർത്തൽ (പട്ടികജാതി) | 64500 |
| | | 5. | പശു വളർത്തൽ(ജനറൽ) | 127500 |
| | | 6. | പശു വളർത്തൽ (പട്ടികജാതി) | 66500 |
| | | 7. | ട്രില്ലർ വാങ്ങിയത് സമബന്ധിച്ച് | 115884 |
| പട്ടിത്തറ | 99-00 | 1. | പൊതുമരാമത്ത് -തോട് ഉദ്ധാരണം | 20000 |
| | | 2. | പൊതുമരാമത്ത് (വെള്ളരകോളനി റോഡ്) | 10000 |
| വല്ലപ്പുഴ | 97-98 | | പദ്ധതി തുക നീക്കിയിരിപ്പ് | 13226 |
| മുതുമല | 99-00 | | മരാമത്ത് - ടെൻഡർ അധികം നൽകിയത് | 33708 |
| കൊപ്പം | 99-00 | 1. | മരാമത്ത് അനുവദനീയമല്ലാത്ത ചെലവ് | 43077 |

| | | | | |
|---|---|---|---|---|
| | | 2. | മരാമത്ത് അനുവദനീയമല്ലാത്ത ചെലവ് | 77682 |
| ചളവറ | 98-99 | 1. | ഉണഭോക്തൃ സമിതികൾ മുൻകൂർ വാങ്ങിയത് | 21000 |
| | | 2. | ഗ്രാമസംസ്കൃതി എന്ന സംഘടനയ്ക്ക് നൽകിയത് | 25000 |
| | | 3. | പോസ്റ്റോഫീസ് - പുളിന്തറ റോഡ് നിർമ്മാണം | 17750 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.9.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## അലനല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് വർഷം 1998-99

**1. ട്രാക്ടർ കം- ട്രെയിലർ വാങ്ങൽ പദ്ധതി - തുക 31,200/-**

17. ആയുർവേദ ആശുപത്രിയുടെ കോമ്പൗണ്ടിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന യന്ത്രങ്ങൾ ലേലം ചെയ്തിട്ടില്ലെന്നും ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കായി മാത്രം യന്ത്രോപകരണങ്ങൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്നുമുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങൾ വളരെ താഴ്ന്ന പ്രദേശങ്ങളായതിനാൽ പല സ്ഥലങ്ങളിലും ട്രാക്ടർ മുകളിലേയ്ക്ക് ഉയർത്താൻ സാധിക്കാതെ കുടുങ്ങിക്കിടന്ന സാഹചര്യമാണുണ്ടായിരുന്നതെന്നും പഞ്ചായത്തിലെ പാടശേഖരങ്ങൾ കുറഞ്ഞുവന്നതിനാൽ ട്രാക്ടർ കാർഷികാവശ്യത്തിന് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു ഉണ്ടായിരുന്നതെന്നും പഞ്ചായത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ട്രാക്ടർ-കം-ട്രെയിലർ ഉപയോഗപ്പെടുത്തിയിരുന്നുവെന്നും പഞ്ചായത്ത് പ്രദേശത്ത് മാലിന്യം നിക്ഷേപിക്കാൻ സ്ഥലമില്ലാതെ വന്നപ്പോഴാണ് പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന്

കാർഷിക ാവശ്യത്തിന് മാത്രമുപയോഗിച്ചിരുന്ന ട്രാക്ടർ-കം-ട്രെയിലർ ഉപയോ ിച്ച് 1999 മാർച്ച് മാസം മുതൽ സെപ്റ്റംബർ മാസം വരെ മാലിന്യം നീക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതെന്നും എന്നാൽ 2014 ൽ പദ്ധതി ലക്ഷ്യത്തിന് വിരുദ്ധമായി ട്രാക്ടർ ഉപയോഗിച്ചുവെന്ന ഓഡിറ്റ് പരാമർശം വരികയും ഓഡിറ്റ് അദാലത്തിൽ പഞ്ചായത്ത് നല്കിയ വിശദീക രണത്തിന്റെ അടിസ്ഥാനത്തിൽ നടപടിക്രമം പാലിച്ച് ട്രാക്ടർ ലേലം ചെയ്യാൻ നിർദ്ദേശം ലഭിക്കുകയും അതിന്റെ തുടർനടപടിയായി ട്രാക്ടറിന്റെ മൂല്യം നിർണ്ണയിക്കുന്നതിന് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തുവെന്നും എത്രയും വേഗം വാല്യുവേഷൻ ലഭ്യമാക്കി ലേലനടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

18. ഉപയോഗശൂന്യമായ യന്ത്രങ്ങൾ സംബന്ധിച്ചും 1998-1999 ലെ ഓഡിറ്റ് പരാമർശത്തിൽ ഇതുവരെ നടപടി സ്വീകരിക്കാതിരുന്നതിനും പാടത്തിന് അനുയോജ്യമാണോയെന്ന് പരിശോധിച്ചിട്ടല്ലേ ട്രാക്ടർ വാങ്ങേണ്ടതെന്നും സമിതി ആരാഞ്ഞതിന് സ്ക്രാപ്പ് വില ഈടാക്കി വിൽക്കാൻ മാത്രമേ സാധിക്കുകയുള്ളുവെന്നും ലേലനടപടികൾ സ്വീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കാമെന്നും ഓഡിറ്റ് പരാമർശം വന്നതുകൊണ്ടായിരിയ്ക്കാം തുടർനടപടി സ്വീകരിയ്ക്കാതിരുന്നതെന്നും പഞ്ചായത്ത് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

19. ഓഡിറ്റ് പരാമർശം വന്നതിനുശേഷം 2014-ൽ തന്നെ പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷന് തുടർനടപടിക്ക് ശിപാർശ ചെയ്തിരുന്നുവെങ്കിലും 2021 ആയിട്ടും ലേലനടപടി സ്വീകരിച്ചില്ലെന്ന് നിരീക്ഷിച്ച സമിതി ഇതൊരു പ്രധാനപ്രശ്നമായതുകൊണ്ട് വിശദമായ പരിശോധന നടത്തി നിശ്ചിത സമയത്തിനുള്ളിൽ ലേലനടപടികൾ ആരംഭിക്കുന്നതിന് ഡയറക്ടർ

പഞ്ചായത്തുകൾക്ക് പൊതുവായ നിർദ്ദേശം നൽകണമെന്ന് നിർദ്ദേശിച്ചു. കർഷകരെ സഹായിക്കാൻ വേണ്ടിയാണ് ട്രാക്ടർ വാങ്ങിയതെങ്കിലും സഹായം ലഭിക്കാത്തതു കാരണം കർഷകർക്കുണ്ടായ നഷ്ടം, പൊതു ഉത്പാദന നഷ്ടം എന്നിവ കണക്കാക്കപ്പെടുന്നില്ലെന്നും യന്ത്രങ്ങൾക്ക് വേണ്ടി ചെലവാക്കിയ തുകയും യഥാസമയം ലേലം ചെയ്യാത്തതുമൂലമുള്ള തുകയും നഷ്ടമായിരിക്കുകയാണെന്നും പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം യഥാസമയം മറുപടി നൽകാത്തതും ഗൗരവമായി എടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. നയപരമായ തീരുമാനമെടുക്കേണ്ട വിഷയമാണിതെന്നും നടപടികളിൽ കാലതാമസമുണ്ടാകുന്നത് മെക്കാനിക്കൽ വിംഗിന്റെ സർട്ടിഫിക്കേഷനിൽ വരുന്ന കാലതാമസമാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടറും അഭിപ്രായപ്പെട്ടു.

20. ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂടുതൽ . ശ്രദ്ധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി വകുപ്പിനോട് നിർദ്ദേശിച്ചു.

## 2. പി.വി.സി. പൈപ്പുകളുടെ വില -അധികരിച്ചു നൽകിയ തുക - 13970/-

21. നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അന്നത്തെ സെക്രട്ടറി ശ്രീ.നാരായണനിൽ നിന്നും തുക ഈടാക്കിയിട്ടില്ലെങ്കിലും സ്ഥാപനത്തിന്റെ മറുപടി അംഗീകരിച്ച് ഒഴിവാക്കണമെന്ന ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## പുതുശ്ശേരി ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 98-99)

**ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാനുള്ളത് ഇക - 20560/-**

22. പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയിനത്തിൽ ലഭിയ്ക്കാനുള്ള ഇക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## കൊട്ടവായൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 98-99)

**1. കിണർ (ജനറൽ)- ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലുള്ള ക്രമക്കേട്. ഇക 15,000/-**

23. പ്രസ്തുത ഖണ്ഡികയിന്മേൽ വകുപ്പ് നൽകിയ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**2. മരാമത്ത് പണികളിൽ അധികം. ഇക 18086/-**

24. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഇക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**3. എഞ്ചിനീയർക്ക് അധികവേതനം. ഇക 17078/-**

25. കോടതി വിധി പരിഗണിച്ച് പരാമർശം ഒഴിവാക്കി നൽകാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**വടവന്നൂർ**

(ഓഡിറ്റ് റിപ്പോർട്ട് 01-02)

**മരാമത്ത് പ്രവൃത്തികളിലെ അധിക നിരക്ക്. ഇക 12018/-**

26. പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**വെള്ളിനേഴി**

(ഓഡിറ്റ് റിപ്പോർട്ട് 97-98)

**റോഡുനിർമ്മാണം - തെക്കുംപുറം കോളനി തിരുവാഴിയോട് ലക്ഷംവീട് കോളനി റോഡ്.**

27. തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നാഗലശ്ശേരി**

28. പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**പട്ടിത്തറ**

(ഓഡിറ്റ് വർഷം 99-00)

**പൊളമരാമത്ത് തോട് ഉദ്ധാരണം (ഇക 20,000)**

**പൊളമരാമത്ത് (വെളര കോളനിറോഡ്) ഇക 10,000/-**

29. ഖണ്ഡികയിലെ പരാമർശങ്ങൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**വല്ലപ്പുഴ**

(ഓഡിറ്റ് റിപ്പോർട്ട് 97-98)

**പ രാതി തുക നീക്കിയിരിപ്പ്. തുക 13,226/-**

30. നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**മുതുമല**

(ഓഡിറ്റ് റിപ്പോർട്ട് 99-00 )

**മരാമത്ത് ടെണ്ടർ അധികം നൽകിയത്. തുക 33,708/-**

31. കോടതി വിധിയനുസരിച്ച് തുടർനടപടികൾ സ്വീകരിയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**കൊപ്പം**

(ഓഡിറ്റ് റിപ്പോർട്ട് 99-2000 )

**അനുവദനീയമല്ലാത്ത ചെലവ് തുക 43,077/-**

(ഓഡിറ്റ് റിപ്പോർട്ട് 98-99-2-മരാമത്ത്)

**അനുവദനീയമല്ലാത്ത ചെലവ് തുക 77,682/-**

32. തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**ചളവറ**

(ഓഡിറ്റ് റിപ്പോർട്ട് 98-99)

**1. ഗുണഭോക്തൃ സമിതികൾ മുൻകൂർ വാങ്ങിയത് (തുക 21,000/-)**

33. 21.01.2009-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**2.ഗ്രാമസംസ്കൃതി എന്ന സംഘടനയ്ക്ക് നൽകിയത് (തുക 25,000/-)**

34. 05.05.2008 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ രേഖകൾ പരിശോധിച്ചതിൽ അപാകതകളൊന്നുമില്ലെന്ന് ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**3. പോസ്റ്റാഫീസ് - പുളിന്തറ റോഡ് നിർമ്മാണം (തുക 17,750/-)**

35. റോഡ് നിർമ്മാണത്തിന് അധികം നൽകിയ തുക ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**36. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന യന്ത്രോപകരണങ്ങൾ ഉപയോഗശൂന്യമായിത്തീരുന്ന അവസരങ്ങളിൽ അവ നടപടിക്രമം പാലിച്ച് ലേലം ചെയ്യുന്നതിലേയ്ക്കായി മൂല്യനിർണ്ണയം നടത്തുന്നതിൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ ഭാഗത്തുനിന്നും വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. ലേല നടപടികൾ നീണ്ടുപോകുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയധികം നഷ്ടമുണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ വിഷയത്തിൽ യഥാസമയം നടപടി സ്വീകരിക്കണമെന്ന് പി.ഡബ്ല്യു.ഡി. (മെക്കാനിക്കൽ) വിഭാഗത്തോട് സമിതി നിർദ്ദേശിക്കുന്നു.**

**37. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലും പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ വരുത്തുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധ പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

38. അലനല്ലൂർ ഗ്രാമപഞ്ചായത്ത് പരാമർശവിധേയമായ ട്രാക്ടർ കം ടെയിലറിന്റെ ലേലനടപടികൾ നടപടിക്രമം പാലിച്ച് പൂർത്തിയാക്കി ഓഡിറ്റിന് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പി.വി.സി. പൈപ്പുകളുടെ അധികവില സംബന്ധിച്ച പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിനു സമിതി ശിപാർശ ചെയ്യുന്നു.

39. മുതുമല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയിന്മേൽ കോടതി വിധിയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

40. ചളവറ ഗ്രാമപഞ്ചായത്ത് പോസ്റ്റോഫീസ് - പുളിന്തറ റോഡ് നിർമ്മാണത്തിന് അധികം നൽകിയതായി ഓഡിറ്റ് പരാമർശിച്ച തുക തിരികെ ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചളവറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങളും പുതുശ്ശേരി, കൊടുവായൂർ, വടവന്നൂർ, വെള്ളിനേഴി, നാഗലശ്ശേരി, പട്ടിത്തറ, വല്ലപ്പുഴ, കൊപ്പം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

## വയനാട് ജില്ല

### മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| സുൽത്താൻബത്തേരി | 00-01 | 1. എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് പ്രതിഫലം നൽകിയത് | 18675 |
| | 01-02 | 2. കണ്ടിജന്റ് അനധികൃതമായി സഹായം നൽകിയത് | 16000 |
| മീനങ്ങാടി | 00-01 | ടെണ്ടർ വർക്കിൽ നിന്നും നികുതികൾ | |

## പടിഞ്ഞാറേത്തറ

(ഓഡിറ്റ് റിപ്പോർട്ട് 97-98)

**1. തുക അധികം നൽകിയത്. (തുക 9370/-)**

45. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വകയിരുത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം പരിശോധിയ്ക്കുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സമിതിയെ അറിയിച്ചു.

**2.പ്രതിഫലം അധികം നൽകിയത്. (തുക 15,529/-)**

46. പ്രതിഫലമായി അധികം നൽകിയ തുക ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

**3. ടാറിന്റെ വില കുറയ്ക്കാത്തത്. (തുക 11677/-)**

47. മക്കോട്ടുകുന്ന് കോളനിറോഡ് പ്രോജക്ട് പൂർത്തീകരിച്ച് ബിൽ തുക നൽകിയപ്പോൾ അധികമായി തുക നൽകിയത് തിരിച്ചടച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 99-00)

**1.പെരിക്കല്ലൂർ -പെട്ടത്ത് കവല റോഡ്. തുക 27,863/-**

**2. മാട്ടൽപാലം-കടിയാർമല റോഡ് സോളിംഗ്. തുക 45,058/-**

**3. പാറക്കടവ് കടിവെള്ള പദ്ധതി. തുക 13583/-**

48. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സമാനസ്വഭാവമുള്ള മൂന്നു ഖണ്ഡികകളാണുള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ

ബിൽ പ്രകാരമാണ് സെക്രട്ടറി ഫണ്ട് നൽകിയതെന്നും ആയത് പരാമർശമായി വന്നതിനെത്തുടർന്ന് സെക്രട്ടറി മറുപടി നൽകിയെങ്കിലും ആയതിന്റെ ഉത്തരവാദിത്തം സെക്രട്ടറിക്കാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ നിന്നും സ്ഥിരീകരണം ലഭിച്ചതിനെത്തുടർന്ന് വീണ്ടും മറുപടി തയ്യാറാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ സമിതിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നടപടിയെടുക്കുവാൻ കഴിയൂവെന്ന് മറുപടി ലഭിച്ചതിനെ തുടർന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ, പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

49. തുക ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണം നൽകിയാൽ പ്രസ്തുത വിഷയം പരിഗണിക്കുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

50. പ്രസ്തുത വിഷയം സാധൂകരണം ലഭിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയപ്പോൾ ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചാലും സമിതി മുമ്പാകെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്ന മറുപടി വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**4. ചെറ്റപ്പാലം സീതാമൗണ്ട് റോഡ് സോളിംഗ് തുക 36247/-**

51. പ്രസ്തുത വിഷയത്തിൽ ആർ. ആർ. നടപടി പെൻഡിംഗിലാണെന്നും ആർ.ആർ.തഹസീൽദാർക്ക് വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ കണിയാമ്പറ്റ വില്ലേജിൽ കുറ്റാരോപിതനായ സെക്രട്ടറിയുടെ പേരിൽ ആസ്തികളില്ലെന്ന് പറഞ്ഞതിൽ ആർ.ആർ.തഹസീൽദാർ വ്യക്തതയ്ക്ക് വേണ്ടി വില്ലേജ് ഓഫിസർക്ക് കൊടുത്തിട്ടുള്ളതാണെന്നും ആയതിന്മേൽ

**പടിഞ്ഞാറേത്തറ**

(ഓഡിറ്റ് റിപ്പോർട്ട് 97-98)

**1. തുക അധികം നൽകിയത്. (തുക 9370/-)**

45. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വകയിരുത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം പരിശോധിക്കുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സമിതിയെ അറിയിച്ചു.

**2.പ്രതിഫലം അധികം നൽകിയത്. (തുക 15,529/-)**

46. പ്രതിഫലമായി അധികം നൽകിയ തുക ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

**3. ടാറിന്റെ വില കുറയ്ക്കാത്തത്. (തുക 11677/-)**

47. മക്കോട്ട്കുന്ന് കോളനിറോഡ് പ്രോജക്ട് പൂർത്തീകരിച്ച് ബിൽ തുക നൽകിയപ്പോൾ അധികമായി തുക നൽകിയത് തിരിച്ചടച്ചിട്ടുള്ളതായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 99-00)

**1.പെരിക്കല്ലൂർ -പെട്ടത്ത് കവല റോഡ്. തുക 27,863/-**

**2. മാട്ടൽപാലം-കടിയാർമല റോഡ് സോളിംഗ്. തുക 45,058/-**

**3. പാറക്കടവ് കടിവെള്ള പദ്ധതി. തുക 13583/-**

48. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് സമാനസ്വഭാവമുള്ള മൂന്നു ഖണ്ഡികകളാണുള്ളതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ

ബിൽ പ്രകാരമാണ് സെക്രട്ടറി ഫണ്ട് നൽകിയതെന്നും ആയത് പരാമർശമായി വന്നതിനെത്തുടർന്ന് സെക്രട്ടറി മറുപടി നൽകിയെങ്കിലും ആയതിന്റെ ഉത്തരവാദിത്തം സെക്രട്ടറിക്കാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ നിന്നും സ്ഥിരീകരണം ലഭിച്ചതിനെത്തുടർന്ന് വീണ്ടും മറുപടി തയ്യാറാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ സമിതിയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നടപടിയെടുക്കുവാൻ കഴിയൂവെന്ന് മറുപടി ലഭിച്ചതിനെ തുടർന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ, പ്രസ്തുത വിഷയത്തിന്മേൽ തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

49. തുക ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണം നൽകിയാൽ പ്രസ്തുത വിഷയം പരിഗണിക്കുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

50. പ്രസ്തുത വിഷയം സാധൂകരണം ലഭിക്കുന്നതിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയപ്പോൾ ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചാലും സമിതി മുമ്പാകെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിക്കുന്ന മറുപടി വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

## 4. ചെറുപ്പാലം സീതാമൗണ്ട് റോഡ് സോളിംഗ് തുക 36247/-

51. പ്രസ്തുത വിഷയത്തിൽ ആർ. ആർ. നടപടി പെൻഡിംഗിലാണെന്നും ആർ.ആർ.തഹസീൽദാർക്ക് വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ കണിയാമ്പറ്റ വില്ലേജിൽ കുറ്റാരോപിതനായ സെക്രട്ടറിയുടെ പേരിൽ ആസ്തികളില്ലെന്ന് പറഞ്ഞതിൽ ആർ.ആർ.തഹസീൽദാർ വ്യക്തതയ്ക്ക് വേണ്ടി വില്ലേജ് ഓഫിസർക്ക് കൊടുത്തിട്ടുള്ളതാണെന്നും ആയതിന്മേൽ

മറുപടി ലഭിക്കാത്തതുകൊണ്ട് പഞ്ചായത്തിൽ നിന്നും ജില്ലാ കളക്ടർക്ക് റിക്വസ്റ്റ് അയച്ചിട്ടുണ്ടെന്നും ടി വിഷയത്തിന്മേൽ 20.08.2021-ന് വീണ്ടും കത്ത് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**5. ആയുർവ്വേദാശുപത്രി വൈദ്യുതീകരണം 20500/-**

52. ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റവന്യൂറിക്കവറി നടപടി സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

**തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

**തുക വകമാറ്റി ചെലവഴിച്ചത് 14202/-**

53. തുക വകമാറ്റി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശം ശരിയാണെന്നും രണ്ട് വീടുകളുടെ നിർമ്മാണത്തിനും പശുത്തൊഴുത്തിനും കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണത്തിനുമാണ് ടി തുക വിനിയോഗിച്ചിട്ടുള്ളതെന്നും ഇതു സംബന്ധിച്ച് അന്നത്തെ സെക്രട്ടറി മറുപടി നൽകിയിരുന്നുവെന്നും 28.02.2006-ന് പെൻഷനായ സെക്രട്ടറി 22.03.2011-ന് മരണപ്പെട്ടിട്ടുള്ളതാണെന്നും പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്നും മറ്റ് നഷ്ടങ്ങളൊന്നും വന്നിട്ടില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് സാധൂകരണത്തിനായി 28.02.2017-ന് കത്ത് നൽകിയിട്ടുണ്ടെങ്കിലും തീരുമാനമായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**2. സൂപ്പർവിഷൻ ചാർജ് അധികം നൽകിയത് 25855/-**

54. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കിയതായി ഓഡിറ്റിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**3. സബ്സിഡി അധികമായി നൽകിയത് 28986/-**

55. പ്രസ്തുത ഖണ്ഡികയിലെ പരാമർശം ഓഡിറ്റ് വകുപ്പ് പരിശോധിച്ച്, ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2001-02)

**കൽക്കെറ്റ്മൂല ചെക്ക് ഡാം നിർമ്മാണം.**

56. പ്രസ്തുത പ്രവൃത്തിയുടെ കൺവീനർക്ക് തുക തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് അയച്ചിരുന്നുവെങ്കിലും ഇതുവരെ തുക ഈടാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ എന്താണ് അറിയിക്കുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കാടിനോട് ചേർന്നുള്ള സ്ഥലത്തേയ്ക്ക് നിർമ്മാണ സാമഗ്രികൾ ഒരു കിലോമീറ്റർ തലച്ചുമടായി എത്തിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും നല്ല രീതിയിൽ പ്രവൃത്തി നടത്തിയതുകൊണ്ടും ഇത്തരത്തിൽ സാധനങ്ങൾ എത്തിച്ചതുകൊണ്ടുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ തുക നൽകിയതെന്നും എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ കൺവീനർ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി എടുത്തിട്ടുണ്ടെന്നും അദ്ദേഹത്തിന് മുഴുവൻ തുകയ്ക്കുമുള്ള അർഹതയുണ്ടെന്നും എഗ്രിമെന്റ് പ്രകാരമാണ് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതെന്നും അനുവദനീയമായതിൽ കൂടുതൽ തലച്ചുമടിനുള്ള കൂലി വന്നതുകൊണ്ടാണ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തുക കൂട്ടി നൽകി പ്രവൃത്തി ചെയ്തതെന്നും പ്രസ്തുത ഡാം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും

ജലസേചനത്തിന് ഉപയോഗിക്കുന്നുണ്ടെന്നും ഡേറ്റകൾ, സ്ഥല പരിശോധന എന്നിവ നടത്തിയതിലൂടെ കൺവീനർ ഉത്തരവാദിയല്ലെന്ന് ഭരണ സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം ഒഴിവാക്കിത്തരണമെന്ന് നിയമസഭാ സമിതിയോട് അപേക്ഷിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

57. പ്രസ്തുത തീരുമാനം ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും സാധൂകരണത്തിനായി സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. തുടർന്ന്, സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നെന്മേനി**

(ഓഡിറ്റ് റിപ്പോർട്ട് 99-2000)

**1. എടയ്ക്കൽ തോട് മണൽ ലേലം ഇക 12,200/-**

58. പഞ്ചായത്തിന് നഷ്ടം വന്ന 12,200/- രൂപ ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

**2. കണ്ടൂർ പ്രോജക്ട് - ഇറിഗേഷൻ പഞ്ചായത്തിന് നഷ്ടം വന്ന 14,890/-**

59. പഞ്ചായത്തിന് നഷ്ടം വന്ന 14,890/- രൂപ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കാൻ ആവശ്യപ്പെട്ട് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കത്ത് നൽകിയിരുന്നുവെന്നും 10.01.2018-ൽ അദ്ദേഹം മരണപ്പെട്ടുവെന്നും മറ്റ് തടസ്സങ്ങളുള്ളതിനാൽ ഡി.സി.ആർ.ജി. ഇതുവരെ നൽകിയിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

60. നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും അപ്രകാരം ചെയ്യാമെന്ന് നെന്മേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

61. സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് പ്രതിഫലം നൽകി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സാധൂകരണം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

62. പ്രസ്തുത ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് കക്കൂസിന് അനധികൃതമായി സഹായം നൽകിയെന്ന പരാമർശത്തിന്മേൽ വി.ഇ.ഒ. സ്ഥല പരിശോധന നടത്തി കക്കൂസ് നിർമ്മാണം പൂർത്തിയായവയ്ക്ക് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് എത്രയും വേഗം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

63. അധികമായി നൽകിയ തുക തിരികെ അടച്ചുവെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

64. പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത് തുക അധികം നൽകി എന്ന പരാമർശത്തിന്മേൽ അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുമായി

ബന്ധപ്പെട്ട ശേഷിച്ച ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് തുക തിരിച്ചടച്ചതായി ബോധ്യപ്പെട്ടു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

65. മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്തിലെ പെരിക്കല്ലൂർ - പെട്ടത്ത് കവല റോഡ്, മാട്ടൽപാലം - കടിയാർമല റോഡ് സോളിംഗ്, പാറക്കടവ് കടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സർക്കാരിൽ നിന്നും സാധുകരണം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും ചെറുപ്പാലം - സീതാമൗണ്ട് റോഡ് സോളിംഗ് സംബന്ധിച്ച വിഷയത്തിന്മേൽ അടിയന്തരമായി തുടർ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആയുർവ്വേദാശുപത്രി വൈദ്യുതീകരണം എന്ന പരാമർശം സംബന്ധിച്ച് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചത് പരിശോധനയിൽ ബോധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

66. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് തുക വകമാറ്റി ചെലവഴിച്ചതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധുകരണം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

67. നൂൽപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ

തീരുമാനത്തിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

68. നെന്മേനി ഗ്രാമപഞ്ചായത്തിലെ എടയ്ക്കൽ തോട് മണൽ ലേലത്തിൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും കണ്ണൂർ പ്രോജക്ട് ഇറിഗേഷനിൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ഉത്തരവാദിയുടെ ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി വേഗത്തിൽ പൂർത്തിയാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## കണ്ണൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

### മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| ചിറക്കൽ | 99-00 | ഖണ്ഡിക 32 | 83000 |
| പെരിങ്ങളം | 99-00 | ഖണ്ഡിക 8 | 36000 |
| പെരളശ്ശേരി | 99-00 | 1. ഖണ്ഡിക 10 | 28000 |
| | 00-01 | 2. ഖണ്ഡിക 8 | 25000 |
| വേങ്ങാട് | 99-00 | ഖണ്ഡിക 58 | 73000 |
| ചൊക്ലി | 99-00 | ഖണ്ഡിക 15 | 86241 |
| കതിരൂർ | 00-01 | ഖണ്ഡിക 37 | 83950 |
| ആറളം | 99-00 | ഖണ്ഡിക 14 | 8298 |
| തൃപ്രങ്ങോട്ടൂർ | 99-00 | ഖണ്ഡിക 14.5 | 31750 |
| ധർമ്മടം | 00-01 | ഖണ്ഡിക 19 | 34000 |
| കണിച്ചാർ | 99-00 | ഖണ്ഡിക 19 | 14000 |
| എടക്കാട് | 00-01 | ഖണ്ഡിക 12 | 25000 |
| | 01-02 | ഖണ്ഡിക 12 | 17325 |
| എരഞ്ഞോളി | 99-00 | ഖണ്ഡിക 5,6,7 | 148269 |

| | | | |
|---|---|---|---|
| കേളകം | 99-00 | ഖണ്ഡിക 10,12 | 39000 |
| എരമം-കുറ്റൂർ | 99-00 | 1. ഖണ്ഡിക 8 | 72500 |
| | 01-02 | 2. ഖണ്ഡിക 9 | 366573 |
| പാട്യം | 99-00 | ഖണ്ഡിക 8 | 38000 |
| കരിവെള്ളൂർ-പെരളം | 00-01 | ഖണ്ഡിക 6 | 15450 |
| കൊട്ടിയൂർ | 2000-01 | ഖണ്ഡിക 7(1) | 33250 |
| കീഴല്ലൂർ | 1999-00 | 1. ഖണ്ഡിക 10 | 12000 |
| | 01-02 | 2. ഖണ്ഡിക 14 | 169900 |
| മാട്ടൂൽ | 2001-02 | ഖണ്ഡിക 8 | 8950 |
| പാപ്പിനിശ്ശേരി | 00-01 | ഖണ്ഡിക 8,11,14 | 27421 |
| പന്ന്യന്നൂർ | 00-01 | ഖണ്ഡിക 9 | 268550 |
| മുഴക്കുന്ന് | 00-01 | 1. ഖണ്ഡിക 12 | 205630 |
| | 2001-02 | 2. ഖണ്ഡിക 12,13 | 36300 |
| അഴീക്കോട് | 2001-02 | ഖണ്ഡിക 4,11 | 53147 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.13.17)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 99-2000) ഖണ്ഡിക 32: തുക 83,000/രൂപ.**

69. സർക്കാർ ഉത്തരവില്ലാതെ ബജാജ് ഓട്ടോറിക്ഷ വാങ്ങിയെന്നും ബന്ധപ്പെട്ട ഉപഭോക്തൃ സഹകരണ സംഘത്തിൽ നിന്നും രസീത് ലഭ്യമാക്കിയില്ലെന്നതുമാണ് ഓഡിറ്റ് പരാമർശമെന്നും ചിറക്കൽ പഞ്ചായത്ത് ഉപഭോക്തൃ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി വിഹിതത്തിലുൾപ്പെടുത്തി ബജാജ് ഓട്ടോറിക്ഷ വാങ്ങാൻ തീരുമാനിച്ചതെന്നും 28.10.1999-ലെ സർക്കാർ ഉത്തരവ് നമ്പർ 42/690/ഡി.പി2/99 എൽ.എസ്.ജി.ഡി.13 പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും ആയത് സംബന്ധിച്ച രസീത്

മാന്വലായി ലഭ്യമാക്കി സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും 23.03.2019-ൽ ചേർന്ന ഭരണസമിതി യോഗതീരുമാനപ്രകാരം പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചപ്പോൾ പ്രസ്തുത വിഷയം പരിശോധിയ്ക്കാമെന്ന് ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചു.

**പെരിങ്ങളം ഗ്രാമപഞ്ചായത്ത്.**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 8 )

**കാലിത്തൊഴുത്ത് നിർമ്മാണം - പദ്ധതിപ്പണം കൂടുതൽ ചെലവഴിച്ചു - 36,000/- രൂപ**

70. പഞ്ചായത്തിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കണമെന്ന തീരുമാനമാണ് എടുത്തിരുന്നതെന്നും ഡി.പി.സി. യുടെ മുൻകൂർ അനുമതി വാങ്ങാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നതു മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നാണ് പരിശോധനയിലും ഭരണസമിതി അംഗങ്ങളോട് സംസാരിച്ചതിൽ നിന്നും മനസ്സിലാകുന്നതെന്നും അത് ജനോപകാരപ്രദമായ ഒരു പദ്ധതിയായിരുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ തുക തെറ്റായി വിനിയോഗിച്ചിട്ടില്ലെന്നും ദുർച്ചെലവുകൾ നടത്തിയിട്ടുണ്ടെന്ന രീതിയിലുള്ള പരാമർശം ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്നോ മറ്റ് ഏജൻസികളുടെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ലെന്നും അതുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥനെ പ്രസ്തുത പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**പെരളശ്ശേരി ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 10 )

**ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് പശു വിതരണം - 28,000/- രൂപ**

71. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷിച്ചപ്പോൾ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നാണ് മുൻകാല ജനപ്രതിനിധികളിൽ നിന്നും വെറ്ററിനറി സർജനിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചതെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

72. മുൻകാല ജനപ്രതിനിധികളിൽ നിന്നോ വെറ്ററിനറി സർജനിൽ നിന്നോ അല്ല അന്വേഷിച്ചറിയേണ്ടതെന്നും പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചിരുന്നോയെന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്തിന്റെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ലെന്നാണ് രേഖകൾ പരിശോധിച്ചപ്പോൾ അറിയാൻ കഴിഞ്ഞതെന്നും എന്നാൽ വെറ്ററിനറി സർജന്റെ കൈവശം പഞ്ചായത്തിന്റെ തീരുമാനമുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.

73. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**വേങ്ങാട് ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 58 )

**പ്രോജക്ട് - 75 വനിത ടെയ്ലറിംഗ് യൂണിറ്റ് - 73,000/- രൂപ**

74. കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നാണ് 10 തയ്യൽ മെഷീനുകൾ വാങ്ങിയിട്ടുള്ളതെന്നും കാലപ്പഴക്കം കൊണ്ട് ഇപ്പോൾ അത് ഉപയോഗിക്കാൻ കഴിയാത്തതിനാൽ

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും തയ്യൽ മെഷീൻ വാങ്ങിയ വ്യക്തികളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങിവച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു.

75. മറുപടിയിൽ വ്യക്തതക്കുറവുണ്ടെന്നും കൈപ്പറ്റ് രസീതാണോ തയ്യൽ മെഷീനാണോ കൈവശമുള്ളതെന്ന് സമിതിയംഗം ആരാഞ്ഞതിന് തയ്യൽ മെഷീൻ വിതരണം ചെയ്ത വ്യക്തികളിൽ നിന്നും വാങ്ങിയ കൈപ്പറ്റ് രസീതാണ് കൈവശമുള്ളതെന്ന് സെക്രട്ടറി (ഇൻ-ചാർജ്)യും സിഡ്കോയിൽ നിന്നും 10 തയ്യൽ മെഷീനുകളും 2 എംബ്രോയിഡറി മെഷീനുകളും 10 സ്റ്റൂളുകളുമാണ് വാങ്ങിയതെന്നും അത് പൊയിനാട്, ചൈതന്യ, അനുഗ്രഹ എന്നീ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് (അയൽക്കൂട്ടം) വിതരണം ചെയ്തിട്ടുണ്ടെന്നും ഏതാണ്ട് 15 വർഷത്തോളം മേൽപ്പറഞ്ഞ ഉപകരണങ്ങൾ അവർ ഉപയോഗിക്കുകയും നിലവിൽ കാലപ്പഴക്കംകൊണ്ട് ഉപയോഗിക്കാൻ കഴിയാത്തതിനാൽ അവ സൂക്ഷിച്ച് വച്ചിരിക്കുകയാണെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

76. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**ആറളം ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 14)

**ഭൂമിയില്ലാത്തവർക്ക് ആടിനെ വിതരണം ചെയ്തത് - തുക നിരസിക്കുന്നു - 8298/- രൂപ**

77. ഗുണഭോക്താവിന്റെ മറ്റ് കുടുംബാംഗങ്ങളുടെ പേരിൽ ആടിനെ സംരക്ഷിക്കുന്നതിനാവശ്യമായ ഭൂമിയുണ്ടായിരുന്നുവെന്ന വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടി പരിശോധിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

78. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിയ്ക്കുകയും ചെയ്തു.

**എടക്കാട് ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2001-2002 ഖണ്ഡിക 12)

**വായനശാലകൾക്ക് സ്റ്റീൽ ഫർണിച്ചർ വാങ്ങുന്നത് - സംബന്ധിച്ച് - 25,000/-, 17,325/- രൂപ**

79. എടക്കാട് പഞ്ചായത്ത് കണ്ണൂർ കോർപ്പറേഷനിൽ ലയിപ്പിച്ചിട്ടുള്ളതാണെന്നും വായനശാലകൾക്ക് സ്റ്റീൽ ഫർണിച്ചർ വാങ്ങുന്നതിന് സർക്കാർ നിബന്ധന പാലിക്കാത്തതും റേറ്റ് കോൺട്രാക്ട് പ്രകാരം ഫർണിച്ചർ വാങ്ങാത്തതുമായി ബന്ധപ്പെട്ട രണ്ട് പരാമർശങ്ങളാണ് എടക്കാട് പഞ്ചായത്തുമായി ബന്ധപ്പെട്ടുള്ളതെന്നും 6 കബോർഡും 9 സ്റ്റീൽ റാക്കുമാണ് വാങ്ങിയിട്ടുള്ളതെന്നും അന്നത്തെ പഞ്ചായത്ത് ഭരണസമിതി പെരളശ്ശേരി വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ വഴിയാണ് ഫർണിച്ചർ വാങ്ങിയതെന്നും ഗുണഭോക്താക്കൾക്ക് നൽകിയ തുക ഈടാക്കണമെന്ന ഓഡിറ്റ് പരാമർശത്തിന് ഗ്രാമസഭയുടെ അംഗീകാരത്തോടുകൂടിയാണ് തുക നൽകിയിട്ടുള്ളതെന്നും ടി വിഷയം 03.03.2005-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും എടക്കാട് സോണൽ ഓഫീസർ സമിതിയെ അറിയിച്ചു.

80. ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന്റെ കണ്ണൂർ ജില്ലാ ഓഫീസിലേക്ക് നൽകണമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുകയും റിപ്പോർട്ട് നൽകാമെന്ന് റവന്യൂ ഓഫീസർ മറുപടി നൽകുകയും ചെയ്തു.

81. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

**എരഞ്ഞോളി ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 7)

**പ്രോജക്ട് നം. 38 മുഴുവൻ വീട്ടിലും കക്കൂസ്**

82. പ്രസ്തുത പദ്ധതി പ്രകാരം 88 പേർക്ക് ആനുകൂല്യം നൽകുകയുണ്ടായെന്നും 6000/-രൂപ ചെലവഴിച്ച് കക്കൂസ് നിർമ്മിച്ചാൽ 2000/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡിയായി ഗുണഭോക്താവിന് ലഭിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചുവെന്ന് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് തുക നൽകിയിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി.

83. അത്തരത്തിൽ ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെടാൻ കാരണമെന്താണെന്ന് സമിതിയംഗം ആരാഞ്ഞതിന് നിർവ്വഹണോദ്യാഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

84. തുടർന്ന്, പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും ആയത് നൽകുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

85. രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

**കേളകം ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 12)

**കശുമാവ് വികസന പദ്ധതി - പ്രോജക്ട് നം. 5**

86. പഞ്ചായത്തിന്റെ പ്രോജക്ട് എന്തായിരുന്നുവെന്ന് സമിതി ചെയർമാൻ ആരാഞ്ഞതിന് കശുമാവ് വികസന പദ്ധതി പ്രകാരം കർഷകർക്ക് കശുമാവിൻ തൈകൾ വിതരണം ചെയ്യുന്ന പ്രോജക്ടിൽ രണ്ടര ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർക്ക് സബ്സിഡി കൊടുത്തുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും 20 കർഷകരുടെ അപേക്ഷകളിൽ കുടുംബത്തിന്റെ കൈവശമുള്ള ആകെ കൃഷിഭൂമിയുടെ വിസ്തീർണ്ണമാണ് രണ്ടര ഏക്കറിൽ കൂടുതലുള്ളതെന്നും വ്യക്തികളുടെ കൈവശം രണ്ടര ഏക്കറിന് താഴെ മാത്രമേ ഭൂമി നിലവിലുള്ളൂ എന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**എരമം - കുറ്റൂർ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 8)

**മൈത്രി ഭവനനിർമ്മാണ പദ്ധതി - 72,500/- രൂപ**

87. മൈത്രി ഭവനനിർമ്മാണ പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത 75 പേരിൽ 11 പേരെ പഞ്ചായത്തിന്റെ തീരുമാനപ്രകാരം ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുകയും അതുപോലെ 11 പേർക്ക് ഗുണഭോക്തൃ വിഹിതമായ 5000/- രൂപയ്ക്ക് പകരം 2500/- രൂപയായി കുറച്ചുകൊടുക്കുന്നതിനും ഭരണസമിതി തീരുമാനം എടുത്തിരുന്നുവെന്നും ആയതിൻപ്രകാരം 4,37,500/- രൂപ ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിനുപകരം പഞ്ചായത്ത് തീരുമാനപ്രകാരം 3,55,000/- രൂപ തിരിച്ചടച്ചാൽ മതിയായിരുന്നുവെന്നും എന്നാൽ സമിതി തീരുമാനത്തിന് വിരുദ്ധമായി ഒഴിവാക്കിയ ഗുണഭോക്താക്കളിൽ 6 പേർ പൂർണ്ണമായും തുക അടച്ചതിനാൽ അടയ്ക്കേണ്ട തുകയേക്കാൾ കൂടുതൽ തുക പിരിച്ചെടുത്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

88. ഇതുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കിയിട്ടില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി ചെയർമാൻ ചൂണ്ടിക്കാട്ടിയപ്പോൾ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം 2014-ൽ രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. റിപ്പോർട്ട് ഒരിയ്ക്കൽകൂടി ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

**കരിവെള്ളൂർ - പെരളം ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 6)

**ഗ്രാമശ്രീ വനിതാ ഹോട്ടലിന് ഉപകരണങ്ങൾ നൽകൽ - 15,450/- രൂപ**

89. ഗ്രാമശ്രീ വനിതാ ഹോട്ടൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്നും ടി ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് അറിയിക്കാനുള്ളതെന്നും സമിതി ആരാഞ്ഞതിന് ഗ്രാമശ്രീ വനിതാ ഹോട്ടലിലേക്ക് പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി ഫർണിച്ചർ വാങ്ങിയെന്നതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത ഹോട്ടൽ ഇപ്പോഴും ജനകീയ ഹോട്ടലായി പ്രവർത്തിക്കുന്നുണ്ടെന്നും നാല് വനിതകൾ അവിടെ ജോലി ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

90. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 7(1))

**കാലിത്തൊഴുത്ത് നിർമ്മാണം - 33,250/- രൂപ**

91. സങ്കരയിനം പശുക്കളെ വളർത്തുന്നവരും നല്ല തൊഴുത്ത് ഇല്ലാത്തവരുമായ ക്ഷീര കർഷകർക്ക് 6000/-രൂപ മൂല്യമുള്ള കാലിത്തൊഴുത്ത് നൽകുന്ന പദ്ധതിയാണിതെന്നും പ്രസ്തുത പദ്ധതിയിൽ

4000/- രൂപ ഗുണഭോക്തൃ വിഹിതവും 2000/- രൂപ പദ്ധതി വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും ആയതുപ്രകാരം 38 ഗുണഭോക്താക്കൾക്ക് 2000/-രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ടെന്നും എന്നാൽ ഗുണഭോക്താക്കൾ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അധികരിച്ച് നൽകിയ തുക തിരിച്ച് പിടിക്കണമെന്നാണ് ഓഡിറ്റ് പരാമർശമെന്നും നബാർഡിന്റെ യൂണിറ്റ് കോസ്റ്റ് 4500/- രൂപയായതിനാൽ 2000/- രൂപയിൽ 1125/-രൂപ മാത്രമേ നൽകാൻ സാധിക്കുകയുള്ളുവെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി.

92. പ്രസ്തുത തുക ഇതുവരെയും നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് സർട്ടിഫിക്കറ്റുകൾ കൈവശമുണ്ടായിരുന്നെങ്കിലും ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചില്ലെന്നും 2004-ൽ ഓഫീസിൽ വെള്ളം കയറിയതിനെത്തുടർന്ന് രേഖകൾ നശിച്ചതുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

93. രേഖകൾ നശിച്ചുപോയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക നം. 10 - തുക 12000/-)

(ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക നം. 14 - തുക 1,69,900/-)

94. എൽ.പി. വിഭാഗം പഠനകേന്ദ്രത്തിന്റെ ഫീസ്, ഭക്ഷണം എന്നിവ നൽകിയതിന്റെ വൗച്ചറുകൾ ഇല്ലായെന്നും വൈദ്യുതീകരണത്തിന് കെ.എസ്.ഇ.ബി.യിൽ തുക അടച്ചതിന്റെ രസീത് ഇല്ലായെന്നുമാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞു.

95. 2017-ൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് ഫയൽ ചെയ്ത കേസിന്മേൽ എതിർകക്ഷി സ്റ്റേ ഉത്തരവ് നേടിയിരുന്നുവെന്നും കേസ് ഇപ്പോൾ ഹിയറിംഗിലാണെന്നും കോവിഡ് സാഹചര്യത്തിൽ ഇപ്പോൾ കേസ് പോസ്റ്റ് ചെയ്യുന്നില്ലെന്നും എൽ.പി. വിഭാഗം പഠനകേന്ദ്രത്തിന്റെ ഫീസ് നൽകിയതുമായി ബന്ധപ്പെട്ട കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. ബാലചന്ദ്രൻ 03.08.2006-ന് മരണപ്പെട്ടിട്ടുള്ളതാണെന്നും ഖണ്ഡിക 14 പ്രകാരമുള്ള തുക അടവാക്കിയത് പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

96. കോടതി വിധിയ്ക്കനുസൃതമായി പ്രസ്തുത പരാമർശങ്ങളിന്മേൽ തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

**മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 2001 - 2002 ഖണ്ഡിക നം. 12)

**തുക - 36300/-**

97. 2002-2003 വർഷത്തിൽ നടപ്പിലാക്കിയ വനിതകൾക്കുള്ള കമ്പ്യൂട്ടർ പരിശീലന പരിപാടിയുടെ അടങ്കൽ തുക 16,500/- രൂപയായിരുന്നുവെന്നും ചട്ടങ്ങൾക്ക് . വിരുദ്ധമായി തുക ചെലവഴിച്ചുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത നടപടി സാധൂകരിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിന് സാധൂകരണത്തിന് കത്ത് അയച്ചതെന്നാണെന്നും ഏതുവർഷത്തെ പദ്ധതിയാണിതെന്നും സമിതി ആരാഞ്ഞു. ആയതിന് 15-ാം തീയതിയിലെ യോഗത്തിലാണ് സാധൂകരണം തേടുന്നതിന് തീരുമാനമെടുത്തതെന്നും 2003-2004 വർഷത്തെ പ്രോജക്ടാണെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

98. 2003-2004-ലെ പദ്ധതി സാധൂകരണത്തിന് 2021-ലാണോ കത്തയയ്ക്കുന്നതെന്ന് സമിതി ആരായുകയും 31.03.2015-ലെ ഭരണസമിതി തീരുമാനപ്രകാരം സാധൂകരണത്തിന് സർക്കാരിൽ കത്ത് നൽകിയിരുന്നെങ്കിലും മറുപടി ലഭിക്കാത്തതുകൊണ്ടാണ് വീണ്ടും സാധൂകരണം തേടുന്നതിന് തീരുമാനിച്ചതെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

99. 2015-ൽ കത്ത് നൽകിയിരുന്നെങ്കിൽ ഇപ്പോൾ ഓർമ്മക്കുറിപ്പ് അയച്ചാൽ മതിയായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി വകുപ്പ് ഇക്കാര്യം പരിശോധിക്കണമെന്നും 2015-ൽ കത്തയച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടാൽ നിലവിലെ പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെടണമെന്നും വകുപ്പിനോടും സാധൂകരണത്തിനായി വീണ്ടും കത്തയയ്ക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോടും നിർദ്ദേശിച്ചതിന് കത്ത് അയയ്ക്കാമെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

100. താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**പെരളശ്ശേരി ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2000 - 2001, ഖണ്ഡിക 8 തുക 25,000/- രൂപ

**ചൊക്ലി ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 1999 - 2000, ഖണ്ഡിക 15 തുക 86,241/- രൂപ

**കതിരൂർ ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2000 - 2001, ഖണ്ഡിക 37 തുക 83,950/- രൂപ

**തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 1999 - 2000, ഖണ്ഡിക 14, 15 തുക 31,750/- രൂപ

**ധർമ്മടം ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2000 - 2001, ഖണ്ഡിക 19 തുക 34,000/- രൂപ

**കണിച്ചാർ ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 1999 - 2000, ഖണ്ഡിക 19 തുക 14,000/- രൂപ

**എരഞ്ഞോളി ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 1999 - 2000, ഖണ്ഡിക 5, 6 തുക 1,48,269/- രൂപ

**കേളകം ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 1999 - 2000, ഖണ്ഡിക 10 തുക 39,000/- രൂപ

**എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2001 - 2002, ഖണ്ഡിക 9 തുക 3,66,573/- രൂപ

**പാട്യം ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 1999 - 2000 ഖണ്ഡിക 8 തുക 38,000/- രൂപ

**മാട്ടൂൽ ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2001 - 2002, ഖണ്ഡിക 8 തുക 8950/- രൂപ

**പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2000 - 2001, ഖണ്ഡിക 8, 11, 14 തുക 27,421/- രൂപ

**പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2000 - 2001, ഖണ്ഡിക 9 തുക 2,68,550/- രൂപ

**മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2000 - 2001, ഖണ്ഡിക 12 തുക 2,05,630/- രൂപ

**അഴീക്കോട് ഗ്രാമപഞ്ചായത്ത്** - ഓഡിറ്റ് വർഷം 2001 - 2002, ഖണ്ഡിക 4, 11 തുക 53,147/- രൂപ

## നിഗമനങ്ങൾ/ശിപാർശകൾ

**101. ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് ഉപഭോക്തൃ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായാണ് പദ്ധതി വിഹിതത്തിലുൾപ്പെടുത്തി ഓട്ടോറിക്ഷ വാങ്ങിച്ചതെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഭരണ സമിതി**

തീരുമാനപ്രകാരം അപേക്ഷിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

102. എടക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

103. എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

104. എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മൈത്രീ ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

105. കീഴല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

106. മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് വനിതാ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കായി ചട്ടങ്ങൾക്ക് വിരുദ്ധമായി ഉക ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശത്തിലെ നടപടി സാധൂകരിക്കുന്നതിനായി 31.3.2015 ലെ ഭരണ സമിതി തീരുമാനപ്രകാരം സർക്കാരിന് കത്തയച്ചിരുന്നുവെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഇക്കാര്യം വിശദമായി പരിശോധിക്കണമെന്നും 2015-ൽ അയച്ച കത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി 2015-ൽ കത്തയച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടാൽ നിലവിലെ പഞ്ചായത്ത് സെക്രട്ടറിയോട് വകുപ്പ് വിശദീകരണം ആവശ്യപ്പെടണമെന്നും അതോടൊപ്പം ടി വിഷയത്തിന്മേലുള്ള സാധൂകരണത്തിനായി പഞ്ചായത്ത് സെക്രട്ടറി വീണ്ടും വകുപ്പിലേയ്ക്ക് കത്തയയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

107. സർക്കാർ ലഭ്യമാക്കിയ മറുപടിയുടേയും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ നൽകിയ മറുപടികളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ ശേഷിച്ച ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കാസർഗോഡ് ജില്ല**

**മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ**

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | പരാമർശം | ഉക |
|---|---|---|---|
| നീലേശ്വരം | 99-00 | കോട്ടപ്പുറം-കടിഞ്ഞിമൂല നടപ്പാലം റിപ്പയർ-മാർക്കറ്റ് റേറ്റ് കണക്കാക്കുമ്പോൾ അധികം കൂട്ടിച്ചേർത്തത്-അനുവദനീയമല്ല. | 15249 |

| | | | |
|---|---|---|---|
| ബദിയടുക്ക | 98-99 | സർക്കാർ അനുവദിക്കാത്ത ഇനത്തിന് സബ്സിഡി നൽകിയത് | 34000 |
| കാറഡുക്ക | 98-99 | 1. പശു വിതരണം-കൂടുതൽ സബ്സിഡി നൽകിയത് | 30428 |
| | 99-00 | 2. പശു വിതരണം-കൂടുതൽ സബ്സിഡി നൽകിയത് | 39000 |
| | 00-01 | 3. നേന്ത്രവാഴ കൃഷി-കൂടുതൽ സബ്സിഡി നൽകിയത് | 14875 |
| | | 4. വി.സി.ബി. കം ബാർക്കോൽ ബ്രിഡ്ജ് നിർമ്മാണം-കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക കിഴിക്കാതെ ഫൈനൽ ബിൽ നൽകിയത് | 35000 |
| പടന്ന | 00-01 | പവർ ടില്ലർ വാങ്ങിയത് | 186562 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.14.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## നീലേശ്വരം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

**കോട്ടപ്പുറം-കടിഞ്ഞിമൂല നടപ്പാലം റിപ്പയർ : മാർക്കറ്റ് റേറ്റ് കണക്കാക്കുമ്പോൾ അധികം കൂട്ടിച്ചേർത്തത് അനുവദനീയമല്ല 15,249/- രൂപ**

108. നീലേശ്വരം ഗ്രാമപഞ്ചായത്ത് നിലവിൽ നഗരസഭയാണെന്നും 1999 -2000 ൽ കോട്ടപ്പുറം-കടിഞ്ഞിമൂല നടപ്പാലം അറ്റകുറ്റപ്പണി ചെയ്തതുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. എം. കൃഷ്ണന് 15,249/- രൂപ അധികമായി നൽകിയെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 76,965/- രൂപയായിരുന്നുവെന്നും ബി.എൽ.ഇ.സി.യുടെ അനുമതിയോടുകൂടി 25% വർദ്ധനവോടുകൂടി 96,295/- രൂപയായിരുന്നു നൽകേണ്ടിയിരുന്നതെന്നും എന്നാൽ 45% തുക അധികരിച്ച് 1,11,599/- രൂപയാണ് അന്ന് ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയതെന്നും

അധിക തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തോട് നേരിട്ട് സംസാരിച്ചിരുന്നുവെന്നും ഇപ്പോൾ അദ്ദേഹത്തിന് 60-65 വയസ്സ് പ്രായമുണ്ടെന്നും പശുവിനെ വളർത്തിയും മറ്റുമാണ് ജീവിക്കുന്നതെന്നും കുറച്ച് സമയം കൂടി നൽകിയാൽ തുക തിരിച്ചടയ്ക്കാമെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ടെന്നും നീലേശ്വരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

109. നിലവിൽ നടപ്പാലം ഉപയോഗിക്കുന്നുണ്ടോയെന്ന് സമിതിയംഗം ആരാഞ്ഞതിന്, നടപ്പാലം നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

110. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

111. താഴെപ്പറയുന്ന ഓഡിറ്റ് ഖണ്ഡികകളിലെ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**ബദിയടുക്ക ഗ്രാമപഞ്ചായത്ത് -** ഓഡിറ്റ് വർഷം 1998 - 1999

സർക്കാർ അനുവദിക്കാത്ത ഇനത്തിന് സബ്സിഡി നൽകിയത് 34,000/-

**കാറഡുക്ക ഗ്രാമപഞ്ചായത്ത്**

1. പശുവിതരണം - കൂടുതൽ സബ്സിഡി നൽകിയത്

ഓഡിറ്റ് വർഷം 1998 - 1999 - 30,428/-രൂപ

2. പശുവിതരണം - കൂടുതൽ സബ്സിഡി നൽകിയത്

ഓഡിറ്റ് വർഷം 1999 - 2000 - 39,000/-രൂപ

3. നേന്ത്രവാഴകൃഷി - കൂടുതൽ സബ്സിഡി നൽകിയത്

ഓഡിറ്റ് വർഷം 2000 - 2001 - 14,875/-രൂപ

4. വി.സി.ബി. കം ബാർക്കോൽ ബ്രിഡ്ജ് നിർമ്മാണം - കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക കിഴിക്കാതെ ഫൈനൽ ബിൽ നൽകിയത് - 35,000/- രൂപ

**പടന്ന ഗ്രാമപഞ്ചായത്ത് -** പവർ ടില്ലർ വാങ്ങിയത്

ഓഡിറ്റ് വർഷം 2000-2001 1,86,562/-

## നിഗമനങ്ങൾ/ശിപാർശകൾ

**112. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബദിയഡുക്ക, കാറഡുക്ക, പടന്ന എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നീലേശ്വരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| **തിരുവനന്തപുരം ജില്ല** | | | |
| നേമം | 00-01 | 1. മൺപണിക്ക് അധികം തുക നൽകിയത് | |
| | | 2. പ്രവൃത്തിക്ക് ആവശ്യമുള്ളതിൽ കൂടുതൽ മെറ്റീരിയൽസ് നൽകി | |
| | | 3. പദ്ധതി നിർവ്വഹണ ചെലവിനായി മുൻകൂറായി പണം മാറിയെടുത്തു | |
| പാറശ്ശാല | 00-01 | 1. കലുങ്ക് നിർമ്മാണത്തിന് അധികം നൽകിയ തുക | |
| | | 2. മൺപണിക്ക് അധികം നൽകിയത് | |
| | | 3. കറി പൗഡർ യൂണിറ്റിന് അധികം നൽകിയത് | |
| വാമനപുരം | 01-02 | 1. കൺവേയൻസ് ചാർജ്ജ് അധികം നൽകിയത് | |
| | | 2. മരാമത്തു പണികൾക്ക് ഡാറ്റയിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ നൽകിയത് | |
| **പത്തനംതിട്ട ജില്ല** | | | |
| പന്തളം | 00-01 | 1. ചേരിക്കൽ ബാലവാടിയ്ക്ക് ചുറ്റുമതിലും അനുബന്ധ സൗകര്യവും - അംഗീകരിക്കാത്ത തുക | 53,000 |
| ഇലന്തൂർ | 00-01 | 1. നാരങ്ങാനം പഞ്ചായത്ത് അതുല്യാ ആർട്ട്സ് | 50,475 |

| | | | |
|---|---|---|---|
| | | ക്ലബ് കെട്ടിട നിർമ്മാണം - അംഗീകരിക്കാത്ത തുക | |
| കോന്നി | 00-01 | 1. വനിതാ റസ്റ്റോറന്റ്, - കാറ്ററിംഗ് യൂണിറ്റ് നടത്തി പ്പിലെ ക്രമക്കേടുകൾ അംഗീകരിക്കുന്നില്ല | 2,00,000 |
| റാന്നി | 00-01 | 1. ഹരിത സംഘങ്ങൾക്ക് ധനസഹായം - തുക അംഗീകരിക്കുന്നില്ല | 50,000 |
| പത്തനംതിട്ട | 97-98 | 1. കുമ്പഴ പബ്ലിക്ക് മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ പണി പൂർത്തീകരിച്ചിട്ടില്ല | 50,000 |
| പത്തനംതിട്ട | 98-99 | 1. പരസ്യ ചാർജ്ജ് അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 92,160 |
| | | 2. എസ്.എൻ.ഡി.പി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി അംഗീകരിക്കുന്നില്ല. | 24,679 |
| | | 3. സെന്റ് മേരീസ് 2-ാം ക്രോസ് റോഡിന്റെ മെറ്റലിംഗും കോൺക്രീറ്റിംഗും അംഗീകരിക്കുന്നില്ല. | 55,338 |
| | | 4. മുനിസിപ്പൽ മാർക്കറ്റിൽ ഇറച്ചി സ്റ്റാൾ നിർമ്മാണം - ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 50,000 |

## തൃശ്ശൂർ ജില്ല

| | | | |
|---|---|---|---|
| കൊടുങ്ങല്ലൂർ | 00-01 | 1. ഖ: (ബി) നടീൽ വസ്തുക്കൾ നശിച്ചത് നഷ്ടം | 21,028 |
| ഇരിങ്ങാലക്കുട | 99-00 | 1. ഖ: 32 - കൊയ്ത്ത് മെതിയന്ത്രം ലഭിച്ചിട്ടില്ല | 1,00,000 |
| | | 2.33-പൈപ്പ് വാങ്ങിയത് ഉപയോഗിച്ചിട്ടില്ല | 2,03,200 |

## പാലക്കാട് ജില്ല

| | | | |
|---|---|---|---|
| പട്ടാമ്പി | 98-99 | 1. ഖ: 9 - വികലാംഗർക്ക് ട്രൈസൈക്കിൾ വാങ്ങി വിതരണം ചെയ്തത് | 1,37,512 |
| | | 2. ഖ: 4-കിഴക്കേതൊടി കള്ളിവളപ്പ് റോഡ് പുനരുദ്ധാരണം | 41,804 |
| | | 3. ഖ: 5 - ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്ക് സഹായം | 74,880 |
| പട്ടാമ്പി | 99-00 | 1. ഖ: 5-മാരാക്കൽ കുളം പുനരുദ്ധാരണം | 1,12,000 |
| | | 2. സോയാബിപടി - പൂവക്കോട് റോഡ് ടാറിംഗ് | 2,11,053 |
| അട്ടപ്പാടി | 98-99 | 1. ഖ: 3-അംഗീകൃത കാലിതീറ്റ പ്രചാരണ പരിപാടി- ലക്ഷ്യത്തിനു വിരുദ്ധമായി പ്രവർത്തിച്ചത് | 3,99,962 |
| | | 2. ഖ: 7-ആദിവാസികളുടെ പാരമ്പര്യ | |

| | | | |
|---|---|---|---|
| | | കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കൽ പദ്ധതി | 77,000 |
| അട്ടപ്പാടി | 99-00 | 1. ഖ: 14 - കള്ള് മല ഫലവൃക്ഷതൈ നഴ്സറി പദ്ധതി | 1,99,950 |
| | | 2. ഖ: 15- പുത്തൂർ ഉമ്മത്തുംപടി അമളിക്കോണം റോഡ് വികസനം | 6,88,514 |
| | | 3. ഖ:18- വ്യവസായ വികസനം | 49,920 |
| | | 4. ഖ: 6-വെങ്കടക്കടവ് കുടിവെള്ള പദ്ധതി | 2,62,732 |
| തൃത്താല | 98-99 | 1. ബ്ലോക്ക് പഞ്ചായത്ത് രസീത് അടച്ച് പണം പിരിച്ചത് | ---- |
| | | 2.ബാലവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണം | 101500 |
| തൃത്താല | 99-00 | 1.ഖ:2 -കൊയ്ത്തുമെതിയന്ത്രം വാങ്ങിയത് | 14,45,000 |
| | | 2. ഖ: 3 - അംഗൻവാടികൾക്ക് ഫർണിച്ചർ വിതരണം | 52,746 |
| നെന്മാറ | 98-99 | 1. ഖ: 2- വ്യവസായ വികസന ഓഫീസർ നി.ഉദ്യോഗസ്ഥൻരേഖകൾ ഹാജരാക്കിയില്ല. | 11,00,000 |
| | | 2. ഖ: 4- സൗജന്യ മെഡിക്കൽ ക്യാമ്പ് രേഖകൾ ഹാജരാക്കിയില്ല . | 1,07,816 |
| നെന്മാറ | 99-00 | 1. ഖ: 2 - വിവിധ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരണം- ധനസഹായം | 15,81,067 |
| മണ്ണാർക്കാട് | 98-99 | 1. ഖ: 11 മുതുകുർശ്ശി പത്തായക്കല്ല് (റോഡ് സംരക്ഷണം ) | 1,40,613 |
| | | 2. ഖ: 12 - ഐ.സി.ഡി.പി . സബ്സെന്റർ ഫർണിച്ചർ വിതരണം ചെയ്യൽ | 15,204 |
| | | 3. ഖ: 13 വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് | 1,00,000 |
| | | 4. ഖ: 15 - കട നിർമ്മാണത്തിന് | 31,970 |
| ഒറ്റപ്പാലം | 98-99 | 1. ഖ: 7 - നിർദ്ധനരായ സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി | 2,98,650 |
| | | 2. ഖ: 8 - ലൈബ്രറി കെട്ടിട നിർമ്മാണം- ഉക നിരാകരിച്ചത് | 24,148 |
| | | 3. ഐശ്വര്യ കറി പൗഡർ നിർമ്മാണ യൂണിറ്റ് | 39,000 |
| | | 4. ഖ: 11 ചെലവ് വിവരം ഹാജരാക്കിയില്ല . | |
| | | 5. ഖ: 13 പദ്ധതി നടത്തിപ്പിൽ അപാകത | 60,000<br>11,408 |
| കൊല്ലങ്കോട് | 98-99 | 1. ഖ: 10 ബ്ലോക്ക് പഞ്ചായത്താഫീസ് കെട്ടിടത്തിൽ ഒരു അനക്സ് നിർമ്മാണം | 51,874 |

| | | | |
|---|---|---|---|
| | | 2. ഖ: 11 - കൊടുവായൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർമ്മാണം | 1,00,000 |
| | | 3. ഖ: 14 വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല . | 1,38,000 |
| കൊല്ലങ്കോട് | 99-00 | 1. ഖ: (എ) -കൊടുവായൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 2,27,100 |
| | | 2. ഖ: 16(3) കൊല്ലത്തുകുളമ്പിൽ തടയണ നിർമ്മാണം | 2,36,127 |
| | | 3. 17(2) വടവന്നൂർക്കാര പറമ്പ് തോട്ടിൽ തടയണ നിർമ്മാണം | 2,35,351 |
| | | 4. ഖ: 19 - അളവു പുസ്തകങ്ങൾ ലഭ്യമല്ല | 5,09,102 |
| | | 5. ഖ: 20 - വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല | 1,62,534 |
| | | 6. ഖ: 20 (ഹല) - പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട ചെലവ് | 97,356 |
| ശ്രീകൃഷ്ണപുരം | 98-99 | 1.ഖണ്ഡിക:3-പദ്ധതിപ്പണത്തിൽ നിന്നും അധികാരമില്ലാത്ത ചെലവ് | 27,500 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.13)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. തിരുവനന്തപുരം ജില്ലയിലെ നേമം, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നേമം**

**ഓഡിറ്റ് റിപ്പോർട്ട് 2000-2001**

1. മൺപണിക്ക് അധികം തുക നൽകിയത്.
2. പ്രവൃത്തിക്ക് ആവശ്യമുള്ളതിൽ കൂടുതൽ മെറ്റീരിയൽസ് നൽകി.
3. പദ്ധതി നിർവ്വഹണ ചെലവിനായി മുൻകൂറായി പണം മാറിയെടുത്തു.

**പാറശ്ശാല**

**ഓഡിറ്റ് റിപ്പോർട്ട് 2000-2001**

1. കലുങ്ക് നിർമ്മാണത്തിന് അധികം നൽകിയ തുക.
2. മൺപണിക്ക് അധികം നൽകിയത്.
3. കറി പൗഡർ യൂണിറ്റിന് അധികം നൽകിയത്.

**വാമനപുരം**

**(ഓഡിറ്റ് റിപ്പോർട്ട് 2001-02).**

**1. കൺവേയൻസ് ചാർജ്ജ് അധികം നൽകിയത്.**

**2. മരാമത്ത് പണികൾക്ക് ഡാറ്റയിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ നൽകിയത്.**

114. കൺവേയൻസ് ചാർജ്ജ് നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്നും കാർഷെഡ്ഡിന്റെ അളവിലുണ്ടായ 25 ശതമാനത്തിലധികം വ്യതിയാനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ലെന്ന പരാമർശത്തിന്മേൽ എസ്റ്റിമേറ്റിൽ കാർഷെഡ്ഡിന്റെ അളവ് 3.50x6 മീറ്റർ ആയിരുന്നുവെന്നും കൂടുതൽ ഡാമേജ് സംഭവിച്ചിരിക്കുന്ന ഷീറ്റ് മാറ്റുവാൻ ആശുപത്രി അധികൃതർ ആവശ്യപ്പെട്ടതിനെത്തുടർന്നാണ് 13.20 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലും അഡീഷണൽ വർക്കുകൂടി ചെയ്തതെന്നും തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടെന്ന റിപ്പോർട്ടാണ് ലഭിച്ചിരിക്കുന്നതെന്നും റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണർ വ്യക്തമാക്കി.

115. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

116. പത്തനംതിട്ട ജില്ലയിലെ പന്തളം, ഇലന്തൂർ, കോന്നി, റാന്നി ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**പന്തളം ബ്ലോക്ക് പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2000-2001**

ചേരിക്കൽ ബാലവാടിക്ക് ചുറ്റമതിലും അനുബന്ധ സൗകര്യവും അംഗീകരിക്കാത്ത തുക

**ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2000-2001**

നാരങ്ങാനം പഞ്ചായത്ത് അതുല്യ ആർട്സ് ക്ലബ് കെട്ടിട നിർമ്മാണം അംഗീകരിക്കാത്ത തുക

**കോന്നി ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് 2000 - 2001

വനിത റസ്റ്റോറന്റ് കാറ്ററിംഗ് യൂണിറ്റ് നടത്തിപ്പിലെ ക്രമക്കേടുകൾ അംഗീകരിക്കുന്നില്ല

**റാന്നി ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് 2000 - 2001

ഹരിത സംഘങ്ങൾക്ക് ധനസഹായം തുക അംഗീകരിക്കുന്നില്ല

**പത്തനംതിട്ട ബ്ലോക്ക് പഞ്ചായത്ത്**

**(ഓഡിറ്റ് റിപ്പോർട്ട് 1997-1998).**

**1. കുമ്പഴ പബ്ലിക്ക് മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ പണി പൂർത്തീകരിച്ചിട്ടില്ല. 50,000/- രൂപ.**

**2. പരസ്യചാർജ്ജ് അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല 92,160/-രൂപ.**

**(ഓഡിറ്റ് റിപ്പോർട്ട് 1998-1999).**

**3. എസ്.എൻ.ഡി.പി. റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി അംഗീകരിക്കുന്നില്ല-24,679/-രൂപ.**

**4. സെന്റ് മേരീസ് 2-ാം ക്രോസ് റോഡിന്റെ മെറ്റലിംഗ്ം കോൺക്രീറ്റിംഗ്ം അംഗീകരിക്കുന്നില്ല. 55338/- രൂപ.**

**5.മുനിസിപ്പൽ മാർക്കറ്റിൽ ഇറച്ചി സ്റ്റാൾ നിർമ്മാണം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 50,000/- രൂപ.**

**(ഓഡിറ്റ് റിപ്പോർട്ട് 1997-98)**

117. പ്രസ്തുത പരാമർശങ്ങളിന്മേൽ ഓഡിറ്റിനായി സ്ഥാപനം രേഖകൾ ഹാജരാക്കിയിട്ടില്ലെന്നതാണ് വിഷയമെന്നും പരാമർശങ്ങളിന്മേലുള്ള മറുപടി എത്രയും വേഗം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതിന്റെയും മറുപടി യഥാസമയം ലഭ്യമാക്കാത്തതിന്റെയും കാരണം അന്വേഷിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും മറുപടി ലഭ്യമാക്കാമെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിക്കുകയും ചെയ്തു.

## തൃശ്ശൂർ ജില്ല

## ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്

( ഓഡിറ്റ് റിപ്പോർട്ട് 1999-00)

**ഖണ്ഡിക.32 കൊയ്ത്തുമെതിയന്ത്രം ലഭിച്ചിട്ടില്ല.**

118. കൊയ്ത്തുമെതിയന്ത്രം മൂന്ന വർഷം നല്ല രീതിയിൽ ഉപയോഗിച്ചുവന്നും കൊയ്ത്തും മെതിയും ഒരുമിച്ച ചെയ്യുന്ന യന്ത്രം വന്നപ്പോൾ ഇതിന്റെ ഉപയോഗമില്ലാതായെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

119. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**2. ഖണ്ഡിക 33 - പൈപ്പ് വാങ്ങിയത് ഉപയോഗിച്ചിട്ടില്ല**

120. ആറാടിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുശേഷം കുറച്ച് പൈപ്പ് കൂടുതലായി വന്നുവെന്നും ടി പൈപ്പുകൾ രണ്ടുമൂന്ന ഗുണഭോക്താക്കൾ പൈപ്പ് നീളം കൂട്ടുന്നതിനായി

ഉപയോഗിച്ചുവെന്നും വാങ്ങിയ പൈപ്പുകൾ പൂർണ്ണമായി ഉപയോഗിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

121. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് റിപ്പോർട്ട് 2000 - 2001

ഖണ്ഡിക (ബി) നടീൽ വസ്തുക്കൾ നശിച്ചത് നഷ്ടം - 21,028/-രൂപ

122. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-99)

**ഖ:3-അംഗീകൃത കാലിത്തീറ്റ പ്രചരണ പരിപാടി-ലക്ഷ്യത്തിനു വിരുദ്ധമായി പ്രവൃത്തിച്ചത്**

123. അംഗീകൃത കാലിത്തീറ്റ പ്രചാരണ പരിപാടി ലക്ഷ്യത്തിന് വിരുദ്ധമായി പ്രവൃത്തിച്ചു എന്നുള്ളതാണ് ഓഡിറ്റ് തടസ്സമെന്നും ആറ് സംഘങ്ങളുടെയും അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക തിരിച്ചുപിടിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ആയതിൽ 82,804 രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ടെന്നാണ് അവസാനത്തെ പരാമർശമെന്നും ടി തുക അക്കൗണ്ടിൽ നിന്നും പിൻവലിച്ച് തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുമ്പ് ടൈബൽ ഡിപ്പാർട്ട്മെന്റും പഞ്ചായത്തും ഒരേ വകുപ്പായിരുന്നുവെന്നും ഇപ്പോൾ അവ പ്രത്യേക വകുപ്പുകളാണെന്നും ടി അക്കൗണ്ട് കൈകാര്യം ചെയ്ത ടൈബൽ ഡിപ്പാർട്ട്മെന്റിലെ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഒരാഴ്ചയ്ക്കുള്ളിൽ പാലക്കാട് ഓഫീസിൽ മറുപടി നൽകാമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

124. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക നമ്പർ 7 ആദിവാസികളുടെ പാരമ്പര്യ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കൽ പദ്ധതി.**
(ഓഡിറ്റ് റിപ്പോർട്ട് 1998-99)

125. 77,000/-രൂപയുടെ പദ്ധതിയാണിതെന്നും പഴയ കെട്ടിടമായതിനാൽ ഫയലുകൾ നഷ്ടപ്പെട്ടുപോയി എന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് സമിതിയാണ് പ്രോഗ്രാം നടത്തിയിട്ടുള്ളതെന്നും ക്രമവിരുദ്ധമായി യാതൊരു നടപടിയും നടന്നിട്ടില്ലെന്നുള്ള സാക്ഷ്യപത്രത്തോടൊപ്പം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് 2014 ൽ സമർപ്പിച്ചിട്ടുണ്ടെന്നും ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

126. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**തൃത്താല ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-99 )

**ബ്ലോക്ക് പഞ്ചായത്ത് രസീത് അടിച്ച് പണം പിരിച്ചത്**

127. 1998-99 സാമ്പത്തിക വർഷത്തിൽ രസീത് വച്ച് തുക പിരിച്ചുവെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും അന്ന് പ്രോജക്ടുകൾ നടപ്പിലാക്കാൻ വേണ്ടി പൊതുജനങ്ങളിൽ നിന്നും പിരിച്ച തുകയാണതെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടായിരുന്നുവെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

128. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നെന്മാറ ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-99)

**ഖണ്ഡിക 2- വ്യവസായ വികസന**

**ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖകൾ ഹാജരാക്കിയില്ല**

129. വിവിധ വ്യവസായ സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന് ധനസഹായം നൽകിയതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് പ്രസ്തുത ഓഡിറ്റ് പരാമർശമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ആറ് സംഘങ്ങളിൽ ഫർണിച്ചർ നിർമ്മാണ സഹകരണ സംഘം നെന്മാറ, ബാംബൂ വർക്കേഴ്സ് സഹകരണ സംഘം, നെന്മാറ എന്നീ രണ്ട് സംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും മറ്റ് നാല് സഹകരണ സംഘങ്ങൾ അടുത്തകാലം വരെയും പ്രവർത്തിച്ചിരുന്നുവെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടറും സമിതിയെ ബോധിപ്പിച്ചു.

130. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

(ഓഡിറ്റ് റിപ്പോർട്ട് 1999-00)

**ഖ: 2-വിവിധ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരണം-ധനസഹായം 15,81,067/- രൂപ.**

131. സഹകരണ സംഘങ്ങളെല്ലാം അടുത്തകാലം വരെയും പ്രവർത്തിച്ചിരുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

132. മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 1998-99 )

**ഖണ്ഡിക നമ്പർ: 10 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഒരു അനക്സ് നിർമ്മാണം**

133. ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിട്ടില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും ടി പ്രവൃത്തി ഗുണഭോക്തൃ സമിതിയാണ് നടപ്പിലാക്കിയതെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

134. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**ഖ: 11- കൊടുവായൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർമ്മാണം**

(ഓഡിറ്റ് റിപ്പോർട്ട് 1998-99 )

**ഖ: 9- (എ) കൊടുവായൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ -227100/-രൂപ**

(ഓഡിറ്റ് റിപ്പോർട്ട് 1999-00 )

135. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ പി.എച്ച്.സി.യിലെ സൂപ്രണ്ടായിരുന്നുവെന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

136. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**ഖ: 19 അളവു പുസ്തകങ്ങൾ ലഭ്യമല്ല-5,09,102/- രൂപ.**

(ഓഡിറ്റ് റിപ്പോർട്ട് 1999-00 ഖണ്ഡിക-19)

137. എം. ബുക്ക് ലഭിച്ചിട്ടില്ലെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും എം. ബുക്കുകൾ ലഭ്യമായിട്ടുണ്ടെന്നും ആയത് കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന് നൽകാമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

138. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**ഖ: 20 - വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയില്ല**
(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക-20)

139. 1999-2000 ലെ പദ്ധതി പ്രകാരം റോഡ് വർക്കുകൾ നടത്തുന്നതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം എന്നിവിടങ്ങളിൽ നിന്നാണ് ടാർ വാങ്ങിയതെന്നും പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

140. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**ഖ: 20(ബി) പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട ചെലവ്**
(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക-20(ബി))

141. അംബേദ്കർ കോളനി കുടിവെള്ള പദ്ധതിക്കായി റൈഡ്കോയിൽ നിന്ന് പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്നും പദ്ധതി നന്നായി ഉപയോഗിക്കുന്നുണ്ടെന്നും എല്ലാ വീടുകളിലും പൈപ്പ് കണക്ഷനുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

142. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി റിപ്പോർട്ട് എത്രയും വേഗം ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

143. താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്**
(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ഖണ്ഡിക 9 വികലാംഗർക്ക് ടൈസൈക്കിൾ വാങ്ങി വിതരണം ചെയ്തത് 1,37,512/-രൂപ

ഖണ്ഡിക 4 കിഴക്കേതൊടി കള്ളിവളപ്പ് റോഡ് പുനരുദ്ധാരണം 41,804/-രൂപ

ഖണ്ഡിക 5 ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സന്നദ്ധസംഘടനകൾക്ക് സഹായം 74,880/-രൂപ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

ഖണ്ഡിക 5 മാരാക്കൽ കുളം പുനരുദ്ധാരണം 1,12,000/-രൂപ

ഖണ്ഡിക 5(2) സോയാബിപടി-പൂവക്കോട് റോഡ് ടാറിംഗ് 2,11,053/- രൂപ

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

ഖണ്ഡിക 14 കള്ള് മല ഫലവൃക്ഷതൈ നഴ്സറി പദ്ധതി 1,99,950/-രൂപ

ഖണ്ഡിക 15 പുത്തൂർ ഉമ്മത്തുംപടി അമളിക്കോണം റോഡ് വികസനം 6,88,514/-രൂപ

ഖണ്ഡിക 18 വ്യവസായ വികസനം 49,920/-രൂപ

ഖണ്ഡിക 6 വെങ്കടക്കടവ് കുടിവെള്ള പദ്ധതി 2,62,732/-രൂപ

**തൃത്താല ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ബാലവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണം 1,01,500/-രൂപ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

ഖണ്ഡിക 2 കൊയ്ത്തുമെതി യന്ത്രം വാങ്ങിയത് 14,45,000/- രൂപ

ഖണ്ഡിക 3 അംഗൻവാടികൾക്ക് ഫർണിച്ചർ വിതരണം 52,746/-രൂപ

**നെന്മാറ ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ഖണ്ഡിക 4 സൗജന്യ മെഡിക്കൽ ക്യാമ്പ് - രേഖകൾ ഹാജരാക്കിയില്ല 107816/-രൂപ

**മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ഖണ്ഡിക 11 മുളകുർശ്ശി പത്തായക്കല്ല് (റോഡ് സംരക്ഷണം) 1,40,613/-രൂപ

ഖണ്ഡിക 12 ഐ.സി.ഡി.പി. സബ് സെന്റർ ഫർണിച്ചർ വിതരണം ചെയ്യൽ 15,204/-രൂപ

ഖണ്ഡിക 13 വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് 1,00,000/-രൂപ

ഖണ്ഡിക 15 കട നിർമ്മാണത്തിന് 31,970/-രൂപ

**ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ഖണ്ഡിക 7 നിർദ്ധനരായ സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി 2,98,650/-രൂപ

ഖണ്ഡിക 8 ലൈബ്രറി കെട്ടിട നിർമ്മാണം - തുക നിരാകരിച്ചത് 24,148/-രൂപ

ഐശ്വര്യ കറി പൗഡർ നിർമ്മാണ യൂണിറ്റ് 39,000/-രൂപ

ഖണ്ഡിക 11 ചെലവ് വിവരം ഹാജരാക്കിയില്ല 60,000/-രൂപ

ഖണ്ഡിക 13 പദ്ധതി നടത്തിപ്പിൽ അപാകത 11,408/-രൂപ

**കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്**

(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ഖണ്ഡിക 14 വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല 1,38,000/-രൂപ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

ഖണ്ഡിക 16(3) കൊല്ലത്തുകളമ്പിൽ തടയണ നിർമ്മാണം 2,36,127/-രൂപ

ഖണ്ഡിക 17(2) വടവന്നൂർക്കാരപറമ്പ് തോട്ടിൽ തടയണ നിർമ്മാണം 2,35,351/-രൂപ

**ശ്രീകൃഷ്ണപുരം**

(ഓഡിറ്റ് റിപ്പോർട്ട് 1998-1999)

ഖണ്ഡിക 3 - പദ്ധതിപ്പണത്തിൽ നിന്നും അധികാരമില്ലാത്ത ചെലവ് 27,500/-രൂപ

**നിഗമനങ്ങൾ/ശിപാർശകൾ**

**144. പത്തനംതിട്ട ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട കുമ്പഴ പബ്ലിക്ക് മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ, പരസ്യചാർജ്ജ് ഇനം,**

എസ്.എൻ.ഡി.പി. റോഡ്, സെന്റ് മേരീസ് 2-ാം ക്രോസ് റോഡ്, മുൻസിപ്പൽ മാർക്കറ്റിൽ ഇറച്ചി സ്റ്റാൾ നിർമ്മാണം എന്നീ പരാമർശങ്ങളിന്മേലുള്ള മറുപടി അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതും മറുപടി യഥാസമയം ലഭ്യമാക്കാതിരുന്നതും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പന്തളം, ഇലഞ്ഞിമേൽ, കോന്നി, റാന്നി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

145. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട അളവ് പുസ്തകങ്ങൾ ലഭ്യമല്ല എന്ന പരാമർശത്തിന്മേൽ ലഭ്യമായ എം.ബുക്കുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിലെ അംബേദ്കർ കോളനി കുടിവെള്ള പദ്ധതിക്കായി റൈഡ്കോയിൽ നിന്ന് പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് എത്രയുംവേഗം ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

146. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ ശേഷിച്ച ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

## ജില്ലാപഞ്ചായത്തുകൾ

### മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

| ജില്ലാ പഞ്ചായത്ത് | ഓഡിറ്റ് വർഷം | വിവരം | തുക |
|---|---|---|---|
| തിരുവനന്തപുരം | 99-00 | 1. ട്രഷറിയിൽ വരവ് വയ്ക്കാത്ത തുക | |
| പത്തനംതിട്ട | 99-00 | മണ്ണ സംരക്ഷണം - പണി നടത്തിയിട്ടില്ല തുക അംഗീകരിക്കുന്നില്ല | 1,20,000 |
| മലപ്പുറം | | 1. 92 - ചെമ്മല വനിതാ വ്യവസായ യൂണിറ്റ് നഷ്ടം | 3,00,000 |
| പാലക്കാട് | 98-99 | 1. ഖ: 24 തിരുവിഴാംകുന്ന് അമ്പലപാറ-പിലാച്ചോല റോഡ് നിർമ്മാണം - അധിക നിരക്ക് നൽകിയത് | 67,231 |
| | | 2. ഖ: 25 - തിരുവിഴാംകുന്ന് പിലാച്ചോല റോഡ് നിർമ്മാണം 2 -ാം ഘട്ടം | 74,316 |
| | | 3. ഖ: 21 - ആയുർവേദാശുപത്രിയിൽ ഫിസിക്കൽ എക്സർസൈസ് ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിയത് | 33,560 |
| | | 4. ഖ: 13- വൈക്കോൽ സമ്പുഷ്ടീകരണം - നിർവഹണത്തിലെ അപാകതകൾ | 1,00,000 |
| ഇടുക്കി | 00-01 | 1. ഭാഗം 3 ഖ: 17 അ,ആ,ഇ-വാറ്റന ദുർവിനിയോഗം | 65,519 |
| | | 2. ഭാഗം 3 ഖ: 19-രജിസ്ട്രേഷൻ ഇല്ലാത്ത സംഘങ്ങൾക്ക് ധനസഹായം | 95,250 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.5)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

## (ഓഡിറ്റ് റിപ്പോർട്ട് 1999-2000) ട്രഷറിയിൽ വരവ് വയ്ക്കാത്ത തുക

**147.** 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ 18,54,441/-രൂപ ട്രഷറിയിൽ വരവ് വച്ചിട്ടില്ലായെന്നതാണ് പരാമർശമെന്നും ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകത പരിഹരിക്കുകയും ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുകയും ടി വിവരം ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

148. 13.08.2019-ൽ നടന്ന അദാലത്തിൽ സാധൂകരിക്കത്തക്ക മറുപടി ലഭ്യമാക്കിയിട്ടില്ലെന്നതാണ് പ്രശ്നമെന്നും അതെന്തുകൊണ്ടാണ് നൽകാതിരുന്നതെന്നും സമിതി ചെയർമാൻ ആരാഞ്ഞതിന് 13.08.2019-ൽ നടന്ന അദാലത്തിൽ പ്രത്യേക പരാമർശമില്ലെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ടായിരുന്നുവെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. അക്കാര്യം പരിശോധിക്കുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സമിതിയെ അറിയിച്ചു.

149. വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മമൂലം നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെ തുക ചെലവഴിച്ചത് മാപ്പാക്കിത്തരണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ടെന്നാണ്, അറിയിച്ചിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട് എന്ന് കാണിച്ചിരിക്കുന്നത് ക്ലറിക്കൽ മിസ്റ്റേക്കാണെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

150. മറുപടി ലഭ്യമാക്കുന്നതിൽ ശ്രദ്ധയില്ലെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നതെന്നും റിപ്പോർട്ട് വായിച്ചുനോക്കി സൂക്ഷ്മപരിശോധന നടത്തിയിട്ടുവേണം നിയമസഭാ സമിതിയ്ക്ക്

നൽകേണ്ടതെന്നും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും ശ്രദ്ധിയ്ക്കുന്നതാണെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

151. പത്തനംതിട്ട, മലപ്പുറം, പാലക്കാട്, ഇടുക്കി ജില്ലാ പഞ്ചായത്തുകളിലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**പത്തനംതിട്ട ജില്ല**

(ഓഡിറ്റ് വർഷം 1999-2000)

മണ്ണ് സംരക്ഷണം - പണി നടത്തിയിട്ടില്ല -തുക അംഗീകരിക്കുന്നില്ല 1,20,000/-രൂപ

**മലപ്പുറം**

(ഓഡിറ്റ് വർഷം 1999 - 2000)

ഖണ്ഡിക 92 ചെമ്മല വനിത വ്യവസായ യൂണിറ്റ് നഷ്ടം 3,00,000/-രൂപ

**പാലക്കാട്**

(ഓഡിറ്റ് വർഷം 1998 - 1999)

ഖണ്ഡിക 24 തിരുവിഴാംകുന്ന് - പിലാച്ചോല റോഡ് നിർമ്മാണം - അധിക നിരക്ക് നൽകിയത് 67,231/-രൂപ

ഖണ്ഡിക 25 തിരുവിഴാംകുന്ന് - പിലാച്ചോല റോഡ് നിർമ്മാണം - രണ്ടാം ഘട്ടം 74,316/-രൂപ

ഖണ്ഡിക 21 ആയുർവേദാശുപത്രിയിൽ ഫിസിക്കൽ എക്സർസൈസ് ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിയത് 33,560/-രൂപ

ഖണ്ഡിക 13 വയ്ക്കോൽ സമൃഷ്ടീകരണം-നിർവ്വഹണത്തിലെ അപാകതകൾ 1,00,000/-രൂപ

**ഇടുക്കി**

(ഓഡിറ്റ് വർഷം 2000 - 2001)

ഭാഗം 3, ഖണ്ഡിക 17 - അ.ആ.ഇ. - വാറ്റന ദുർവിനിയോഗം 65,519/-രൂപ

ഭാഗം 3, ഖണ്ഡിക 19 - രജിസ്ട്രേഷനില്ലാത്ത സംഘങ്ങൾക്ക് ധനസഹായം 95,250/-രൂപ

**നിഗമനങ്ങൾ/ശിപാർശകൾ**

**152. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട, മലപ്പുറം,പാലക്കാട്, ഇടുക്കി എന്നീ ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**153. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ, അപാകത പരിഹരിച്ചിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്തിന്റെ മറുപടി സാധൂകരിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭകൾ**

**മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ**

| നഗരസഭ | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| **ആലപ്പുഴ ജില്ല** | | | |
| ആലപ്പുഴ | 97-98 | 1. വസ്തു നികുതി | 2,40,292 |
| | | 2. ഡി. ആന്റ് ഒ ലൈസൻസ് | 67,500 |
| | | 3. ലേലം, വാടക | 2,55,317 |
| | | 4. റോഡ് റോളർ വാടക | 16,080 |
| | 97-03 | 1. ശുദ്ധജലവിതരണം | 2,42,753 |
| | | 2. സെന്റേജ് ചാർജ് നൽകിയത് | 1,01,413 |
| **കോട്ടയം ജില്ല** | | | |
| ചങ്ങനാശ്ശേരി | 00-01 | 1. വനിതാ വ്യവസായ യൂണിറ്റ് | 40,000 |
| കോട്ടയം | 01-02 | 1. പാൽ വിതരണ യൂണിറ്റ് | 49,040 |
| | 99-00 | 1. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി | 2,70,000 |

| | | | |
|---|---|---|---|
| | | 2. ക്വാർട്ടേഴ്സ് അനുവദിച്ച ജീവനക്കാർക്ക് അലവൻസ് അനുവദിക്കുകയും വീട്ടുവാടക ഈടാക്കാതിരിക്കുകയും ചെയ്തത് സംബന്ധിച്ച് | |
| | | 1. ക്വാർട്ടേഴ്സ് വാടക | |
| | | 2. സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് റസ്റ്റ് ഹൗസ് വാടക നഷ്ടം | 12,226 |
| | | 3.തടസ്സപ്പെടുത്തിയ ജോലി | 29,36,704 |
| | | 4. സാനിട്ടറി ലാട്രിൻ നിർമ്മാണ പദ്ധതി-അനർഹർക്ക് സഹായം നൽകൽ -പൂർത്തീകരണ വിവരം ഇല്ല. | 32,46,070<br>3,00,000 |
| | | 5. കിഴക്കൻ മേഖലയ്ക്കൊരു സാംസ്കാരിക കേന്ദ്രം ലക്ഷ്യപ്രാപ്തി നേടിയില്ല | 50,000 |
| | | 6. പെട്ടി, പറ, മോട്ടോർ സ്ഥാപിക്കൽ: നിരാകരിച്ചത് തടസ്സപ്പെടുത്തിയത് | 30,000 |
| | | 7. പച്ചക്കറി കൃഷി വികസനം: നിരാകരിച്ചത് തടസ്സപ്പെടുത്തിയത് | 13,750 |
| | | 8. മണ്ഡരിക്കെതിരെ മരുന്നുതളി | 11,250 |
| | | | 13,750 |
| | | | 42,025 |
| ആലുവ | 00-01 | 1. പത്രപ്പരസ്യം | 33,600 |
| | | 2. വാഹന വായ്പ | 1,50,000 |
| | | 3. ജനകീയാസൂത്രണം | 13,000 |
| | | 4. പൊതുമരാമത്ത് പണി | 22,829 |
| **തൃശ്ശൂർ ജില്ല** | | | |
| ഗുരുവായൂർ | 99-00 | 1. ഖ: 19- ചെയർമാന്റെ വസതിയിലെ ഫോൺ - അധിക വാടക | 51,256 |
| | | 2. ഖ: 33- കോൺക്രീറ്റിംഗ്- അധിക നിരക്ക് നൽകിയത് | 15,511 |
| | | 3. ഖ: 40 - കോൺക്രീറ്റിംഗ്- അധിക നിരക്ക് നൽകിയത് | 15,410 |
| | | 4. ഖ: 42 - കൾവർട്ട് അധിക ജോലി നൽകിയത് | 39,000 |
| കുന്ദംകുളം | 97-98 | 1.ഖ: 33 അനുമതിയില്ലാതെ കുടിവെള്ള പദ്ധതിക്ക് തുടക്കമിട്ടു. | 30,00,000 |
| **പാലക്കാട് ജില്ല** | 99-00 | 1. ഖ: 12 പദ്ധതി ജോലി പണമാക്കി മാറ്റിയത് തിരിമറി ചെയ്തു | 1,20,000 |
| | 01-02 | 1. ഖ: 13 സ്കൂൾ പദ്ധതി ജോലി പണമാക്കി തിരിമറി ചെയ്തു | 45,000 |
| ഷൊർണ്ണൂർ | 98-00 | 1. ഖ: 32 - സർക്കാർ മാനദണ്ഡവിരുദ്ധമായി ജോലി ചെലവഴിച്ചു | 87,175 |
| | | 2. ഖ: 33 അനധികൃതമായി മുൻകൂർ അനുവദിച്ചത് | 10,81,990 |
| | | 3. ഖ: 34 അംഗീകാരമില്ലാത്ത | |

| | | | |
|---|---|---|---|
| | | ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക | 15,000 |
| | | 4. ഖ: 35 അനധികൃതമായി അനുവദിച്ച പദ്ധതി തുക | |
| | | 5. ഖ: 36 എ മരാമത്തു പണികളിൽ അധികം നൽകിയത് | 10,137 |
| | | 6. ഖ: 42 പട്ടികജാതിക്കാർക്ക് നെൽപ്പാടം വാങ്ങൽ പദ്ധതിയിൽ അനധികൃതമായി തുക അനുവദിച്ചത് | 1,24,250 |
| **കണ്ണൂർ ജില്ല** | | | |
| കണ്ണൂർ | 99-00 | 1. ജനകീയാസൂത്രണ പദ്ധതി മരാമത്ത് പണികളിൽ ഉണ്ടായ അധിക ചെലവുകൾ | 30,849 |
| | 00-01 | 1. പൊതുമരാമത്ത് പ്രവർത്തികൾ - ഫോം വർക്കിന് അധിക നിരക്കുകൾ അനുവദിച്ചത് | |
| | | 2. സ്വന്തമായി സ്ഥലമുള്ള 12 പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണം | |
| | | 3.ഭ്രൂരഹിത-ഭവന രഹിത പട്ടികജാതിക്കാരായ സ്ത്രീകളുടെ പുനരധിവാസ പദ്ധതി | 70,000<br>20,000 |
| | | 4. സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനുള്ള പദ്ധതി | 35,000 |
| | | 5. ചേരി പരിഷ്കരണം - സ്വന്തമായി സ്ഥലമുള്ളവർക്ക് വീട് നിർമ്മിച്ചുകൊടുക്കൽ | 3,50,00 |
| | | 6. സമാജ് വാദി കോളനി നിവാസികളുടെ പുനരധിവാസ പദ്ധതി | |
| | | | 6,30,000 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 6.13)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## ആലപ്പുഴ ജില്ല

### ആലപ്പുഴ നഗരസഭ

**വസ്തുനികുതി**

(ഓഡിറ്റ് വർഷം 1997-98)

154. വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സമയബന്ധിതമായി അപ്പീൽ അപേക്ഷ നൽകി ആയതിൽ തീരുമാനം

എടുത്തില്ലെന്നും നിയമപ്രകാരമല്ലാതെ സ്വീകരിച്ച അപ്പീൽ അപേക്ഷയിന്മേൽ ടാക്സ് ഒഴിവാക്കിക്കൊടുത്തത് ക്രമവിരുദ്ധമാണെന്നും ഡിമാന്റ് നോട്ടീസ് പ്രകാരം തുക അടയ്ക്കാത്തവരുടെ അപ്പീൽ സ്വീകരിച്ച് ടാക്സ് ഇളവ് ചെയ്തുകൊടുത്തതുമാണ് ഓഡിറ്റ് പരാമർശമെന്നും ഫിനാൻസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം കൊടുത്ത ഇളവാണെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

155. പ്രസ്തുത വിഷയത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് സമിതി ആരാഞ്ഞതിന് പ്ലിന്ത് ഏരിയ തിരിച്ചുള്ള ടാക്സ് ആയതുകൊണ്ട് അപ്പീൽ പ്രൊവിഷനില്ലെന്ന് സെക്രട്ടറി അറിയിച്ചു.

156. മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**ഡി.ആന്റ്. ഒ. ലൈസൻസ് ഫീസ് 67,500/-രൂപ**
**ലേലം, വാടക 2,55,317/-രൂപ**
**റോഡ് റോളർ വാടക 16,080/-രൂപ**

157. ഡി. ആന്റ് ഒ. ലൈസൻസുമായി ബന്ധപ്പെട്ട് കടകളിൽ നിന്ന് ലൈസൻസ് തുകയുടെ 25 ശതമാനത്തിനും 50 ശതമാനത്തിനുമിടയിൽ, അല്ലെങ്കിൽ 2500/-രൂപ ഫൈൻ ഈടാക്കണമെന്ന വ്യവസ്ഥ പ്രകാരം 26 സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ലായെന്നതാണ് പരാമർശമെന്നും എന്നാൽ പീന്നീട് ഫൈൻ ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച രേഖകൾ നഗരസഭയിൽ ലഭ്യമല്ലെന്നും ഓഡിറ്റ് പരാമർശത്തിൽ കടമുറികളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ലെന്നും പേരും അഡ്രസ്സും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും അതുകൊണ്ട് അവരെ കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും സാധാരണഗതിയിൽ ഓഡിറ്റ് തടസ്സമുണ്ടായാൽ അടുത്ത വർഷം തന്നെ നഗരസഭയിൽ നിന്നും അത് ക്ലിയർ ചെയ്യുന്നതാണെന്നും രേഖകൾ ലഭ്യമല്ലാത്തതുകൊണ്ട് അങ്ങനെ

ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് പറയാൻ സാധിക്കുന്നില്ലെന്നും ആ സമയത്തെ ഫയൽ ലഭ്യമല്ലെന്ന വിവരം മുൻ സമിതിയിലും അറിയിച്ചിരുന്നതാണെന്നും സെർച്ച് മെമ്മോ നൽകിയെങ്കിലും ഫയൽ ലഭ്യമായിട്ടില്ലെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു.

158. ഒരു നഗരസഭയുടെ മാത്രം പ്രശ്നമല്ല ഇതെന്നും ഓഡിറ്റ് പരാമർശം വന്ന് കുറെ വർഷങ്ങളായതുകൊണ്ട് ഫയലുകൾ നശിച്ചുപോയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നാണ് പലരും ആവശ്യപ്പെടുന്നതെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

(ഓഡിറ്റ് വർഷം 1997-2003)

**ശുദ്ധജല വിതരണം 2,42,753/-രൂപ**

159. ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി നൽകിയ ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ചു വാങ്ങിയിരുന്നുവെന്നും വാട്ടർ അതോറിറ്റിയിലെ ലൈസൻസുള്ള പ്ലംബറെക്കൊണ്ട് ജോലി ചെയ്യിക്കാതെ നഗരസഭ ക്ഷണിച്ച മത്സരസ്വഭാവമുള്ള ക്വട്ടേഷൻ പ്രകാരം പ്രവൃത്തി ചെയ്ത കരാറുകാരന് നൽകിയ തുകയിലാണ് ഓഡിറ്റ് തടസ്സമറിയിച്ചതും സാധുകരണം വാങ്ങണമെന്ന് അറിയിച്ചതെന്നും ടെണ്ടർ പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും ക്വട്ടേഷൻ മത്സര സ്വഭാവമുള്ളതായിരുന്നുവെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും 67 ടാപ്പുകൾ ആ സമയത്ത് സ്ഥാപിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

160. ബന്ധപ്പെട്ട ഫയൽ നഗരസഭയുടെ കൈവശമില്ലെന്നാണ് പറയുന്നതെന്നും ഉദ്യോഗസ്ഥൻ വിരമിച്ചുവെന്ന കാരണത്താൽ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിന് അർത്ഥമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

**സെന്റേജ് ചാർജ് നൽകിയത് 101413/-രൂപ**

161. ടെക്നിക്കൽ അസിസ്റ്റൻസിന് വേണ്ടിയാണ് മരാമത്ത് ജോലികൾ നടത്തിയതിന് ശ്രീ. എം.പി. ഗംഗാധരൻ നായർക്ക് തുക നൽകിയതെന്നും അദ്ദേഹവുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയതെന്നും എം.ബുക്ക് പരിശോധിച്ചതിൽ നിന്ന് അന്നത്തെ എ.ഇ.മാരാണ് നൽകിയതെന്നുമാണ് മനസ്സിലാകുന്നതെന്നും അദ്ദേഹത്തിന് തെറ്റായി തുക നൽകിയതെന്നതാണ് പരാമർശമെന്നും ടെക്നിക്കൽ അസിസ്റ്റൻസിനു വേണ്ടി ആ സമയത്ത് അദ്ദേഹത്തെ സമീപിച്ചിരുന്നുവെന്നും ഇന്നദ്ദേഹം ജീവിച്ചിരിപ്പില്ലെന്നും ആലപ്പുഴയിൽ സിറ്റിംഗ് നടത്തിയിരുന്നിട്ടും ഫയൽ ലഭിച്ചില്ലെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

162. ഫയൽ കാണുന്നില്ലെന്ന് പറയുന്നതും ഉദ്യോഗസ്ഥൻ മരണപ്പെട്ടുവെന്ന് പറയുന്നതും ന്യായമല്ലായെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വിനിയോഗിക്കുന്നതിലുണ്ടാകുന്ന വീഴ്ചകളാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും അക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് ഈ ഓഡിറ്റ് പരാമർശവും ഇതിനുമുൻപെടുത്ത ഓഡിറ്റ് പരാമർശവും ഒഴിവാക്കാൻ സമിതി തീരുമാനിക്കുകയും എന്നാൽ ഇത്തരമൊരു കീഴ്വഴക്കമുണ്ടാകുന്നത് ശരിയായ നടപടിയല്ലെന്ന് വിലയിരുത്തുകയും ചെയ്തു.

163. ഇക്കാര്യങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് നഗരസഭ സെക്രട്ടറിയും സമിതിയെ ബോധിപ്പിച്ചു

164. ഇത്തരത്തിലുള്ള മറുപടികൾ അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും ഓൺലൈനായതുകൊണ്ട് പല രേഖകളും ഇപ്പോൾ ലഭ്യമാണെന്നും 22-23 വർഷം പഴക്കമുള്ള കാര്യമാണിതെന്നും ഫയൽ ലഭ്യമല്ലെന്ന്

മറുപടി പറഞ്ഞിട്ടും പരാമർശം ഒഴിവാക്കി കൊടുത്തിട്ടുണ്ടെന്ന് മറ്റു നഗരസഭകൾ അവകാശവാദമുന്നയിച്ചേക്കാമെന്നും ആലപ്പുഴയിലെ വിഷയം പ്രത്യേകം പരിശോധിച്ചിട്ടുണ്ടെന്നും എല്ലാ പരാമർശങ്ങൾക്കും ഫയൽ ലഭ്യമല്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) അഭിപ്രായപ്പെട്ടതിന് എല്ലാ മറുപടികളും സമാനസ്വഭാവമുള്ളവയാണെന്നും വ്യക്തമായ മറുപടി നൽകാൻ സാധിച്ചിട്ടില്ലെന്നുമുള്ളത് ഗൗരവമായി കാണുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

## കോട്ടയം ജില്ല

### ചങ്ങനാശ്ശേരി നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 2000-01)

**വനിതാ വ്യവസായ യൂണിറ്റ് 40,000/-രൂപ**

165. പാലുൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഒരു വനിതാ സംഘത്തിന് 40,000/- രൂപ 01.02.2001-ൽ നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ സംരംഭം ആരംഭിക്കാൻ കഴിഞ്ഞില്ലെന്നും തുക തിരിച്ചടയ്ക്കാൻ തയ്യാറാണെന്നും അറിയിച്ചുകൊണ്ട് അവർ കത്ത് നൽകിയിരുന്നുവെന്നും ആയതു പ്രകാരം തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും തിരിച്ചടച്ചില്ലെന്നും വീണ്ടും നോട്ടീസ് നൽകുകയും അവരെ വിളിച്ചുവരുത്തുകയും ചെയ്തുവെന്നും തുടർന്ന് 2005-ൽ സംരംഭം ആരംഭിച്ചുവെങ്കിലും നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ പ്രവർത്തനം അവസാനിപ്പിച്ചെന്ന് അറിയിച്ച് അപേക്ഷ നൽകിയിരുന്നുവെന്നും യൂണിറ്റിലെ അംഗങ്ങൾ ഇപ്പോൾ 60 വയസ്സിന് മുകളിൽ പ്രായമായവരും മക്കളുടെ സഹായത്താൽ ജീവിക്കുന്നവരുമാണെന്നും ചിലർ മരണപ്പെട്ടിട്ടുണ്ടെന്നും തുക തിരിച്ചടക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കണമെന്നാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

166. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**കോട്ടയം നഗരസഭ**

**പാൽ വിതരണ യൂണിറ്റ് 49,040/-രൂപ**

(ഓഡിറ്റ് റിപ്പോർട്ട് 2001-02)

167. നഗരസഭയിൽ നിന്നും വിതരണം ചെയ്ത കർഷകശ്രീക്കളുടെ ഗുണഭോക്താക്കളിൽ നിന്ന് പാലും പാലുൽപ്പന്നങ്ങളും ശേഖരിച്ച് വിൽപ്പന നടത്തുന്ന യൂണിറ്റ് ആരംഭിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും 70,000/- രൂപ അതിനായി നൽകുകയും രണ്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നുവെന്നും യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ 50,405/-രൂപ ചെലവഴിച്ച് വാങ്ങിയതല്ലാതെ മറ്റ് പ്രവർത്തനങ്ങളിലേയ്ക്ക് കടന്നിട്ടില്ലെന്നും അടങ്കലിന്റെ 50% മാത്രമേ സബ്സിഡി നൽകാൻ പാടുള്ളുവെങ്കിലും അതിൽ കൂടുതൽ തുക നൽകിയെന്നാണ് ഓഡിറ്റ് പരാമർശമെന്നും അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് നോട്ടീസ് നൽകുകയും നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിക്ക് സർചാർജ് നോട്ടീസ് നൽകുകയും ചെയ്തിരുന്നുവെന്നും അദ്ദേഹം മരണപ്പെട്ടിട്ടുള്ളതാണെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

168. നിലവിലെ സ്ഥിതി ആരാഞ്ഞ് 2008, 2021 എന്നീ വർഷങ്ങളിൽ പല പ്രാവശ്യം കത്ത് നൽകിയെങ്കിലും നഗരസഭ മറുപടി നൽകിയില്ലെന്നാണ് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതെന്നും ചൂണ്ടിക്കാട്ടിയ സമിതി പദ്ധതി നിലവിലുണ്ടോയെന്നും ഇത്രയും നാൾ ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്നും ആരാഞ്ഞു. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പരിശോധിക്കാനുള്ള ഫയലുകൾ നിലവിൽ ലഭ്യമല്ലാത്തതുകൊണ്ടാണ് പൂർണ്ണമായ വിവരം നൽകാൻ

സാധിയ്ക്കാത്തതെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചു.

169. ഫയൽ ലഭ്യമല്ലെന്ന വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കണമായിരുന്നുവെന്നും ഓഡിറ്റ് വകുപ്പ് വിവരം ആരാഞ്ഞാൽ അതിന് മറുപടി നൽകാതെ അനന്തമായി നീട്ടിക്കൊണ്ട് പോകുകയാണെന്നും സമിതി അഭിപ്രായപ്പെട്ടതിന് 27.08.2021-ന് ഡയറക്ടറേറ്റിലേയ്ക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലേയ്ക്കും മറുപടി നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

170. ബന്ധപ്പെട്ട വകുപ്പിൽ നിന്നും പദ്ധതി വിവര രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാലും ഓഡിറ്റ് പരാമർശകാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ വിരമിച്ചതിനാലും പ്രസ്തുത പരാമർശങ്ങൾക്ക് നിലവിൽ മറുപടി നൽകാൻ സാധിയ്ക്കാത്ത സാഹചര്യമാണുള്ളതെന്നും ഈ വിഷയത്തിൽ ബോധപൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലായെന്നാണ് നഗരസഭ അറിയിച്ചിരിക്കുന്നതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു.

171. പരാമർശത്തിൽ പറയുന്ന യൂണിറ്റ് ജനങ്ങൾക്ക് പ്രയോജനപ്പെട്ടുവെന്ന വിശദീകരണമാണ് ലഭിച്ചതെങ്കിൽ മറുപടി അംഗീകരിക്കാമായിരുന്നുവെന്നും യൂണിറ്റ് ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ടോയെന്നും നിലവിൽ പാലുൽപ്പാദന യൂണിറ്റ് പ്രവർത്തിയ്ക്കുന്നുണ്ടോയെന്നും ഗുണഭോക്താക്കളെ തിരിച്ചറിയാൻ കഴിയുമോയെന്നും സമിതി ആരാഞ്ഞതിന് രണ്ട് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

172. പാലുൽപ്പാദനം സംബന്ധിച്ച സാധനങ്ങളല്ല വാങ്ങിയതെന്നുള്ളതിന് വിശദീകരണം ലഭിച്ചിട്ടില്ലെന്നും നഗരസഭയിൽ നിന്നും വിതരണം ചെയ്ത കറവപ്പശുക്കളുടെ ഗുണഭോക്താക്കളിൽ നിന്നും പാലും പാലുൽപ്പന്നങ്ങളും

ശേഖരിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന പദ്ധതിയിൽ സംഭരണ പാത്രങ്ങളും ഫർണിച്ചറുമാണ് വാങ്ങിയിരിക്കുന്നതെന്നും അതംഗീകരിക്കുന്നത് ശരിയല്ലെന്നുള്ളതാണ് സമിതിയുടെ പൊതുവേയുള്ള അഭിപ്രായമെന്നും സമിതി വ്യക്തമാക്കിയതിന് കറവപ്പശുക്കളുടെ ഉണഭോക്താക്കളിൽ നിന്നും പാൽ ശേഖരിച്ചതിനുശേഷം അതിൽനിന്നും പാലുൽപ്പന്നങ്ങളുണ്ടാക്കി വിൽക്കാനുള്ള യൂണിറ്റായിട്ടാണ് പദ്ധതി ആരംഭിച്ചതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

173. നഗരസഭയിൽ നിന്നും വിതരണം ചെയ്ത കറവപ്പശുക്കളുടെ ഉണഭോക്താക്കളിൽ നിന്നും പാൽ വാങ്ങി സംഭരിക്കാനോ മറ്റു രീതിയിൽ വിതരണം ചെയ്യുവാനോ ഉള്ള സംവിധാനമാണ് ചെയ്യേണ്ടതെന്നും ഈ വിഷയത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റ് വകുപ്പിന് നൽകിയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതേയുള്ളുവെന്നും ഇതു സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുകയും നൽകാമെന്ന് സെക്രട്ടറി അറിയിക്കുയും ചെയ്തു.

**ക്വാർട്ടേഴ്സ് അനുവദിച്ച ജീവനക്കാർക്ക് അലവൻസ് അനുവദിയ്ക്കുകയും വീട്ടുവാടക ഈടാക്കാതിരിക്കുകയും ചെയ്തത് സംബന്ധിച്ച് 12,226/-രൂപ**

174. ക്വാർട്ടേഴ്സും വീട്ടുവാടക അലവൻസും അനുവദിച്ച വിരമിച്ച ജീവനക്കാരിൽ നിന്നും തുക തിരിച്ച് ഈടാക്കിയിട്ടുണ്ടെന്നും വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശയുണ്ടായിരുന്നുവെന്നും നഗരകാര്യ ഡയറക്ടറേറ്റിന് വിശദവിവരം നൽകിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറിയും ഡയറക്ടറേറ്റ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജീവനക്കാരുടെ തടഞ്ഞുവെച്ച ഇൻക്രിമെന്റ് നൽകിയിട്ടുണ്ടെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും റൂറൽ ഡെവലപ്മെന്റ് കമ്മീഷണറും സമിതിയെ അറിയിച്ചു.

175. പ്രസ്തുത വിവരം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ച ശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

**സാനിട്ടറി ലാട്രിൻ നിർമ്മാണ പദ്ധതി - അനർഹർക്ക് സഹായം നൽകൽ - പൂർത്തീകരണ വിവരം ഇല്ല - 3,00,000/- രൂപ**

176. 1998-99 ലെ 44-ാം പ്രോജക്ട് പ്രകാരം മൂന്നുകുടുംബങ്ങൾക്കാണ് ലാട്രിൻ നിർമ്മാണത്തിനുള്ള സഹായം ചെയ്തതെന്നും അധികമായി 255 കുടുംബങ്ങൾക്ക് 1250/-രൂപ വീതം അനർഹർക്ക് നൽകിയെന്നുള്ള പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് രേഖകളൊന്നുമില്ലെന്നും ഫയലുകൾ വിശദമായി പരിശോധിച്ചതിനു ശേഷം മറുപടി നൽകാമെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു.

177. ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

**കിഴക്കൻ മേഖലയ്ക്കൊരു സാംസ്കാരിക കേന്ദ്രം - ലക്ഷ്യപ്രാപ്തി നേടിയില്ല 50,000/-രൂപ**

178. പദ്ധതിയുടെ ആദ്യഘട്ടത്തിൽ രണ്ടുനില കെട്ടിടം നിർമ്മിക്കാനാണുദ്ദേശിച്ചതെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണത്തിനുവേണ്ടി ഗുണഭോക്തൃ കമ്മിറ്റിക്ക് എഗ്രിമെന്റ് നൽകുകയും പിന്നീട് ഇരുനില കെട്ടിടം വേണ്ടായെന്ന് തീരുമാനിക്കുകയും ഒറ്റനില കെട്ടിടത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയുമാണുണ്ടായതെന്നും അതിൽ നിന്നും 3,45,500/- രൂപ പദ്ധതി വിഹിതത്തിനും 1,00,000/- രൂപ മുനിസിപ്പൽ ഫണ്ടിനും നൽകാനാണ് തീരുമാനിച്ചിരുന്നതെന്നും ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ പണി നടക്കുകയും 1,86,270/- രൂപ ചെലവഴിയ്ക്കുകയും ചെയ്തുവെന്നും പദ്ധതി

പൂർത്തീകരിക്കാത്തതുകൊണ്ട് അഡ്വാൻസ് നൽകിയ 50,000/- രൂപ തിരിച്ചടയ്ക്കണമെന്നതാണ് ഓഡിറ്റ് പരാമർശമെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

179. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2001-ൽ ഓംബുഡ്സ്മാന് കേസ് കൊടുത്തിരുന്നുവെന്നും ഓംബുഡ്സ്മാന്റെ വിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുപ്രകാരം ഗുണഭോക്തൃ സമിതി ഭാരവാഹികളിൽ നിന്നും തുക തിരികെ ഈടാക്കുന്നത് തടസ്സപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണെന്നും നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടുവെന്നും സെക്രട്ടറി അറിയിച്ചു.

180. പ്രസ്തുത കെട്ടിടം നഗരസഭ സെക്രട്ടറി നേരിൽക്കണ്ട് പരിശോധിച്ച് കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകിയാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുമോ എന്ന തീരുമാനത്തിലെത്താൻ കഴിയുകയുള്ളൂ എന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത കെട്ടിടം നേരിൽക്കണ്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതാണെന്ന് നഗരസഭ സെക്രട്ടറിയും അറിയിച്ചു.

**പെട്ടി, പറ, മോട്ടോർ സ്ഥാപിക്കൽ നിരാകരിച്ചത്, തടസ്സപ്പെടുത്തിയത് 30,000/-രൂപ**

181. പാടശേഖര സമിതികൾക്ക് സ്വന്തമായി പെട്ടി, പറ, മോട്ടോർ എന്നിവ നൽകുന്ന പദ്ധതിയായിരുന്നിതെന്നും 15 HP, 10 HP മോട്ടോർ, പെട്ടി, പറ പദ്ധതിയായിരുന്നു വിഭാവനം ചെയ്തിരുന്നതെന്നും ഇതുസംബന്ധിച്ച ഫയലുകൾ ലഭ്യമല്ലെന്നും നിലവിൽ പ്രസ്തുത പാടശേഖര സമിതികളുണ്ടെന്നും നഗരസഭ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

182. പദ്ധതിയിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറായതുകൊണ്ട് രേഖകളെല്ലാം കൃഷി ഓഫീസിൽ കാണേണ്ടതായിരുന്നെന്നും എന്നാൽ, അത് ലഭിച്ചിട്ടില്ലെന്നും കൃഷി

വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടശേഷം വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

183. നഗരസഭയുടെ കീഴിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനെ വിളിച്ചുവരുത്തി റിപ്പോർട്ട് വാങ്ങുകയെന്നുള്ളത് അത്ര ബുദ്ധിമുട്ടുള്ള കാര്യമാണോയെന്ന് സമിതി ആരായുകയും ഓഡിറ്റ് പരാമർശം വന്നിട്ടും സമിതിയുടെ മുമ്പിൽ ഗൗരവമില്ലാതെ ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത് തികഞ്ഞ നിരുത്തരവാദമാണെന്നും എത്ര കാലപ്പഴക്കമുള്ള കേസായാലും അത് ഒഴിവാക്കണമെന്ന തോന്നൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉണ്ടാകേണ്ടതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മരിച്ചുപോയെന്നും രേഖകൾ ലഭ്യമല്ലെന്നും പറയുന്നത് ശരിയായ രീതിയല്ലെന്നും ഭാവിയിൽ ഈ ഫയൽ പരിശോധിക്കേണ്ടിവരുമ്പോൾ എന്തടിസ്ഥാനത്തിൽ ഈ വിഷയം അവസാനിപ്പിച്ചുവെന്നു ചോദിച്ചാൽ എന്ത് മറുപടിയാണ് നൽകുകയെന്നും സമിതി മുമ്പാകെ കൃത്യമായ വിവരം നൽകിയാൽ മാത്രമേ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സാധിയ്ക്കുകയുള്ളുവെന്നും ആയതിനാൽ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിയ്ക്കാമെന്നും സമിതി നിർദ്ദേശിച്ചു.

**പച്ചക്കറി കൃഷി വികസനം നിരാകരിച്ചത്, 11,250/-രൂപ തടസ്സപ്പെടുത്തിയത്; 13,750/-രൂപ മണ്ഡരിക്കെതിരെ മരുന്നു തളി 42,025/-രൂപ**

184. പ്രസ്തുത ഖണ്ഡികകളിന്മേൽ വ്യക്തമായ മറുപടി ലഭ്യമായെങ്കിൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളുവെന്ന് സമിതി വ്യക്തമാക്കിയതിന് ഇത്തരം വിഷയങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വിശദീകരണം വാങ്ങിയതിന് ശേഷവും ജോയിന്റ് സിറ്റിംഗ് നടത്തിയതിനു ശേഷവും റിപ്പോർട്ട് നൽകാമെന്ന്

ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

**ആലുവ നഗരസഭ**

(ഓഡിറ്റ് റിപ്പോർട്ട് 2000-2001)

**പത്രപ്പരസ്യം 33,600/-രൂപ**

185. ആലുവ ശിവരാത്രിയോടനുബന്ധിച്ച് സ്റ്റാളുകൾ ലേലം ചെയ്യുന്നതിനുള്ള പത്ര പരസ്യം നൽകാൻ രണ്ട് ദിവസം വൈകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശമാണിതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ കൃത്യസമയത്ത് പരസ്യം ചെയ്യാതെ കടമുറികൾ നൽകിയെന്ന വിഷയമുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടുകയും സ്റ്റാളുകൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൊതുജനങ്ങൾ അറിയുന്നത് എങ്ങനെയാണെന്ന് ആരായുകയും ചെയ്തു.

186. പത്രത്തിൽ പരസ്യം നൽകുന്നതോടൊപ്പം നോട്ടീസ് ബോർഡുൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും ഉപയോഗിക്കുന്നുണ്ടെന്നും എല്ലാ വർഷവും ലേലം എടുക്കുന്നവർക്ക് കൃത്യമായി കാര്യങ്ങൾ അറിയാമെന്നും സ്വാഭാവികമായും ടെണ്ടർ പത്രത്തിൽ വന്നില്ലെങ്കിലും മറ്റ് നടപടിക്രമങ്ങൾ നടന്നിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം മുനിസിപ്പാലിറ്റി നോട്ടീസ് ബോർഡ് ഉൾപ്പെടെ എല്ലാ പത്രമാധ്യമങ്ങളിലും നൽകിയിരുന്നുവെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

187. നോട്ടീസ് ബോർഡിൽ ക്വട്ടേഷൻ നോട്ടീസാണ് കൊടുക്കുന്നതെന്നും സമയത്ത് ടെണ്ടർ പത്രത്തിൽ വരാത്തത് ന്യായീകരിക്കുവാൻ സാധ്യമല്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ഇത്തരത്തിൽ പ്രവൃത്തി നടത്തിയതിലൂടെ ആലുവ നഗരസഭയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ച് വിശദീകരിയ്ക്കുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും അഭിപ്രായപ്പെട്ടതിന് കൃത്യമായ മറുപടി

ലഭ്യമാക്കിയാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുമോ എന്ന തീരുമാനത്തിലെത്താൻ കഴിയുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

**ജനകീയാസൂത്രണം 13,000/-രൂപ**

188. നട്ടുവളർത്തിയ വൃക്ഷത്തൈകൾ സംരക്ഷിയ്ക്കുന്നതിനായി നിയമിച്ച വാച്ചർക്ക് ഓണറേറിയം നൽകിയതുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത പ്രദേശം മണപ്പുറത്തിന്റെ ഭാഗമായതിനാൽ മൃഗങ്ങളുടെയും തദ്ദേശവാസികളുടെയും പ്രശ്നമുള്ളതുകൊണ്ടാണ് വാച്ചറെ നിയമിച്ചതെന്നും നഗരസഭാ സെക്രട്ടറി ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

189. 2000-01 വർഷത്തെ പരിസ്ഥിതി ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് 40,000/- രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിരുന്നുവെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കായി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ആലുവയിൽ പണം നിക്ഷേപിച്ച് ചെലവഴിച്ചിട്ടുള്ളതാണെന്നും ആയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിട്ടുണ്ടെന്ന് കാണിച്ച് 30.03.2015-ന് മറുപടി നൽകിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

190. 40,000/-രൂപയ്ക്ക് 10,000/-രൂപയുടെ രസീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളതെന്നാണ് ഓഡിറ്റ് പരാമർശമെന്ന് സമിതി അഭിപ്രായപ്പെടുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് ആരായുകയും ചെയ്തതിന് പദ്ധതി നടപ്പിലാക്കിയപ്പോൾ 10,000/- രൂപയുടെ കുറവ് വന്നതിനാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും ടി തുക ചെലവഴിച്ചതിന്റെ വൗച്ചർ ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും

സെക്രട്ടറി അറിയിച്ചു.

191. പ്രസ്തുത തുക എന്തൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചത് എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ചതിനുശേഷം ഇതിന്മേൽ തീരുമാനമെടുക്കാമെന്നും സമിതി നിർദ്ദേശിച്ചു.

**പൊതുമരാമത്ത് പണി 22,829/-രൂപ**

192. 1999-2000-ൽ നടപ്പിലാക്കിയ പ്രോജക്ടിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, ബിൽ പ്രകാരം 1,92,464/- രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നുള്ളതാണ് ഓഡിറ്റ് തടസ്സവാദമെന്നും ബിൽ കോപ്പിയിലും ടി തുക തന്നെയാണ് കാണിച്ചിട്ടുള്ളതെന്നും എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് 1,77,614/- രൂപ മാത്രമാണ് നൽകിയിട്ടുള്ളതെന്നും ടാറിന് നൽകിയ തുക ഈടാക്കിയിട്ടുണ്ടെന്നും അതിൽ കരാറുകാരന്റെ ലാഭവും ടെണ്ടർ എക്സസ് തുകയും പിടിച്ചിട്ടില്ലെന്നും ആയതിനാൽ നികുതിയും ചേർത്ത് ബാക്കി തുക അടയ്ക്കണമെന്നാവശ്യപ്പെട്ട് കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും അദ്ദേഹം മരണപ്പെട്ടതിനാലാണ് ടി തുക ഈടാക്കാൻ സാധിയ്ക്കാത്തതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

193. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിയ്ക്കുകയും നൽകുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

## തൃശ്ശൂർ ജില്ല

### ഗുരുവായൂർ നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 19)

**ചെയർമാന്റെ വസതിയിലെ ഫോൺ - അധിക വാടക 51,256/-രൂപ**

194. ചെയർമാന്റെ ഔദ്യോഗിക വസതിയിലെ ഫോൺ വാടകയിനത്തിൽ നൽകിയ അധിക തുക തിരിച്ചടച്ചതിന്റെ രേഖ 25.08.2021-ന് ഹാജരാക്കിയിട്ടുള്ളതും ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ക്യാഷ് ബുക്ക് നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക 33 കോൺക്രീറ്റിംഗ് - അധിക നിരക്ക് നൽകിയത് 15,511/-രൂപ**

**ഖണ്ഡിക 40 കോൺക്രീറ്റിംഗ് - അധിക നിരക്ക് നൽകിയത് 15,410/-രൂപ**

195. കോൺക്രീറ്റിംഗിന് അധിക തുക നൽകിയതുമായി ബന്ധപ്പെട്ട് കരാറുകാരനിൽനിന്നും 30,921/- രൂപ ഈടാക്കി തിരിച്ചടച്ചിട്ടുണ്ടെന്നും 25.08.2021-ന് പ്രസ്തുത പരാമർശങ്ങളിന്മേലുള്ള വിശദവിവരം ഓഡിറ്റ് വിഭാഗം പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് ഗുരുവായൂർ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക 42 – കൾവർട്ട് - അധിക തുക നൽകിയത് 39,000/-രൂപ**

196. കൾവർട്ട് നിർമ്മാണത്തിന് അധിക തുക നൽകിയതുമായി ബന്ധപ്പെട്ട ഫയൽ നഗരസഭയിൽ ലഭ്യമല്ലായിരുന്നുവെന്നും 13.08.2003-ലെ കൗൺസിൽ തീരുമാനം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കൺവീനർക്ക് നൽകിയ അഡ്വാൻസ് തുകയിൽ ബാക്കിയുള്ള തുക ഓഫീസിൽ തിരിച്ചടച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ ഫയൽ തുടർ നടപടികൾക്കായി നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്കയച്ചുവെന്ന് അജണ്ടയിലുണ്ടെന്നും അതനുസരിച്ച് ഫയൽ തീർപ്പാക്കാൻ കൗൺസിൽ

തീരുമാനമെടുത്തിട്ടുണ്ടെന്നും നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**കുന്ദംകുളം നഗരസഭ**

(ഓഡിറ്റ് വർഷം 1997-1998 ഖണ്ഡിക 33 )

**അനുമതിയില്ലാതെ കുടിവെള്ള പദ്ധതിയ്ക്ക് തുടക്കമിട്ടു 30,00,000/-രൂപ**

197. നഗരസഭ ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ, ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യകാലമായതിനാൽ അതിനെക്കുറിച്ച് വ്യക്തമായ അറിവില്ലാതിരുന്നതിനാലാണ് ക്വാറിയിലെ വെള്ളത്തിന്റെ ശുദ്ധീകരണം, വിതരണം എന്നിവ സംബന്ധിച്ച പഠനം, ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി എന്നിവയിൽ വീഴ്ച സംഭവിച്ചതെന്നും പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം പിന്നീട് ലഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**പാലക്കാട് ജില്ല**

**ഷൊർണ്ണൂർ നഗരസഭ**

(ഓഡിറ്റ് വർഷം 1998-2000)

**1 ഖണ്ഡിക 32 - സർക്കാർ മാനദണ്ഡ വിരുദ്ധമായി തുക ചെലവഴിച്ചു 87,175/-രൂപ**

198. മൺപാത്ര വ്യവസായികൾക്ക് പ്രോത്സാഹനം നൽകുന്നതിന് മോട്ടോർ നൽകുന്ന പദ്ധതിയിൽ നഗരസഭ 25 ഗുണഭോക്താക്കളെ കണ്ടെത്തുകയും വാങ്ങിയ മോട്ടോറുകളിൽ 14 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ഒരെണ്ണം ഗുണഭോക്താവിന് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്ന്

രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നതാണെന്നും അന്വേഷണത്തിൽ സൂക്ഷിച്ചുവച്ചിരുന്ന മോട്ടോറുകൾ വിതരണം ചെയ്തതായി കാണുന്നുവെന്നും ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നാണ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളതെന്നും സമിതി വ്യക്തമാക്കി.

199. 11 മോട്ടോറുകളിൽ 6 എണ്ണം നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന റിപ്പോർട്ടാണ് ഓഡിറ്റ് വിഭാഗത്തിന് ലഭിച്ചിട്ടുള്ളതെന്നും എന്നാൽ 5 മോട്ടോറുകൾക്ക് എന്ത് സംഭവിച്ചുവെന്ന് വ്യക്തമല്ലെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടതിന് വൈദ്യുതി കണക്ഷൻ ലഭ്യമായ മുറയ്ക്ക് 14 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും 11 എണ്ണം, വൈദ്യുതി കണക്ഷൻ ലഭിയ്ക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്ന് രേഖപ്പെടുത്തി സൂക്ഷിയ്ക്കുകയും പിന്നീട് മോട്ടോർ വിതരണം ചെയ്തതായി കാണുന്നുവെന്നും നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ടിലുണ്ടെന്ന് നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

200. ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ചെലവഴിച്ചിട്ടുണ്ടെന്ന് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

201. സെക്രട്ടറിയുടെ മറുപടിയിൽ അവ്യക്തതയുണ്ടെന്നും വിതരണം ചെയ്തതായി കാണുന്നുവെന്നാണ് പറഞ്ഞിരിക്കുന്നതെന്നും മോട്ടോർ ഉണ്ടോ ഇല്ലയോ എന്ന് നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്നതേയുള്ളുവെന്നും അഭിപ്രായപ്പെട്ട സമിതി മറുപടിയിൽ അറിയിച്ചിരിക്കുന്ന കാര്യങ്ങളുടെ നിജസ്ഥിതി ഓഡിറ്റ് വകുപ്പ് പരിശോധിയ്ക്കണമെന്ന് നിർദ്ദേശിയ്ക്കുകയും, പരിശോധിക്കാമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിയ്ക്കുകയും ചെയ്തു.

**2. ഖണ്ഡിക 33 - അനധികൃതമായി മുൻകൂർ അനുവദിച്ചത് 1081990/-രൂപ**

202. സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അവ്യക്തതയുണ്ടെന്നും വനിതാ വ്യവസായ സംഘം 6 വർഷം പ്രവർത്തിച്ചിരുന്നുവെന്നും സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ അടച്ചുപൂട്ടിയെന്നുമാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നതെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയും വനിതാ വ്യവസായ സംഘത്തിന്റെ കൈവശം 3,99,215/- രൂപയുണ്ടെന്നാണ് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിരിക്കുന്നതെന്നും അത് 1998-2000 കാലയളവിലുള്ളതായതിനാൽ പലിശയടക്കം തിരിച്ചുപിടിയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. സാമ്പത്തിക പ്രതിസന്ധിയുണ്ടായെങ്കിൽ എങ്ങനെയാണ് 3,99,215/- രൂപ അവരുടെ കൈവശമുള്ളതെന്നും സമിതി ആരാഞ്ഞു.

203. ഒരു റിപ്പോർട്ടിൽ 10,19,877/-രൂപ സെക്രട്ടറി 14.7.2020-ൽ നഗരസഭയുടെ തനത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെന്നും അത് പരിശോധിക്കേണ്ടതുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുക കൈവശമുണ്ടെന്ന് അറിയിച്ചത് ഒന്നുകൂടി പരിശോധിക്കാമെന്നും 10,19,877/- രൂപ സെക്രട്ടറി 14.07.2020-ൽ നഗരസഭയുടെ തനത് ഫണ്ടിൽ വരവുവച്ചിട്ടുണ്ടെന്ന് അറിയിച്ചതും പരിശോധിയ്ക്കുന്നതാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

**3. ഖണ്ഡിക നമ്പർ 35 - അനധികൃതമായി അനുവദിച്ച പദ്ധതി തുക**

204. പട്ടികജാതി വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക നമ്പർ 36 എ – മരാമത്ത് പണികളിൽ അധികം നൽകിയത് 10,137/-രൂപ**

205. തുപ്പറ്റക്കാവ്-പന്തലാക്കൽ കോളനി റോഡ് പ്രവൃത്തിക്ക് അധികമായി നൽകിയ തുക 30.03.2015-ന് കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പിന് 30.03.2015-ന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) അറിയിച്ചതിന് റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും പരിശോധിയ്ക്കുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

**ഖണ്ഡിക 42 – പട്ടികജാതിക്കാർക്ക് നെൽപ്പാടം വാങ്ങൽ പദ്ധതിയിൽ അനധികൃതമായി തുക അനുവദിച്ചത് 1,24,250/-രൂപ**

206. പ്രസ്തുത പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറായിരുന്നുവെന്നും 2014-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിയുടെ യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരിച്ചുപിടിക്കണമെന്ന് ആവശ്യപ്പെട്ടത് പ്രകാരം നോട്ടീസ് നൽകിയെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ലെന്നും കൃഷി ഓഫീസർ ആയതുകൊണ്ട് ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുള്ളത് വ്യക്തമല്ലെന്നും പട്ടികജാതിക്കാർക്ക് നൽകിയ ഭൂമി അവരുടെ കൈവശമുണ്ടെന്നും ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

207. ഗുണഭോക്താവിന്റെ പേര്, ഭൂമിയുടെ അളവ്, സർവ്വെ നമ്പർ, പോക്കുവരവ് എന്നിവ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനും സർക്കാരിനും നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

## കണ്ണൂർ ജില്ല

## കണ്ണൂർ നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000)

**ജനകീയാസൂത്രണ പദ്ധതി-മരാമത്ത് പണികളിലുണ്ടായ അധിക ചെലവ് 30,849/-രൂപ**

208. ആയിക്കര പാലം മുതൽ നീർച്ചാൽ പാലം വരെയുള്ള റോഡിന്റെ വീതി കൂട്ടുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധിക ചെലവ് വന്നത് സംബന്ധിച്ചാണ് പരാമർശമെന്നും രണ്ടാഴ്ച മുമ്പ് കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കിയതിന് ആയത് പരിശോധിയ്ക്കാമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

209. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാമെന്ന് സമിതി തീരുമാനിച്ചു.

(ഓഡിറ്റ് റിപ്പോർട്ട് 2000-2001)

**പൊതുമരാമത്ത് പ്രവൃത്തികൾ - ഫോം വർക്കിന് അധിക നിരക്കുകൾ അനുവദിച്ചത്**

210. കരാറുകാരനിൽ നിന്ന് തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിയ്ക്കുകയും ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാമെന്ന് സമിതി തീരുമാനിക്കുകയും ചെയ്തു.

**സ്വന്തമായി സ്ഥലമുള്ള 12 പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണം 70,000/- രൂപ**

211. സ്വന്തമായി സ്ഥലമുള്ള പട്ടികജാതിക്കാരായ 12 ഗുണഭോക്താക്കളെ ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരുന്നുവെന്നും ആയതിൽ ചേലോറ

പഞ്ചായത്തിൽ ഭൂമിയുള്ള രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയെന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും ചേലോറ പഞ്ചായത്ത് ഇപ്പോൾ കോർപ്പറേഷന്റെ ഭാഗമാണെന്നും നിലവിൽ വീട് പൂർത്തീകരിച്ചിട്ടുണ്ടെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

212. 70,000/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയതിന്റെ രേഖ കൈവശമുണ്ടോയെന്ന് സമിതി ചെയർമാൻ ആരാഞ്ഞതിന് 70,000/- രൂപ ഈടാക്കിയതുമായി ബന്ധപ്പെട്ടല്ല ഓഡിറ്റ് പരാമർശമെന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സമീപ പഞ്ചായത്തിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയതിനാൽ ടി തുക തിരിച്ചുപിടിക്കണമെന്നായിരുന്നു ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടതെന്നും അന്ന് ചേലോറ സമീപ പഞ്ചായത്തായിരുന്നെങ്കിലും ഇന്ന് കോർപ്പറേഷന്റെ ഭാഗമാണെന്നും സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

213. ചേലോറ പഞ്ചായത്ത് കണ്ണൂർ കോർപ്പറേഷന്റെ ഭാഗമായതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് വകുപ്പിന് കത്ത് കൊടുക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും നൽകാമെന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

214. ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാമെന്ന് സമിതി തീരുമാനിച്ചു.

**ഭൂരഹിത- ഭവനരഹിത പട്ടികജാതിക്കാരായ സ്ത്രീകളുടെ പുനരധിവാസ പദ്ധതി**

**സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനുള്ള പദ്ധതി**

**ചേരി പരിഷ്കരണം-സ്വന്തമായി സ്ഥലമുള്ളവർക്ക് വീട് നിർമ്മിച്ചുകൊടുക്കൽ**

**സമാജ്വാദി കോളനി നിവാസികളുടെ പുനരധിവാസ പദ്ധതി**

215. പ്രസ്തുത പരാമർശങ്ങൾക്ക് കൃത്യമായ രേഖകൾ ഹാജരാക്കിയിരുന്നെങ്കിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടതിന് പ്രസ്തുത റിപ്പോർട്ട് രണ്ടാഴ്ച മുമ്പ് കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

216. മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ തീരുമാനിച്ചു.

217. താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**കോട്ടയം നഗരസഭ**

(ഓഡിറ്റ് റിപ്പോർട്ട് 1999 - 2000)

1. സമ്പൂർണ്ണ ഭവന പദ്ധതി - 2,70,000/-രൂപ
2. ക്വാർട്ടേഴ്സ് വാടക - 12,226/-രൂപ
3. സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് റസ്റ്റ് ഹൗസ് വാടക നഷ്ടം - 29,36,704/-രൂപ
4. തടസ്സപ്പെടുത്തിയ തുക - 32,46,070/- രൂപ

**ആലുവ നഗരസഭ**

(ഓഡിറ്റ് റിപ്പോർട്ട് 2000 - 2001)

വാഹന വായ്പ തുക 1,50,000/-രൂപ

**പാലക്കാട് നഗരസഭ**

(ഓഡിറ്റ് റിപ്പോർട്ട് 1999 - 2000)

ഖ: 12- പദ്ധതി തുക പണമാക്കി മാറ്റിയത് തിരിമറി ചെയ്ത - 1,20,000/- രൂപ

ഖ:13- സ്കൂൾ പദ്ധതി തുക പണമാക്കി തിരിമറി ചെയ്ത - 45,000/- രൂപ

**ഷൊർണ്ണൂർ നഗരസഭ**

ഖ: 34-അംഗീകാരമില്ലാത്ത ഗ്രണഭോക്താക്കൾക്ക് അനുവദിച്ച തുക- 15,000/- രൂപ

**നിഗമനങ്ങൾ/ശിപാർശകൾ**

**218. ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ പരിശോധിച്ചതിൽ എല്ലാ പരാമർശങ്ങൾക്കും ഫയൽ ലഭ്യമല്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത മറുപടി സമിതി അതീവ ഗൗരവത്തോടെ കാണുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിലുണ്ടാകുന്ന വീഴ്ചകളാണ് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നതെന്നതിനാൽ ഫയൽ ലഭ്യമല്ല എന്ന മറുപടി അംഗീകരിക്കാനാവില്ല എന്ന് സമിതി വിലയിരുത്തുന്നു. എങ്കിലും കാലപ്പഴക്കം കണക്കിലെടുത്ത്, മേൽ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**219. ചങ്ങനാശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**220. കോട്ടയം നഗരസഭയിലെ പാൽ വിതരണ യൂണിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നഗരസഭയിൽ നിന്നും വിതരണം ചെയ്ത കറവപ്പശുക്കളുടെ ഗ്രണഭോക്താക്കളിൽ നിന്നും പാൽ വാങ്ങി സംഭരിക്കുന്നതിനോ മറ്റേതെങ്കിലും രീതിയിൽ വിപണനം ചെയ്യുന്നതിനോ ഉള്ള സംവിധാനം രൂപപ്പെടുത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കിഴക്കൻ മേഖലയ്ക്കൊരു സാംസ്കാരിക കേന്ദ്രം - ലക്ഷ്യപ്രാപ്തി നേടിയില്ല എന്ന പരാമർശം സംബന്ധിച്ച് പ്രസ്തുത കെട്ടിടം നഗരസഭ സെക്രട്ടറി നേരിൽക്കണ്ട് പരിശോധിച്ച് കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന**

മറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

221. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, ക്വാർട്ടേഴ്സ് വാടക, സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്, റെസ്റ്റ്ഹൗസ് വാടക നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നീ ഓഡിറ്റ് പരാമർശങ്ങൾ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ശേഷിച്ച പരാമർശങ്ങളിന്മേൽ കോട്ടയം നഗരസഭ വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

222. ആലുവ നഗരസഭ, 'പത്രപ്പരസ്യം' എന്ന പരാമർശം സംബന്ധിച്ച് വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ' ജനകീയാസൂത്രണം' എന്ന പരാമർശത്തിലെ വാച്ചർക്ക് ഓണറേറിയം നല്കിയതുമായി ബന്ധപ്പെട്ട ഭാഗം ഒഴിവാക്കുന്നതിനും ടി പരാമർശത്തിലെ പരിസ്ഥിതി ബോധവൽക്കരണവുമായി ബന്ധപ്പെട്ട ഭാഗത്തിൽ അനുവദിച്ച തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും പൊതുമരാമത്ത്പണി എന്ന പരാമർശത്തിൽ അനുവദിച്ച തുകയിൽ തിരികെ ഈടാക്കാനുള്ള തുക ഈടാക്കാത്തത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വാഹനവായ്പയുടെ തുക എന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

223. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിമാർ നൽകിയ മറുപടികളുടേയും അടിസ്ഥാനത്തിൽ ഗുരുവായൂർ, കുന്നംകുളം നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

224. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും

ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട അംഗീകാരമില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക, അനധികൃതമായി അനുവദിച്ച പദ്ധതി തുക എന്നീ പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

225. ഷൊർണ്ണൂർ നഗരസഭ സർക്കാർ മാനദണ്ഡവിരുദ്ധമായി തുക ചെലവഴിച്ചു, അനധികൃതമായി മുൻകൂർ അനുവദിച്ചു എന്നീ പരാമർശങ്ങൾ സംബന്ധിച്ച് നഗരസഭ സെക്രട്ടറിയുടെ മറുപടിയിൽ അവ്യക്തതയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത മറുപടികളിൽ അറിയിച്ചിട്ടുള്ള കാര്യങ്ങളുടെ നിജസ്ഥിതി ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

226. മരാമത്ത് പണികളിൽ അധികം നൽകി എന്ന പരാമർശത്തിന്മേൽ, റോഡ് പ്രവൃത്തിക്ക് അധികമായി നൽകിയ തുക കരാറുകാരനിൽ നിന്ന് ഷൊർണ്ണൂർ നഗരസഭ ഈടാക്കിയിട്ടുണ്ടെന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

227. പട്ടികജാതിക്കാർക്ക് നെൽപ്പാടം വാങ്ങൽ പദ്ധതി എന്ന പരാമർശം സംബന്ധിച്ച് ഗുണഭോക്താവിന്റെ പേര്, ഭൂമിയുടെ അളവ്, സർവ്വേ നമ്പർ, പോക്കുവരവ് എന്നിവ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ഷൊർണ്ണൂർ നഗരസഭ ഓഡിറ്റ് വകുപ്പിനും സർക്കാരിനും നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

228. കണ്ണൂർ നഗരസഭയിലെ ഭൂരഹിത-ഭവനരഹിത പട്ടികജാതിക്കാരായ സ്ത്രീകളുടെ പുനരധിവാസ പദ്ധതി, സ്വന്തമായി ഭൂമി ഉള്ളവർക്ക് ഭവന നിർമ്മാണത്തിനുള്ള പദ്ധതി, ചേരി പരിഷ്കരണം, സമാജ്വാദി കോളനി നിവാസികളുടെ പുനരധിവാസ പദ്ധതി എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഓഡിറ്റ് വകുപ്പിന് കൃത്യമായ രേഖകളടങ്ങുന്ന റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കണ്ണൂർ

**നഗരസഭയുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങളിന്മേൽ ഓഡിറ്റ് വകുപ്പിന് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

## കേരള സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**മലയാളം ലെക്സിക്കൺ - ഒന്നാം വാല്യം**

**വീണ്ടും അച്ചടിച്ചതിലെ ക്രമക്കേടുകൾ**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 47)

മലയാളം ലെക്സിക്കൺ ഒന്നാം വാല്യം യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിക്കുവാൻ കഴിയില്ലെന്ന് പ്രസ് സൂപ്രണ്ട് അറിയിച്ചതിനെ തുടർന്ന് പ്രമുഖ അച്ചടി സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കു കാണിച്ച സ്ഥാപനത്തിന് ഓർഡർ നൽകാതെ തിരുവനന്തപുരത്തെ സെന്റ് ജോസഫ് പ്രസ്സിന് നിരുപാധികം ഓർഡർ നൽകുകയും 2000 പ്രതികൾ 214.36/-രൂപ നിരക്കിൽ അച്ചടിക്കുന്നതിന് അനുവാദം നൽകുകയുണ്ടായി. 24/4/00- ൽ 2,57,232/-രൂപ അഡ്വാൻസ് വാങ്ങിയ സ്ഥാപനം 22/7/00-ൽ ജോലി പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും 11/2000-ൽ മാത്രമാണ് പ്രതികൾ കൈമാറിയത്. ബൈൻഡിംഗ് ജോലികൾ നടത്തിയതിലും കരാർ ലംഘനം നടന്നതായി കാണുന്നു. പ്രസ്സുമായി ഉണ്ടാക്കിയ കരാറിലെ 11-ാം നമ്പർ വ്യവസ്ഥ പ്രകാരം ജോലി പൂർത്തിയാക്കുന്നതിലുണ്ടായ വീഴ്ചകൾക്ക് നഷ്ടപരിഹാരം ഈടാക്കുവാൻ യൂണിവേഴ്സിറ്റിക്ക് അവകാശമുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിക്കേണ്ടിയിരുന്ന ലെക്സിക്കൺ വാല്യങ്ങളുടെ പ്രതികൾ സ്വകാര്യ പ്രസിൽ അച്ചടിച്ചതിനെപ്പറ്റിയും ഇതോടനുബന്ധിച്ചുള്ള മറ്റു നടപടി ക്രമങ്ങളെപ്പറ്റിയും അന്വേഷിച്ച് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

229. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് പ്രവൃത്തി നൽകാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന് കരാർ നൽകിയത് വഴിയും കരാർ ലംഘനം വഴിയും ഉണ്ടായ നഷ്ടം ഈടാക്കണമെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ചും തുക ക്വാട്ട് ചെയ്തതിലെ വ്യത്യാസം, ക്വാളിറ്റി നിശ്ചയിച്ചിട്ടാണോ ടെണ്ടർ ക്ഷണിച്ചത് എന്നിവ സംബന്ധിച്ചും സമിതി ആരാഞ്ഞതിന് പ്രസ്സിന്റെ വീഴ്ച കൊണ്ട് ലെക്സിക്കൺ വാല്യം പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിയായിരുന്നെന്നും ഗോൾഡ് ലീഫിംഗിനു പകരം കരാറിന് വിരുദ്ധമായി സ്പൈൻ ലീഫിംഗ് ചെയ്തതിനാൽ കോപ്പി ഒന്നിന് 50 പൈസ നഷ്ടം സംഭവിച്ചതായി കണ്ടെത്തുകയും 2000 കോപ്പിക്ക് സെന്റ് ജോസഫ് പ്രസ്സിൽനിന്നും 1000/- രൂപ ഈടാക്കി 2003-ൽ സർവ്വകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്നും പ്രിന്റിംഗിലെ ക്വാളിറ്റിക്കാണ് സർവ്വകലാശാല മുൻഗണന നൽകിയതെന്നും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടറിന്റെ പാരാമീറ്ററുകൾ പരിശോധിക്കുമ്പോൾ റിക്വയർമെന്റിൽ ക്വാളിറ്റി ഇല്ലായിരുന്നുവെന്നും അന്ന് ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിങ്ങനെയുള്ള സംവിധാനങ്ങളുണ്ടായിരുന്നില്ലെന്നും സിംഗിൾ ടെണ്ടറായിരുന്നുവെന്നും സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

230. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**231. മലയാളം ലെക്സിക്കൺ ഒന്നാം വാല്യം അച്ചടിച്ച സെന്റ് ജോസഫ് പ്രസ്സ് ഗോൾഡ് ലീഫിംഗിന് പകരം കരാറിന് വിരുദ്ധമായി സ്പൈൻ**

**ലീഫിംഗ് ചെയ്തതു മൂലമുണ്ടായ നഷ്ടമായ 1000/- രൂപ ഈടാക്കി 2003 ൽ സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്നും പ്രിന്റിംഗിലെ ക്വാളിറ്റിക്ക് മുൻഗണന നൽകിയതിനാലാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ പരിഗണിക്കാതിരുന്നതെന്നുമുള്ള സർവ്വകലാശാലാ രജിസ്ട്രാറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സുവർണ്ണ ജൂബിലി സ്മാരക സമുച്ചയം നിർമ്മാണം - ക്രമക്കേടുകൾ**
(2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 68)

കാര്യവട്ടത്തെ സുവർണ്ണ ജൂബിലി സമുച്ചയം രണ്ടാം ഘട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കരാറുകാരന് അനർഹമായ ആനുകൂല്യങ്ങൾ നൽകിയതായും മനപൂർവ്വം പണി വച്ചു താമസിപ്പിച്ചതിനാൽ 9 വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിയ്ക്കുവാൻ സാധിക്കാതെ വരുകയും ചെയ്തു. കരാറുകാരന് അനുകൂലമായ തീരുമാനങ്ങൾ എടുത്തതുമൂലം യൂണിവേഴ്സിറ്റിക്ക് കനത്ത സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

മുൻ കരാറുകാരനായിരുന്ന ശ്രീ പി. ജെ. ഐസക്കിനെ ഒഴിവാക്കി 3/2/93-ൽ ശ്രീ. ഹരിഹരപുത്രന് കരാർ നൽകുവാൻ തീരുമാനിയ്ക്കുകയും 10/3/93 ൽ സൈറ്റ് കൈമാറുകയും ചെയ്തു. 11/3/93-ൽ മൊബിലൈസേഷൻ അഡ്വാൻസായി 5,00,000/- രൂപ 12 % പലിശ നിരക്കിൽ 5 തവണയായി തിരിച്ചടയ്ക്കണമെന്ന ഉപാധിയോടെ നൽകിയിരുന്നുവെങ്കിലും 15/07/01-ൽ 2,75,000/-രൂപ മുതലിനത്തിലും 39,658/-രൂപ പലിശയിനത്തിലും കുടിശ്ശിക വരുത്തിയതായും കാണുന്നു. 93-94-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പണി തുടങ്ങുന്നത് 4 മാസത്തിനു ശേഷം 18/7/93-ൽ മാത്രമായിരുന്നു.

സമയപരിധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം പല ഘട്ടങ്ങളിലുമായി സമയം നീട്ടി

കൊടുത്തതായി കാണുന്നു.

പണിക്ക് കാലതാമസം നേരിട്ടതിനാൽ 1986 ലെ നിരക്കിനോടൊപ്പം 77% ടെൻഡർ എക്സസ് അനുവദിക്കുകയും കൂടാതെ 25% അഡീഷണൽ ടെൻടർ എക്സസ് അനുവദിക്കുകയും ചെയ്യുക വഴി 25,79,544/- രൂപയുടെ സാമ്പത്തിക നഷ്ടം യൂണിവേഴ്സിറ്റിയ്ക്ക് സംഭവിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ 11/12/96 - ൽ നിറുത്തി വച്ച ജോലി 3 വർഷങ്ങൾക്കു ശേഷം 28/4/00-ൽ മാത്രമാണ് വീണ്ടും തുടങ്ങിയതെന്നു കാണുന്നു. കരാർ ലംഘനത്തിനെതിരെ സമയോചിതമായ നടപടികൾ സ്വീകരിക്കുന്നതിനു പകരം പാർട്ട് ബില്ലുകളുടെ 75% പ്രാഥമിക പരിശോധന മാത്രം നടത്തി തുക നൽകുവാൻ തീരുമാനിയ്ക്കുകയാണുണ്ടായത്. യൂണിവേഴ്സിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും പാർട്ട് ബില്ലുകളിൻമേൽ കരാറുകാരന് പല പ്രാവശ്യവും അഡ്വാൻസും നൽകിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

232. സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായി യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ അഭ്യർത്ഥന പ്രകാരം മൊബിലൈസേഷൻ അഡ്വാൻസിന്റെ പലിശ നിരക്ക് 12%ൽ നിന്ന് 6% ആയും ലിക്വിഡേറ്റഡ് ഡാമേജിന്റെ നിരക്ക് ദിനംപ്രതി 1000/- രൂപ എന്നത് 100 രൂപയായും കുറച്ച വി.സി.യുടെ നടപടി നിയമവിരുദ്ധമാണെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് അറിയിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സർവ്വകലാശാലകളിൽ നിർമ്മാണ പ്രവൃത്തികളിൽ

കരാറിലേർപ്പെടുന്നതിന് ഇപ്പോഴാണ് വ്യവസ്ഥാപിതമായ സംവിധാനങ്ങളുണ്ടായതെന്നും മുമ്പ് കരാറുകാരൻ വർക്കുകൾ പൂർത്തിയാക്കാതെ ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയുണ്ടായിരുന്നുവെന്നും സുവർണ്ണ ജൂബിലി സ്മാരക സമുച്ചയ നിർമ്മാണം ശ്രീ. സി. ഐ. ഐസക് എന്ന ഒരു കരാറുകാരനെയായിരുന്നു ആദ്യം ഏൽപ്പിച്ചിരുന്നതെന്നും എന്നാൽ പ്രസ്തുത കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചതിനെത്തുടർന്നാണ് ശ്രീ. ഹരിഹരപുത്രൻ എന്നയാളെ ഏൽപ്പിച്ചതെന്നും ഒരു കരാർ പൂർത്തീകരിക്കാൻ മറ്റൊരാൾക്ക് കരാർ നൽകേണ്ടിവന്ന സാഹചര്യംകൂടി കണക്കിലെടുത്തായിരിക്കാം അന്ന് മൊബിലൈസേഷൻ അഡ്വാൻസിന്റെ പലിശനിരക്ക് കുറച്ച് നൽകിയിട്ടുള്ളതെന്നും പ്രസ്തുത വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

233. ഇക്കാര്യത്തിൽ പിന്നീട് സിൻഡിക്കേറ്റിന്റെ സാധൂകരണം തേടേണ്ടതായിരുന്നുവെന്നും സിൻഡിക്കേറ്റ് എടുത്ത ഒരു തീരുമാനം മറികടന്നാൽ അടുത്ത സിൻഡിക്കേറ്റിൽ അത് സാധൂകരിക്കുന്നതാണ് രീതിയെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

234. മൊബിലൈസേഷൻ അഡ്വാൻസിന്റെ പലിശ കുറച്ചുകൊടുത്തുവെന്നത് ഗൗരവമുള്ള കാര്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി, അടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ അത് സാധൂകരിക്കേണ്ടതായിരുന്നിട്ടും അപ്രകാരം ചെയ്യാത്തതിനാൽ അതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**235. സുവർണ്ണ ജൂബിലി സ്മാരക സമുച്ചയ നിർമ്മാണ പ്രവൃത്തിയുടെ മൊബിലൈസേഷൻ അഡ്വാൻസിന്റെ പലിശ നിരക്ക് സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായി 12% ൽ നിന്നും 6% ആയി കുറച്ചത് സമിതി ഗൗരവമായി കാണുന്നു. തുടർന്നുള്ള സിൻഡിക്കേറ്റ് യോഗത്തിൽ**

**പ്രസ്തുത നടപടിക്ക് സാധൂകരണം തേടേണ്ടതായിരുന്നുവെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സെനറ്റ് ഹൗസ് കെട്ടിടത്തിന് നടത്തിയ അടിയന്തിര അറ്റകുറ്റ പണികൾ: അപാകതകൾ**

(2000-2001 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 71)

കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹൗസ് കെട്ടിടത്തിന് അടിയന്തിരമായി നടത്തിയ അറ്റകുറ്റ പണികൾക്കായി എസ്റ്റിമേറ്റ് കണക്കാക്കിയതിൽ അപാകതകൾ ഉള്ളതായും പ്രവൃത്തിയ്ക്ക് അധികം തുക നൽകിയിട്ടുള്ളതായും ഓഡിറ്റിൽ കണ്ടെത്തി.

പ്രസ്തുത ജോലിയുടെ എസ്റ്റിമേറ്റ് തുക 2,33,731/-രൂപയായി 98 ഒക്ടോബറിൽ ടെൻഡർ വിളിക്കുകയും 3.8% കൂട്ടി കരാർ നൽകുകയുമുണ്ടായി. പണി പൂർത്തിയായപ്പോൾ 1,94,864/- രൂപയായി വില നിർണ്ണയിക്കുകയും 3.8% ടെൻഡർ എക്സസ് ആയ 7,405/-രൂപ ഉൾപ്പെടെ 2,02,269/-രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ്, എം ബുക്ക് മറ്റു ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികം തുക നൽകിയതായി കാണുന്നു.

| **പ്രവൃത്തി** | **അധികം നൽകിയ തുക** |
|---|---|
| 1. പുറം ഭിത്തിയുടെ പ്രതലം വൃത്തിയാക്കൽ | 5,877.59 |
| 2. പുറം ഭിത്തിയുടെ പ്രതലം വാട്ടർ പ്രൂഫ് സിമന്റ് അടിച്ചത് | 43,072.00 |
| 3. ഭിത്തിയുടെ പ്രതലത്തിൽ സിന്തറ്റിക് ഇനാമൽ പെയിന്റ് അടിച്ചത് | 21,391. 70 |
| 4. പ്രതലം വാർണീഷ് ചെയ്തത് | 407.99 |
| **ആകെ** | **70,749.23** |

അധിക നിരക്ക് കണക്കാക്കിയും ആവശ്യമില്ലാത്ത സാധനങ്ങൾ

ഉൾപ്പെടുത്തിയും തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് കണക്കാക്കുകയും ചെയ്തതിനാൽ ഉണ്ടായ 70,749/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

236. സെനറ്റ് ഹൗസ് കെട്ടിടത്തിൽ നടത്തിയ അടിയന്തര അറ്റകുറ്റപ്പണികൾക്കായി സർവ്വകലാശാല യാതൊരു അധികച്ചെലവും വരുത്തിയിട്ടില്ലെന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**237. ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ക്രമവിരുദ്ധമായി മെഡിക്കൽ റീഇംപേഴ്സ്മെന്റ് അനുവദിച്ചത് സംബന്ധിച്ച്-ചെലവുകൾ അംഗീകരിക്കുന്നില്ല.**

(2000-2001 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 125 )

12/9/66- ലെ സർവ്വകലാശാല ഉത്തരവ് നമ്പർ എഡി-എ-1-1757/63 പ്രകാരം സർവ്വകലാശാല ജീവനക്കാർക്ക് 1960-ലെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റന്റൻസ് റൂൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2/12/1974-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ എഡി-ഇ 4-1638/74 പ്രകാരം സർക്കാർ അധീനതയിലുള്ള

സ്ഥാപനങ്ങൾക്കു പുറമെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയും റീ ഇംപേഴ്സ്മെന്റിന്റെ പരിധിയിൽ ഉൾപ്പെടുമെന്ന് പറയുന്നുണ്ടെങ്കിലും സർക്കാർ ആശുപ്രതിയിലോ ഡിസ്പെൻസറിയിലോ ചികിത്സ തേടുമ്പോൾ ലഭിക്കാവുന്ന പരമാവധി തുകയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2000-2001 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ടി ഉത്തരവിൽ നിന്നും വ്യത്യസ്തമായി ക്രമവിരുദ്ധമായി തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഈ ഇനത്തിൽ വിവിധ ജീവനക്കാർക്കായി ആകെ 3824.78 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ഗവ. കത്ത് നമ്പർ 48590/02/87/ എച്ച്&എഫ്.ഡബ്യൂ.എസ്. 19/3/98 പ്രകാരം സ്വകാര്യ സ്ഥാപനങ്ങൾക്ക് സ്കാനിംഗ് ചാർജ് നൽകുന്ന തുകയ്ക്ക് റീഇംബേഴ്സ്മെന്റ് അനുവദനീയമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശോധനയിൽ 14,500/- രൂപ ഈ ഇനത്തിൽ അനുവദിച്ചു നൽകിയതായി കാണുന്നു.

നിരവധി മെഡിക്കൽ റീഇംപേഴ്സ്മെന്റ് ബില്ലുകൾ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റോ, ആശുപത്രിയുടെ സീലോ, പേരോ ഇല്ലാതേയും ഒ.പി ടിക്കറ്റ് നമ്പർ ഇല്ലാതെയും അനുവദിച്ചതായി കാണുന്നു. ഇത്തരം ബില്ലുകളിൽ ഡോക്ടറുടെ വസതിയിലെ ചികിത്സ എന്നും സ്വകാര്യ ചികിത്സ എന്നും രേഖപ്പെടുത്തി കാണുന്നു. ഇത് നിയമ പ്രകാരം അനുവദനീയമല്ല. ഈ ഇനത്തിൽ 59 ജീവനക്കാർക്കായി ആകെ 1,65,888 /- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച പ്രകാരം ക്രമ വിരുദ്ധമായി നൽകിയ 1,84,213/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

238. ക്രമവിരുദ്ധമായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ചുവെന്നതാണ് ഓഡിറ്റ് പരാമർശമെന്നും സർവ്വകലാശാല ജീവനക്കാർക്കും കെ.എസ്.ആർ. ബാധകമാണെന്നും സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്കു മാത്രമേ യൂണിവേഴ്സിറ്റി ജീവനക്കാർക്കും അർഹതയുള്ളുവെന്നുമാണ് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

239. 2001 മുതൽ ഡിസ്പോസബിൾ സാധനങ്ങളുടെ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നില്ലെന്നും പ്രസ്തുത പരാമർശത്തിന്മേൽ 2925/-രൂപ ഒരു ജീവനക്കാരന് അധികമായി നൽകിയെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത ജീവനക്കാരൻ സസ്പെൻഷനിലാണെന്നും ടിയാന്റെ റിട്ടയർമെന്റ് ബെനിഫിറ്റിൽ നിന്ന് തുക തിരിച്ചുപിടിക്കാമെന്ന തീരുമാനമെടുത്തിട്ടുണ്ടെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**240. ക്രമവിരുദ്ധമായി അനുവദിച്ച തുക തിരിച്ചുപിടിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന സർവ്വകലാശാല രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തുക തിരികെ ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വകലാശാല പ്രസ്സ്-യന്ത്രങ്ങളുടെ കാര്യക്ഷമത പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല.**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 90)

കേരള സർവ്വകലാശാലയുമായി ബന്ധപ്പെട്ട അച്ചടി ജോലികൾ നിർവ്വഹിക്കുകയെന്ന ചുമതല നിക്ഷിപ്തമായിരിക്കുന്ന സർവ്വകലാശാല പ്രസ്സിനുവേണ്ടി യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ഭീമമായ തുക ചെലവഴിച്ചിട്ടുണ്ട്. 2001-2002-ൽ 7 അച്ചടി യന്ത്രങ്ങൾ പ്രവർത്തനക്ഷമമായിരുന്നു. അച്ചടി യന്ത്രങ്ങളുടെ 'ഡേ ബുക്ക്' പരിശോധിച്ചതിൽ പല യന്ത്രങ്ങളും ഭാഗികമായി മാത്രം ഉപയോഗിച്ചതായും മറ്റു ചിലവ നിഷ്ക്രിയമാക്കി വച്ചിരുന്നതായും കാണുന്നു. അച്ചടി യന്ത്രങ്ങളുടെ കാര്യക്ഷമത പൂർണ്ണമായി ഉപയോഗപ്പെടുത്താതിരുന്നതിനുള്ള കാരണം ഓഡിറ്റിന് നൽകിയിട്ടില്ല. ഈ പ്രവണത കഴിഞ്ഞ കുറെ കാലങ്ങളായി തുടർന്നു വരുന്നുണ്ട്. ഇത് മൂലം സ്വകാര്യ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിയ്ക്കുക വഴി സർവ്വകലാശാലയ്ക്ക് ഭീമമായ ചെലവ് ഉണ്ടായിട്ടുണ്ട്. സ്വകാര്യ പ്രസ്സുകളെ സഹായിക്കുന്ന തരത്തിൽ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതായി ഓഡിറ്റിൽ സംശയിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തേണ്ടതാണെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.5.(1))

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

241. ലെറ്റർപ്രസ്സ് സംവിധാനത്തിൽ നിന്ന് ഓഫ്സെറ്റ് പ്രസ്സ് സംവിധാനത്തിലേയ്ക്ക് മാറാൻ കാലതാമസം നേരിട്ടിട്ടുണ്ടായിരുന്നുവെന്നും പിന്നീട് അത് പരിഹരിച്ച് പൂർണ്ണമായും ഓഫ്സെറ്റ് പ്രിന്റിംഗിലേക്ക് മാറുകയും സ്വകാര്യ പ്രസ്സുകളിൽ നിന്നുള്ള അച്ചടി പരമാവധി കുറയ്ക്കുകയും ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ടെന്ന രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**242. സർവ്വകലാശാല പ്രസ്-യന്ത്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ടെന്ന രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രിന്റേഴ്സ്, കമ്പോസിറ്റേഴ്സ്, ബൈന്റേഴ്സ് മുതലായ പ്രസ് ജീവനക്കാരുടെ നിഷ്ക്രിയത്വം**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10)

ബൈന്ററർ, വർക്കർ മുതലായ പ്രസ് ജീവനക്കാരെ കൂടാതെ 15 പ്രിന്ററർമാരും, 24 കമ്പോസിറ്ററർമാരും സർവ്വകലാശാല പ്രസ്സിൽ ജോലി ചെയ്തു വരുന്നു. എന്നാൽ 5 ലെറ്റർ പ്രിന്റിംഗും 2 ഓഫ്സെറ്റ് പ്രിന്റിംഗും ഉൾപ്പെടെ ആകെ 7 അച്ചടിയന്ത്രങ്ങളുടെ കാര്യക്ഷമത മാത്രമെ 2001-2002 കാലയളവിൽ ഉപയോഗപ്പെടുത്തിയതായി കാണുന്നുള്ളൂ. ഡേ ബുക്ക് പരിശോധിച്ചതിൽ പ്രിന്ററർമാർ, കമ്പോസിറ്ററർമാർ, ബൈന്ററർമാർ എന്നിവർക്ക് അവരവരുടെ ശാഖകളിൽ കാര്യമായ ജോലിയൊന്നുമില്ലായെന്നു കാണുന്നു. ബന്ധപ്പെട്ട അധികാരികൾ ഇതിന് കാരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല മേൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടുമില്ല. ബന്ധപ്പെട്ട അധികാരികളുടെ താല്പര്യക്കുറവും അശ്രദ്ധയും പ്രസ് ജീവനക്കാർ വളരെ നീണ്ട കാലയളവിൽ നിഷ്ക്രിയരായിരിക്കുന്നതിന് കാരണമായി. ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി അധികാരികളുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.5.(2))

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

243. സർവ്വകലാശാല ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമാർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**244. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് വിഭാഗം: മാൻഹോളുകൾ വൃത്തിയാക്കിയതിലെ അപാകതകൾ**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 13)

2001-2002 വർഷം കാര്യവട്ടം കാമ്പസിലെ ക്വാർട്ടേഴ്സുകൾ, വിവിധ വകുപ്പുകൾ, ഹോസ്റ്റലുകൾ, ഗസ്റ്റ് ഹൗസ് തുടങ്ങിയവയുടെ സമീപത്തുള്ള മാൻഹോളുകളും എസ്.ഡബ്ല്യൂ. പൈപ്പ് ലൈനുകളും വൃത്തിയാക്കിയതിന് പല തവണ പ്രതിഫലം നൽകിയതായി കാണുന്നു.

ഒരു മാൻഹോൾ വൃത്തിയാക്കി 0.432 എം$^2$ മാലിന്യം നീക്കം ചെയ്യുന്നതിന് അനുവദനീയമായ നിരക്ക് 25.82 രൂപയാണ്. എന്നാൽ ഒരു മാൻ ഹോളിന് 84.10 രൂപ നിരക്കിൽ നൽകിയതു മൂലം 58.28 രൂപ നിരക്കിൽ അധിക ചെലവുണ്ടായിട്ടുണ്ട്. ഈ ജോലി നടത്തിച്ച വകയിൽ യൂണിവേഴ്സിറ്റിയ്ക്ക് 25,273/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണക്കാക്കപ്പെട്ടിട്ടുണ്ട്. അനർഹമായ നിരക്ക് അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.6)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

245. സർവ്വകലാശാല ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**246. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയുടേയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് വിഭാഗം: പുരുഷൻമാരുടെ ഹോസ്റ്റലിൽ സീലിംഗ് ഫാനുകൾ സ്ഥാപിച്ചത് - രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 14)

യൂണിവേഴ്സിറ്റി ഓർഡർ നമ്പർ എഡിബി-1/1-2786/92 ആർടി. 22/3/01 പ്രകാരം മെൻസ് ഹോസ്റ്റലിൽ ഫാനുകൾ വാങ്ങുവാനുള്ള അനുമതി നൽകി. വാങ്ങലിന്റേയും സ്ഥാപിക്കുന്നതിന്റേയും വിശദാംശങ്ങൾ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരുന്നില്ല. തുടർന്ന് പർച്ചേസ് നിയമങ്ങൾ ലംഘിച്ചു കൊണ്ട് ന്യൂഡൽഹിയിലെ അലൈഡ് എഞ്ചിനീയറിംഗ് വർക്സിൽ നിന്നും 81 ഫാനുകൾ വാങ്ങുകയുണ്ടായി. ബിൽ നമ്പർ 24 ആർടി.16/3/01 അനുസരിച്ച് 71055.23 രൂപ സാധനവിലയും കടത്തുകൂലിയുമായി നൽകി. ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷനുകൾ തുടങ്ങിയവ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 71,055.23 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.1.7)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

247. കേരള സർവ്വകലാശാലയുടെ 2000-01 ലെ കരട് റിപ്പോർട്ടിലുൾപ്പെട്ട പ്രസ്തുത പരാമർശം സൂക്ഷ്മ പരിശോധനയ്ക്കുശേഷം അന്തിമ റിപ്പോർട്ട് പുറപ്പെടുവിച്ചപ്പോൾ ഒഴിവാക്കപ്പെട്ടുവെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**248. കേരള സർവ്വകാലാശാലയുടെ 2000-01 ലെ കരട് റിപ്പോർട്ടിലുൾപ്പെട്ട പ്രസ്തുത പരാമർശം സൂക്ഷ്മ പരിശോധനയ്ക്കുശേഷം അന്തിമ റിപ്പോർട്ട് പുറപ്പെടുവിച്ചപ്പോൾ ഒഴിവാക്കപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**മഹാത്മാ ഗാന്ധി സർവ്വകലാശാല**

ഓഡിറ്റ് ഖണ്ഡിക

**ഫീസ് ഹിരിവിൽ 710425 രൂപയുടെ കുറവ്**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 9(a)(1), (2), A(3), (4), 9(a), 4(a), 9(b)(i))

മഹാത്മാ ഗാന്ധി സർവ്വകലാശാലക്ക് ഫീസിനത്തിൽ 7,10,425 രൂപയുടെ നഷ്ടം. മെട്രിക്കുലേഷൻ, അഫിലിയേഷൻ, വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസിനങ്ങളിലാണ് നഷ്ടം.

സർവ്വകലാശാലയുടെ 01.04.1997-ലെ എസിഎ 1/2/842/ഫീ/97 ഉത്തരവിൽ മെട്രിക്കുലേഷൻ ഫീ 50 രൂപയും അഫിലിയേഷൻ ഫീ പ്രീഡിഗ്രിക്കാർക്ക് 100 രൂപയും ബിരുദ വിദ്യാർത്ഥികൾക്ക് 150 രൂപയും

നിർണയിച്ചിട്ടുണ്ട്. ഈ നിരക്കിൽ ഈടാക്കാഞ്ഞതിനാൽ 97-98 മുതൽ 99-2000 വരെ മെടിക്കുലേഷൻ ഫീസിൽ 1,12,875/- രൂപയും അഫിലിയേഷൻ ഫീസിൽ 97-98 മുതൽ 2000-01 വരെ 1,26,900/- രൂപയും കുറവ് വന്നിട്ടുണ്ട്.

03.10.1994-ലെ എസി.എ 1.1 എ 661/94-95 ഉത്തരവ് പ്രകാരം വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ആകെ ഫീസിന്റെ 10 ശതമാനം അഡ്മിനിസ്ട്രേഷൻ ഫീസ് ആയി യൂണിവേഴ്സിറ്റി ഫണ്ടിൽ ഓരോ മാനേജ്മെന്റും അടക്കേണ്ടതാണ്. എന്നാൽ മാർ അഗസ്റ്റിനോസ് കോളേജ്, രാമപുരം, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ടെയിനിംഗ് കോളേജ് നെടുംകുന്നം എന്നീ കോളേജുകൾ ഈ ഇനത്തിൽ യൂണിവേഴ്സിറ്റി ഫണ്ടിൽ അടക്കേണ്ട തുക 4,70,650/- രൂപ അടച്ചിട്ടില്ലാത്തതിനാൽ യൂണിവേഴ്സിറ്റിക്ക് 4,70,650/- രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ഫീസിനങ്ങളിലെ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.2.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

249. മെടിക്കുലേഷൻ ഫീസ്, അഫിലിയേഷൻ ഫീസ്, അഡ്മിനിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് 7,10,425/- രൂപയുടെ കുറവ് വന്നിട്ടുണ്ടെന്ന ഓഡിറ്റ് പരാമർശത്തെ തുടർന്ന് 9 സോണുകളായി തിരിച്ച് സ്പെഷ്യൽ റിക്കവറി അദാലത്ത് നടത്തി മുഴുവൻ തുകയും തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് സർവ്വകലാശാലാ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. അഫിലിയേഷൻ, വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഇനങ്ങളിലുണ്ടായിരുന്ന കുടിശ്ശിക ഈടാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**250. അഫിലിയേഷൻ, വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഇനങ്ങളിലുണ്ടായിരുന്ന കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്ന സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫോട്ടോ കോപ്പിയർ/ടൈപ്പ് റൈറ്റർ ഇടപാടിൽ 1,77,635/- രൂപ നഷ്ടം**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 28 (ബി) (എഫ്))

ഫോട്ടോ കോപ്പിയർ, ടൈപ്പ് റൈറ്റർ ഇടപാടിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലക്ക് 1,77,635/- രൂപയുടെ നഷ്ടം.

സർവ്വകലാശാല ലൈബ്രറിയിലെ കേടായ ഫോട്ടോ കോപ്പിയർ മാറ്റി പുതിയത് വെക്കുന്നതിന് നിർമ്മാതാക്കളായ മോഡി സിറോക്സ് കമ്പനി ഒരു കൈമാറ്റ വ്യവസ്ഥ സമർപ്പിച്ചു. ഇതിൽ കേടായ ഫോട്ടോ കോപ്പിയറിന് 45,000/- രൂപ കൈമാറ്റ വിലയും പുതിയ മോഡലിന്റെ സ്ഥാപനച്ചെലവ് 1,34,071/-രൂപയും അടങ്ങിയിരുന്നു. ഫോട്ടോ കോപ്പിയർ സ്ഥാപിക്കുമ്പോൾ കമ്പനിയുമായി ചമച്ച കരാർ നിലവിലുള്ളപ്പോഴായിരുന്നു ഇത്. 10 ലക്ഷം പകർപ്പുകൾ എടുക്കുന്നതു വരെ, ഫോട്ടോ കോപ്പിയറിന്റെ പ്രവർത്തനക്ഷമത നിലനിർത്താൻ വേണ്ട കേടായ യന്ത്രഭാഗങ്ങൾ മാറ്റി വെക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ കരാറിൽ കമ്പനി വാഗ്ദാനം ചെയ്തിരുന്നു.

എന്നാൽ കൈമാറ്റ വ്യവസ്ഥ സമർപ്പിക്കുന്ന 99 സെപ്തംബർ വരെ 3,33,270 പകർപ്പുകൾ മാത്രമാണ് എടുത്തിരുന്നത്. കമ്പനി പ്രത്യക്ഷമായി കരാർ ലംഘിച്ചിട്ടും സർവ്വകലാശാല നടപടിയെടുത്തില്ല. കരാർ ലംഘനത്തിലൂടെ സർവ്വകലാശാലക്ക് 1,66,635/- രൂപ നഷ്ടമുണ്ടായതായി ഓഡിറ്റിൽ കണക്കാക്കുന്നു. ഇത കമ്പനിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

കൈമാറ്റ വ്യവസ്ഥ അംഗീകരിക്കാതെ 2003-ൽ ക്വട്ടേഷൻ ക്ഷണിച്ചാണ് ഫോട്ടോ കോപ്പിയർ മാറ്റി വെച്ചത്. അപ്പോൾ കൈമാറ്റ വില 30,000/- രൂപയും പുതിയ മോഡലിന്റെ സ്ഥാപന ചെലവ് 2,41,500/- രൂപയുമായിരുന്നു. 99 ലെ കൈമാറ്റ വ്യവസ്ഥ അംഗീകരിച്ചിരുന്നെങ്കിൽ കൈമാറ്റ വിലയിലെ 15,000/- രൂപയുടെ കുറവും സ്ഥാപന ചെലവിൽ ഒരു ലക്ഷം അധികം നല്കേണ്ടി വന്നതും ഒഴിവാക്കാമായിരുന്നു.

കടലാസ് വില, കമ്പനി വിഹിതം, ഓപ്പറേറ്റർ വേതനം എന്നിവ കണക്കാക്കുമ്പോൾ ഒരു പകർപ്പിന് രണ്ട് രൂപയിൽ അധികം വരുന്നതിനാൽ ഫോട്ടോ കോപ്പിയർ സർവ്വകലാശാലക്ക് ലാഭകരമല്ല. അതിനാൽ ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ വേണം.

ഇതേ പോലെ ടൈപ്പ് റൈറ്റർ വാങ്ങുന്നതിന് ലഭിച്ച കുറഞ്ഞ ക്വട്ടേഷനിൽ സർവ്വകലാശാലയിലെ കേടായ 15 ടൈപ്പ് റൈറ്ററുകൾക്ക് 11,000/- രൂപ കൈമാറ്റ വില നിർദ്ദേശിച്ചിരുന്നു. ഇത് അംഗീകരിക്കാതെ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് 1,18,750/- രൂപക്ക് 14 പുതിയ ടൈപ്പ് റൈറ്ററുകൾ വാങ്ങി, കൈമാറ്റ വിലയായി ലഭിക്കുമായിരുന്ന 11,000 രൂപ നഷ്ടപ്പെടുത്തി. മാത്രമല്ല 9 എണ്ണം ആവശ്യമായിരുന്നപ്പോൾ 14 എണ്ണം വാങ്ങിയതിന് വിശദീകരണമില്ല. അനാവശ്യമായി സാധനങ്ങൾ വാങ്ങി കൂട്ടുന്നത് ധന ദുർവിനിയോഗമായതിനാൽ അന്വേഷിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.2.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

251. കരാറിൽ മെഷീൻ സ്ഥാപിച്ച് 10 ലക്ഷം പകർപ്പുകൾ എടുക്കുന്നതുവരെ ഫോട്ടോകോപ്പിയറിന്റെ പ്രവർത്തനക്ഷമത നിലനിർത്താൻ കേടായ യന്ത്രഭാഗങ്ങൾ മാറ്റി വയ്ക്കുന്നതുൾപ്പെടെയുള്ള

സേവനങ്ങൾ കമ്പനി വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും അത് അതിലംഘിച്ചത് സംബന്ധിച്ച് എന്താണ് അറിയിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 1993-ൽ വാങ്ങിയ മോഡി സിറോക്സ് കമ്പനിയുടെ ഫോട്ടോകോപ്പിയർ മെഷീന് കേട്പാട് സംഭവിച്ചപ്പോൾ സ്പെയർപാർട്സ് ലഭ്യമല്ലാത്തതിനാൽ പുതിയ മെഷീൻ സ്ഥാപിക്കുന്നതിന് കമ്പനി കൈമാറ്റ വ്യവസ്ഥ സമർപ്പിച്ചുവെന്നും ആയതിൻപ്രകാരം പുതിയ മോഡൽ മെഷീന് 1.34 ലക്ഷം രൂപയും കേടായ ഫോട്ടോ കോപ്പിയറിന് 45,000/- രൂപയും കൈമാറ്റ വില നിശ്ചയിച്ചെങ്കിലും പ്രസ്തുത കരാറിൽ തീരുമാനമൊന്നും എടുത്തില്ലെന്നും അതിനുശേഷം 2003-ൽ തോഷിബ എന്ന കമ്പനിയുടെ മറ്റൊരു മെഷീൻ വാങ്ങുകയാണുണ്ടായതെന്നും ഫിനാൻസ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

252. ഇത്തരം പ്രശ്നങ്ങൾ ആവർത്തിയ്ക്കാതിരിക്കാനുള്ള നടപടി സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി അന്വേഷിച്ചതിന് മെഷീന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ വർഷവും ടി പ്രവൃത്തി ചെയ്യാത്ത ഏജൻസിക്കെതിരെ നടപടി സ്വീകരിയ്ക്കുന്നുണ്ടെന്നും ഫിനാൻസ് ഓഫീസർ അറിയിച്ചു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**253. സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടെണ്ടർ അംഗീകരിക്കാൻ വൈകി; 8,67,350/- രൂപ നഷ്ടം**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 28(b))

കെട്ടിടം പണിക്ക് ലഭിച്ച ടെണ്ടർ ഫോം പിരിയഡിനുള്ളിൽ

സിൻഡിക്കേറ്റ് അംഗീകരിച്ച് അനുമതി നൽകാഞ്ഞതിനാൽ മഹാത്മാ ഗാന്ധി സർവ്വകലാശാലക്ക് 8,67,350/- രൂപയുടെ നഷ്ടം.

41.5 ലക്ഷം അടങ്കലിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിന് കെട്ടിടം പണിയാൻ ടെണ്ടർ ക്ഷണിച്ചിരുന്നു. 39.9%, 49%, 52% എന്നിങ്ങനെ അധിക നിരക്കിൽ ലഭിച്ച മൂന്ന് ടെണ്ടറുകൾ 07.03.1995-ൽ തുറന്നു. 22.06.1995-ലാണ് സിൻഡിക്കേറ്റ് കൂടിയത്. സർവ്വകലാശാല എഞ്ചിനീയർ പണി നടത്താൻ അനുമതി നല്കിയത് 8.8.95 ലും.

ഫോം പിരിയഡിനുള്ളിൽ സിൻഡിക്കേറ്റ് അംഗീകരിച്ച് അനുമതി നല്കാഞ്ഞതിനാൽ കുറഞ്ഞ നിരക്ക് 39% ക്വോട്ട് ചെയ്ത കരാറുകാരൻ പണി ഏറ്റെടുത്തില്ല. കരാറുകാരനുമായി ചർച്ച നടത്തുകയോ അടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് ടെണ്ടറെ സമീപിക്കുകയോ ചെയ്യാതെ സർവ്വകലാശാല റീടെണ്ടർ ചെയ്തു. ആദ്യ ടെണ്ടറിൽ 52% ക്വോട്ട് ചെയ്ത കരാറുകാരന്റെ 59.9% അധിക നിരക്കിലെ രണ്ടാമത്തെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഫലത്തിൽ 20.9% അധിക നിരക്കിൽ പണി നടത്തേണ്ടി വന്ന ഫോം പിരിയഡിനുള്ളിൽ തന്നെ വർക്ക് ഓർഡർ നൽകിയിരുന്നുവെങ്കിൽ 8,67,350/- രൂപയുടെ നഷ്ടം ഒഴിവാക്കാമായിരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.2.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

254. സ്കൂൾ ഓഫ് കമ്പ്യൂട്ടർസയൻസിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി സ്ഥാപനം പ്രവർത്തിയ്ക്കുന്നുണ്ടെന്ന് ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**255. സ്കൂൾ ഓഫ് കമ്പ്യൂട്ടർസയൻസിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി**

**സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ടെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വീസ് നിയമങ്ങൾ പാലിച്ചില്ല; 10,32,106/- രൂപയുടെ അന്യായ ചെലവ്**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്, ഭാഗം (4) ഖ. 11 (എ) (ബി), ഖ.27, ഖ.46, ഖ.37 (ഭാഗം 5), ഖ.53 (1) മുതൽ (10) വരെ (ഭാഗം -5), ഖ.58, ഖ.55 (1), ഖ. 41)

സർവ്വീസ് നിയമങ്ങൾ പാലിക്കാതെ ആനുകൂല്യങ്ങൾ നല്കി മഹാത്മാ ഗാന്ധി സർവ്വകലാശാല 10,32,106/- രൂപയുടെ അന്യായ ചെലവ് വരുത്തി. ഓഡിറ്റിൽ കണ്ടെത്തിയ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

1. 96 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ റിഫ്രഷർ കോഴ്സിൽ പങ്കെടുത്ത കോളേജ് അധ്യാപകർക്ക് കെ.എസ്.ആറിന് നിരക്കാത്ത ദിനബത്ത നല്കിയതിനാൽ 94437 രൂപ നഷ്ടമായി. 95 അധ്യാപകർക്ക് 26 ദിവസം 100 രൂപ നിരക്കിലാണ് ദിനബത്ത നല്കിയത്. കെ.എസ്.ആർ. പാർട്ട് രണ്ട്-റൂൾ 59- ഒരിടത്ത് തുടർച്ചയായ താമസത്തിന് പൂർണ്ണ ദിനബത്ത ആദ്യ 10 ദിവസത്തേക്ക് പരിമിതപ്പെടുത്തുന്നു. തുടർന്നുള്ള 20 ദിവസം മുക്കാൽ ദിനബത്തക്കാണ് അർഹത. മാത്രമല്ല 96 ൽ അധ്യാപകർക്ക് അർഹമായ ദിനബത്ത 70 രൂപയാണ്.

2. സർവ്വകലാശാലക്ക് ബാധകമല്ലാത്ത 25.11.98 ലെ 3000/98/ഫിൻ സർക്കാർ ഉത്തരവിന്റെ മറവിൽ റോണിയോ ഓപ്പറേറ്റർമാർക്ക് സ്പെഷ്യൽ അലവൻസ് നല്കി. ഈ ഇനത്തിൽ 34,143 രൂപ യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടമായി കണക്കാക്കുന്നു.

3. 85-ലെ യൂണിവേഴ്സിറ്റി ആക്ട് സെക്ഷൻ 37 സർവ്വകലാശാല ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നിഷ്കർഷിക്കുന്നുണ്ട്. ഇതിന് വിരുദ്ധമായി 61,450/- രൂപ

ജീവനക്കാർക്ക് പാക്കിംഗ് അലവൻസ് നല്കി.

4. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ജീവനക്കാരുടെ യാത്രാപടി കെ.എസ്.ആർ. അനുസരിച്ചായിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതിന് വിരുദ്ധമായി പരീക്ഷാ ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് ദിനബത്തയ്ക്ക് പുറമെ സ്പെഷ്യൽ അലവൻസ് നല്കിയതിനാൽ 2,83,640/- രൂപയുടെ അന്യായ ചെലവുണ്ടായി.

5. പരീക്ഷാ വിഭാഗത്തിലെ സെക്ഷൻ ഓഫീസർ മുതൽ പ്യൂൺ വരെയുള്ളവർക്ക് സെമസ്റ്റർ പരീക്ഷാ ജോലിക്ക് 2,92,336/- രൂപ സ്പെഷ്യൽ വേതനം നല്കി. കെ.എസ്.ആർ.- പാർട്ട് 1 രൂൾ 14 പ്രകാരം ഇത് തെറ്റാണ്.

6. സ്കൂട്ടർ അഡ്വാൻസ് വാങ്ങിയ 20 ജീവനക്കാർക്ക് നിയമ വിരുദ്ധമായി അരിയർ നല്കിയിട്ടുണ്ട്. ഈ ഇനത്തിലെ ചെലവ് 2,27,100/- രൂപ.

7. 28.8.97 ലെ പി.നം.734/97/ഫിൻ സർക്കാർ ഉത്തരവ് പെൺമക്കളുടെ വിവാഹത്തിന് മുൻകൂർ നല്കുന്നത് ക്ലാസ് 4 ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഉത്തരവ് ലംഘിച്ച് ക്ലാസ് 3 ജീവനക്കാർക്ക് 39,000/- രൂപ നൽകിയിട്ടുണ്ട്.

സർവ്വീസ് നിയമങ്ങൾക്ക് വിരുദ്ധമായി നല്കിയ ആനുകൂല്യങ്ങൾ തിരിച്ച് പിടിക്കേണ്ടതാണ്.

ഇതോടൊപ്പം സർവ്വകലാശാല വാഹന വിഭാഗത്തിലെ ജീവനക്കാർക്ക് അവധി ദിനങ്ങളിലെ വേതനം നല്കിയതായി ഓഡിറ്റിൽ കണ്ടെത്തി. തുക കണക്കാക്കി തിരിച്ച് ഈടാക്കേണ്ടതാണ്.

ജീവനക്കാർക്ക് ഗ്രേഡ് അനുവദിക്കുന്നതിലും സർവ്വീസ് നിയമങ്ങൾ പാലിച്ചിട്ടില്ല. 25 വർഷത്തെ ഗ്രേഡ് നിയമ വിരുദ്ധമായി അനുവദിച്ചതിനാൽ സർവ്വകലാശാലക്ക് നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം കണക്കാക്കി ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.2.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

256. 1996-ൽ റിഫ്രഷർ കോഴ്സ് നടത്തിയതിൽ 95 അദ്ധ്യാപകർക്ക് 94,437/- രൂപ ദിനബത്ത നൽകിയതുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് നോട്ടീസ് നൽകുകയും ആയതിൻ പ്രകാരം കുറച്തുക തിരിച്ചു പിടിക്കുകയും ചെയ്തിട്ടുണ്ടെന്നും റോണിയോ ഓപ്പറേറ്റർക്ക് 34,000/- രൂപ അധികമായി നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ അധികസമയം ജോലി ചെയ്തതിനാണ് തുക നൽകിയതെന്നും ഓഡിറ്റ് പരാമർശം വന്ന സമയത്ത് തുക തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റിൽ ചർച്ച ചെയ്തപ്പോൾ ടി തുക തിരിച്ചുപിടിക്കേണ്ട ആവശ്യമില്ലെന്നും മേലിൽ ആവർത്തിക്കാതിരുന്നാൽ മതിയെന്നുമുള്ള തീരുമാനമാണ് എടുത്തതെന്നും പരീക്ഷാജോലിയുമായി ബന്ധപ്പെട്ട് അധികസമയം ജോലി ചെയ്തതിന് പാക്കിംഗ് അലവൻസ് കൊടുത്തതുമായി ബന്ധപ്പെട്ട പരാമർശത്തിൽ ടി ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫ് കൊടുക്കുന്നതിനുപകരം തുച്ഛമായ തുകയാണ് പാക്കിംഗ് അലവൻസായി നൽകിയിട്ടുള്ളതെന്നും ഫിനാൻസ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

257. കെ.എസ്.ആർ. പ്രകാരമുള്ള നിരക്ക് മാത്രമേ സർവ്വകലാശാലാ ജീവനക്കാർക്കും അനുവദിയ്ക്കാവൂ എന്ന ഓഡിറ്റ് പരാമർശത്തിൽ കെ.എസ്.ആർ. അനുസരിച്ച് കോമ്പൻസേറ്ററി ഓഫ് മാത്രമേ നൽകാൻ സാധിയ്ക്കുകയുള്ളൂവെന്നും പരീക്ഷാ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിയ്ക്കാത്തതുകൊണ്ടാണ് പാക്കിംഗ് അലവൻസ് നൽകിയതെന്നും 25 വർഷത്തെ ഗ്രേഡ് നിയമവിരുദ്ധമായി അനുവദിച്ചുവെന്ന പരാമർശം വന്നതിനുശേഷം ജീവനക്കാരിൽ നിന്നും തുക

തിരിച്ചു പിടിച്ചിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

258. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ ആയതിന് നടപടി സ്വീകരിയ്ക്കുന്നതാണെന്ന് ഫിനാൻസ് ഓഫീസർ മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**259. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## ഗുരുവായൂർ ദേവസ്വം

## വൈദ്യുതി കമ്പി മാറ്റുന്ന പദ്ധതിയിൽ അപാകതകൾ

**(2001-02 ഓഡിറ്റ് റിപ്പോർട്ട് എൽ.എഫ്.(ജി.സി)എ 1-650/03; 06.10.03 പ്രത്യേക കത്ത്)**

നിയമ പ്രകാരം വൈദ്യുതി ബോർഡിന്റെ ബാധ്യതയായ പദ്ധതിക്ക് ദേവസ്വം 407436/- രൂപ ബോർഡിൽ നിക്ഷേപിച്ചു. പൊതുജന സുരക്ഷ മുൻ നിർത്തി കിഴക്കെ നടപ്പുരയിലെ സ്വകാര്യ വ്യക്തികൾക്കുവേണ്ടി വലിച്ചിരുന്ന കമ്പികൾ ഭൂഗർഭ കമ്പികളാക്കി മാറ്റുന്നതിനാണ് പണം നിക്ഷേപിച്ചത്. 1956 ലെ വൈദ്യുതി നിയമപ്രകാരം സുരക്ഷാ കാരണങ്ങളാൽ കമ്പി മാറ്റി സ്ഥാപിക്കേണ്ടത് ബോർഡ് തന്നെയാണ്. മാത്രമല്ല പൊതുജന സുരക്ഷ പോലെ അടിയന്തിര പ്രാധാന്യമുള്ള പദ്ധതിക്ക് പണം നിക്ഷേപിച്ച് 6 വർഷം കഴിഞ്ഞിട്ടും പണി തുടങ്ങിയിട്ടില്ല. ദേവസ്വം ഫണ്ട് വൈദ്യുതി ബോർഡിൽ കിടക്കുന്നതിനാൽ പലിശയിനത്തിലും ദേവസ്വത്തിന് വൻ നഷ്ടമുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ ദേവസ്വം തുടർനടപടികളും സ്വീകരിച്ചില്ല. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പലിശ ഈടാക്കേണ്ടതും വൈദ്യുതി ബോർഡിൽ നിന്ന് നിക്ഷേപം തിരികെ വാങ്ങേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 9.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

260. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഓഡിറ്റ് നടത്തുന്നത് ഓഡിറ്റ് വകുപ്പാണോയെന്ന് സമിതി ആരാഞ്ഞതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ പേര് പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റിനാണ് സെക്ഷൻ 4 അനുസരിച്ചുള്ള അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുള്ളതെന്നും പ്രസ്തുത ആക്ടിന്റെ ഷെഡ്യൂളിൽ ഗുരുവായൂർ ദേവസ്വം ഉൾപ്പെടുന്നില്ലെന്നും ഗുരുവായൂർ ദേവസ്വം ആക്ട് പ്രകാരം അതിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് ചെയ്തുകൊണ്ടിരുന്നതെന്നും തിരുവിതാംകൂർ ദേവസ്വം, കൊച്ചിൻ ദേവസ്വം എന്നിവയുടെയും ഓഡിറ്റ് ബഹു. ഹൈക്കോടതി നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തന്നെയാണ് ചെയ്യുന്നതെന്നും ഷെഡ്യൂളിൽ ഉൾപ്പെടാത്തതുകൊണ്ട് പിന്നീടുള്ള വർഷങ്ങളിൽ ഗുരുവായൂർ ദേവസ്വത്തിന്റെ ഓഡിറ്റ് വിവരങ്ങൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ലെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

261. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ കണക്കുകൾ പരിശോധിക്കുന്നത് ഹൈക്കോടതിയായതുകൊണ്ട് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കണക്കുകൾ കൂടി പരിശോധിക്കുന്നത് ഹൈക്കോടതിയെ ഏൽപ്പിക്കുന്നതിനോ അല്ലെങ്കിൽ സമിതിയ്ക്ക് അതിനുള്ള അവകാശം നൽകുന്നതിനോ ആക്ടിൽ ഭേദഗതി വരുത്തണമെന്നുമുള്ള കഴിഞ്ഞ സമിതിയുടെ നിർദ്ദേശത്തിന്മേൽ സർക്കാർ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഭാഗം ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

262. ഇക്കാര്യം സംബന്ധിച്ച് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ അഭിപ്രായം സമിതി ആരാഞ്ഞു. ആക്ട് പ്രകാരം നിലവിൽ കൺകറന്റ് ഓഡിറ്റാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ഓഡിറ്റ് റിപ്പോർട്ട് ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കുകയും കമ്മീഷണർ അഡ്മിനിസ്ട്രേറ്ററുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെയും അഭിപ്രായമാരാഞ്ഞതിനുശേഷം നടപടി ആവശ്യമുള്ള ഖണ്ഡികകളിന്മേൽ മീറ്റിംഗ് കൂടി തീരുമാനമെടുക്കുകയാണ് ചെയ്തതെന്നും ഗുരുവായൂർ ദേവസ്വം ബോർഡ് ലോ ഓഫീസർ സമിതിയെ അറിയിച്ചു.

263. ഓഡിറ്റ് പരാമർശത്തിന് മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്ന് ഗുരുവായൂർ ദേവസ്വം ബോർഡ് അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടി സമിതി പരിഗണിയ്ക്കവെ കമ്മീഷണർക്കെതിരെ ആരോപണമുണ്ടായാൽ അതിന്മേൽ തീരുമാനമെടുക്കുന്നതും കമ്മീഷണർ തന്നെയല്ലേയെന്ന് സമിതി സംശയം ഉന്നയിച്ചു. കമ്മീഷണറുടെ ആക്ടിവിറ്റീസല്ല ഓഡിറ്റിന്റെ പരിധിയിൽ വരുന്നതെന്നും ദേവസ്വത്തിന്റെ അഡ്മിനിസ്ട്രേഷൻ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിയിലാണെന്നും മാനേജിംഗ് കമ്മിറ്റിയെടുക്കുന്ന തീരുമാനമനുസരിച്ച് ക്രമപരവും ന്യായവുമായ കാര്യങ്ങൾക്കാണോ തുക വിനിയോഗിച്ചിട്ടുള്ളത്, ബിൽ പാസാക്കിയതിൽ വ്യത്യാസമുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്നതെന്നും ഫിനാൻഷ്യൽ സാങ്ഷൻ നൽകുന്നുവെന്നതല്ലാതെ കമ്മീഷണർക്ക് ഇതുമായി യാതൊരു ബന്ധവുമില്ലെന്നും ലോ ഓഫീസർ സമിതിയെ അറിയിച്ചു.

264. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ വാർഷിക ഭരണ റിപ്പോർട്ടുകൾ 10-12 വർഷമായി കുടിശ്ശികയിലാണെന്നും സഭയിൽ സമർപ്പിക്കുന്നില്ലെന്നും സമിതിയംഗം അഭിപ്രായപ്പെട്ടതിന് എല്ലാ വർഷവും കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിയ്ക്കാറുണ്ടെന്ന് ലോ ഓഫീസർ സമിതിയെ അറിയിച്ചു.

265. ഗുരുവായൂർ ദേവസ്വം ഓഡിറ്റ് സംബന്ധിച്ച വിഷയത്തിൽ സമിതി അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റ് വ്യക്തത വരുത്തി ചെയ്യേണ്ട പ്രശ്നങ്ങളുണ്ടെന്നും ഗവൺമെന്റ് വ്യക്തത വരുത്തിയതിനുശേഷം അതിനനുസരിച്ചുള്ള നിലപാട് സ്വീകരിയ്ക്കാമെന്നും ഇക്കാര്യം ഒന്നുകൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും ബഹു. സമിതി ചെയർമാൻ നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**266. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഓഡിറ്റ് സംബന്ധിച്ച വിഷയത്തിൽ സർക്കാർ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയതിനുശേഷം അതനുസരിച്ചുള്ള നിലപാട് സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ**

| ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|
| ഗുരുവായൂർ ദേവസ്വം 95-96 | 1. പ്രസാദ ഊട്ടിന് ആവശ്യമായ പുഴുക്കലരി വാങ്ങിയ ചെലവ് | 4,20,217 |
| | 2. പഞ്ചസാരയുടെ കൺവെർഷൻ ചാർജ്ജ് നെഗോഷ്യേഷ്യൻ നടത്തിയത് | 74,250 |
| | 3. തലക്കോട്ടുകര മഹാദേവ ക്ഷേത്രത്തിൽ ബലിക്കൽപുര നിർമ്മിക്കൽ | 93,166 |
| | 4. ക്ലാസ് 4 ജീവനക്കാർക്കുവേണ്ടി താമരയൂരിൽ ബ്ലോക്ക് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം | 20,47,334 |
| | 5. വെള്ളം-എത്തിച്ചത് ബദൽ സംവിധാനം | 89,818 |
| | 6. 97-98 മുതൽ 98-99 വരെ ക്ഷേത്രം ആവശ്യത്തിന് നെല്ല് വാങ്ങിയതിലേയും ചെലവ് എഴുതിയതിലേയും അപാകതകൾ | 30,021 |
| | 7. സസ്പെൻഷൻ കാലയളവിൽ ഉപജീവനബത്ത തിരിച്ചു പിടിച്ചത് | 24,308 |
| | 8. ബാച്ചിലേഴ്സ് ക്വാർട്ടേഴ്സിലെ വൈദ്യുതി താരിഫ് മാറ്റാൻ കാലതാമസം | 20,420 |

| | | | |
|---|---|---|---|
| | | വരുത്തിയതിനാലുണ്ടായ നഷ്ടം | |
| | 98-99 | 1. താമരയൂരിലെ ക്ലാസ്3, ക്ലാസ്4 ക്വാർട്ടേഴ്സിന് അഴുക്കുചാൽ നിർമ്മിച്ച പ്രവൃത്തി | 61,509 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 9.3.1.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് റവന്യൂ (ദേവസ്വം) വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

267. മേൽ സൂചിപ്പിച്ച എല്ലാ ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കി പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന് ഗുരുവായൂർ അഡ്മിനിസ്ട്രേറ്റർ സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**268. ഗുരുവായൂർ ദേവസ്വത്തിന്റെ മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കി പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന ഗുരുവായൂർ അഡ്മിനിസ്ട്രേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

| | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| | | **എച്ച്.ആർ.ഇ. ഓഡിറ്റ്, തലശ്ശേരി** | |
| **ശ്രീ ചെറുകുന്ന് അന്നപൂർണ്ണേശ്വരീ ക്ഷേത്രം** | 97-01 | 1. കാഷ്ബുക്കിൽ ഒരു മാസത്തെ ശമ്പളം കൂടുതൽ ചെലവ് കാണിച്ചത് | 10728 |
| | | 2. അക്വിറ്റൻസ് രജിസ്റ്റർ -ഉദ്യോഗസ്ഥന്റെ പേരും ഒപ്പുമില്ല | 9770 |
| | | 3. സ്റ്റോർ ക്രമക്കേടുകൾ | 21061 |
| | | 4. നിത്യതക്ക് എണ്ണ - സ്റ്റോക്ക് സൂക്ഷിക്കാത്തതു വഴി ക്ഷേത്രം | 9750 |

| | | | |
|---|---|---|---|
| | | ഫണ്ടിനുള്ള നഷ്ടം | |
| | | 1. ക്ഷേത്രം സ്റ്റോറിലേക്ക് | 5814 |
| **ശ്രീ കുഞ്ഞിമംഗലം മഠത്തുംപാടി ക്ഷേത്രം** | **00-02** | വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | |
| | | 2. ക്ഷേത്രം സ്റ്റോറിലേക്ക് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 32338 |
| **ശ്രീ കുന്നത്തൂർ പാടി മുത്തപ്പൻ ക്ഷേത്രം** | **97-01** | 1. ഭണ്ഡാരത്തിൽ നിന്നുള്ള വരവ് ക്ഷേത്ര ഫണ്ടിൽ വരവ് വെക്കാതെ ധനാപഹരണം നടത്തി | 17874 |
| | | 2. കാലാവധി എത്തിയ സ്ഥിര നിക്ഷേപത്തിന്റെ രസീത് ഹാജരാക്കിയില്ല | 10000 |
| **ശ്രീ തച്ചംബരം ശ്രീകൃഷ്ണക്ഷേത്രം** | **97-01** | സ്ഥിരനിക്ഷേപത്തിന്റെ പലിശ വരവ് കുറവ് | 26140 |
| **ശ്രീ കടലായി ശ്രീകൃഷ്ണ ക്ഷേത്രം** | **97-00** | 2. നിത്യതക്ക് എണ്ണ ചെലവ് ദീപസ്തംഭത്തിന് ചെലവു വരുന്ന എണ്ണ കുറവ് ചെയ്യാത്തത് | 18460 |
| **ശ്രീ തിരുനെല്ലി ക്ഷേത്രം** | **01-02** | I. വിശ്രമ മന്ദിരം നിർമ്മാണം | 411263 |
| **ശ്രീ അടുക്കത്ത് ഭഗവതി ക്ഷേത്രം, ബെഡഡുക്ക** | **96-02** | 1. കാഷ്ബുക്കിലെ വ്യത്യാസം | 7008 |
| **ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രം** | **97-02** | 1. കാഷ്ബുക്കിൽ കൈയ്യിരിപ്പ് തുക കാണിച്ചതിൽ കുറവ് | 27406 |
| | | 2. കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുതുക അടുത്ത ദിവസം മുന്നിരിപ്പായി കാണിച്ചതിലെ കുറവ് | 8000 |
| | | 3. ബാങ്കിൽ അടച്ചതായി കാഷ്ബുക്കിൽ ചെലവ് കാണിച്ച തുക ബാങ്കിൽ അടക്കാത്തത് | 14,500 |
| | | 4. ബാങ്കിൽ നിന്നു പിൻവലിച്ച തുക കാഷ് ബുക്കിൽ വരവ് കാണിക്കാത്തത് | 9945 |
| | | 5. ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ക്ഷേത്ര ഫണ്ടിൽ നിന്ന് വകമാറ്റിയ സംഖ്യ ബന്ധപ്പെട്ട അക്കൗണ്ടിൽ വരവ് വയ്ക്കാത്തത് | 78530 |
| | | 6. സ്ഥിര നിക്ഷേപം പിൻവലിച്ചത്, ക്യാഷ് ബുക്കിൽ വരവ് ചേർത്തത് | 29466 |
| | | 7. പലവക രശീതി വരവ് വച്ചതിലെ കുറവ് | 48024 |
| | | 8. മുഖവില രശീതി വരവ് ചേർത്തതിലെ കുറവ് | 19070 |

| | | | |
|---|---|---|---|
| | | 9. ചിലംപിട്ടകലശം മുഖവില രശീതി ഓഡിറ്റിൽ ലഭ്യമാക്കാത്തത് | 75000 |
| | | 10. ഒരേ ചെലവ് രണ്ടു പ്രാവശ്യം കാഷ് ബുക്കിൽ ചെലവെഴുതിയത് | 3950 |
| | | 11. എണ്ണ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല | 4085 |
| | | 12. ക്ഷേത്രം സ്റ്റോറിലേക്ക് പഴം വാങ്ങിയ ഇനത്തിൽ അധിക ചെലവ് | 12000 |
| **ശ്രീ പറശ്ശിനി മംപ്പുര മുത്തപ്പൻ ക്ഷേത്രം** | 01-02 | 1. ശമ്പളം അധികം നൽകിയത് | 5395 |
| | | 2. നിർമ്മാല്യം, അവിൽ, പയർ സ്റ്റോക്കിൽ എടുത്തിട്ടില്ല | 15225 |
| **പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം** | 00-02 | 1. എക്സിക്യൂട്ടീവ് ഓഫീസറുടെ സസ്പെൻഷൻ ഉപജീവനബത്ത തിരിച്ചു പിടിക്കേണ്ടത് | 32078 |
| | | 2. കൂടിയ വിലയ്ക്ക് സാധനം വാങ്ങിയത് ദേവസ്വം ഫണ്ടിന് നഷ്ടം | 42164 |
| | | 3. വഴിപാട് ചെലവ് -ഉപയോഗിച്ച എണ്ണയുടെ അളവ് കൂടുതൽ കാണിച്ചത് ക്ഷേത്രഫണ്ടിന് നഷ്ടം | 11700 |
| **ശ്രീ പുൽപ്പള്ളി** | 01-02 | 1. ക്ഷേത്രക്കുളത്തിനു പുറത്ത് തോട് നിർമ്മാണം അപാകതകൾ | 12716 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 9.5.2.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് റവന്യൂ (ദേവസ്വം) വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**1) ശ്രീ. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് - 1997-2001)**

**(i) ക്യാഷ് ബുക്കിൽ ഒരു മാസത്തെ ശമ്പളം കൂടുതൽ ചെലവ് കാണിച്ചത് ₹10,728/-രൂപ**

269. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സർചാർജ്ജിനുവേണ്ടി ഓഡിറ്റ് വകുപ്പിലേയ്ക്ക് കത്ത് അയച്ചുവെങ്കിലും സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു.

270. ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് ഓഡിറ്റ് വകുപ്പിന് നൽകിയ മറുപടിയെന്നും ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും പ്രസ്തുത വിഷയം പരിശോധിയ്ക്കുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2. **അക്വിറ്റൻസ് രജിസ്റ്റർ - ഉദ്യോഗസ്ഥന്റെ പേരും ഒപ്പുമില്ല ₹9770/-**

3. **സ്റ്റോർ ക്രമക്കേടുകൾ ₹21061/-**

4. **നിത്യതയ്ക്ക് എണ്ണ - സ്റ്റോക്ക് സൂക്ഷിക്കാത്തതുവഴി ക്ഷേത്ര ഫണ്ടിനുള്ള നഷ്ടം ₹9750/-**

271. മേൽ വിഷയങ്ങൾ കോടതിയുടെ പരിഗണനയിലായതിനാൽ കോടതി വിധി പ്രകാരം നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

## 2. ശ്രീ കുഞ്ഞിമംഗലം മഠത്തുംപാടി ക്ഷേത്രം ഓഡിറ്റ് റിപ്പോർട്ട് (2000-02)

272. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളും ട്രസ്റ്റിമാരുടെ നിയന്ത്രണത്തിലാണ് ഭരണം നടത്തുന്നതെന്നും മലബാർ ദേവസ്വം ബോർഡിന് സൂപ്പർവൈസറി അധികാരം മാത്രമേയുള്ളുവെന്നും ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു.

273. ഭരണഘടനാപരമായ പ്രശ്നമുണ്ടെങ്കിലും ഉദ്യോഗസ്ഥർ അവരുടെ നിയതമായ ഉത്തരവാദിത്വം നിർവ്വഹിക്കാതിരിക്കുന്നത് പരിശോധിക്കാൻ സംവിധാനമില്ലാത്തത് ശരിയായ രീതിയല്ലെന്നും ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിയമം നിലവിൽ വരുമ്പോൾ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നും നിയമത്തിന്റെ നിയന്ത്രണത്തിലേക്ക് എല്ലാ ക്ഷേത്രങ്ങളെയും കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തീരുമാനമെടുക്കാമെന്നും സമിതി

തീരുമാനിച്ചു. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സമിതിയെ അറിയിച്ചു.

**3. ശ്രീ കുന്നത്തൂർപാടി മുത്തപ്പൻ ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 97-01)**

274. ഓഡിറ്റ് വകുപ്പ് വരവ്-ചെലവ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**4. ശ്രീ തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 97-01)**

275. ഓഡിറ്റ് വകുപ്പ് വരവ്-ചെലവ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**5. ശ്രീ കടലായി ശ്രീകൃഷ്ണ ക്ഷേത്രം ഓഡിറ്റ് റിപ്പോർട്ട് (97-00)**

276. സർചാർജ്ജ് നടപടി സ്വീകരിക്കുവാൻ നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**6. ശ്രീ തിരുനെല്ലി ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 2001-02)**

277. ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം കേസ് ഒത്തുതീർപ്പായെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**7. ശ്രീ അടുക്കത്ത് ഭഗവതി ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 96-02)**

278. നഷ്ടമായ തുക ക്ഷേത്ര ഫണ്ടിൽ ഒടുക്കിയെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**8. ബേഡഡുക്ക ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 97-02)**

279. കോടതി വിധിയനുസരിച്ച് പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

**9. ശ്രീ പറശ്ശിനി മഠപ്പുര മുത്തപ്പൻ ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 01-02)**

280. ദേവസ്വം ബോർഡിന് നഷ്ടമായ തുക ജീവനക്കാരിൽനിന്നും ഈടാക്കിയതായി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**10. പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം (ഓഡിറ്റ് റിപ്പോർട്ട് 2000-02)**

281. പ്രസ്തുത ക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. നാരായണൻ മരണപ്പെട്ടിട്ടുള്ളതാണെന്ന് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു.

282. ഖണ്ഡികയിൽ പരാമർശിച്ച നഷ്ടം ക്ഷേത്ര ഫണ്ടിൽ ഒടുക്കിയിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**11. ശ്രീ പുൽപ്പള്ളി ക്ഷേത്രം**

283. പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**284. ശ്രീ. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രവുമായി ബന്ധപ്പെട്ട ക്യാഷ്ബുക്കിൽ ഒരു മാസത്തെ ശമ്പളം കൂടുതൽ ചെലവ് കാണിച്ചുവെന്ന പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ശേഷിച്ച പരാമർശങ്ങളിന്മേൽ കോടതി വിധി പ്രകാരം നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**285. ശ്രീ കുഞ്ഞിമംഗലം മാത്തുംപാടി ക്ഷേത്രം സംബന്ധിച്ച പരാമർശങ്ങളിന്മേൽ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**286. ഓഡിറ്റ് വകുപ്പ് വരവ്-ചെലവ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കുന്നത്തൂർ പാടി മുത്തപ്പൻ**

ക്ഷേത്രം, ശ്രീ. തുച്ഛരബരം ശ്രീകൃഷ്ണ ക്ഷേതത്രം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

287. ശ്രീ കടലായി ശ്രീകൃഷ്ണ ക്ഷേത്രം സംബന്ധിച്ച പരാമർശവുമായി ബന്ധപ്പെട്ട് സർചാർജ്ജ് നടപടി സ്വീകരിക്കുവാൻ നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

288. ശ്രീ തിരുനെല്ലി ക്ഷേത്രം സംബന്ധിച്ച കേസ് ഒത്തുതീർപ്പായെന്ന ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

289. ശ്രീ അടുക്കത്ത് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശിച്ചിരിക്കുന്ന നഷ്ട തുക ക്ഷേത്ര ഫണ്ടിൽ ഒടുക്കിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

290. ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ കോടതി വിധിയനുസരിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

291. ദേവസ്വം വകുപ്പിന് നഷ്ടമായ തുക ജീവനക്കാരിൽ നിന്നും ഈടാക്കിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറശ്ശിനി മഠപ്പുര മുത്തപ്പൻ ക്ഷേത്രവുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

292. ഓഡിറ്റിൽ പരാമർശിച്ച നഷ്ടം ക്ഷേത്ര ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുള്ളതിനാൽ പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രവുമായി

**ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**293. ശ്രീ. പുൽപ്പള്ളി ക്ഷേത്രത്തിലെ ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

| | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| **എച്ച്.ആർ.ഇ. ഓഡിറ്റ്, പാലക്കാട്** | | | |
| ശ്രീ തിരുനാവായ ദേവസ്വം | 00-01 | 1. അംഗീകരിക്കാത്ത തസ്തികകളിൽ നിയമിച്ചവർക്ക് നൽകിയ ശമ്പളം | 27475 |
| ശ്രീ തിരുമറ ദേവസ്വം | 97-00 | 1. തേൻ വാങ്ങിയതിലെ ക്രമക്കേടുകൾ | 9680 |
| ശ്രീ തൃപ്രങ്ങോട്ട് മഹാദേവ ക്ഷേത്രം | 00-01 | 1. രേഖകളില്ലാത്ത ചെലവ് | 10000 |
| ശ്രീ മമ്മിയൂർ മഹാദേവ ക്ഷേത്രം | 97-99 | 1. യാത്രാബത്ത അധികം വാങ്ങിയത് | 14437 |
| ശ്രീ മണപുള്ളിക്കാവ് ദേവസ്വം | 99-00 | 1. നിക്ഷേപം പുതുക്കാത്തതിനാൽ നഷ്ടം | 56864 |
| | | 2. കൂടുതൽ ചെലവ് | 15477 |
| ശ്രീ തൃപ്പവല്ലൂർ ദേവസ്വം | 99-00 | 1. സ്റ്റോക്കിലെടുക്കാത്ത കലവറ സാധനങ്ങൾ | 12606 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 9.5.2.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് റവന്യൂ (ദേവസ്വം) വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**ശ്രീ തിരുനാവായ ദേവസ്വം (ഓഡിറ്റ് റിപ്പോർട്ട് 2000-01)**

294. പ്രസ്തുത പരാമർശത്തിന്മേലുള്ള തടസ്സവാദം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

295. താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**ശ്രീ തിരുമറ ദേവസ്വം** - ഓഡിറ്റ് വർഷം 1997-2000 - തേൻ വാങ്ങിയതിലെ ക്രമക്കേടുകൾ - 9,680/- രൂപ

**ശ്രീ തൃപ്രങ്ങോട്ട് മഹാദേവ ക്ഷേത്രം** - ഓഡിറ്റ് വർഷം 2000-01 - രേഖകളില്ലാത്ത ചെലവ് - 10,000/- രൂപ

**ശ്രീ മമ്മിയൂർ മഹാദേവക്ഷേത്രം** - ഓഡിറ്റ് വർഷം 1997-99 യാത്രാബത്ത അധികം വാങ്ങി - 14,437/-

**ശ്രീ മണപുള്ളിക്കാവ് ദേവസ്വം** - ഓഡിറ്റ് വർഷം 1999-2000 - നിക്ഷേപം പുതുക്കാത്തതിനാൽ നഷ്ടം-56,864/- രൂപ, കൂടുതൽ ചെലവ് 15477/- രൂപ.

**ശ്രീ തൃപ്പവല്ലൂർ ദേവസ്വം** - ഓഡിറ്റ് വർഷം 1999-2000 - സ്റ്റോക്കിലെടുക്കാത്ത കലവറ സാധനങ്ങൾ - 12,606/- രൂപ

**നിഗമനങ്ങൾ/ശിപാർശകൾ**

**296. ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുനാവായ ദേവസ്വം, ശ്രീ തിരുമറ ദേവസ്വം, ശ്രീ തൃപ്രങ്ങോട്ട് മഹാദേവ ക്ഷേത്രം, ശ്രീ മമ്മിയൂർ മഹാദേവക്ഷേത്രം, ശ്രീ മണപുള്ളിക്കാവ് ദേവസ്വം, ശ്രീ തൃപ്പവല്ലൂർ ദേവസ്വം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിനോദസഞ്ചാരവാരാഘോഷം ഓഡിറ്റ്**

ഓഡിറ്റ് നിരീക്ഷണങ്ങൾ

(എ) 1988-89-ൽ നിലവിൽ വന്ന ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് കണക്കുകൾ സൂക്ഷിക്കുന്നതിനും, ധനവിനിയോഗം നടത്തുന്നതിനും നിശ്ചിത മാനദണ്ഡങ്ങളോ, നിർദ്ദേശങ്ങളോ നിലവിലില്ലാത്തതിനാൽ ഓരോ കൗൺസിലും

വ്യത്യസ്ത രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതായി കാണുന്നു. പല ജില്ലകളിലും ക്യാഷ് ബുക്ക്, ലഡ്ജർ തുടങ്ങിയ അടിസ്ഥാന അക്കൗണ്ടിങ്ങ് രേഖകൾ പോലും സൂക്ഷിക്കുന്നില്ല എന്നത് ഖേദകരമാണ്.

ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് കണക്കുകൾ രേഖപ്പെടുത്തുന്നതിനും, ധനവിനിയോഗത്തിനും വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

(ബി) സർക്കാർ ധനസഹായം മുഴുവനായും ഉപയോഗിക്കാതിരിക്കുക, സർക്കാർ അനുവാദം കൂടാതെ ഗ്രാന്റ് തുക വക മാറ്റി ചെലവഴിക്കുക, സർക്കാർ ഗ്രാന്റ് തുക ഉപയോഗിക്കാതെ പൂർണ്ണമായോ, ഭാഗികമായോ ബാങ്കുകളിൽ സ്ഥിര നിക്ഷേപം നടത്തുക എന്നീ തെറ്റായ പ്രവണതകൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നടത്തി വരുന്നതായി തെളിഞ്ഞിട്ടുണ്ട്. (ഉദാഹരണം - സ്ഥിര നിക്ഷേപം, ഡി.റ്റി.പി.സി. കാസർഗോഡ് - 10 ലക്ഷം രൂപ, ഡി.റ്റി.പി.സി. വയനാട് - 13 ലക്ഷം രൂപ). ഉപയോഗിക്കാതെ നീക്കിയിരിപ്പുള്ള സർക്കാർ ധനം അടിയന്തിരമായി സർക്കാർ ഖജനാവിലേക്ക് തിരിച്ചടക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് ആഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 10.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് വിനോദ സഞ്ചാര വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

297. ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് കണക്കുകൾ രേഖപ്പെടുത്തുന്നതിനും ധനവിനിയോഗത്തിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ലായിരുന്നുവെന്നും എന്നാൽ ഓഡിറ്റ് തടസ്സം ഫയൽ ചെയ്തതിനുശേഷം കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഡി.റ്റി.പി.സി.കൾക്കും നൽകിയിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം പ്രസ്തുത

മാർഗ്ഗനിർദ്ദേശങ്ങൾ ഡി.റ്റി.പി.സി.കൾ കൃത്യമായി പാലിയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടെന്നും ഡി.റ്റി.പി.സി.കൾ നിലവിൽ നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു.

298. ഡി.റ്റി.പി.സി.കളെ നിയന്ത്രിയ്ക്കുന്നതിന് ഒരു ഏകീകരണ നിയമം നടപ്പിലാക്കുന്നില്ലെന്നും ഓരോ ജില്ലയിലും വ്യത്യസ്ത രീതിയിലുള്ള നടപടിക്രമങ്ങളാണ് പാലിയ്ക്കുന്നതെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടതിന് ടൂറിസം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഡി.റ്റി.പി.സി.കൾ എങ്ങനെ സ്റ്റാൻഡേഡൈസ് ചെയ്യണമെന്ന് കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും ഡയറക്ടർ വ്യക്തമാക്കി.

299. പ്രാദേശിക ടൂറിസത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡി.റ്റി.പി.സി.കളും ടൂറിസം പദ്ധതികളും നടപ്പിലാക്കുന്നതെന്നും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനുമുൻപ് പൂർത്തിയാക്കാനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കണമെന്നും പദ്ധതി പൂർത്തീകരണത്തിന് തടസ്സം വരാത്ത നിലയിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ടെന്നും സമിതി നിർദ്ദേശിച്ചു.

300. സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**301. പ്രാദേശിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് ഡി.റ്റി.പി.സി.കൾ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് എങ്കിലും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുൻപ് നിലവിൽ പൂർത്തിയാക്കാനുള്ളവയ്ക്ക് മുൻഗണന നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്ന ടൂറിസം ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## കോഴിക്കോട് ജില്ലാ

## ടൂറിസം പ്രൊമോഷൻ കൗൺസിൽ

1. ഹൗസ് ബോട്ടിന്റെ വാടക പിരിച്ചെടുക്കുന്നതിൽ വന്ന അപാകതകൾ (2000-01 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5)

കോഴിക്കോട് ഡി.റ്റി.പി.സി.യുടെ ഉടമസ്ഥതയിലുള്ള രണ്ടു ഹൗസ് ബോട്ടുകൾ ഓടിച്ചു ആദായമെടുക്കുന്നതിനുള്ള അവകാശം "വൈത്തിരി റിസോർട്സ് " എന്ന സ്ഥാപനത്തിന് പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ 21.11.99 വരെയുള്ള ഒരു വർഷത്തേക്ക് അനുവദിച്ചിരുന്നു.

ഡി.റ്റി.പി.സി കാലാവധി രണ്ടു വർഷത്തേക്ക് നീട്ടി കൊടുക്കുകയും നിലവിലുള്ള വാടകയിൻമേൽ ഒന്നാം വർഷം 15% വർദ്ധനവും രണ്ടാം വർഷം വീണ്ടും 15% വർദ്ധനവും ഏർപ്പെടുത്തുകയും ചെയ്തു.

എന്നാൽ കൗൺസിലിന്റെ 1999 മുതൽ 2001 വരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ ടി ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കിയതായി കാണുന്നില്ല. ഈ കാലയളവിൽ കോൺട്രാക്ടറിൽ നിന്നും 7,68,580/- രൂപ പിരിഞ്ഞുകിട്ടാൻ കുടിശ്ശികയുള്ളതായി കാണുന്നു. ഒന്നാം വർഷം വാടകയിനത്തിൽ ഒരു രൂപ പോലും അടക്കാത്ത കോൺട്രാക്ടർക്ക് രണ്ടാം വർഷവും ബോട്ടിന്മേലുള്ള കരാർ അവകാശം തുടർന്ന് അനുവദിച്ചതും, കുടിശിക തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതും കൗൺസിലിന്റെ ഗുരുതരമായ വീഴ്ചയാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 10.2.1)

ഓഡിറ്റ് ഖണ്ഡികകൾക്ക് വിനോദ സഞ്ചാര വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

302. RDO യുടെ റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചാലുടൻ ഡി.റ്റി.പി.സി.യുടെ നഷ്ടം ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും

ഈടാക്കുന്നതാണെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് അടുത്ത സമിതിയിൽ സമർപ്പിക്കുന്നതാണെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**303. കോഴിക്കോട് ഡി.റ്റി.പി.സി.യുടെ ഹൗസ് ബോട്ടിന്റെ വാടക പിരിച്ചെടുക്കുന്നതിൽ വന്ന അപാകതകൾ സംബന്ധിച്ച പരാമർശത്തിന്മേൽ ഡി.റ്റി.പി.സി.യുടെ നഷ്ടം ഉത്തരവാദിയിൽ നിന്നും ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**കണ്ണൂർ ജില്ലാ**

**ടൂറിസം പ്രൊമോഷൻ കൗൺസിൽ**

**പയ്യാമ്പലം ബീച്ച് ഗാർഡൻ**

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 21)

പയ്യാമ്പലം ബീച്ച് ഗാർഡനിലേക്കുള്ള പ്രവേശന ഫീസ് പിരിക്കുന്നതിനും ബീച്ചിലെ "നൗറ" റസ്റ്റോറന്റ് നടത്തുന്നതിനുമുള്ള അവകാശം പ്രതിമാസം 27,250/- രൂപ നിരക്കിൽ രണ്ടുവർഷത്തേക്ക് ശ്രീ. കെ. സി. സുധീശന് നൽകിയിട്ടുള്ളതായി കാണുന്നു. 4.2.2001-ൽ ഇതിനായി കരാർ ഒപ്പിടുകയും ചെയ്തു. കരാർ പ്രകാരം ഒന്നാം വർഷം പ്രതിമാസം 27,250/- രൂപയും രണ്ടാം വർഷം പ്രതിമാസം 29,975/- രൂപയും വാടക കോൺട്രാക്ടർ നൽകണം.

എന്നാൽ കോൺട്രാക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി കരാർ പ്രകാരമുള്ള വാടകയിൽ ഒന്നാം വർഷം 25% കുറവും, രണ്ടാം വർഷത്തെ വാടകയിൽ വീണ്ടും 25% കുറവും അനുവദിച്ചു. കൂടാതെ മൺസൂൺ കാലത്തെ പ്രതികൂല കാലാവസ്ഥയുടെ മറവിൽ രണ്ടു മാസത്തെ വാടക ഒഴിവാക്കി കൊടുക്കുകയും ചെയ്തു. ഇപ്രകാരം ആകെ രണ്ടു വർഷത്തെ വാടകയിൽ 2,72,844/- രൂപയുടെ കിഴിവ് എക്സിക്യൂട്ടീവ് കമ്മിറ്റി അനുവദിച്ചതായി കാണുന്നു. കരാർ പ്രകാരം നിശ്ചയിച്ചിട്ടുള്ള

വാടകത്തുകയിൽ മാറ്റം വരുത്തുവാനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമല്ലാത്തതിനാൽ ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 10.2.2)

ഓഡിറ്റ് ഖണ്ഡികകൾക്ക് വിനോദ സഞ്ചാര വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

304. ഡി.റ്റി.പി.സി.യുടെ 26.09.2003-ലെ നിർവ്വാഹക സമിതി യോഗത്തിലെ ആറാം നമ്പർ തീരുമാനപ്രകാരമാണ് ശ്രീ.കെ.സി.സുധീശന് ഓഫ് സീസണിലും മറ്റും വാടകയിളവ് അനുവദിച്ചുനൽകിയതെന്നും ഓഡിറ്റ് പരാമർശം വന്നതിനുശേഷം പ്രസ്തുത ഇളവുകൾ ആർക്കും അനുവദിച്ചു നൽകിയിട്ടില്ലെന്നും ഡി.റ്റി.പി.സി. വ്യക്തമാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്ത ശേഷമാണ് മൺസൂൺ കാലത്തെ പ്രതികൂല കാലാവസ്ഥ കാരണമാക്കി വാടകയിനത്തിൽ ഇളവ് നൽകിയിട്ടുള്ളതെന്ന ടൂറിസം വകുപ്പ് ഡയറക്ടറുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**305. സർക്കാരിന്റെയും ടൂറിസം വകുപ്പ് ഡയറക്ടറുടേയും മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## കാസർകോട് ജില്ലാ

## ടൂറിസം പ്രൊമോഷൻ കൗൺസിൽ

(2000-2001, 2001-02 ആഡിറ്റ് റിപ്പോർട്ടുകൾ ഖണ്ഡിക IX എ ഖണ്ഡിക

10 ) കാസർകോട് ജില്ലയിലെ റാണിപുരത്തെ വനമേഖലയോട് ചേർന്ന് ഉയർന്ന മലമ്പ്രദേശത്ത് രണ്ട് ടൂറിസ്റ്റ് കോട്ടേജുകളും, കാന്റീൻ തുടങ്ങിയവയും സർക്കാർ 1997-ൽ ഏഴ ലക്ഷം രൂപ ചെലവിൽ നിർമ്മിച്ചു. സ്ഥലവാസിയായ ശ്രീ. മധുസൂദനൻ എന്നയാളെ കോട്ടേജിന്റെ "കെയർ ടേക്കറായി" 1998-ൽ ഏർപ്പെടുത്തിയെങ്കിലും കൃത്യമായ വേതനം തീരുമാനിച്ചിരുന്നില്ല. കോട്ടേജിനോടനുബന്ധിച്ചുള്ള കാന്റീൻ തുച്ഛമായ നിരക്കിൽ വാടകയ്ക്ക് നടത്തുവാനുള്ള അവകാശവും, അതിനുള്ള മുടക്കുമുതലായി 2000/- രൂപ വായ്പയും കൗൺസിൽ ശ്രീ. മധുസൂദനനു പിന്നീട് അനുവദിച്ചു കൊടുക്കുകയുണ്ടായി. 2000-01 വർഷത്തെ കണക്കു പരിശോധനയിൽ കോട്ടേജുകളുടെയും, കാന്റീനിന്റെയും ഒരു വർഷക്കാലത്തെ വാടകയിനത്തിൽ 4,280/- രൂപ മാത്രമാണ് ശ്രീ. മധുസൂദനൻ ഡി.റ്റി.പി.സി. യിൽ അടച്ചതായി കാണപ്പെട്ടത്. ഈ കാലയളവിൽ വൈദ്യുതി, റിപ്പയർ, വൃത്തിയാക്കൽ തുടങ്ങിയ ഇനങ്ങളിൽ 19,713/- രൂപ ഈ പ്രോജക്ടിനായി കൗൺസിൽ ചെലവഴിക്കുകയും ചെയ്തു. 2001-02 ൽ വരുമാനം 1600/- രൂപ മാത്രമാണ്. സർക്കാർ ഏഴുലക്ഷത്തോളം രൂപ മുതൽ മുടക്കിയ പ്രോജക്ട് ഡി.റ്റി.പി.സി.യുടെ ഉത്തരവാദിത്വമില്ലായ്മ മൂലം പരാജയമായി ഭവിച്ചിരിക്കുന്നു. വൻ സാമ്പത്തിക നഷ്ടം വരുത്തുന്ന ഈ സ്ഥാപനം കെയർടേക്കറുടെ പക്കൽ നിന്നും അടിയന്തിരമായി ഏറ്റെടുത്ത് കൗൺസിൽ നിയമപരമായി ടെൻഡർ വിളിച്ചു വാടകയ്ക്ക് കൊടുക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 10.2.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് വിനോദ സഞ്ചാര വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

306. കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതിന്റെയും ധനദുർവ്യയത്തിന്മേൽ സ്വീകരിച്ച നടപടികളുടെയും രേഖകൾ ഹാജരാക്കി

പരിശോധന നടത്തുന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**307. ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**തിരുവനന്തപുരം**
**2023 ആഗസ്റ്റ് 10**

**ടി. പി. രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി.**

## അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നം. | വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | തദ്ദേശസ്വയംഭരണ വകുപ്പ് | 2 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അധ്യായം -1 ലെ 1.1 മുതൽ 1.11 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | തദ്ദേശസ്വയംഭരണ വകുപ്പ് | 4 | അധ്യായം - 2 ലെ 2.1 മുതൽ 2.7 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | തദ്ദേശസ്വയംഭരണ വകുപ്പ് | 13 | പാമ്പാടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | തദ്ദേശസ്വയംഭരണ വകുപ്പ് | 14 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി മാറി വളരെ വർഷങ്ങൾക്കു ശേഷവും മരാമത്ത് പണികൾക്ക് അധികമായി തുക നൽകി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാതെ രേഖകൾ ലഭ്യമല്ലെന്ന് മറുപടി നൽകിയത് ന്യായീകരിക്കാൻ കഴിയുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. രേഖകൾ കൈമാറുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 15 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ക്ഷീരവികസന പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 6 | തദ്ദേശസ്വയംഭരണ വകുപ്പ് | 16 | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | തദ്ദേശസ്വയംഭരണ വകുപ്പ് | 36 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന യന്ത്രോപകരണങ്ങൾ ഉപയോഗശൂന്യമായിത്തീരുന്ന അവസരങ്ങളിൽ അവ നടപടിക്രമം പാലിച്ച് ലേലം ചെയ്യുന്നതിലേയ്ക്കായി മൂല്യനിർണ്ണയം നടത്തുന്നതിൽ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ ഭാഗത്തുനിന്നും വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. ലേല നടപടികൾ നീണ്ടുപോകുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയധികം നഷ്ടമുണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ വിഷയത്തിൽ യഥാസമയം നടപടി സ്വീകരിക്കണമെന്ന് പി.ഡബ്ല്യു.ഡി. (മെക്കാനിക്കൽ) വിഭാഗത്തോട് സമിതി നിർദ്ദേശിക്കുന്നു. |
| 8 | തദ്ദേശസ്വയംഭരണ വകുപ്പ് | 37 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലും പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ വരുത്തുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധ പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 9 | തദ്ദേശസ്വയംഭരണ വകുപ്പ് | 38 | അലനല്ലൂർ ഗ്രാമപഞ്ചായത്ത് പരാമർശവിധേയമായ ട്രാക്ടർ കം ടെയിലറിന്റെ ലേലനടപടികൾ നടപടിക്രമം പാലിച്ച് പൂർത്തിയാക്കി ഓഡിറ്റിന് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പി.വി.സി. പൈപ്പുകളുടെ അധികവില സംബന്ധിച്ച പരാമർശം ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിനു സമിതി ശിപാർശ ചെയ്യുന്നു. |
| 10 | തദ്ദേശസ്വയംഭരണ വകുപ്പ് | 39 | മുതുമല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികയിന്മേൽ കോടതി വിധിയനുസരിച്ച് |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | തദ്ദേശസ്വയംഭരണ വകുപ്പ് | 40 | ചളവറ ഗ്രാമപഞ്ചായത്ത് പോസ്റ്റോഫീസ് - പുളിന്തറ റോഡ് നിർമ്മാണത്തിന് അധികം നൽകിയതായി ഓഡിറ്റ് പരാമർശിച്ച തുക തിരികെ ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചളവറ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങളും പുതുശ്ശേരി, കൊടുവായൂർ, വടവന്നൂർ, വെള്ളിനേഴി, നാഗലശ്ശേരി, പട്ടിത്തറ, വല്ലപ്പുഴ, കൊപ്പം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | തദ്ദേശസ്വയംഭരണ വകുപ്പ് | 61 | സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് പ്രതിഫലം നൽകി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സാധൂകരണം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | തദ്ദേശസ്വയംഭരണ വകുപ്പ് | 62 | പ്രസ്തുത ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് കക്കൂസിന് അനധികൃതമായി സഹായം നൽകിയെന്ന പരാമർശത്തിന്മേൽ വി.ഇ.ഒ. സ്ഥല പരിശോധന നടത്തി കക്കൂസ് നിർമ്മാണം പൂർത്തിയായവയ്ക്ക് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് എത്രയും വേഗം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | തദ്ദേശസ്വയംഭരണ വകുപ്പ് | 63 | അധികമായി നൽകിയ തുക തിരികെ അടച്ചുവെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി |

| | | | |
|---|---|---|---|
| | | | ശിപാർശ ചെയ്യുന്നു. |
| 15 | തദ്ദേശസ്വയംഭരണ വകുപ്പ് | 64 | പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്ത് ഉക അധികം നൽകി എന്ന പരാമർശത്തിന്മേൽ അധികമായി നൽകിയ ഉക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ഉക തിരിച്ചടച്ചതായി ബോധ്യപ്പെട്ടു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | തദ്ദേശസ്വയംഭരണ വകുപ്പ് | 65 | മുള്ളൻ കൊല്ലി ഗ്രാമപഞ്ചായത്തിലെ പെരിക്കല്ലൂർ - പെട്ടത്ത് കവല റോഡ്, മാട്ടൽപാലം - കുടിയാർമല റോഡ് സോളിംഗ്, പാറക്കടവ് കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സർക്കാരിൽ നിന്നും സാധുകരണം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും ചെറ്റപ്പാലം - സീതാമൗണ്ട് റോഡ് സോളിംഗ് സംബന്ധിച്ച വിഷയത്തിന്മേൽ അടിയന്തരമായി തുടർ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ആയുർവ്വേദാശുപത്രി വൈദ്യുതീകരണം എന്ന പരാമർശം സംബന്ധിച്ച് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഉക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചത് പരിശോധനയിൽ ബോധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | തദ്ദേശസ്വയംഭരണ വകുപ്പ് | 66 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഉക വകമാറ്റി ചെലവഴിച്ചതായ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധുകരണം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 18 | തദ്ദേശസ്വയംഭരണ വകുപ്പ് | 67 | നൂൽപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | തദ്ദേശസ്വയംഭരണ വകുപ്പ് | 68 | നെന്മേനി ഗ്രാമപഞ്ചായത്തിലെ എടയ്ക്കൽ തോട് മണൽ ലേലത്തിൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും കുണ്ടൂർ പ്രോജക്ട് ഇറിഗേഷനിൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ഉത്തരവാദിയുടെ ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി വേഗത്തിൽ പൂർത്തിയാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 20 | തദ്ദേശസ്വയംഭരണ വകുപ്പ് | 101 | ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് ഉപഭോക്തൃ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായാണ് പദ്ധതി വിഹിതത്തിലുൾപ്പെടുത്തി ഓട്ടോറിക്ഷ വാങ്ങിച്ചതെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഭരണ സമിതി തീരുമാനപ്രകാരം അപേക്ഷിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 21 | തദ്ദേശസ്വയംഭരണ വകുപ്പ് | 102 | എടക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 22 | തദ്ദേശസ്വയംഭരണ വകുപ്പ് | 103 | എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | തദ്ദേശസ്വയംഭരണ വകുപ്പ് | 104 | എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മൈത്രീ ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | തദ്ദേശസ്വയംഭരണ വകുപ്പ് | 105 | കീഴല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ കോടതി വിധിക്കനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | തദ്ദേശസ്വയംഭരണ വകുപ്പ് | 106 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് വനിതാ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കായി ചട്ടങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശത്തിലെ നടപടി സാധൂകരിക്കുന്നതിനായി 31.3.2015 ലെ ഭരണ സമിതി തീരുമാനപ്രകാരം സർക്കാരിന് കത്തയച്ചിരുന്നുവെന്ന പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വകുപ്പ് ഇക്കാര്യം വിശദമായി പരിശോധിക്കണമെന്നും 2015-ൽ അയച്ച കത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിന് വിശദീകരണം നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി 2015-ൽ കത്തയച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടാൽ നിലവിലെ പഞ്ചായത്ത് സെക്രട്ടറിയോട് വകുപ്പ് വിശദീകരണം ആവശ്യപ്പെടണമെന്നും അതോടൊപ്പം ടി വിഷയത്തിന്മേലുള്ള സാധൂകരണത്തിനായി പഞ്ചായത്ത് സെക്രട്ടറി വീണ്ടും വകുപ്പിലേയ്ക്ക് കത്തയയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 26 | തദ്ദേശസ്വയംഭരണ വകുപ്പ് | 107 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടേയും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ നൽകിയ മറുപടികളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ ശേഷിച്ച ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 27 | തദ്ദേശസ്വയംഭരണ വകുപ്പ് | 112 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബദിയഡുക്ക, കാറഡുക്ക, പടന്ന എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ നീലേശ്വരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | തദ്ദേശസ്വയംഭരണ വകുപ്പ് | 144 | പത്തനംതിട്ട ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട കുമ്പഴ പബ്ലിക്ക് മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ, പർസ്യൂചാർജ്ജ് ഇനം, എസ്.എൻ.ഡി.പി. റോഡ്, സെന്റ് മേരീസ് 2-ാം ക്രോസ് റോഡ്, മുൻസിപ്പൽ മാർക്കറ്റിൽ ഇറച്ചി സ്റ്റാൾ നിർമ്മാണം എന്നീ പരാമർശങ്ങളിന്മേലുള്ള മറുപടി അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, |

| | | | |
|---|---|---|---|
| | | | സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതും മറുപടി യഥാസമയം ലഭ്യമാക്കാതിരുന്നതും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പന്തളം, ഇലന്തൂർ, കോന്നി, റാന്നി എന്നീ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 29 | തദ്ദേശസ്വയംഭരണ വകുപ്പ് | 145 | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട അളവ് പുസ്തകങ്ങൾ ലഭ്യമല്ല എന്ന പരാമർശത്തിന്മേൽ ലഭ്യമായ എം.ബുക്കുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിലെ അംബേദ്കർ കോളനി കുടിവെള്ള പദ്ധതിക്കായി റൈഡ്കോയിൽ നിന്ന് പൈപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള റിപ്പോർട്ട് എത്രയുംവേഗം ഓഡിറ്റ് വകുപ്പിന് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | തദ്ദേശസ്വയംഭരണ വകുപ്പ് | 146 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ ശേഷിച്ച ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | തദ്ദേശസ്വയംഭരണ വകുപ്പ് | 152 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട, മലപ്പുറം,പാലക്കാട്, ഇടുക്കി എന്നീ ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 32 | തദ്ദേശസ്വയംഭരണ വകുപ്പ് | 153 | തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേൽ, അപാകത പരിഹരിച്ചിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്തിന്റെ മറുപടി സാധൂകരിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 33 | തദ്ദേശസ്വയംഭരണ വകുപ്പ് | 218 | ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ പരിശോധിച്ചതിൽ എല്ലാ പരാമർശങ്ങൾക്കും ഫയൽ ലഭ്യമല്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത മറുപടി സമിതി അതീവ ഗൗരവത്തോടെ കാണുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കുന്നതിലുണ്ടാകുന്ന വീഴ്ചകളാണ് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നതെന്നതിനാൽ ഫയൽ ലഭ്യമല്ല എന്ന മറുപടി അംഗീകരിക്കാനാവില്ല എന്ന് സമിതി വിലയിരുത്തുന്നു. എങ്കിലും കാലപ്പഴക്കം കണക്കിലെടുത്ത്, മേൽ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 34 | തദ്ദേശസ്വയംഭരണ വകുപ്പ് | 219 | ചങ്ങനാശ്ശേരി നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 35 | തദ്ദേശസ്വയംഭരണ വകുപ്പ് | 220 | കോട്ടയം നഗരസഭയിലെ പാൽ വിതരണ യൂണിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ നഗരസഭയിൽ നിന്നും വിതരണം ചെയ്ത കറവപ്പശുക്കളുടെ ഗുണഭോക്താക്കളിൽ നിന്നും പാൽ വാങ്ങി സംഭരിക്കുന്നതിനോ മറ്റേതെങ്കിലും രീതിയിൽ വിപണനം ചെയ്യുന്നതിനോ ഉള്ള സംവിധാനം രൂപപ്പെടുത്തി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കിഴക്കൻ മേഖലയ്ക്കൊരു സാംസ്കാരിക കേന്ദ്രം - |

| | | | |
|---|---|---|---|
| | | | ലക്ഷ്യപ്രാപ്തി നേടിയില്ല എന്ന പരാമർശം സംബന്ധിച്ച് പ്രസ്തുത കെട്ടിടം നഗരസഭ സെക്രട്ടറി നേരിൽക്കണ്ട് പരിശോധിച്ച് കൃത്യമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 36 | തദ്ദേശസ്വയംഭരണ വകുപ്പ് | 221 | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, ക്വാർട്ടേഴ്സ് വാടക, സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്, റെസ്റ്റ്ഹൗസ് വാടക നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നീ ഓഡിറ്റ് പരാമർശങ്ങൾ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. ശേഷിച്ച പരാമർശങ്ങളിന്മേൽ കോട്ടയം നഗരസഭ വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 37 | തദ്ദേശസ്വയംഭരണ വകുപ്പ് | 222 | ആലുവ നഗരസഭ, 'പത്രപ്പരസ്യം' എന്ന പരാമർശം സംബന്ധിച്ച് വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ' ജനകീയാസൂത്രണം' എന്ന പരാമർശത്തിലെ വാച്ചർക്ക് ഓണറേറിയം നല്കിയതുമായി ബന്ധപ്പെട്ട ഭാഗം ഒഴിവാക്കുന്നതിനും ടി പരാമർശത്തിലെ പരിസ്ഥിതി ബോധവൽക്കരണവുമായി ബന്ധപ്പെട്ട ഭാഗത്തിൽ അനുവദിച്ച തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും പൊതുമരാമത്ത്പണി എന്ന പരാമർശത്തിൽ അനുവദിച്ച തുകയിൽ തിരികെ ഈടാക്കാനുള്ള തുക ഈടാക്കാത്തത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വാഹനവായ്പയുടെ തുക എന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 38 | തദ്ദേശസ്വയംഭരണ വകുപ്പ് | 223 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിമാർ നൽകിയ മറുപടികളുടേയും അടിസ്ഥാനത്തിൽ ഗുരുവായൂർ, കുന്ദംകുളം നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | തദ്ദേശസ്വയംഭരണ വകുപ്പ് | 224 | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളും ഷൊർണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട അംഗീകാരമില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക, അനധികൃതമായി അനുവദിച്ച പദ്ധതി തുക എന്നീ പരാമർശങ്ങളും ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 40 | തദ്ദേശസ്വയംഭരണ വകുപ്പ് | 225 | ഷൊർണ്ണൂർ നഗരസഭ സർക്കാർ മാനദണ്ഡവിരുദ്ധമായി തുക ചെലവഴിച്ചു അനധികൃതമായി മുൻകൂർ അനുവദിച്ചു എന്നീ പരാമർശങ്ങൾ സംബന്ധിച്ച് നഗരസഭ സെക്രട്ടറിയുടെ മറുപടിയിൽ അവ്യക്തതയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത മറുപടികളിൽ അറിയിച്ചിട്ടുള്ള കാര്യങ്ങളുടെ നിജസ്ഥിതി ഓഡിറ്റ് വകുപ്പ് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | തദ്ദേശസ്വയംഭരണ വകുപ്പ് | 226 | മരാമത്ത് പണികളിൽ അധികം നൽകി എന്ന പരാമർശത്തിന്മേൽ, റോഡ് പ്രവൃത്തിക്ക് അധികമായി നൽകിയ തുക കരാറുകാരനിൽ നിന്ന് ഷൊർണ്ണൂർ നഗരസഭ ഈടാക്കിയിട്ടുണ്ടെന്ന റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 42 | തദ്ദേശസ്വയംഭരണ വകുപ്പ് | 227 | പട്ടികജാതിക്കാർക്ക് നെൽപ്പാടം വാങ്ങൽ പദ്ധതി എന്ന പരാമർശം സംബന്ധിച്ച് ഗുണഭോക്താവിന്റെ പേര്, ഭൂമിയുടെ അളവ്, സർവ്വേ നമ്പർ, പോക്കുവരവ് എന്നിവ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ഷൊർണ്ണൂർ നഗരസഭ ഓഡിറ്റ് വകുപ്പിനും സർക്കാരിനും നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 43 | തദ്ദേശസ്വയംഭരണ വകുപ്പ് | 228 | കണ്ണൂർ നഗരസഭയിലെ ഭൂരഹിത-ഭവനരഹിത പട്ടികജാതിക്കാരായ സ്ത്രീകളുടെ പുനരധിവാസ പദ്ധതി, സ്വന്തമായി ഭൂമി ഉള്ളവർക്ക് ഭവന നിർമ്മാണത്തിനുള്ള പദ്ധതി, ചേരി പരിഷ്കരണം, |

| | | | |
|---|---|---|---|
| | | | സമാജ്വാദി കോളനി നിവാസികളുടെ പുനരധിവാസ പദ്ധതി എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഓഡിറ്റ് വകുപ്പിന് കൃത്യമായ രേഖകളടങ്ങുന്ന റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന നഗരസഭാ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കണ്ണൂർ നഗരസഭയുമായി ബന്ധപ്പെട്ട ശേഷിച്ച പരാമർശങ്ങളിന്മേൽ ഓഡിറ്റ് വകുപ്പിന് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 44 | ഉന്നതവിദ്യാഭ്യാസ വകുപ്പ് . | 231 | മലയാളം ലെക്സിക്കൻ ഒന്നാം വാല്യം അച്ചടിച്ച സെന്റ് ജോസഫ് പ്രസ്സ് ഗോൾഡ് ലീഫിംഗിന് പകരം കരാറിന് വിരുദ്ധമായി സ്പൈൻ ലീഫിംഗ് ചെയ്തതു മൂലമുണ്ടായ നഷ്ടമായ 1000/- രൂപ ഈടാക്കി 2003 ൽ സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുണ്ടെന്നും പ്രിന്റിംഗിലെ ക്വാളിറ്റിക്ക് മുൻഗണന നൽകിയതിനാലാണ് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ പരിഗണിക്കാതിരുന്നതെന്നുമുള്ള സർവ്വകലാശാലാ രജിസ്ട്രാറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 45 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 235 | സുവർണ്ണ ജൂബിലി സ്മാരക സമുച്ചയ നിർമ്മാണ പ്രവൃത്തിയുടെ മൊബിലൈസേഷൻ അഡ്വാൻസിന്റെ പലിശ നിരക്ക് സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായി 12% ൽ നിന്നും 6% ആയി കുറച്ചത് സമിതി ഗൗരവമായി കാണുന്നു. തുടർന്നുള്ള സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത നടപടിക്ക് സാധൂകരണം തേടേണ്ടതായിരുന്നുവെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 46 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 237 | ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി |

| | | | |
|---|---|---|---|
| | | | ശിപാർശ ചെയ്യുന്നു. |
| 47 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 240 | ക്രമവിരുദ്ധമായി അനുവദിച്ച ഉക തിരിച്ചുപിടിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന സർവ്വകലാശാല രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉക തിരികെ ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 48 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 242 | സർവ്വകലാശാല പ്രസ്-യന്ത്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ടെന്ന രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 49 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 244 | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 50 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 246 | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയുടേയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 51 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 248 | കേരള സർവ്വകാലാശാലയുടെ 2000-01 ലെ കരട് റിപ്പോർട്ടിലുൾപ്പെട്ട പ്രസ്തുത പരാമർശം സൂക്ഷ്മ പരിശോധനയ്ക്കുശേഷം അന്തിമ റിപ്പോർട്ട് പുറപ്പെടുവിച്ചപ്പോൾ ഒഴിവാക്കപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 52 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 250 | അഫിലിയേഷൻ, വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് ഇനങ്ങളിലുണ്ടായിരുന്ന കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്ന സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 53 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 253 | സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 54 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 255 | സ്കൂൾ ഓഫ് കമ്പ്യൂട്ടർസയൻസിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ടെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 55 | ഉന്നതവിദ്യാഭ്യാസ വകുപ്പ് | 259 | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 56 | റവന്യൂ (ദേവസ്വം) വകുപ്പ് | 266 | ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഓഡിറ്റ് സംബന്ധിച്ച വിഷയത്തിൽ സർക്കാർ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയത് സംബന്ധിച്ച് വ്യക്തത വരുത്തിയതിനുശേഷം അതനുസരിച്ചുള്ള നിലപാട് സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 57 | റവന്യൂ (ദേവസ്വം) വകുപ്പ് | 268 | ഗുരുവായൂർ ദേവസ്വത്തിന്റെ മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കി പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന ഗുരുവായൂർ അഡ്മിനിസ്ട്രേറ്ററുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 58 | റവന്യൂ (ദേവസ്വം) വകുപ്പ് | 284 | ശ്രീ. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രവുമായി ബന്ധപ്പെട്ട ക്യാഷ്ബുക്കിൽ ഒരു മാസത്തെ ശമ്പളം കൂടുതൽ ചെലവ് കാണിച്ചുവെന്ന പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ശേഷിച്ച പരാമർശങ്ങളിന്മേൽ കോടതി വിധി പ്രകാരം നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. |
| 59 | റവന്യൂ (ദേവസ്വം) വകുപ്പ് | 285 | ശ്രീ കുഞ്ഞിമംഗലം മഠത്തുംപാടി ക്ഷേത്രം സംബന്ധിച്ച പരാമർശങ്ങളിന്മേൽ ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 60 | റവന്യൂ (ദേവസ്വം) വകുപ്പ് | 286 | ഓഡിറ്റ് വകുപ്പ് വരവ്-ചെലവ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കുന്നത്തൂർ പാടി മുത്തപ്പൻക്ഷേത്രം, ശ്രീ. തൃച്ചമ്പരം ശ്രീകൃഷ്ണ ക്ഷേത്രം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 61 | റവന്യൂ (ദേവസ്വം) വകുപ്പ് | 287 | ശ്രീ കടലായി ശ്രീകൃഷ്ണ ക്ഷേത്രം സംബന്ധിച്ച പരാമർശവുമായി ബന്ധപ്പെട്ട് സർചാർജ്ജ് നടപടി സ്വീകരിക്കുവാൻ നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 62 | റവന്യൂ (ദേവസ്വം) വകുപ്പ് | 288 | ശ്രീ തിരുനെല്ലി ക്ഷേത്രം സംബന്ധിച്ച കേസ് ഒത്തുതീർപ്പായെന്ന ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 63 | റവന്യൂ (ദേവസ്വം) വകുപ്പ് | 289 | ശ്രീ അടുക്കത്ത് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശിച്ചിരിക്കുന്ന നഷ്ടപ്പെട്ട തുക ക്ഷേത്ര ഫണ്ടിൽ ഒടുക്കിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 64 | റവന്യൂ (ദേവസ്വം) വകുപ്പ് | 290 | ശ്രീ ചിറക്കൽകാവ് ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ കോടതി വിധിയനുസരിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 65 | റവന്യൂ (ദേവസ്വം) വകുപ്പ് | 291 | ദേവസ്വം വകുപ്പിന് നഷ്ടമായ തുക ജീവനക്കാരിൽ നിന്നും ഈടാക്കിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറശ്ശിനി മാപ്പുര |

| | | | |
|---|---|---|---|
| | | | മുത്തപ്പൻ ക്ഷേത്രവുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 66 | റവന്യൂ (ദേവസ്വം) വകുപ്പ് | 292 | ഓഡിറ്റിൽ പരാമർശിച്ച നഷ്ടം ക്ഷേത്ര ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുള്ളതിനാൽ പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 67 | റവന്യൂ (ദേവസ്വം) വകുപ്പ് | 293 | ശ്രീ. പുൽപ്പള്ളി ക്ഷേത്രത്തിലെ ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 68 | റവന്യൂ (ദേവസ്വം) വകുപ്പ് | 296 | ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുനാവായ ദേവസ്വം, ശ്രീ തിരുമറ ദേവസ്വം, ശ്രീ തൃപ്രങ്ങോട്ട് മഹാദേവ ക്ഷേത്രം, ശ്രീ മമ്മിയൂർ മഹാദേവക്ഷേത്രം, ശ്രീ മണപുള്ളിക്കാവ് ദേവസ്വം, ശ്രീ തൃപ്പവല്ലൂർ ദേവസ്വം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 69 | വിനോദസഞ്ചാര വകുപ്പ് | 301 | പ്രാദേശിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് ഡി.റ്റി.പി.സി.കൾ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് എങ്കിലും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുൻപ് നിലവിൽ പൂർത്തിയാക്കാനുള്ളവയ്ക്ക് മുൻഗണന നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുവെന്ന ടൂറിസം ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 70 | വിനോദസഞ്ചാര വകുപ്പ് | 303 | കോഴിക്കോട് ഡി.റ്റി.പി.സി.യുടെ ഹൗസ് ബോട്ടിന്റെ വാടക പിരിച്ചെടുക്കുന്നതിൽ വന്ന അപാകതകൾ സംബന്ധിച്ച പരാമർശത്തിന്മേൽ ഡി.റ്റി.പി.സി.യുടെ നഷ്ടം ഉത്തരവാദിയിൽ നിന്നും ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 71 | വിനോദസഞ്ചാര വകുപ്പ് | 305 | സർക്കാരിന്റെയും ടൂറിസം വകുപ്പ് ഡയറക്ടറുടേയും മറുപടിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 72 | വിനോദസഞ്ചാര വകുപ്പ് | 307 | ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| ക്രമ നമ്പർ | പരാമർശ ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | **അധ്യായം-1**<br>**ആമുഖം** | |
| 1 | | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തി | സംസ്ഥാനത്തെ ഏക സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്. പൊതു പണത്തിൽ ഏതാണ്ട് പകുതിയോളം കൈകാര്യം ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡുകൾ തുടങ്ങിയ തദ്ദേശ നിധികളാണ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്നത്. ഈ സ്ഥാപനങ്ങളിലെ സാമ്പത്തിക ഭരണ നിർവ്വഹണം സുതാര്യവും കാര്യക്ഷമവും നിയമബന്ധവുമാണെന്ന് ഉറപ്പാക്കുകയാണ് വകുപ്പിന്റെ പ്രധാന ചുമതല.<br>ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ വിശദമായി പരിശോധിച്ച് സമഗ്രമായ ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പ് പുറപ്പെടുവിക്കാറുണ്ട്. റിപ്പോർട്ടുകളിൻമേൽ നിയമപരമായ അനന്തര നടപടികളും സ്വീകരിക്കാറുമുണ്ട്. ഓരോ വർഷവും പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളിൽ നിന്ന് തിരഞ്ഞെടുത്ത പരാമർശങ്ങളുടെ സംക്ഷിപ്ത സമാഹാരമാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.<br>ക്രമക്കേടുകൾ പരിഹരിക്കുന്നതിലും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിലും ഭരണാധികാരികൾക്ക് അവ വഴികാട്ടിയാവുന്നുണ്ട്. ഓരോ ക്രമക്കേടിന്റെയും അടിസ്ഥാനകാരണങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിക്കുമ്പോഴാണ് ഓഡിറ്റ് അർത്ഥപൂർണ്ണമാകുന്നത്. | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| 2 | | 2. സമാഹൃത ഓഡിറ്റ് | 2003-04 കേരളാ വികസന പദ്ധതി വർഷമാണെങ്കിലും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ അധികവും ജനകീയാസൂത്രണ പദ്ധതികളുടേതാണ്. പരിമിതമായി | ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയ ആദ്യപാദങ്ങളിലെ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| | | റിപ്പോർട്ടിന്റെ ഉള്ളടക്കം | നിർവ്വഹിക്കപ്പെട്ട തൊഴിൽ പരിശീലന പദ്ധതികൾ ശരിയായ മോണിട്ടറിംഗിന് വിധേയമാക്കിയിട്ടുമില്ല. സർവ്വകലാശാലകൾ, ദേവസ്വം എന്നിവിടങ്ങളിലും മുൻഗണന മരാമത്ത് പദ്ധതികൾക്കാണ്. നിക്ഷേപ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നില്ല. ഇവ സമയ ബന്ധിതമായി പൂർത്തിയാക്കാൻ വഴി തേടേണ്ടതാണ്. ഗ്രണഭോക്തൃ സമിതികൾ ഏറ്റെടുത്ത പദ്ധതികൾ അധികവും പൂർത്തിയായിട്ടില്ലെന്ന് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ വ്യക്തമാക്കുന്നു. ഗ്രണഭോക്തൃ സമിതികൾ വഴിയുള്ള പദ്ധതി നിർവ്വഹണത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കപ്പെട്ടിട്ടില്ല, മാത്രമല്ല ഗ്രണഭോക്തൃ സമിതികൾ ലക്ഷക്കണക്കിന് രൂപ പദ്ധതി വിഹിതത്തിൽ നിന്നും മുൻകൂർ കൈപ്പറ്റി പദ്ധതി നിർവ്വഹണം നടത്താതിരിക്കുന്നതായും പരാമർശങ്ങൾ വ്യക്തമാക്കുന്നു.<br>കാർഷിക മേഖലയിലെ തൊഴിൽ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ കാർഷിക യന്ത്രവത്കരണത്തിന് സാമൂഹിക പ്രസക്തിയുണ്ടായിരുന്നെങ്കിലും ഫലപ്രദമായി നടപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. | ദൗർബല്യങ്ങൾ എന്ന നിലയ്ക്ക് പരാമർശിക്കപ്പെട്ട അപാകതകൾ തുടർ വർഷങ്ങളിൽ വളരെയേറെ പരിഹരിക്കപ്പെട്ടിട്ടുണ്ട് നിക്ഷേപപ്രവർത്തനവുമായി ബന്ധപ്പെട്ട അനാരോഗ്യ പ്രവണതകളും മോണിട്ടറിംഗിന്റെ അഭാവവും പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| 3 | | 3. പദ്ധതി നിർവ്വഹണം | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിൽ കണ്ട പൊതുവായ അപാകതകൾ താഴെ വിവരിക്കുന്നു.<br><br>**1. മരാമത്ത് പദ്ധതികൾ**<br><br>1. എസ്റ്റിമേറ്റിലെ നിരക്കുകളുടെ സാധുതയും സാങ്കേതികതയും മാത്രമാണ് സമിതികൾ പരിശോധിക്കുന്നത്. പദ്ധതിയുടെ "ഫീസിബിലിറ്റി" പരിശോധിക്കാറില്ല. അതിനാൽ നിർമ്മാണവേലകളുടെ സാങ്കേതികത്വത്തോടൊപ്പം"ഫീസിബിലിറ്റി"യും കണക്കിലെത്താവണം അംഗീകാരം നല്കാൻ.<br>2. എസ്റ്റിമേറ്റിൽ വ്യതിചലനം വ്യാപകമാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ 'എക്സ്ട്രാ ഇനങ്ങ'ളായി ചെയ്യുവാൻ താല്പര്യം ഏറുന്നു. ഇങ്ങനെ എക്സ്ട്രാ ഇനങ്ങൾ ചെയ്യുമ്പോൾ മുൻകൂറായി റിപ്പോർട്ട് ചെയ്ത് അനുമതി വാങ്ങുന്നില്ല. | പദ്ധതി നിർവ്വഹണത്തിൽ പുലർത്തേണ്ടുന്ന ആവശ്യഘടകങ്ങളായ ഫീസിബിലിറ്റി സ്റ്റഡിയും എസ്റ്റിമേറ്റിന്റെ നിർണ്ണയവും മറ്റും പദ്ധതി നിർവഹണത്തിൽ മതിയായ രീതിയിൽ ഉറപ്പ് വരുത്തുവാൻ കഴിഞ്ഞില്ല എന്നത് സർക്കാർ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| | | | 3. അനുവദനീയമായതിൽ അധികം നിരക്ക് നൽകി എസ്റ്റിമേറ്റ് തയാറാക്കി അതനുസരിച്ച് മൂല്യ നിർണ്ണയം നടത്തിയതായി കാണുന്നു. നിരക്കുകൾ നിർണയിച്ചത് സംബന്ധിച്ചുള്ള ഡാറ്റ ഫയലിൽ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. അതിനാൽ ഈ വിഷയത്തിൽ ഉത്തരവാദിത്വം നിർണയിക്കുന്നതിന് മാനദണ്ഡം ഉണ്ടാകണം.<br>4. ഭൂരിഭാഗം മരാമത്ത് പണികൾക്കും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നു. എന്നാൽ മൂല്യനിർണ്ണയം നടത്തിയപ്പോൾ ഇത് കുറവ് ചെയ്തതായി കാണുന്നില്ല .<br>5. സ്റ്റോർപർച്ചേസ് മാനുവലനുസരിച്ച് ഡിപ്പാർട്ട്മെന്റ് സപ്ലൈ സാധനങ്ങൾ വാങ്ങുകയോ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.<br>6. ഗുണഭോക്തൃസമിതികൾ ചമയ്ക്കുന്ന കരാറുകൾക്ക് നിയമസാധുത ലഭിക്കുവാൻ മുൻകരുതലുകൾ എടുക്കേണ്ടതാണ്. നഗരസഭകളിൽ മരാമത്ത് പണികൾക്ക് കമ്മീഷൻ സ്വീകരിച്ച് വർക്ക് ഓർഡർ നല്കുന്നതോടൊപ്പം കരാർ ചെയ്യേണ്ടതുള്ളപ്പോൾ പണി പൂർത്തിയായ ശേഷമാണ് പലപ്പോഴും കരാർ പത്രം സമർപ്പിക്കുന്നത്. കരാറുകാരൻ മാത്രം ഒപ്പിട്ട കരാർ പത്രങ്ങളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>7. പദ്ധതി നിർവഹണത്തിൽ സർക്കാർ, പൊതു മരാമത്ത് നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ട്.<br>8. ചില എസ്റ്റിമേറ്റുകളിൽ പര്യാപ്തമായ തുക വകയിരുത്താത്തതിനാൽ നികുതി ഉൾപ്പെടെയുള്ള ചെലവുകൾ അടങ്കൽ തുകയെ അധികരിക്കുന്നതായി കാണുന്നു.<br>9.പദ്ധതി നിർവഹണത്തിൽ സമയക്രമം പാലിക്കാത്തത് മരാമത്ത് പണികളിൽ ഒഴിയാബാധയാണ്. പദ്ധതികൾ അനിയന്ത്രിതമായി നീളുന്നത് എസ്റ്റിമേറ്റ് പരിഷ്കരണത്തിനും അധിക ചെലവിനും ഇടയാക്കുന്നുണ്ട്.<br>പദ്ധതികളിൽ മുൻഗണനാ ക്രമം ബോധപൂർവം തെറ്റിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കുടിവെള്ള ജലസേചന പദ്ധതികളിലാണിത് വ്യാപകം.<br><br>**2. മരാമത്തിതര പദ്ധതികൾ**<br>മരാമത്തിതര പദ്ധതികളുടെ നിർവഹണത്തിലും ഗുണഭോക്താക്കളുടെ | ഉൾക്കൊള്ളുന്നു. പദ്ധതി നിർവഹണത്തിന് സമയക്രമം പാലിക്കാൻ കഴിയാത്തതും മുൻഗണനാ ക്രമത്തിൽ വരുന്ന താളം തെറ്റലും തുടർ വർഷങ്ങളിൽ ഗണ്യമായ തുകയിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തന്നെ കുറഞ്ഞുവന്നിട്ടുള്ള വിവരവും ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പദ്ധതി നടത്തിപ്പിൽ വിശിഷ്യാ മരാമത്ത് ഇതര പദ്ധതികളിൽ ഓഡിറ്റിൽ പരാമർശിക്കപ്പെട്ട പാളിച്ചകൾ ഒട്ടേറെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, അർഹതാ മാനദണ്ഡം, സബ്സിഡി മാനദണ്ഡം, കാർഷിക മൃഗസംരക്ഷണം, ക്ഷീരമേഖല എന്നിവയ്ക്ക് പ്രാധാന്യം നല്കികൊണ്ടുള്ള വേറിട്ട സമീപനം സ്വീകരിച്ചതുവഴി തുടർ വർഷങ്ങളിൽ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| | | | തിരഞ്ഞെടുപ്പിലേയും അർഹതാപരിശോധനയിലേയും അപാകതകൾ, സബ്സിഡി പരിധി ലംഘനങ്ങൾ,ആസൂത്രണരാഹിത്യത്തിലൂടെയുള്ള നിർവഹണ ചെലവ് വർധന, മോണിട്ടറിംഗിന്റെ അഭാവം എന്നിവ പ്രകടമാണ്. പദ്ധതി ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ ഗ്രാമസഭയോട് പൂർണ്ണമായും നീതി പുലർത്താറില്ല. സർക്കാർ ഉത്തരവുകൾ കാലികമായി നിർണയിച്ച പരിധി ലംഘിച്ച് സബ്സിഡി നൽകിയതായി കാണുന്നുണ്ട്. കാർഷിക മൃഗസംരക്ഷണ ക്ഷീര മേഖലയിലെ പദ്ധതികളിൽ സബ്സിഡി പരിധി ലംഘനം ചെറുതല്ല.<br>പദ്ധതിയിൽ നിർവഹണ ഏജൻസികളുടെ പൂർണ്ണമായ പങ്കാളിത്തം ആശങ്കാജനകമാണ്. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിർവഹിക്കപ്പെട്ട കാലിത്തിറ്റി വിതരണ പദ്ധതികൾ സമഗ്രമായി അന്വേഷിക്കേണ്ടതാണ്.<br>സാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും സമിതികളിൽ ഉറപ്പാക്കാൻ ഇന്ന് സംവിധാനം നിലവിലില്ല. അതിനാൽ ഇത്തരം സമിതികളെ നവീകരിച്ച് നിയമബദ്ധമാക്കി പദ്ധതി നിർവഹണത്തിൽ ശരിയായ ജനകീയ ഇടപെടലിന് വഴിയൊരുക്കണം.<br>ഒരേ പദ്ധതികൾ ഒരേ സമയം തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലൂടെയും വകുപ്പ് തലത്തിലും നടപ്പാക്കുന്നു. ചില പദ്ധതികളാകട്ടെ വകുപ്പ് തലത്തിൽ മാത്രം ഒതുക്കുന്നു. ഇത്തരം പദ്ധതി നിർവഹണം അധികാര വിഭേന്ദ്രീകരണത്തെ തകർക്കുന്നതാണ്.<br>ഓരോ വർഷത്തെ പദ്ധതി നിർവഹണത്തിന് ശേഷവും ഉല്പാദന വർധനവ് വിലയിരുത്തുവാൻ സ്വതന്ത്ര സംവിധാനം വേണം.<br>പദ്ധതിനിർവഹണത്തിൽ സമാന സ്വഭാവമുള്ള ചെലവുകൾ അനാവശ്യമായി ആവർത്തിക്കപ്പെട്ടതായി കാണാം. അതേപോലെ പദ്ധതി ചെലവ് കുറയ്ക്കാൻസ്റ്റോർപർച്ചേസ് നിയമം പോലുള്ളവ ഫലപ്രദമായി ഉപയോഗിക്കുവാനും നിർവഹണ ഉദ്യോഗസ്ഥർ ആർജ്ജവം കാട്ടിയില്ല. | ശ്രദ്ധേയമായ ഭൗതികനേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ സമാന സ്വഭാവമുള്ള ചെലവുകൾ ആവർത്തിക്കുന്നതായുള്ളനിരിക്ഷണം ഉൾക്കൊണ്ട് ഭാവിയിൽ ഒഴിവാക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഇത്തരം പ്രവണതകൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| 4 | | 4. തദ്ദേശ | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി | |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് സൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| | | ഭരണ സ്ഥാപനങ്ങളുടെ ധന സ്ഥിതി | ഉണ്ടായിട്ടില്ല. കടിശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ക്രിയാത്മ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്.<br>നികുതി പിരിവിലെ അലംഭാവം മറ്റ് വരുമാനങ്ങളിലും പ്രകടമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം കാലികമായി വർദ്ധിപ്പിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും ഫലപ്രദമായ നിർദ്ദേശങ്ങൾക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്തുകളിൽ നിന്ന് ഒരു ലക്ഷം രൂപ വീതം അംശദാനം പിരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതി നിർവഹിക്കപ്പെട്ടിട്ടില്ല. ചെലവിൽ മിതത്വം ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്. | 100% വരുമാനം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം നല്ല രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. |
| 5 | | 5. ഗ്രാമസഭകളും വ്യക്തിഗത ആനുകൂല്യങ്ങളും | നമ്മുടെ രാഷ്ട്രീയ ഘടനയിലെ ഏറ്റവും 'താഴെ തട്ടിലുള്ള ഭരണഘടനാ വേദിയാണ് ഗ്രാമ സഭകളും വാർഡ് സഭകളും.<br>വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ അധികാരം ഗ്രാമസഭകൾക്കാണ്.<br>പദ്ധതികളുടെ ആനുകൂല്യം ഒരേ ഗുണഭോക്തക്കൾ വിവിധ വർഷങ്ങളായി കൈപ്പറ്റുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഒരേ വ്യക്തികൾ ആവർത്തിച്ച് ആനുകൂല്യം കൈപ്പറ്റുന്നത് തടയേണ്ടതുണ്ട്.<br>ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളുടെ സജീവ ചർച്ചയ്ക്ക് വിഷയമാക്കുവാൽ കർശനമായ നിർദ്ദേശം ഉണ്ടാകണം. അതോടൊപ്പം ഗ്രാമസഭകളെ ശാക്തീകരിക്കുവാനും നിർദ്ദേശം ഉണ്ടാകണം. | ഗ്രാമസഭകളുടെ സംഘാടനത്തിലും ഗുണഭോക്തൃസമിതി തിരഞ്ഞെടുപ്പിലും മറ്റ് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽനല്കി വരുന്നതിന്റെ ഫലമായി ഓഡിറ്റിൽ പരാമർശിക്കുന്ന ആക്ഷേപങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| 6 | | 6. പാഴാവുന്ന ആസ്തികൾ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസ്തി വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിന് ക്ലിപ്തമാതൃകയിൽ രജിസ്റ്റർ ഉണ്ടാകണം. സ്ഥാപനത്തിലെ അടിസ്ഥാന രജിസ്റ്ററുകളിൽ ഒന്നാകണം ഇത്.<br><br>കാർഷിക യന്ത്രവത്കരണത്തിന് വാങ്ങിക്കൂട്ടിയ ലക്ഷങ്ങൾ വിലമതിക്കുന്ന യന്ത്രങ്ങൾ തുരുമ്പെടുക്കുന്നു. വ്യവസായ വികസനത്തിന് സൃഷ്ടിക്കപ്പെട്ട വിവിധ പദ്ധതികൾ പ്രവർത്തനം നിലച്ച യന്ത്രങ്ങളോ അന്യാധീനപ്പെട്ട ഭൂമിയോയോ | ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്ഥാപനങ്ങൾ നല്ല രൂപത്തിൽ പരിപാലിച്ച് വരുന്നുണ്ട്. അതിനായി പ്രത്യേക സോഫ്റ്റ് വെയർ രൂപകല്പന ചെയ്യുകയും കൃത്യമായി സൂക്ഷിക്കപ്പെടുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| | | | അവശേഷിച്ചിരിക്കുന്നു. പൊതുപണത്തിൽ നിന്ന് കോടികളാണ് ഇങ്ങനെ പാഴ്ചെലവായിരിക്കുന്നത്.<br>തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും സമൂഹത്തിനും ആസ്തിയേക്കാൽ ഇവ ബാധ്യതയായിരിക്കുന്നു. ഇതേപ്പറ്റി അന്വേഷണം നടത്തി ബാധ്യതകൾ മാത്രമായവ സ്ഥാപനത്തിനും സമൂഹത്തിനും നഷ്ടം ഉണ്ടാകാത്ത വിധത്തിൽ പുന.സംഘടിപ്പിക്കേണ്ടതുമാണ്. | നല്കിയിട്ടുണ്ട്. അമിതമായ രൂപത്തിലുള്ള യന്ത്രോപകരണങ്ങളുടെ പർച്ചെയ്സ്കൾ നിരുൽസാഹപ്പെടുത്തിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകളിൽമേൽ നടപടികൾ സ്വീകരിച്ച് വന്നിട്ടുള്ളതുമാണ്. |
| 7 | | 7. പദ്ധതി നിർവഹണത്തിന് നല്കിയ മുൻകൂറുകൾ തിരികെ ഈടാക്കുന്നത് | ജനകീയസൂത്രണ പദ്ധതി നിർവഹണത്തിന് ഗുണഭോക്തൃ സമിതികൾക്ക് വൻ തുകകൾ മുൻകൂർ നല്കിയിട്ടുണ്ട് മൊബിലൈസേഷൻ അഡ്വാൻസ് സെക്വവേർഡ് അഡ്വാൻസ് എന്നിങ്ങനെയാണ് മുൻകൂറുകൾ നല്കിയത്. പദ്ധതിനിർവഹിക്കപ്പെടിട്ടില്ലാത്തതിനാൽ ഗുണഭോക്തൃ സമിതി കൺവീനർമാരിൽ കിടക്കുന്ന തുക ഈടാക്കുവാൻ ഫലപ്രദമായ നടപടിയില്ല. ചില സ്ഥാപനങ്ങൾ റവന്യൂ റിക്കവറി നിയമത്തിന്റെ സാധ്യതകൾ തേടിയിട്ടുണ്ടെങ്കിലും ഫലം കണ്ടിട്ടില്ല. പദ്ധതി നിർവഹണത്തിന് ഗുണഭോക്തൃ സമിതിയുടെ പേരിലാണ് മുൻകൂർ കൈപ്പറ്റിയത്. അതിനാൽ ഈ വിഷയം പഠിച്ച് ഇവരിൽ നിന്ന് മുൻകൂർ തുകകൾ ഈടാക്കാൻ നടപടിയുണ്ടാകണം. | മുൻകൂറുകൾ തിരിച്ചുപിടിയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തടസ്സമുള്ളവയിൽ ആർ ആർ നടപടി അടക്കമുള്ള കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിക്കുന്ന പ്രകാരം വ്യവസായ വികസനത്തിന് സൃഷ്ടിക്കപ്പെട്ട വിവിധ പദ്ധതികൾ കാരണം സമൂഹത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ബാധ്യതയാകാതിരിക്കാനുള്ള വിധത്തിലായിരിക്കണം പദ്ധതികൾ ആവിഷ്കരിക്കേണ്ടതെന്നുള്ള നിർദ്ദേശങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ നല്കിയതിന്റെറ അടിസ്ഥാനത്തിൽ ഇത്തരം ബാധ്യതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്നതിന്റെറ എണ്ണം |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | കുറഞ്ഞുവന്നിട്ടുണ്ട് |
|---|---|---|---|---|
| 8 | | 8. ചാർജ് /സർചാർജ്ജ് നടപടി | ചാർജ്ജ്/സർച്ചാർജ്ജ് നടപടി ഫലപ്രദമായി പ്രയോഗിക്കുന്നതിൽ വകുപ്പ് നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്.ഏറ്റവും പ്രധാനം നഷ്ടത്തിന് ഉത്തരവാദി ആരെന്ന് നിർണയിക്കുന്നതാണ് ചാർജ്ജ്/സർചാർജ് നടപടികളുടെ സാധ്യത ഇവിടെ പരിമിതപ്പെടുന്നു. അതിനാൽ രേഖകകൾ കൃത്യമല്ലാത്തതും ഓഡിറ്റിന് ഹാജരാക്കത്തതും കൂടി ഉൾപ്പെടുത്തി ചാർജ്ജ്/സർചാർജ്ജ് നടപടിയുടെ പരിധി വ്യാപിപ്പിക്കേണ്ടതാണ്. സർക്കാരിന്റെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.ചാർജ്/സർചാർജ്ജ് സർട്ടിഫിക്കറ്റിന്മേലുള്ള ബാധ്യത അടയ്ക്കാതെയും കോടതിയിൽ കേസ് നിലവില്ലാതിരിയ്ക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഉത്തരവാദി സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾ വഴി ശമ്പളത്തിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനും നിർദ്ദേശം ഉണ്ടാകേണ്ടതാണ്. | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| 9 | | 9.ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ | **1. രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത്**<br>രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫലപ്രദമായി നിറവേറ്റാൻ കഴിയാതെ വരുന്നു.<br>തദ്ദേശസ്വയം സ്ഥാപനങ്ങളിൽ രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത് പേർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന്റെ തകർച്ചയുടെ തെളിവാണ്.<br><br>**2. വാർഷിക കണക്കുകൾ സമയത്ത് സമർപ്പിക്കുന്നത്**<br>ഭൂരിഭാഗം സ്ഥാപനങ്ങളും കണക്കുകൾ സമർപ്പിക്കുന്നതിൽ യാതൊരു കൃത്യതയും പാലിക്കുന്നില്ല. കണക്കുകൾ സമർപ്പിക്കുന്നതിൽ കാലവിളമ്പം ഓഡിറ്റ് കാലികമാക്കുന്നതിന് പ്രതിബന്ധമാകുന്നു.<br>ജൂലൈ 31ന് മുമ്പ് വാർഷിക കണക്കുകൾ അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടത് ഭരണസമിതിയുടെ ബാധ്യതയാകണം. ഇതിന് വീഴ്ച വരുത്തുന്നത് ഭരണസമിതിയെ | ഓഡിറ്റ് നടത്തുന്ന വേളയിൽ സുഗമമായും സുതാര്യവുമായ ഓഡിറ്റ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ സഹകരണങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഉറപ്പ് |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )

| | | | | |
|---|---|---|---|---|
| | | | അയോഗ്യത കല്പിക്കുവാനുള്ള മാനദണ്ഡങ്ങളിൽ ഒന്നാകണം. ഇതിന് ആവശ്യമായ നിയമഭേദഗതി ഉണ്ടാകണം.<br>ലോക്കൽഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് കണക്കുകൾ സമർപ്പിക്കാൻ വീഴ്ച വരുത്തിയ തുദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ശിക്ഷണ നടപടികളുടെ ഭാഗമല്ലാതെ അടിക്കടി സ്ഥലം മാറ്റുന്നത് ഒഴിവാക്കപ്പെടണം. സാമ്പത്തിക വർഷവും അതിന് ശേഷം ആറ് മാസം കൂടി സെക്രട്ടറിയെ തുടരാൻ അനുവദിക്കണം.<br>**3. വകുപ്പ് പുന.സംഘടന**<br>വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മനുഷ്യവിഭവശേഷി ശാസ്ത്രീയമായ ജോലി പഠനം നടത്തി നിർണയിക്കേണ്ടതാണ്.<br>അതോടൊപ്പം തന്നെ പ്രസക്തമാണ് വകുപ്പിന്റെ അർത്ഥപൂർണ്ണമായ പുനഃസംഘടനയും, ഓഡിറ്റിനൊപ്പം ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾക്കും ഇന്ന് പ്രത്യേക പ്രാധാന്യമുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ നിയമ ബദ്ധമായ ബാധ്യത മാത്രമല്ല വകുപ്പിന്റെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റാനും ആവശ്യമാണ്. ഓഡിറ്റർമാരെ രണ്ട് വിഭാഗമായി തിരിക്കാവുന്നതാണ് ഒരു' വിഭാഗം ഓഡിറ്റിനും മറ്റൊരു വിഭാഗം ഓഡിറ്റ് റിപ്പോർട്ടുകളുടെ സൂക്ഷ്മപരിശോധനയ്ക്കും. ഇതുവഴി തുടർനടപടികൾ സമയബന്ധിതവും കാര്യക്ഷമവുമാകും. | വരുത്താനും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുവാനും കൃത്യമായ നിർദ്ദേശങ്ങൾ സർക്കാർ നല്കിവരുന്നുണ്ട്.<br>ഓഡിറ്റ് കാലയളവിൽ നിന്നും പരാമർശ വിഷയങ്ങളിൻമേൽ ശ്രദ്ധേയമായ മാറ്റം ഉണ്ടായിട്ടുണ്ട്. |
| 10 | | 10. ഓഡിറ്റ് സർട്ടിഫിക്കറ്റ് | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഇന്ന് ലഭിക്കുന്ന സർക്കാർ ധനസഹായത്തിൽ ഗ്രാന്റുകൾക്ക് മാത്രമാണ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ബാധകമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ 'സ്ഥാപനങ്ങൾക്ക ലഭിക്കുന്ന ഏല്ലായിനം ധനസഹായങ്ങൾക്കും ഓഡിറ്റ് സർട്ടിഫിക്കറ്റ് കർശനമായി ബാധകമാക്കണം.<br>ഓഡിറ്റ് സർട്ടിഫിക്കറ്റ് ബാധകമാക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ ഭരണവും പദ്ധതി നിർവഹണവും കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാകും രജിസ്റ്ററുകളും രേഖകളും കൂടുതൽ സൂക്ഷമതയോടും കൃത്യതയോടും തയാറാക്കപ്പെടും. വാർഷിക കണക്കുകൾ സമയത്തിനുള്ളിൽ സമർപ്പിക്കാനാകും. ഓഡിറ്റും സമകാലികമാകും. സർക്കാർ ധനസഹായം കാര്യക്ഷമമായി വിനിയോഗിച്ചുവെന്ന് ഓഡിറ്റ് ഏജൻസി സാക്ഷ്യപ്പെടുന്നത് വികേന്ദ്രീകൃതാസൂത്രണത്തിൽ സുതാര്യത ഉറപ്പാക്കും. | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| 11 | | 11. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും സമാഹൃത ഓഡിറ്റ് റിപ്പോർട്ടും | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനപരമായ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയാണ് "ലോക്കൽ ഫണ്ട് അക്കൗണ്ടസ്സ് നിയമസഭാ കമ്മിറ്റി" രൂപീകരിച്ചത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിയമസഭയ്ക്ക് സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ റിപ്പോർട്ടുകളാണ് കമ്മിറ്റി മുഖ്യമായും പരിഗണിക്കുന്നത്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ശ്രദ്ധവും കാര്യക്ഷമവുമായ തുടർനടപടികൾ ഇതിനാൽ സാധ്യമാകുന്നുണ്ട് . | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| | | | **അദ്ധ്യായം–2**<br>**ഓഡിറ്റ് പുരോഗതി** | |
| 12 | | 1. ഓഡിറ്റ് | 2003-04 സാമ്പത്തിക വർഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ<br><br>ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ(94)ത്തിലൂടെ സ്റ്റാറ്റ്യൂട്ടറിയി ലഭിച്ചതും ബഹു.ഹൈക്കോടതി നിർദ്ദേശത്തിലും സർക്കാർ ഉത്തരവിലൂടെയും ലഭിച്ച 3500- ഓളം സ്ഥാപനങ്ങൾ വകുപ്പിന്റെറ ഓഡിറ്റ് പരിധിയിലുണ്ട്. ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ 1215 എണ്ണം പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളാണ്. ഇതിൽ 631 സ്ഥാപനങ്ങൾ - 51.93 ശതമാനം റിപ്പോർട്ട് വർഷം ഓഡിറ്റ് ചെയ്തിട്ടുണ്ട്.<br>ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുവാൻ വകുപ്പ് ആത്മർത്ഥമായി ശ്രമിക്കുമ്പോഴും പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകളുടെ എണ്ണം പരിമിതപ്പെടുന്നുണ്ട്. വകുപ്പിൽ മനുഷ്യവിഭവശേഷി ലഭ്യത പരിമിതമായതാണ് പ്രധാന കാരണം. വികേന്ദ്രീകൃത ആസൂത്രണം സൃഷ്ടിച്ച അധിക ജോലിഭാരത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.<br>ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തത ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (94) അനുശാസിക്കുന്ന ഓഡിറ്റിന്റെറ സമയപരിധി പാലിക്കുന്നതിലും തടസ്സമാകുന്നുണ്ട്. | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )**

| | | | | |
|---|---|---|---|---|
| 13 | | 2. ധനാപഹരണം /ധനദുർവിനിയോഗം | ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും 50,56,924/- രൂപയുടെ ധനാപഹരണം/ ധനദുർവിനിയോഗം കണ്ടെത്തിയിട്ടുണ്ട് (അനുബന്ധപത്രിക 3 കാണുക). | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| 14 | | 3.ചാർജ്ജ് /സർചാർജ്ജ് നടപടികൾ | തദ്ദേശ നിധിയുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനുള്ള വകുപ്പുതല സംവിധാനമാണ് ചാർജ്ജ്/സർചാർജ്ജ് നടപടിക്രമം. 2003-04 ൽ പുറപ്പെടുവിച്ച . ചാർജ്ജ് സർട്ടിഫിക്കറ്റുകളിന്മേൽ 6 ഉം സർചാർജ്ജ് സർട്ടിഫിക്കറ്റുകളിന്മേൽ 35 ഉം ഉൾപ്പെടെ 41 കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്.<br>റിപ്പോർട്ട് വർഷം ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റുകൾ അയയ്ക്കുന്നതിന് മുൻ നടപടിയായി 2399286 രൂപയുള്ള 127 ചാർജ്ജ് നോട്ടീസുകളും 28626775 രൂപയുള്ള 624 സർചാർജ്ജ് നോട്ടീസുകളും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയുടെ തുടർനടപടികൾ പൂർത്തിയാകാനുണ്ട്.<br>വകുപ്പ് ഓരോ വർഷവും 1200 ൽ അധികം റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം ഈടാക്കുവാൻ ഫലപ്രദമായ ചാർജ്ജ്/സർചാർജ്ജ് നടപടികൾ വ്യാപിപ്പിക്കേണ്ടത് പൊതുധന മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ അത്യന്താപേക്ഷിതമാണ്. ഇവിടെയും പ്രധാന പ്രതിബന്ധം ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തതയാണ് | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| 15 | | 4. ഓഡിറ്റ് ചാർജ്ജ് | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലൂടെ സർക്കാരിന് ലഭിക്കുന്ന പ്രധാന വരുമാനമാണ് ഓഡിറ്റ് ചാർജ്. ഡിമാൻഡ് ചെയ്യുന്ന ഓഡിറ്റ് ചാർജ്ജിൽ നാമ മാത്ര തുകയാണ് പിരിച്ചെടുക്കാനാകുന്നത്. 2002-03 ൽ 355485470 രൂപ ഡിമാൻഡ് ചെയ്തപ്പോഴാണ് | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )

| | | | | |
|---|---|---|---|---|
| | | | 21910883 രൂപ പിരിഞ്ഞത്. ഡിമാൻഡ് തുകയുടെ 6.16 ശതമാനം മാത്രം. ഭീമമായ തുക ഓഡിറ്റ് ചാർജ് ഇനത്തിൽ കുടിശിക ഉണ്ട്. 31.12.2003 വരെയുള്ള കണക്കുകൾ പ്രകാരം കുടിശ്ശിക 333603587 രൂപയാണ് . ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ ഓഡിറ്റ് ചാർജ് പിരിച്ചെടുക്കുന്നതിനു നിർദ്ദേശം നിലവിൽ ഇല്ല. അതിനാൽ വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭിക്കുന്നതിന് ഓഡിറ്റ് ചാർജ് കുടിശ്ശിക ഇല്ലെന്നത് കൂടി യോഗ്യത മാനദണ്ഡമാക്കാവുന്നതാണ്. | |
| 16 | | 5. ഓഡിറ്റ് സർട്ടിഫിക്കറ്റ് | ഓഡിറ്റ് പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങൾക്ക് ലഭ്യമായ ധന സഹായത്തിന്റെ വിനിയോഗം വിലയിരുത്തി രൂപയുടെ ഓഡിറ്റ് സെർട്ടിഫിക്കറ്റുകൾനൽകുകയുണ്ടായി സ്ഥാപനങ്ങൾക്ക് ധനാസഹായത്തിന്റെ പുനർലഭ്യതയ്ക്ക് ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുപേക്ഷണീയമാണ് . | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| 17 | | 6. ചാരിറ്റബിൾ എൻഡോവ് മെന്റ് | കേരള ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് അനുസരിച്ചു ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സംസ്ഥാനത്തിന്റെ ടെഷറർ ഓഫ് കൂടിയാണ് . 31.3.2003 വരെയുള്ള കണക്കുകൾ പ്രകാരം ഡയറക്ടറുടെ അധികാര പരിധിയിൽ 1283 എൻഡോവ്മെന്റുകൾ നിലവിൽ ഉണ്ട്. ഇവയിലെ സഞ്ചിത ധനം 55490727.76 രൂപയാണ്. റിപ്പോർട്ട് വർഷം 604286 രൂപ പലിശ ലഭിച്ചിട്ടുണ്ട്. എൻഡോവ്മെന്റുകളുടെ അഡ്മിനിസ്ട്രേറ്റർമാർക്കു ആവശ്യപ്രകാരം 6683073 രൂപ റിപ്പോർട്ട് വർഷം നൽകിയിട്ടുണ്ട്. | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |
| 18 | | 7. പെൻഷൻ നിർണ്ണയം. | നഗര സഭ കോർപറേഷനുകൾ വികസന തൗതോറിറ്റികൾ ഹിന്ദു മത സ്ഥാപനങ്ങൾ സർവ്വകലാശാലകൾ ഭവന നിർമാണ ബോർഡ് മെഡിക്കൽ കൌൺസിൽ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകളുടെ പരിശോധനയും സാക്ഷ്യപ്പെടലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ബാധ്യതയാണ്. റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ് |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക (പൊതു പരാമർശങ്ങൾ )

| | | | | |
|---|---|---|---|---|
| | | | പെൻഷൻ കേസുകൾ പരിശോധനയ്ക്ക് ലഭിക്കുകയുണ്ടായി. മുൻ വർഷത്തേതുൾപ്പെടെ കേസുകൾ തീർപ്പാക്കി . പഞ്ചായത്ത് ജീവനക്കാരുടെ പെൻഷൻ അംശദാന പത്രികകൾ പരിശോധിച്ച അക്കൗണ്ടന്റ് ജനറലിനു അയച്ചു കൊടുക്കേണ്ടതും വകുപ്പിന്റെ ഉത്തരവാദിത്തത്തിൽപ്പെടുന്നുണ്ട് . ഇവരുടെ ശരാശരി വേതന പത്രികകളും, അംഗീകരിച്ചു നൽകിയിട്ടുണ്ട്. | |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | പരാമർശ ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| **കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | | | | |
| 1 | പാമ്പാടി | 3.5.5 | മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തതത് | 1999-200 ലെ ഓഡിറ്റ് റിപ്പോർട്ടിൽ 79605/- രൂപയ്ക്കാണ് തടസ്സമുന്നയിച്ചത്. വ്യവസായ വികസന ഓഫീസർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര കറിപ്പിൽ 29104/- രൂപയുടെ തടസ്സം അന്നത്തെ സെക്രട്ടറി ശ്രീ. സൈനുദ്ദീൻകുഞ്ഞിന്റെ പേരിലാക്കി ബാധ്യതപ്പെടുത്തിയിട്ടുണ്ട് |
| 2 | പള്ളം | 3.5.5 | വെള്ളുവാക്കൽ പാലം സംരക്ഷണ ഭിത്തി നിർമ്മാണം- കൺവീനർക്കു നൽകിയ അധിക തുക 17000/-) കൂടാതെ ക്ഷേമനിധി വിഹിതം അടവാക്കിയിട്ടില്ല. | കൺവീനർ ശ്രീ. കരുൻ ജേക്കബ് 8500/- രൂപ 08/05/2015 തീയതിയിൽ 11405100017 നമ്പർ സംഖ്യ രസീത് പ്രകാരം പള്ളം ബ്ലോക്ക് ഓഫീസിൽ ഒടുക്കിയിട്ടുണ്ടെന്നും ക്ഷേമനിധി വിഹിതം 2653/- രൂപ 09/05/2015 ലെ 98784/- നമ്പർ ഡി.ഡി ആയി ക്ഷേമനിധിസെക്രട്ടറിയുടെ പേരിൽ അയച്ചു കൊടുത്തതായും വിൽപന നികുതിയിനത്തിലുള്ള 5572/- രൂപ 09/01/2015 ൽ എസ്.ബി.ടി കോട്ടയം ബ്രാഞ്ചിൽ ഒടുക്കിയിട്ടുള്ളതായും കിഴിവുകൾക്കു ശേഷമുള്ള തുകയായ 275/- രൂപ ടഷറിയിൽ അടവാക്കിയതായും പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| | | | പനച്ചിക്കാട് മലവേടൻ കോളനി റോഡ് നിർമ്മാണം നികുതി വിഹിതം കൺവീനർക്കു നൽകി | ടി പ്രവൃത്തി തൃപ്തിയായി പൂർത്തീകരിച്ചിട്ടുള്ളതും പ്രവർത്തനയോഗ്യവുമാണ്. പ്രവൃത്തിയുടെ കൺവീനർ ശ്രീ. പരമേശ്വരക്കുറുപ്പ് മരണപ്പെട്ടതിനാൽ അധികമായി കൈപ്പറ്റിയ തുക 19600/- ഈടാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സാധൂകരണം ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭ സമിതിയുടെ തീരുമാനത്തിനു വിധേയമായി അനന്തര നടപടി കൈക്കൊള്ളുന്നതാണ്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| 3 | ഏറ്റുമാനൂർ | 3.5.5 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ക്ഷീരവികസന പദ്ധതികൾ നബാർഡ് നിരക്കിനേക്കാൾ അധികമായി സബ്സിഡി അനുവദിച്ചത് സംബന്ധിച്ച്. A 42 - ക്ഷീരവികസനം- കാലിത്തൊഴുത്ത് നിർമ്മാണം | 1998-99 വർഷം ക്ഷീരവികസന പദ്ധതിയിൽ കാലിത്തൊഴുത്ത് (ജനറൽ) നിർമ്മാണ പദ്ധതിയിൽ 98 ബി.പി.എൽ. ഗുണഭോക്താക്കൾ ഉണ്ടായിരുന്നതിൽ, 65 ഗുണഭോക്താക്കൾക്ക് 4000/-രൂപ വീതം ധനസഹായം നൽകുവാൻ മാത്രമേ സാധിച്ചുള്ളൂ. പ്രോജക്ട് രൂപപ്പെടുത്തുന്ന സമയത്ത് ഗവണ്മെന്റ് ഉത്തരവ് പി175/98 എൽ.എ.ഡി. ലഭിച്ചിരുന്നില്ല. ആയതിനാൽ, 1999-2000 ൽ ടി പദ്ധതി സ്പിൽ ഓവറായി ചെയ്യുവാൻ പഞ്ചായത്ത് തീരുമാനിക്കുകയും, മുൻവർഷം കൊടുത്ത സാമ്പത്തിക സഹായത്തിൽ മാറ്റം വരുത്തി അടുത്ത വർഷം നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ 1998-99 വർഷം നൽകിയ ധനസഹായം തന്നെ 1999-2000 വർഷം നൽകി പദ്ധതി പൂർത്തീകരിച്ചു. ഇതേ പദ്ധതി തന്നെ ഇതേ സബ്സിഡി നിരക്കിൽ 1998-99 വർഷവും അതിന്റെ സ്പിൽ ഓവറായി 1999-2000 വർഷവും സബ്സിഡി തുക നൽകി നീണ്ടൂർ, ആർപ്പുക്കര ഗ്രാമപഞ്ചായത്തുകളിൽ ഇതേ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ നിർവ്വഹിച്ചതിൽ ലോക്കൽ ഫണ്ട് ഓഡിറ്റിൽ ന്യൂനതയായിട്ടില്ലായെന്നും, ആയതിനാൽ 33 ഗുണഭോക്താക്കൾക്ക് 1999-2000 വർഷം പദ്ധതി സ്പിൽ ഓവറായി ചെയ്തപ്പോൾ നൽകിയ ധനസഹായ തുകയിൽ നബാർഡ് നിരക്കിനേക്കാൾ അധികമായി നൽകിയ തുക അംഗീകരിച്ച് ഉത്തരവാകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.വി.എൻ.മനോഹരന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.<br><br>(നിലവിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാണ്). |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| 4 | ഏറ്റുമാനൂർ | 3.5.5 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ക്ഷീരവികസന പദ്ധതികൾ നബാർഡ് നിരക്കിനേക്കാൾ അധികമായി സബ്സിഡി അനുവദിച്ചത് സംബന്ധിച്ച്- പട്ടികജാതി വിഭാഗത്തിന്റെ കാലിത്തൊഴുത്ത് നിർമ്മാണം | 1998-99 വർഷം പട്ടികജാതി വിഭാഗത്തിൽ 28 ഗുണഭോക്താക്കളിൽ 17 പേർക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിനായി 5000/-രൂപ വീതം ധനസഹായം നൽകിയിരുന്നു. 1999-2000 വർഷം ടി പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും, 1998-99 വർഷം കൊടുത്ത സബ്സിഡി തുകയിൽ കുറവ് വരുത്തി 1999-2000 വർഷം പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ, അതേ നിരക്കിൽ തന്നെ ബാക്കി 11 പേർക്കു കൂടി ധനസഹായം നൽകുകയും ചെയ്തു. ആയതിനാൽ, ഓഡിറ്റിൽ നബാർഡ് നിരക്കിനേക്കാൾ അധികമായി നൽകിയ 30250/-രൂപ അംഗീകരിച്ചു നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.വി.എൻ.മനോഹരന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ട്. നിയമസഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| 5 | ഏറ്റുമാനൂർ | 3.5.5 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ക്ഷീരവികസന പദ്ധതികൾ നബാർഡ് നിരക്കിനേക്കാൾ അധികമായി സബ്സിഡി അനുവദിച്ചത് സംബന്ധിച്ച്- C കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ) | 1999-2000 വർഷം കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ)ന് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ദുർബല ക്ഷീരകർഷകർക്ക് 5000/-രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. പ്രോജക്ടിൽ ചേർത്തിരുന്ന TYPICAL CATTLE SHED ന്റെ പ്ലാൻ പ്രകാരം രണ്ട് പശുക്കളെ പാർപ്പിക്കുന്നതിനുള്ള തൊഴുത്ത് 12 x 10 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിക്കുന്നതിനുള്ള തൊഴുത്തായിരുന്നു ബി.എൽ.ഇ.സി., ഡി.പി.സി. അംഗീകരിച്ചു തന്നിരുന്നത്. ടി തൊഴുത്തിന് 10000/-രൂപയിൽ കൂടുതൽ ചെലവ് വരുന്നതാകയാൽ, 5000/-രൂപ ധനസഹായം പ്രോജക്ട് പ്രകാരം നൽകുകയാണുണ്ടായത്. ഗവ. ഓർഡർ (എം.എസ്.)നം.20/99/വി.എൽ.ജി. ഉത്തരവ് യഥാസമയം ലഭിച്ചിരുന്നില്ല ആയതിനാൽ നബാർഡ് നിരക്കിനേക്കാൾ അധികം നൽകിയ 122000/-രൂപ അംഗീകരിച്ചു നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.വി.എൻ.മനോഹരന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ട്. കാലിവളർത്തലിൽ ഏർപ്പെട്ട ദുർബല വിഭാഗങ്ങളെ സഹായിക്കുകയെന്നതായിരുന്നു പദ്ധതി ലക്ഷ്യം. ഈ പദ്ധതി പഞ്ചായത്തിൽ വിജയകരമായി നടപ്പിലാക്കിയതുമാണ്. നിയമസഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| | | | | |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | (ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക നം. 21(2) - കൺവീനർ ശ്രീകെ.കെ. വേണിഗോപാലന് മുൻകൂർ നൽകിയ തുക പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണ്. | പ്രസ്തുത പ്രവൃത്തിക്ക് മുൻകൂറായി 24/02/1998 ന് 12500/- രൂപയും ആയതിന് ശേഷം പാർട്ട് ബില്ലായി 21/07/1998 ൽ 20000/- രൂപയും പണിപൂർത്തീകരിച്ചതിനു ശേഷം 02/06/1999 ൽ 14542/- രൂപയും കൺവീനറായ ശ്രീകെ.കെ.വേണുഗോപാലന് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും 17/08/2018 ലെ 1(8) നമ്പർ തീരുമാനപ്രകാരം പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് അപേക്ഷ നല്കുകയും ചെയ്തിട്ടുണ്ട്. |
| 16 | നാഗലശ്ശേരി | 3.9.4 | അടുക്കളത്തോട്ടം - പദ്ധതി മുടക്കിപ്പിലെ അപാകതകൾ - 14100/- രൂപ തടസ്സത്തിൽ വെക്കുന്നു. ( ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക 34) | അടുക്കളത്തോട്ട പദ്ധതിക്കായി വകയിരുത്തിയ 14100/- രൂപ പൂർണമായും പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിച്ചിട്ടുള്ളതാണ്. നടത്തിപ്പ് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 06/08/2010-ലെ പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയിട്ടുള്ളതാണ്. ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച വർഷമായതിനാൽ പദ്ധതി പ്രവർത്തനം സംബന്ധിച്ച് വ്യക്തമായ ധാരണക്കുറവുകൊണ്ടുള്ള സാങ്കേതികപ്പിഴവുകൾ ഉണ്ടായതായും എന്നാൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം സർക്കാരിന് സാമ്പത്തിക നഷ്ടം വരാത്ത തരത്തിൽ പദ്ധതി നടപ്പാക്കിയെന്നുമുള്ള കൃഷി ഓഫീസറുടെ 02/01/2008 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ 05/12/2014 ലെ 6(1)/14 നമ്പർ തീരുമാനപ്രകാരം പരാമർശം ഒഴിവാക്കി തരുന്നതിനായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നല്കിയിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| 17 | നാഗലശ്ശേരി | 3.9.4 | ആട് വളർത്തൽ പദ്ധതി (ജനറൽ) പദ്ധതി വിഹിതത്തിൽ നിന്നും അധികമായി ചെലവ് ചെയ്ത 12000/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ( ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക 35 എ) | |
| 18 | നാഗലശ്ശേരി | 3.9.4 | ആട് വളർത്തൽ പദ്ധതി (പട്ടികജാതി) പദ്ധതി നടത്തിപ്പിലെ അപാകത 66500/- രൂപ താൽക്കാലികമായി ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ( ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക 35 ബി) | നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി വിഭാഗത്തെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി ടി ആളുകളുടെ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| 19 | നാഗലശ്ശേരി | 3.9.4 | പ്രൂ വളർത്തൽ പദ്ധതി (ജനറൽ) പദ്ധതി നടത്തിപ്പിലെ അപാകത 127500/- രൂപ താൽക്കാലികമായി ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ( ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക 36) | സാമ്പത്തിക ഉന്നമനത്തിനായി രൂപീകരിച്ച് നടപ്പിലാക്കിയ പദ്ധതികളാണിത് ഈ പദ്ധതികൾ പൂർണമായും നടപ്പിലാക്കിയിട്ടുള്ളതും പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യം പൂർണമായും പ്രതിഫലിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതുമാണ്. 1997-98 സാമ്പത്തികവർഷം വെറ്റിനറി സർജൻ ഉദ്യോഗസ്ഥനായിട്ടുള്ള പ്രൊജക്ട് തടസ്സം ഒഴിവാക്കി കിട്ടുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ 26.07.2008 ന് 7/08(1) നമ്പർ തീരുമാനപ്രകാരം ബഹു. പാലക്കാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നല്കിയിരുന്നു. കൂടാതെ 10.07.2008 ന് 114/08 നമ്പർ പ്രകാരം വെറ്റിനറി സർജനും വിശദമായ അപേക്ഷ നല്കിയിരുന്നു. പ്രസ്തുത വിശദീകരണങ്ങൾ പഞ്ചായത്ത് വീണ്ടും പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ 05/12/2014 ലെ 6(2)/14 നമ്പർ തീരുമാനപ്രകാരം പരാമർശം ഒഴിവാക്കി കിട്ടുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നല്കിയിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| 20 | നാഗലശ്ശേരി | | പ്രൂ വളർത്തൽ പദ്ധതി (പട്ടികജാതി) പദ്ധതി നടത്തിപ്പിലെ അപാകത 66500/- രൂപ താൽക്കാലികമായി ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ( ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക 37) | |
| 21 | നാഗലശ്ശേരി | 3.9.4 | പഞ്ചായത്തിൻറെ ആവശ്യത്തിലേക്കായി ട്രില്ലർ വാങ്ങിയത് - പദ്ധതി തുക ഉപയോഗിച്ച് വാങ്ങിയ ട്രില്ലർ നാളിതുവരെയായി ഉപയോഗിച്ചിട്ടില്ലാത്തതിനാൽ 115884/- രൂപ പാഴ്ചെലവാണ്. നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ് | നഗലശ്ശേരി പഞ്ചായത്തിലെ നെൽകൃഷിയെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങളുടെ കൂട്ടായ്മയായ പാടശേഖര സമിതികൾക്ക് ഉപയോഗിക്കുന്നതിനും അതിലൂടെ നെല്ലൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക ജോലികളുടെ ലഘൂകരണവും മുന്നിൽക്കണ്ട് ദീർഘവീക്ഷണത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്. 13.04.2007 ലെ 4/07(7) നമ്പർ പഞ്ചായത്ത് യോഗ തീരുമാന പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ട്രില്ലർ 4-ാം വാർഡിലെ ചാൽപ്രം പാടശേഖര സമിതിയ്ക്ക് അവരുടെ അപേക്ഷ പ്രകാരം കൃഷിക്കാരുടെ ഉപയോഗത്തിനായി എഗ്രിമെന്റ് വച്ച് കൈമാറിയിട്ടുള്ളതും നിലവിൽ ട്രില്ലർ പ്രവർത്തിച്ചു വരുന്നതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 05/12/2014 ലെ 6(3)/14 നമ്പർ തീരുമാനപ്രകാരം പരാമർശം ഒഴിവാക്കി തരുന്നതിനായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നല്കിയിട്ടുണ്ട്.നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| 22 | പട്ടിത്തറ | 3.9.4 | പൊതുമരാമത്ത് - തോട് ഉദ്ധാരണം - തുക 20000/- രൂപ ( ഓഡിറ്റ് വർഷം 1999-2000 ഖണ്ഡിക 7(എ) 10 - കൺവീനർക്ക് മുൻകൂർ തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | തോട് ഉദ്ധാരണം പ്രവൃത്തി വരും വർഷങ്ങളിൽ പൂർത്തീകരിച്ചതാണ്. പട്ടിത്തറ ഗ്രാമപഞ്ചായത്തിൻറെ 13/99 നമ്പർ മെഷർമെൻറ് ബുക്കിൽ ഇടർ വർഷങ്ങളിലായി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ് പാലക്കാട് ജില്ലാ കാര്യാലയത്തിൽ നിന്നും ഇക്കാര്യം പരിശോധിച്ച് 04.01.2005 ലെ എൽ.എഫ്.പി 11---.855/04 നം കത്ത് പ്രകാരം പ്രവർത്തി പൂർത്തീകരിച്ചുണ്ട് എന്ന വിവരം അറിയിച്ചിട്ടുണ്ട് |
| 23 | പട്ടിത്തറ | 3.9.4 | പൊതുമരാമത്ത് - വെളര | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. എം.ടി. പത്മാവതിയുടെ DCRG |

| | | | | |
|---|---|---|---|---|
| | | | കോളനി റോഡ് - അധിക നൽകിയ തുക 10000/- രൂപ ( ഓഡിറ്റ് വർഷം 1999-2000/- ഖണ്ഡിക 7(എ) 11 | യിൽ നിന്നും ചലാൻ നം. 121 തിയ്യതി 20.05.2004 പ്രകാരം 14917/- രൂപ ഗ്രാമപഞ്ചായത്തിൻറെ VPFA-1 അക്കൗണ്ടിൽ കുറ്റനാട് സബ് ട്രഷറിയിൽ വരവ് വെച്ചിട്ടുണ്ട്. |
| 24 | വല്ലപ്പുഴ | 3.9.4 | ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 31.03.1999 ന് നീക്കിയിരിപ്പ് ഉണ്ടായിരുന്ന 13226/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസിർ എന്ത് ചെയ്തു എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. | അന്നത്തെ കൃഷി ഓഫീസറായിരുന്ന ശ്രീ. കൃഷ്ണൻ കുട്ടി എന്നവർ മരണപ്പെട്ടുപോയി എന്ന വിവരം കൃഷി വകുപ്പ് ഡയറക്ടർ 03.04.2014 ലെ എസ്.ഡി (3) 6690/.2014 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ടി ഓഡിറ്റ് പരാമർശകാലയളവിലെ രേഖകൾ സംബന്ധിച്ച് അറിയുന്നതിനായി നിലവിലെ കൃഷി ഓഫീസർക്ക് കത്ത് നൽകിയതിൽ 1997-98 വർഷത്തെ ഓഡിറ്റ് രേഖകൾ കാലഹരണപ്പെട്ടതിനാൽ ആയത് കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കൃഷി ഓഫീസർ മരണപ്പെട്ടുപോയതിനാലും നിയമാനുസരണ നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കി നൽകണമെന്ന് KBVPZ60/21-22 കത്ത് പ്രകാരം കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| 25 | മുതുതല | 3.9.4 | 1999-2000 മരാമത്ത്-ടെണ്ടർ അധികം നൽകിയത് (15658+6848+ 4866+6336) ആകെ- 33708 ( ഓഡിറ്റ് വർഷം 1999-2000/- ഖണ്ഡിക 27-A,B,C,D | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറി ശ്രീമതികെ സരസ്വതിക്കും ബന്ധപ്പെട്ട കരാറുകാർക്കും ബന്ധപ്പെട്ട ഓഡിറ്റ് പാര സഹിതം അറിയിപ്പ് നൽകിയിരുന്നതാണ്. കരാറുകാർക്ക് 29/01/2004 ന് എ/163/2003 നമ്പറായി രജിസ്റ്റേഡ് നോട്ടീസ് നൽകിയിരുന്നു. ലോക്കൽഫണ്ട് ജോയൻറ് ഡയറക്ടറുടെ 14/08/2006 തീയ്യതിയിലെ എൽ എഫ് 9223/എസ്പി എൽ സെൽ എസ് സി 4 നമ്പർ പ്രകാരം ശ്രീമതി. കെ സരസ്വതിക്ക് സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. 26.09/2006 ന് നൽകിയ മറപടിയിൽ ബന്ധപ്പെട്ട പ്രവൂർത്തികൾ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയർ നൽകിയ അളവുകളുടേയും ബില്ലുകളുടേയും അടിസ്ഥാനത്തിൽ നൽകിയതാണെന്നും അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണെന്നും ശ്രീമതി കെ സരസ്വതി അറിയിച്ചിട്ടുണ്ട്. ആയതിൻമേൽ ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗം 11/07/2007 ന് പ്രാദേശിക പരിശോധന നടത്തിയിരുന്നു. എന്നിരുന്നാലും 14/09/2007 ന് പഞ്ചായത്ത് ബന്ധപ്പെട്ട കരാറുകാർക്ക് എ/167/03 നമ്പറായി രജിസ്റ്റേഡ് നോട്ടീസ് 12/2007 ൽ ശ്രീമതി. കെ സരസ്വതി WPC 35025/2007 നമ്പറായി ലോക്കൽഫണ്ട് ഡയറക്ടർക്ക് എതിരായി സർചാർജ് നോട്ടീസ് പ്രകാരമുള്ള തുക റിക്കവറി നടത്തുന്നതിനെതിരായി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ അന്യായം ബോധിപ്പിക്കുകയും ഗ്രാമപഞ്ചായത്ത് ആയതിൽ കൌണ്ടർ അഫിഡവിറ്റ് നൽകുകയും ചെയ്തിരുന്നു. ആയതിനു ശേഷം പ്രസ്തുത കേസ് ട്രാൻസ്ഫേർഡ് അപ്ലിക്കേഷൻ നമ്പർ 846/13 പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | തിരുവനന്തപുരത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 11/08/2017 ലെ ഓർഡർ പ്രകാരം ഉത്തരവ് തീയതി മുതൽ 3 ആഴ്ച്ചക്കകം ജില്ലാ കോടതിക്കു മുൻപാകെ അപ്പീൽ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ട് ഉത്തരവായിട്ടുണ്ടായിരുന്നു. തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുന്നതിന് 13/12/2018 ന് എ 4-4586/16 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭിക്കാത്തതിനാൽ 26/02/2019 ൽ ടി തുക അടവാക്കേണ്ടതാണെന്ന് കാട്ടി അറിയിപ്പ് നൽകിയിട്ടുണ്ട് |
| 26 | കൊപ്പം | 3.9.4 | 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 26 പ്രകാരം മരാമത്ത് അനുവദനീയമല്ലാത്ത ചിലവ് ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കുക. 1. നാലാം മൈൽ തൃത്താലകൊപ്പം റോഡ് അഭിവൃദ്ധി -23705/- രൂപ | ആകെ 23705/- രൂപ റിക്കവറി നടത്തി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് |
| 27 | കൊപ്പം | 3.9.4 | 2.ആമയൂർ തട്ടാരുപാറ റോഡ് അഭിവൃദ്ധി---- 6002/- രൂപ | ഉക അടവാക്കിയിട്ടുണ്ട് . രസീത് നമ്പർ-03/52367 തീയ്യതി 06/07/2007 - 6002/- രൂപ |
| 28 | കൊപ്പം | 3.9.4 | 3. വിയറ്റ്നാംപടി വടക്കേമുക്ക് റോഡ്- 8853/- രൂപ | ഉക അടവാക്കിയിട്ടുണ്ട്. രസീത് നമ്പർ-03/52367 തീയ്യതി 06/07/2007 - 8853/- രൂപ |
| 29 | കൊപ്പം | 3.9.4 | 4. മാടാച്ചിറ റിപ്പയർ-4517/- രൂപ | ഉക അടവാക്കിയിട്ടുണ്ട്. രസീത് നമ്പർ-74/64599 തീയ്യതി 03/05/2008 - 4517/- രൂപ |
| 30 | കൊപ്പം | 3.9.4 | 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 27 പ്രകാരം മരാമത്ത് - 77682/-രൂപ | പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ച് 183550/- രൂപയുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് എൽ എസ് ജി ഡി അസിസ്റ്റൻറ് എഞ്ചിനീയർ ഫാജരാക്കിയതിൻറെ അടിസ്ഥാനത്തിൽ 14/05/2009 ലെ എൽ എഫ് പി 13-86/2009 നമ്പർ കത്ത് പ്രകാരം പാലക്കാട് -ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| 31 | ചളവറ | 3.9.4 | ഉണഭോക്തൃ സമിതികൾ മുൻകൂർ വാങ്ങിയത് - ഉക 21000/- രൂപ ( ഓഡിറ്റ് വർഷം 1998-99 ഖണ്ഡിക 20 - മൂന്ന് പ്രവൃത്തികളുടെ കൺവീനർമാർക്ക് ആകെ 21000/- രൂപ മുൻകൂർ നൽകിയിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | ക്രമീകരിക്കുവാൻ ബാക്കിയുണ്ടായിരുന്ന ഉക തിരിച്ച് അടച്ച വിവരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട് - 05.05.2008 ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ച് 10000/- രൂപ (5000+5000) ക്രമീകരിച്ചിട്ടുണ്ട്. ബാക്കി ഉണ്ടായിരുന്ന 11000/- രൂപ പലിശ സഹിതം 15337/- രൂപ തിയ്യതി 01.07.2008 രസീതി നം. 12/98342 പ്രകാരം തിരികെ അടവാക്കിയിട്ടുണ്ട്. |
| 32 | ചളവറ | 3.9.4 | ഗ്രാമസംസ്കൃതി എന്ന | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 11.06.2008 ലെ LFP14/334/2008 നമ്പർ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | സംഘടനക്ക് നൽകിയ തുക 25000/- രൂപ ( ഓഡിറ്റ് വർഷം1998-99 ഖണ്ഡിക 21 | കത്ത് പ്രകാരം തുടർ നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| 33 | ചളവറ | 3.9.4 | പോസ്റ്റ് ഓഫീസ് പുളിന്തറ റോഡ് നിർമ്മാണം - തുക 17750/- രൂപ ( ഓഡിറ്റ് വർഷം1998-99 ഖണ്ഡിക 22 എ | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 11.06.2008 ലെ LFP14/334/2008 നമ്പർ കത്ത് പ്രകാരം സെക്രട്ടറി, എഞ്ചിനിയർ എന്നിവരെ തുല്യ ഉത്തരവാദികളായി നിശ്ചയച്ചിട്ടുള്ളതിനാൽ 21.07.2008 തിയ്യതിയിലെ എ-598/2002 നമ്പർ കത്ത് പ്രകാരവും 23.12.2014 ല് ഓൺ ലൈനായും കൊല്ലം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| **വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ-മറ്റ പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ** | | | | |
| 34 | സുൽത്താൻബത്തേരി | | എസ്റ്റിമേറ്റ് ത.യ്യാറാക്കുന്നതിന് പ്രതിഫലം നൽകിയ 18675/- രൂപ നിരാകരിക്കുന്നു. | ടി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് ഓവർസിയർ ശ്രീ. അൻഡ്രു അലൻ സുൽത്താൻ ബത്തേരി ഗ്രാമ പഞ്ചായത്തിൽ നിന്നും പൊതുമരാമത്ത് പ്രവർത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിന് പ്രതിഫലമായി നൽകിയ 18675/- രൂപ നിരാകരിച്ചതുമായി ബന്ധപ്പെട്ട് 18.06.2005 ൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ (ആർ.ടി) 3436/2005 തസ്വഭവ, ഉത്തരവ് പ്രകാരം പരാമർശിത ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുള്ളതാണ്. |
| | | | 2. കക്കൂസ് നിർമ്മാണത്തിന് അനധികൃതമായി ധനസഹായം നല്കിയത്. | കക്കൂസ് നിർമ്മാണത്തിന് അനർഹമായവർക്ക് ആനുകൂല്യം നൽകിയിട്ടുള്ളതായ പരാമർശത്തിൽ നിരാകരിച്ചിട്ടുള്ള 16000/- രൂപ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും റിക്കവറി നടത്തുന്നതിന് നാളിതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി ഫയലിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല.ഫയൽ പരിശോധിച്ചതിൽ ടി കാലയളവുകളിൽ ശ്രീ.ദിവാകരൻ, എൻ.കെ വാസു എന്നീ വി.ഇ.ഒ മാരാണ് നിർവ്വഹണ ഉദ്യോഗസ്ഥരായി ഉണ്ടാ യിരുന്നത് . ടിയാൻമാരിൽ നിന്നും ലഭ്യമായ മറുപടിയിൽ കക്കൂസ് ഇല്ലാതിരുന്ന ആളുകൾക്ക് പരിശോധനയുടേയും ഗുണഭോക്തൃ ലിസ്റ്റിന്റെയും ഭരണ സമിതി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ മാത്രമാണ് തുക നൽകിയതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേ ക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടികൾ ഉണ്ടാവാത്തതിനാൽ ടിയാൻമാരിൽ നിന്ന് തുക ഈടാക്കിയിട്ടില്ലാത്തതാണ്. തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| 35 | മീനങ്ങാടി | 3.12.5 | അരിവയല് അതുല്യ റെഡിമെയ്ഡ് യൂണിറ്റിന് കെട്ടിടം നിർമ്മിക്കല് (പ്ലാൻഫണ്ട് 2000-2001)- അധികം നൽകിയ 10661 രൂപ ഈടാക്കേണ്ടതാണ് | അധികം നൽകിയ തുക 10661 രൂപ ഈടാക്കേണ്ടതാണെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ 117140231 രസീതി തിയ്യതി 24/01/2018 പ്രകാരം 10661 രൂപ മീനങ്ങാടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. |
| 36 | പടിഞ്ഞാറത്തറ | 3.12.5 | പൊലിയാട്- പാടശേഖരണത്തിന് ജലസേചന | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീഎം.പി ശ്രീധരനിൽ ഓഡിറ്റ് പരാമർശത്തിൽ അനുവദനീയമല്ലാത്ത തുക 9370/രൂപ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | സൗകര്യം ഒരുക്കൽ പദ്ധതി - അധികമായി നൽകിയ 9,370/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. | ടിയാൻ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. |
| 37 | പടിഞ്ഞാറത്തറ | 3.12.5 | 1997-98 ജനകീയാസൂത്രണ പദ്ധതി- എഞ്ചിനീയർമാർക്ക് പ്രതിഫലം നൽകിയതിന്റെ ഭാഗമായി കുറ്റ്യാടി ഓഗ്മെൻറേഷൻ സ്കീമിലെ അസി. എഞ്ചിനീയർ ശ്രീ. സി അബ്ദുൾ റഹിമിന് അധികമായി നൽകിയ 15,529/- രൂപ ഓഡിറ്റിൽ അനുവദനീയമല്ല. | 7.6.2003 ലെ 71/14889, 26/8/03 ലെ 14/14893 നമ്പർ രസീതുകൾ പ്രകാരം നഷ്ടതുകയായ 15,529/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ട്. |
| 38 | പടിഞ്ഞാറേത്തറ | 3.12.5 | മരാമത്ത് പണികൾ - കൺവീനർക്ക് അധികം നൽകിയ നൽകിയ 1557/- രൂപ (157171-155614) ടിയാനിൽ നിന്ന് ഈടാക്കാതിരിക്കാൻ ബന്ധപ്പെട്ട എഞ്ചിനീയറുടെ തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്. | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 1557/- രൂപ ശ്രീമനോഹരൻ അസിഎക്സിക്യൂട്ടീവ് എഞ്ചിനീയർ 25/1/2018 തീയ്യതിയിലെ 117030104159 നമ്പർ രസീത് പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കിട്ടുണ്ട്. |
| 39 | മുള്ളൻകൊല്ലി | 3.12.5 | പെരിക്കല്ലൂർ - വെട്ടത്ത് കവല റോഡ് സോളിംഗ് - പ്രവൃത്തിക്ക് അധികം കൊടുത്ത 27863/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തേണ്ടതാണ്. | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 62, 65, 66 ഖണ്ഡികകളിലെ നഷ്ടത്തിനുത്തരവാദിയായ മുൻ അസിസ്റ്റൻറ് എഞ്ചിനീയർ ശ്രീ കെ കെ തോമസ് എന്നവരിൽ നിന്നും തുക റവന്യു റിക്കവറി മുഖേന ഈടാക്കുന്നതിനായി 18/01/2018 തിയ്യതിയിലെ 2018/85/12, 2018/87/12, 2018/88/12 നമ്പർ റവന്യു റിക്കവറി റിക്വസിഷനുകൾ പ്രകാരം റവന്യു റിക്കവറി റിക്വസിഷനുകൾ സമർപ്പിച്ചിരുന്നു. ആയതിന്, ടിയാനെ ബാധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായുള്ള രേഖകൾ സഹിതം ടിയാൻ 15/02/2018 ന് മറുപടി സമർപ്പിച്ചതിനെ തുടർന്ന്, വയനാട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് 07/03/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ടി ഖണ്ഡികകളിലെ ബാധ്യതക്ക് ഉത്തരവാദി മുൻ സെക്രട്ടറിമാരായ ശ്രീ എം എം അബ്ദുൾ റഹ്മാൻ, ശ്രീ പി കേശവൻ എന്നവരാണെന്നും ബഹു. വയനാട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ |
| 40 | മുള്ളൻകൊല്ലി | 3.12.5 | പാറക്കടവ് കുടിവെള്ള പദ്ധതി- അധികം കൈവശം വെച്ച 13583/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. | |
| 41 | മുള്ളൻകൊല്ലി | 3.12.5 | മാടൽപ്പാലം - കുടിയാൻമല | |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | റോഡ് സോളിംഗ്-പ്രവൃത്തിക്ക് അധികം കൊടുത്ത 45058/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്. | 26/04/2018 തിയ്യതിയിലെ കെ.എസ്.എ(ഡബ്ല്യു.വൈ.ഡി)പി3-209/2018 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. 06/08/2018 ന് ചേർന്ന ഓഡിറ്റ് മോണിറ്ററിംഗ് സമിതി നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച ജീവനക്കാർക്ക് തുക അടവാക്കുന്നതിന് നോട്ടീസ് നൽകുവാനും തുക ലഭ്യമാക്കാത്ത പക്ഷം റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും, ആയത് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 07/09/2018 തിയ്യതിയിലെ 2/2018 തീരുമാന പ്രകരാവും, ടി തീരുമാനം 07/12/2018 തിയ്യതിയിലെ 4/18 നമ്പർ ഭരണസമിതി തീരുമാന പ്രകാരവും അംഗീകരിച്ചതിനെ തുടർന്ന് 62, 65 ഖണ്ഡികകളിലെ നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച മുൻ സെക്രട്ടറി ശ്രീ പി കേശവൻ എന്നവർക്കും, 66 ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദിയായി പുതുക്കി നിശ്ചയിച്ച മുൻ സെക്രട്ടറി ശ്രീ എം എം അബ്ദുൾ റഹ്മാൻ, എന്നവർക്കും 18/12/2018 തിയ്യതിയിലെ എസ്.സി2-7579/17 നമ്പർ പ്രകാരം നോട്ടീസ് നൽകിയിരുന്നു. നോട്ടീസിന് ശ്രീ എം എം അബ്ദുൾ റഹ്മാൻ എന്നവർ സമർപ്പിച്ച മറുപടിയിൽ പി ഡബ്ല്യു.ഡിയിലെ മുൻ അസിസ്റ്റൻറ് എഞ്ചിനീയറായിരുന്ന ശ്രീ കെ കെ തോമസ് എന്നവരാണ് വർക്കുകൾ നടത്തിച്ചതും, ബിൽ തയ്യാറാക്കി പാസ്സാക്കി തന്നതുമെന്നും, അതനുസരിച്ചുള്ള ബില്ലാണ് പഞ്ചായത്ത് സെക്രട്ടറിയായ താൻ പെയ്മെൻറ് ആക്കിയിട്ടുള്ളതെന്നും, സാങ്കേതിക വിദഗ്ദനല്ലാത്തത് കൊണ്ട്തെറ്റായി പെയ്മെൻറ് നടത്തിയിട്ടുണ്ടെങ്കിൽ മാപ്പാക്കി ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചിട്ടുണ്ട്.<br>നോട്ടീസിന് ശ്രീ പി കേശവൻ എന്നവർ സമർപ്പിച്ച മറുപടിയിൽ മനപൂർവ്വമുണ്ടാക്കിയ വീഴ്ചയല്ല എന്നും വിശദമായ മറുപടി സമർപ്പിക്കുവാൻ ഒരു മാസത്തെ സമയം അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നുവെങ്കിലും വിശദമായ മറുപടി സമർപ്പിച്ചിട്ടില്ല. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27/03/2019 തിയ്യതിയിലെ 2/19 നമ്പർ തീരുമാന പ്രകാരം ടിയാളുകൾ സമർപ്പിച്ച മറുപടി ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നതിനും, ഓഡിറ്റ് വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതിനെ തുടർന്ന് വയനാട് ജില്ല സീനിയർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് 27/03/2019 ലെ എസ്.സി2-7579/17 നമ്പർ കത്ത് പ്രകാരം ടിയാളുകൾ സമർപ്പിച്ച മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 62,65,66 ഖണ്ഡികകളുടെ പ്രാദേശിക പരിശോധന റിപ്പോർട്ട് നിലനിൽക്കുന്നതായും, ടി ഖണ്ഡികകൾ നിയമസഭാസമിതിയുടെ പരിഗണനയിലായതിനാൽ നിയമസഭാ സമിതിയുടെ തീർപ്പിന് വിധേയമായി ഭരണ വകുപ്പിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ഡെപ്യൂട്ടി ഡയറക്ടറുടെ 08/05/2019 തിയ്യതിയിലെ കെ.എസ്.എ (ഡബ്ല്യുവൈ.ഡി) പി3-231/2019 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| 42 | മുള്ളൻകൊല്ലി | 3.12.5 | ചെറ്റപ്പാലം - സീതാമൗണ്ട് റോഡ് - തുക അധികം നൽകി. പ്രസ്തുത പണിയ്ക്ക് 11.01.99-ൽ 24.9% അധിക നിരക്കിൽ ടെണ്ടർ സമർപ്പിച്ച മാനന്തവാടി മൈനിംഗ് & മരാമത്ത് വർക്കേഴ്സ് സഹകരണ സംഘം 27.01.99-ൽ എഗ്രിമെൻറ് വയ്ക്കുന്ന സമയത്ത് 30% അധിക നിരക്ക് ആവശ്യപ്പെടുകയും അതനുസരിച്ച് അന്തിമ ബില്ലിൽ ആകെ മൂല്യത്തിന്റെ കൂടെ 30% അധിക നിരക്ക് കൂട്ടിയാണ് തുക നൽകിയത്. അംഗീകരിച്ച ടെണ്ടറിൽ നിന്നും വ്യത്യസ്തമായി (24.9%-ന് പകരം 30%) തുക നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിന് മൊത്തം 36,247/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി 04.10.2009 ലെ എ 4-2510/08-ാം നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 07/11/2009 ലെ സി3/25888/09 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരമുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ.പി.കേശവൻ ജില്ലാ കോടതിയിൽ ഒ.പി.34/2011 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ടിയാൻ യഥാസമയം കോടതിയിൽ ഹാജരാകാത്തതിനാൽ പഞ്ചായത്തിന് അനുകൂലമായി വിധി പ്രഖ്യാപിക്കുകയും ചെയ്തു സാഹചര്യത്തിൽ ടിയാൻ വീണ്ടും അപ്പീൽ നൽകുകയും 17.06.2016 തിയ്യതിയിലെ ഒ.പി. (ലോക്കൽ ഫണ്ട് ഓഡിറ്റ്) 34/2011 നമ്പർ വിധിന്യായ പ്രകാരം ടി കേസ് തള്ളുകയും ചെയ്തു സാഹചര്യത്തിൽ ആർ.ആർ നടപടി സ്വീകരിക്കുന്നതിന് 08/11/2016 ലെ എ 4-6104/16 നമ്പർ കത്ത് പ്രകാരം അമ്പലവയൽ തഹസിൽദാർക്ക് ഈ ഓഫീസിൽ നിന്നും 10/11/16 ലെ 2011/7330/12/എൻ.3 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടറും കത്ത് നൽകിയിരുന്നു. നിലവിലെ സ്ഥിതി അറിയുന്നതിന് 24/07/2017 ലെ എ 4-7582/16 നമ്പർ കത്ത് പ്രകാരം അമ്പലവയൽ തഹസിൽദാർക്ക് കത്ത് നൽകുകയും 23/11/17 തിയ്യതിയിലെ ഡി1-1954/17-18/പഞ്ചായത്ത് (2) നമ്പർ കത്ത് പ്രകാരം കണിയാമ്പറ്റ വില്ലേജിൽ ടിയാന് സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലായെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും ടി വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമായതിനാൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അമ്പലവയൽ തഹസിൽദാർ അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് നിയമസഭാ സമിതി മുമ്പാകെ നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ ഇത് സംബന്ധിച്ച മറുപടി അടിയന്തിരമായി ലഭ്യമാക്കുന്നതിനായി അമ്പലവയൽ തഹസിൽദാർക്ക് കത്ത് നൽകുകയും മറുപടി ലഭിക്കാത്തതിനെ തുടർന്ന് 20/08/2021 ലെ എസ്.സി2-7582/16 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് വയനാട് ജില്ലാകളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. |
| 43 | മുള്ളൻകൊല്ലി | 3.12.5 | ആയുർവേദാശുപത്രി വൈദ്യുതീകരണം- അധികം പിൻവലിച്ച 20500/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപ്പെടുത്തുന്നു. | 20500/-രൂപയുടെ പലിശയടക്കം 64328/-രൂപ വസൂലാക്കുന്നതിന് 18/01/2018 ലെ 2018/81/12 നമ്പർ പ്രകാരം റവന്യൂ റിക്കവറി റിക്വസിഷൻ സമർപ്പിക്കുകയും ആയതിൽ 12/02/2019 വരെ 65920/-രൂപ അടവ് വന്നിട്ടുണ്ട്. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| 44 | തവിഞ്ഞാൽ | 3.12.5 | വാർഷികപദ്ധതിയിൽ പറയും പ്രകാരമുള്ള പട്ടികജാതി വിഭാഗത്തിലെ 3 ഗുണഭോക്താക്കളുടെ വീട് പൂർത്തീകരണത്തിന് (13000*3) പകരം 2 പേർക്ക് തുക നല്കുകയും ബാക്കി തുക വകമാറ്റി മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിച്ച വക 14202/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽനിന്ന്ഈടാക്കേണ്ടതാണ്. | പട്ടികജാതി വികസനവകുപ്പിൽ നിന്നും ഭവന പൂർത്തീകരണത്തിനായി ലഭിച്ച 39000/- രൂപയിൽ രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയും ബാക്കിവന്ന തുകയിൽ നിന്നും 9600/- രൂപ ശ്രീമതി കെ.പി.വിലാസിനി എന്നവർക്ക് പുതുതൊഴുത്ത് നിർമ്മാണത്തിനായും, 4602/രൂപ അംബേദ്കർ മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണത്തിനുമായി വകമാറ്റി ചെലവഴിച്ചുവെന്നതാണ് പരാമർശം.<br>ലഭിച്ച തുക പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനായി രണ്ട് ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമേ പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിയിരുന്നുള്ളുവെന്നും, ആയതിനാലാണ് ബാക്കിവന്ന തുക പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകമാറ്റി ചെലവഴിച്ചതെന്നും കാരണക്കാരനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏറ്റവും അർഹയായ ഗുണഭോക്താവിനാണ് തൊഴുത്ത് നിർമ്മാണത്തിന് ആനുകൂല്യം നൽകിയതെന്നതിനാൽ അത് അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് പ്രയോജനകരമായിട്ടുണ്ട്. വൈദ്യുതീകരിച്ച അംബേദ്കർ മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാൾ ഇന്നും പട്ടികജാതി ജനവിഭാഗത്തിന് പ്രയോജനകരമായ രീതിയിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തുക അപഹരിക്കുകയോ, നഷ്ടപ്പെടുത്തുകയോ, സർക്കാരിന് നഷ്ടം സംഭവിക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കളുടെ അഭാവം കാരണം തുക നഷ്ടപ്പെടാതിരിക്കാൻ അതേ വിഭാഗത്തിന്റെ ഉന്നമനത്തിനായി ചെലവഴിക്കുകയാണ് ചെയ്തത്. കാരണക്കാരനായ സെക്രട്ടറി 28.02.2006 തിയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുകയും, 22.03.2011 തിയതിയിൽ മരണപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ വകമാറ്റി ചെലവഴിച്ച തുക പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനാണ് ചെലവഴിച്ചത് എന്ന വസ്തുത മുൻനിർത്തിയും സർക്കാരിന് നഷ്ടം സംഭവിക്കാത്ത സാഹചര്യത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിക്കുന്നതിന് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02/09/2021 തിയതിയിൽ നടക്കുന്ന യോഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 45 | തവിഞ്ഞാൽ | 3.12.5 | 999/00 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണം പദ്ധതിയുടെ ഭാഗമായുള്ള പൊതുമരാമത്ത്പ്രവർത്തികളുടെ | അധിക തുകയായ 25855/- രൂപ, 1999-2000 സാമ്പത്തിക വർഷത്തെ ജനകായാസൂത്രണം പദ്ധതിയുടെ ഭാഗമായുള്ള പൊതുമാരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധന, സൂപ്പർവിഷൻ, ചെക്ക് മെഷർമെൻറ് മുതലായവയുടെ ചാർജ്ജ് വഹിച്ചിരുന്നയാളും മാനന്തവാടി മൈനർ ഇറിഗേഷൻ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | എസ്റ്റിമേറ്റ് പരിശോധന, സൂപ്പർവിഷൻ, ചെക്ക് മെഷർമെൻറ്- അധികം കൈപ്പറ്റിയ 25855/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറും ആയിരുന്ന ശ്രീ.കെ സുരേന്ദ്രൻ, പാതിരിപ്പള്ളി ഹൗസ്,എമിലി, പി.കെ ചോയിറോഡ്, കൽപ്പറ്റ പിഒ എന്നയാളാണ് കൈപ്പറ്റിയത്. അധിക തുക കൈപ്പറ്റിയത് തിരിച്ചടക്കണമെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ കെ സുരേന്ദ്രന് 26.07.2008 ൽ ടി ഓഫീസിൽ നിന്ന് കത്ത് നൽകുകയും ആയതിന് ടി തുക മാനന്തവാടി സബ് ട്രഷറിയിൽ ചെലാനായി 8782-അദർ രസീത് ഹെഡ്പ്രകാരം അടച്ചുവെന്നും 21.08.2008 ൽ അദ്ദേഹം മറുപടി നൽകുകയും ചെയ്തു. എന്നാൽ ടി മറുപടിയിൻമേൽ വയനാട് ജില്ല ഓഡിറ്റ് സീനീയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17.12.2015 ലെ ഇ 3-652/14 നമ്പർ ഉത്തരവ് പ്രകാരം ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാത്തതിനാൽ ടി വിവരം കാട്ടി ഇതിനകം റിട്ടയർ ചെയ്ത മേൽ ഉദ്യോഗസ്ഥന് വീണ്ടും കത്ത് നൽകി. ഇതിനു 28.12.2017 ൽ അദ്ദേഹം മറുപടി തന്നതിൽ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടക്കേണ്ട മുഴുവൻ തുകയും സമയബന്ധിതമായി 8782-അദർ രസീത് ഹെഡ് പ്രകാരം മാനന്തവാടി സബ്ട്രഷറിയിൽ അടച്ചിട്ടുണ്ടെന്നും അടച്ചവയിൽ രണ്ട് ചെലാനുകളിലായി 8771, 2575 എന്നിങ്ങനെ ആകെ 11346 രൂപയുടെ ചെലാനുകൾ ഹാജരാക്കുകയും ബാക്കിയുള്ളവ കാലപ്പഴക്കം നിമിത്തം നഷ്ടപ്പെട്ടുവെന്നും അറിയിച്ചു എന്നാൽ ആകെ ഓഡിറ്റ് തടസ്സപ്പെടുത്തിയ 25855/ രൂപയിൽ ട്രഷറിയിൽ അടച്ച 11346 രൂപ കഴിച്ചുള്ള 14509/- രൂപ ട്രഷറിയിൽ അടച്ച ചെലാൻ കോപ്പി ഹാജരാക്കുകയോ അല്ലാത്തപക്ഷം ടി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ വേണം എന്നാവശ്യപ്പെട്ട് വീണ്ടും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 25.01.2018 ൽ ശ്രീ. കെ സുരേന്ദ്രൻ, പാതിരിപ്പള്ളി ഹൗസ് എന്നവർ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ട് ഹാജരായി ബാക്കി തുകയായ 14509/- രൂപ 117010105662 നമ്പർ രസീത് പ്രകാരം അടക്കുകയും ഓഡിറ്റ് തടസ്സത്തിൽ നിന്ന് ഒഴിവാക്കണമെന്ന് കാണിച്ച് കത്ത് നൽകുകയും ചെയ്തിട്ടുണ്ട് നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 46 | തവിഞ്ഞാൽ | 3.12.5 | വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ കാമധേനു ഇൻഷ്വറൻസ് സബ്സിഡി വിതരണം- 28986/-രൂപ അധികമായി ചെലവഴിച്ചത് തിരിച്ച് പിടിക്കേണ്ടതാണ്. | 22.10.2009 ൽ ചേർന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ടി വിഷയം പരിഗണിക്കുകയും ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2014-16 യുടെ 26-ാമത് റിപ്പോർട്ട് പ്രകാരം പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ല ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17.12.2015 ലെ ഇ 3-652/14 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട് |
| 47 | ന്യൂൽപ്പുഴ | 3.12.5 | 2001/2002 | 2001-2002 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ കൽക്കെട്ട് മൂല ചെക്ക് ഡാം |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് സ്വനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | വർഷത്തെപദ്ധതിയിൽ 240000/- രൂപ വകയിരുത്തിയ കൽക്കെട്ട്മൂല ചെക്ക് ഡാം നിർമ്മാണത്തിന് നൽകിയ അധിക ഇക 18631.87/- രൂപ ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ് | നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് 2003-2004 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ 18632/- രൂപ പലിശ സഹിതം തിരിച്ചടവാക്കുന്നതിന് പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. ഷാജി. എന്നയാൾക്ക് 28.07.2014 തീയ്യതിയിൽ കത്ത് നല്കിയിരുന്നു. ടിയാൻ 03.12.2014 ന് സമർപ്പിച്ച മറുപടിയിൽ അസി. എഞ്ചിനീയർ തയ്യാറാക്കിയ ബിൽ പ്രകാരമുള്ള ഇക മാത്രമെ കൈപ്പറ്റിയിട്ടുള്ളു എന്നും ആയതിനാൽ ഇക തിരിച്ചടവാക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചിരുന്നു.<br>അന്നത്തെ അസിസ്റ്റൻറ് എഞ്ചിനീയറായിരുന്ന ശ്രീ. കെ എം സെയ്തലവി (റിട്ട.) എന്നയാൾക്ക് പരാമർശിത വിഷയം സംബന്ധിച്ച് കത്ത് നൽകുകയും ആയത് പ്രകാരം ശ്രീ. കെ.എം സെയ്തലവി ലഭ്യമാക്കിയ മറുപടിയിൽ വനത്തോട് ചേർന്ന് ഗതാഗത സൗകര്യമില്ലാത്ത വയൽ പ്രദേശത്താണ് ചെക്ക് ഡാം നിർമ്മിച്ചിരിക്കുന്നതെന്നും, നിർമ്മാണ സാമഗ്രികൾ വാഹനത്തിൽ എത്തിക്കാൻ കഴിയാത്തതിനാൽ ഒരു കിലോമീറ്ററോളം വനത്തിലൂടെ തലച്ചുമടായാണ് എത്തിച്ചിരുന്നതെന്നും ഇപ്രകാരം കയറ്റിറക്ക് കൂലിയിൽ വന്ന വ്യതിയാനമാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.<br>പ്രസ്തുത മറുപടി തൃപ്തികരമല്ലെന്നും ഇക തിരിച്ചടവാക്കേണ്ടതാണെന്നും കാണിച്ച് ശ്രീ. കെ. കെ ഷാജിക്ക് 25.01.2018 ന് വീണ്ടും കത്ത് നൽകുകയുണ്ടായി. ഇക അടവാക്കാതിരുന്ന സാഹചര്യത്തിൽ 09.02.2018 തീയ്യതിയിൽ 2018/115/12 നമ്പർ ആയി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്.<br>റവന്യൂ റിക്കവറി അപേക്ഷയിന്മേൽ തുടർ നടപടികളൊന്നും കാണാത്തതിനാൽ 16.03.2019 ന് ഗ്രാമപഞ്ചായത്ത് ആയത് സംബന്ധിച്ച് ബഹു. ജില്ലാകളക്ടർക്ക് കത്ത് നല്കിയിട്ടുണ്ട്. ഇക അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് കാണിച്ചുള്ള ശ്രീ. കെ. കെ ഷാജിയുടെ അപേക്ഷ ( 5.10.2019 ലെ എ 9-853/2019 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയത്)ന്മേൽ 9.05.2020, 08.10.2020 ലെ PAN/10868/2019-M3(DP) നമ്പർ കത്ത് പ്രകാരം ഈ കാര്യലയത്തിൽ നിന്നും ആവശ്യപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വർക്ക് ബില്ല് എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് യഥാർത്ഥത്തിൽ ഒരു ഘനമീറ്ററിന് 2008.34 രൂപ നിരക്ക് കാണിക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് ഇനത്തിന് 2301/- രൂപ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് എന്ന് 25.08.2021 ന് ചേർന്ന ഭരണസമിതി യോഗം വിലയിരുത്തുകയും കൺവീനർക്ക് എതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് യോഗം ഐകകണ്ഠേന സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.കൂടാതെ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | വനാതിർത്തിയോട് ചേർന്ന് നിർമ്മാണ സ്ഥലത്തേക്ക് നിർമ്മാണ സാമഗ്രികൾ വാഹനത്തിൽ എത്തിക്കുക അസാധ്യമായതിനാലും ആയത് തലച്ചുമടായി എത്തിക്കേണ്ടി വന്നതിനാലും കൂടാതെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുക എന്ന സദുദ്ദേശത്തോട് കൂടി ചെയ്ത പ്രവൃത്തിയായതിനാലും പ്രസ്തുത നിർമ്മാണം ഇപ്പോഴും സമീപവാസികളായ ധാരാളം കർഷകർക്ക് ഉപകാരപ്രദമായി നിലനിൽക്കുന്നതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിന് ബഹു നിയമസഭാ സമിതി മുമ്പാകെ അപേക്ഷിക്കുന്നതിന് 25.08.2021 ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയോഗം 1(1)/2021 നമ്പറായി ഐക്യകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 48 | നെൻമേനി | 3.12.5 | 1999-2000 വർഷത്തേക്ക് എടക്കൽ തോട്ടിൽ നിന്നും മണൽ വാരുന്നതിനുള്ള കുത്തകാവകാശം- ശ്രീ. സുധാകരന് തിരിച്ചു നൽകിയ 12200/- രൂപ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. | പഞ്ചായത്തിന് നഷ്ടം വന്ന തുക 12200/- രൂപ ഉത്തരവാദിയായ ശ്രീ. സുധാകരനിൽ നിന്നും 45181/52 തിയ്യതി 10.01.2006 രസീതി പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. |
| 49 | നെൻമേനി | 3.12.5 | 1998-99 ലെ പ്ലാനിൽ ഉൾപ്പെടുത്തി നൂൽപ്പുഴ പഞ്ചായത്തിലെ വനത്തിലൂടെ ഒഴുകി കബനി നദിയിൽ പതിക്കുന്ന നൂൽപ്പുഴയിൽ ടണൽ നിർമ്മിച്ച് നെൻമേനി ഗ്രാമപഞ്ചായത്തിലെ കമ്പക്കൊടിയിൽ എത്തിക്കുന്ന പദ്ധതിയ്ക്ക് സർവ്വേ നടത്തുന്നത്- . അധികം നൽകിയ 14890/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവിൽപെടുത്തുന്നു. | പഞ്ചായത്തിന് നഷ്ടം വന്ന തുകയായ 14890/- രൂപ ശ്രീ.കെ.വി.തോമസിൽ നിന്നും ഈടാക്കുന്നതിനായി ലോക്കൽഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ റിവൈസ്ഡ് സർച്ചാർജ്ജ് നോട്ടീസ് നൽകിയിട്ടുണ്ട്. ടിയാൻറെ ഡി.സി.ആർ.ജി യിൽ നിന്ന് മേപ്പടി തുക ഈടാക്കിയിട്ടുണ്ടോ എന്നുള്ള വിവരത്തിന് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 06.012.2014 ന് കത്ത് എഴുതിയിട്ടുണ്ട്. ടിയാൻ മരണപ്പെട്ടതായും ഡി.സി.ആർ.ജി നടപടികളൊന്നും പൂർത്തിയാ യിട്ടില്ലെന്നും 10.01.2018 തിയ്യതിയിൽ ഇ 1-987/2016 നമ്പർ കത്ത് പ്രകാരം സുൽത്താൻബത്തേരി എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.<br>ശ്രീ.കെ.വി.തോമസ് എന്നവർ 30.11.2008 ന് സർവ്വീസിൽ നിന്ന് വിരമിക്കുകയും 01.07.2012 ന് മരണപ്പെടുകയും ചെയ്തതായും ടിയാന്റെ ഡി.സി.ആർ.ജി അനുവദിക്കേണ്ടത് ബഹു. ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പ്, തിരുവനന്തപുരം അവർകളുടെ ഓഫീസിൽ നിന്നാണെന്നും അറിയിച്ചിരുന്നു. നെന്മേനി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ടിയാന്റെ അനന്തരാവകാശികളെ സംബന്ധിച്ച് അന്വേഷിക്കുകയും എന്നാൽ യാതൊരു വിവരവും ലഭിക്കാത്തതിന്റെ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | അടിസ്ഥാനത്തിലും ടിയാൻ മരണപ്പെട്ടുപോയിട്ടുള്ളതിനാലും 15.01.2018 തിയ്യതി ബഹു. ചീഫ് എഞ്ചിനീയർ ജലസേചന - ഭരണവകുപ്പ് തിരുവനന്തപുരം എന്നവർക്ക് ശ്രീ.കെ.വി.തോമസിന്റെ ഡി.സി.ആർ.ജി യിൽ നിന്ന് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കണമെന്ന് കാണിച്ച് കത്ത് നൽകിയിരുന്നു. കൂടാതെ 30.01.2018 ന് ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകിയിട്ടുണ്ട്. |
| **കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | | | | |
| 50 | ചിറക്കൽ | 3.13.17 | 1998 -2000 പദ്ധതി സഹകരണ സംഘങ്ങള്ക്ക് പ്രവർത്തന മൂലധനം മാനേജീരിയൽ സബ്സിഡി, പൊതുവായ ആവശ്യങ്ങൾ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിച്ചത് - 25784 രൂപ ഈടാക്കി പദ്ധതി വിഹിതത്തിൽ അടക്കേണ്ടതാണ്.. | പദ്ധതിയിൽ ഗുണഭോക്തൃവിഹിതമായി വകയിരുത്തിയ 25784/- രൂപ സംഘം നേരിട്ട് പയനീർസ് മോട്ടോഴ്സിന് നല്കുകയാണ് ചെയ്തിട്ടുള്ളത്. വാഹനം സംബന്ധിച്ച് ഇന്നത്തെ അവസ്ഥ അന്വേഷിച്ചതിൽ 15 വർഷത്തോളം പ്രസ്തുത വാഹനം നല്ല രീതിയിൽ പ്രവൃത്തിക്കുകയും സംഘത്തിന്റെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്താൻ സഹായകമായതായും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. തുടർന്ന് വാഹനം തകരാറിലായതായും 2015 ന് ശേഷം ആയത് വില്പന നടത്തിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. സഹകരണ സംഘം ഇന്നും ചിറക്കൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പുതിയതെരുവിൽ പ്രവർത്തനം തുടരുന്നുണ്ട് ഇത് സംബന്ധിച്ച് 23.03.2019 ന് ചേർന്ന ഭരണ സമിതി യോഗം ചർച്ച ചെയ്യുകയും സദുദ്ദേശ പരമായ ലക്ഷ്യം മുൻ നിർത്തി ഏറ്റെടുത്ത പദ്ധതി നല്ല രീതിയിൽ നിർവ്വഹണം നടത്തിയിട്ടുണ്ടെന്ന് ഭരണ സമിതിക്ക് ബോധ്യപ്പെട്ടത് പ്രകാരം യോഗത്തിന്റെ 78 ബി നമ്പർ തീരുമാനപ്രകാരം പരാമർശം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിവരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 51 | പെരിങ്ങളം | 3.13.17 | <u>കാലിത്തൊഴുത്ത് നിർമ്മാണം-പദ്ധതി പണം കൂടുതൽ ചെലവഴിച്ചു</u><br><br>നിർവ്വഹണ ഉദ്യോഗസ്ഥൻ-<br><br>വെറ്റിനറി സർജ്ജൻ<br><br>പദ്ധതി വിഹിതം -750000/-രൂപ<br><br>ഗുണഭോക്തൃ വിഹിതം -105000/രൂപ | പെരിങ്ങളം ഗ്രാമ പഞ്ചായത്ത്, കരിയാട് ഗ്രാമപഞ്ചായത്ത്, പാനൂർ ഗ്രാമ പഞ്ചായത്ത് എന്നീ മൂന്ന് ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് 2015 നവംബർ മാസത്തിൽ രൂപീകൃതമായ നഗരസഭയാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് പെരിങ്ങളം ഗ്രാമപഞ്ചായത്ത് ഓഫീസ് കാര്യാലയത്തിൽ പരിശോധന നടത്തുകയും മേൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ ഓഡിറ്റ് പരാമർശത്തിന് 12/12/2014 തീയ്യതിയിൽ പെരിങ്ങളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.വി.പി.ജയപ്രകാശ്, എ1/5086/2014 നമ്പറായി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ.സി.പി.ധനഞ്ജയൻ, വെറ്റിനറി സർജ്ജൻ ഗവൺമെന്റ് ഗോട്ട് ഫാം, കൊമ്മേരി, നെടുംപൊയിൽ (പി.ഒ) എന്നവർക്ക് കത്ത് നൽകിയതും, 16/12/2014 ന് ഇതേ നമ്പർ ഫയലിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറകടർ കണ്ണൂർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | അടങ്കൽ -180000/രൂപ<br>പ്രസ്തുത പ്രൊജക്ടനുസരിച്ച് 50 പേർക്ക് 1500 രൂപ വീതം 75000/-രൂപ പദ്ധതി പണം ചെലവഴിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 74 പേർക്ക് 1500/ രൂപ വെച്ച് 111000/-രൂപ ചെലവഴിച്ചിട്ടുണ്ട് . പദ്ധതി പണം ചെലവിൽ 20% ൽ കൂടുതൽ വരികയാണെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയുടേയും ഡി.പി.സിയുടേയും മുൻകൂർ അനുവാദം വാങ്ങണമെന്നിരിക്കേ, പ്രസ്തുത നിയമം പാലിക്കാതെ 36000/-രൂപ അധികം ചെലവഴിച്ചത് ഓഡിറ്റിൽ നിന്നും തിരസ്ക്കരിക്കുന്നു. ആയതിനാൽ കൂടുതലായി ചെലവഴിച്ച 36000/ രൂപ ഉത്തരവാദിയായ വെറ്റിനറി സർജ്ജനിൽ നിന്നും ഈടാക്കേണ്ട താണ്. | ഫണ്ട് ഓഡിറ്റ് ഓഫീസ്, കണ്ണൂർ എന്നവർക്ക് സമർപ്പിച്ച ഓഡിറ്റ് ന്യൂനത നടപടി പത്രികയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.സി.പി.ധനഞ്ജയൻ, വെറ്റിനറി സർജ്ജൻ ഗവ.വെറ്റിനറി ഡിസ്പെൻസറി, പിണറായി എന്നവർക്ക് തടസ്സം പരിഹരിക്കുന്നതിലേക്ക് ഓഡിറ്റ് തടസ്സം പകർപ്പ് സഹിതം രജിസ്ട്രേഡ് തപാൽ മുഖേനെ അറിയിപ്പ് നൽകുകയുണ്ടായിയെന്നും , നാളിതുവരെ തുക തിരികെ ഒടുക്കിയതായി കാണുന്നില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു.<br><br>17/12/2014-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.സി.പി.ധനഞ്ജയൻ 2000-2001 വർഷത്തിൽ നടപ്പാക്കിയ കാലിത്തൊഴുത്ത് നിർമ്മാണം സഹായ പദ്ധതി പ്രൊജക്ട് നമ്പർ 01-4-1 3 പ്രകാരം 50 ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മിക്കുവാൻ 75,000/-രൂപ പഞ്ചായത്ത് ഫ് അനുവദിച്ചിരുന്നുവെന്നും അത് പ്രകാരം 50 പേരുടെ ഗുണഭോക്തൃ ലിസ്റ്റും പഞ്ചായത്തിൽ നിന്നും ഏൽപ്പിച്ച പ്രകാരം പദ്ധതി പൂർത്തിയാക്കിയെന്നും എന്നാൽ വീം 24 പേരുടെ സപ്ലിമെന്റ് ലിസ്റ്റ് PR No.39/01/(1) പ്രകാരം തീയ്യതി 28/02/2001 അനുവദിച്ചു തന്നത്പൂർത്തീയാക്കിയിട്ടുള്ളതാണെന്നും ആയതാണ് ഓഡിറ്റ് പരാമർശത്തിന് കാരണമെന്നും മറുപടി നൽകിയിട്ടുള്ളതായി ഫയലിൽ കാണുന്നു.വിശദമായ പരിശോധനയിൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമായതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിൽ സാമ്പത്തിക ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ല കൂടാതെ അന്നത്തെ പഞ്ചായത്ത് ഭരണ സമിതി 24 പേരുടെ സപ്ലിമെന്ററി ലിസ്റ്റ് അംഗീകരിച്ച് നല്കിയതിനാലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കാണുന്നു. ആയതിനാൽ ടി പ്രോജക്ടിന്റെ നിർവഹണോദ്യോഗസ്ഥനെതിരെയുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നു സമിതി മുന്പാകെ ബോധിപ്പിച്ചുകൊള്ളുന്നു. |
| 52 | പെരളശ്ശേരി | 3.13.17 | ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാതെ പശുവിനെ വിതരണം ചെയ്യാൻ ചെലവഴിച്ച 28000 രൂപ ഓഡിറ്റിൽ | ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് പശുവിതരണം സംബന്ധിച്ച ഓഡിറ്റ് തടസ്സം ഭരണ സമിതി വിശദമായി ചർച്ച ചെയ്തു. അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് മുൻകാല മെമ്പർമാരിൽ നിന്നും അറിയുവാൻ സാധിച്ചതായി ഭരണസമിതി വിലയിരുത്തി. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | നിരാകരിക്കുന്നു. | എന്നാൽ ഗ്രാമസഭ മിനുട്ട്സിലും ഭരണസമിതി മിനുട്ട്സിലും രേഖാമൂലം ഉൾപ്പെടുത്താൻ വിട്ട് പോയതതാണെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട് ഗുണഭോക്തൃ ലിസ്റ്റിൽ ആനുകൂല്യം അനുവദിക്കുന്നതിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ വെറ്റിനറി സർജനോട് പഞ്ചായത്ത് ഭരണ സമിതി അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം അനുവദിക്കുന്നതിന് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ വെറ്റിനറി സർജൻ അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടാണ് ആനുകൂല്യം നല്കിയതെന്ന് മുൻകാല മെമ്പർമാരിൽ നിന്ന് അറിയുവാൻ സാധിച്ചത് ഭരണ സമിതി വിശദമായി ചർച്ച ചെയ്ത് ഐകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. |
| 53 | പെരളശ്ശേരി | 3.13.17 | 2000-2001 ലെ 26 നമ്പർ പ്രൊജക്ട് ഭവന രഹിതർക്ക് വീട്- ശ്രീമതി കായക്കൽ ചന്ദ്രോത്ത് കമലയെ ഗുണഭോക്താവായി തെരഞ്ഞെടുത്തു കൊണ്ടുള്ള അസ്സൽ തീരുമാനം മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. മേല്പാരണത്താൽ തുക 25000 നിരാകരിക്കുന്നു. | വീട് നിർമ്മാണം ഗുണഭോക്താവിനെ മാറ്റിയത് സംബന്ധിച്ച് ഓഡിറ്റ് തടസ്സം ഭരണ സമിതി വിശദമായി ചർച്ച ചെയ്തു. ഭവന രഹിതർക്ക് വീട് എന്ന പ്രൊജക്ടിലെ ഗുണഭോക്താവായി ശ്രീ. ഇട്ടേരിമ്മൽ നാരായണൻ എന്നവരാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നിർവ്വഹണ സമയത്ത് ടിയാന്റെ പേരിൽ ഭൂമി ഇല്ലാ എന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടതിനാലും ടിയാന്റെ ഭാര്യ കായക്കൽ ചന്ദ്രോത്ത് കമല എന്നവരുടെ പേരിൽ ഭൂമി ഉള്ളതിനാലും ആനുകൂല്യം അനുവദിക്കുകയും ചെയ്തത് ഭരണസമിതി തീരുമാനപ്രകാരമാണ്. ഗുണഭോക്താവിനെ മാറ്റിയതെങ്കിലും ഭരണസമിതി മിനുട്ട്സിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്ന് ഭരണസമിതി വിലയിരുത്തി ഭവനരഹിതരായ അർഹതപ്പെട്ട കുടുംബത്തിന് (കായക്കൽ ചന്ദ്രോത്ത് കമല W/o ഇട്ടേരിമ്മൽ നാരായണൻ) തന്നെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് . ഭവന നിർമ്മാണം ഒരു വ്യക്തിക്കുള്ള ആനുകൂല്യം അല്ലാത്തതിനാലും കുടുംബത്തിനുള്ള ആനുകൂല്യം ആണ് എന്നത് പരിഗണിച്ച് ഭവന നിർമ്മാണത്തിന് ധനസഹായം നല്കിയ നടപടി ഭരണസമിതി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താവ് ഉൾപ്പെട്ട കുടുംബത്തിന് നൽകിയ ആനുകൂല്യം എന്ന നിലയ്ക്ക് ഈ പരാമർശം ഒഴിവാക്കണമെന്നു അപേക്ഷിക്കുന്നു. |
| 54 | വേങ്ങാട് | 3.13.17 | വനിതാ ടെയ് ലറിങ് യൂണിറ്റ് -സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതായി കാണിക്കുകയോ, ടെയ് ലറിങ് യൂണിറ്റിന് കൈമാറി അവരുടെ കൈപ്പറ്റ് രസീതി കാണിക്കുകയോ ചെയ്തിട്ടില്ല - തുക 49300 തടസ്സത്തിൽ വെക്കുന്നു. | മില്ലേനിയം വനിതാ ചാരിറ്റബിൾ സൊസൈറ്റി പൊയനാട് എന്ന സംഘം 20.03.2000 ത്തിലെ 2631/22 നമ്പർ രസീറ്റ് പ്രകാരം തയ്യൽ മെഷീൻ ഗുണഭോക്തൃവിഹിതമായി 500 രൂപ അടവാക്കിയിട്ടുള്ളതും 30.03.2000 ത്തിലെ 2631/90 നമ്പർ രസീറ്റ് പ്രകാരം കൈരളി മഹിളാ സമാജം ചാമ്പാട്, പാതിരിയാട് പി ഒ എന്ന സംഘം ഗുണഭോക്തൃ വിഹിതമായി 500 രൂപ അടവാക്കിയിട്ടുള്ളതുമാണ്. ഇതിൽ മില്ലേനിയം വനിതാ ചാരിറ്റബിൾ സൊസൈറ്റി എന്ന സംഘത്തിന് 2001 വർഷ ത്തിൽ 5 തയ്യൽ മെഷീനും ഒരു എബ്രോയിഡറി മെഷീനും 4 സ്റ്റൂളും ലഭിച്ചിട്ടുണ്ടെന്ന് കാണിച്ച് അന്നത്തെ ഗ്രൂപ്പ് പ്രസിഡണ്ടും സെക്രട്ടറിയും ഒപ്പിട്ട |

| | | | | |
|---|---|---|---|---|
| | | | | കൈപ്പറ്റ് രസീറ്റ് ആവശ്യപ്പെട്ടത് പ്രകാരം നല്കിയിട്ടുണ്ട്. നേരിട്ടും വാർഡ് മെമ്പർ വഴിയും നടത്തിയ അന്വേഷണത്തിൽ ടി ഗ്രൂപ്പ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും 5 തയ്യൽ മെഷീനുകളും ഒരു എംബ്രോയിഡറി മെഷീനും 4 സ്റ്റൂളുകളും പഞ്ചായത്തിന്റെ വക കഴിയിൽ പീടിക എന്ന സ്ഥലത്തെ ശിശുമന്ദിരം കെട്ടിടത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുള്ളതും ഒരു തയ്യൽ മെഷീനും ഒരു എബ്രോയിഡറി മെഷീനും 4 സ്റ്റൂളുകളും നശിച്ചു പോയിട്ടുള്ളതും 4 മെഷീനുകൾ തുരുമ്പെടുത്ത് നശിക്കാറായ അവസ്ഥയിലാണെങ്കിലും റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിനാൽ പ്രവർത്തനക്ഷമവുമാണ്. ഈ മെഷീനുകൾ ഉപയോഗിച്ച് പോളി ടെക്നിക്കിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 6 മാസം മുമ്പ് വരെ ഈ പഞ്ചായത്തിലെ നിർദ്ധനരായ വനിതകൾക്ക് തയ്യൽ പരിശീലനം നല്കിയിട്ടുണ്ട്. ഗ്രൂണഭോക്തൃവിഹിതം അടച്ച അടുത്ത യൂണിറ്റായ കൈരളി മഹിളാ സമാജം എന്ന സംഘം അവർക്ക് തയ്യൽ മെഷീനും മറ്റും സൂക്ഷിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ മുറി ഏർപ്പാടാക്കുന്നതിനുള്ള സാമ്പത്തികം ഇല്ലാതെ വന്നതിനാൽ മെഷീനുകൾ മേൽ സംഘം ഏറ്റെടുക്കാതിരിക്കുകയും വിവരം അന്നത്തെ ഭരണസമിതിയെ അറിയിക്കുകയും ഭരണസമിതി ഇടപ്പെട്ട് ടി യൂണിറ്റിലുള്ള മെഷീനുകൾ അന്നത്തെ 16ാം വാർഡിലെ ചൈതന്യ, അനുഗ്രഹ എന്നീ യൂണിറ്റുകൾക്ക് വിഭജിച്ച് നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ചൈതന്യ എന്ന യൂണിറ്റിന് 2 തയ്യൽ മെഷീനും, 2 സ്റ്റൂളുകളും അനുഗ്രഹ എന്ന യൂണിറ്റിന് 3 തയ്യൽ മെഷീനും 1 എംബ്രോയിഡറി മെഷീനും 4 സ്റ്റൂളുകളുമാണ് അനുവദിച്ച് നല്കിയത്. കൈപ്പറ്റ് രസീതിന്റെ പകർപ്പ് സമർപ്പിക്കുന്നു. നിലവിൽ ഈ മെഷീനുകളും സ്റ്റൂളുകളുമെല്ലാം തന്നെ നാശോന്മുഖമായി ഈ യൂണിറ്റുകളിലെ ഓരോ അംഗങ്ങളുടെ കൈവശമാണ് ഉള്ളത്. ക്രമപ്രകാരമല്ല തയ്യൽമെഷീനുകളുടെ വാങ്ങലും വിതരണവും നടന്നിട്ടുള്ളത് എങ്കിലും പഞ്ചായത്തിലെ സാധുക്കളായ വനിതകളുടെ സാമ്പത്തികാഭിവൃദ്ധിയെ ലക്ഷ്യം വെച്ച് നടപ്പിലാക്കിയ ഈ പ്രൊജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് ഫണ്ടിന് യാതൊരു വിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല |
| 55 | ചൊക്ലി | 3.13.17 | ഓഡിറ്റ് വർഷം 1999-2000<br>ഖണ്ഡിക-15<br>പദ്ധതി നിർവ്വഹണ ചിലവ് പരിധി കഴിഞ്ഞ് ചിലവഴിച്ച 44415/- രൂപ അനുവദിക്കുന്നില്ല. | ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ ജോർജ് ഈപ്പൻ എന്നവർക്ക് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-15 ,18,21,22 പ്രകാരം 53857/-രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഈ ഓഫിസിൽ നിന്നും ഉക തിരിച്ചടക്കുന്നതിന് കത്ത് നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ജോർജ്ജ് ഈപ്പൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഫിസിലേക്ക് അയച്ച |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കാള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | മറുപടി കത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ്ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ പ്രാദേശിക പരിശോധന നടത്തി വിവരങ്ങൾ ഹെഡ് ഓഫീസിനെ അറിയിച്ചതായും ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് ഓഡിറ്റ് ഡയറക്ടർക്ക് കത്ത് എഴുതുന്നതിനും നിർദ്ദേശിരുന്നു. തുടർന്ന് ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് ചൊക്ലി ഗ്രാമപഞ്ചായത്തിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ്ഡയറക്ടറുടെ ഓഫിസിലേക്ക് കത്ത് അയച്ചിരുന്നുഎന്നാൽ ആയതിന് മറുപടി ലഭ്യമായിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17-03-2021 ലെ പി എഎൻ/16392/2019-എച്ച്(ഡിപി) നമ്പർ കത്ത് പ്രകാരം ശ്രീ ജോർജ്ജ് ഈപ്പൻ എന്നവരുടെ ബാധ്യത തുകയായ 53857/- രൂപ ടിയാളുടെ ഡിസിആർജി നിന്ന് ഈടാക്കിയിട്ടുണ്ട്. |
| 56 | കതിരൂർ | 3.13.17 | മറ്റു പരാമർശങ്ങൾ.<br>കതിരൂർഗ്രാമപഞ്ചായത്തന്റെ 2000-01 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 37, തുക -83950/- | കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ പദ്ധതി സംബന്ധിച്ച എസ്.എഫ്.സി.8/1025/03 തീയ്യതി 18/10/2003 നമ്പർ ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ 1 മുതൽ 16 വരെയുള്ള ഖണ്ഡികകൾ മാത്രമേ പരാമർശിച്ചിട്ടുള്ളൂ. 2000-01 വർഷത്തെ പദ്ധതി ഫണ്ട് ഒഴികെയുള്ള എസ്.എഫ്.സി.7/992/2004 തീയ്യതി 17/01/05 നമ്പർ ആഡിറ്റ റിപ്പോർട്ട് പരിശോധിച്ചതിൽ 1മുതൽ 18 വരെയുള്ള ഖണ്ഡികകൾ മാത്രമേ പരാമർശിച്ചിട്ടുള്ളൂ. ഖണ്ഡിക 37 പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 57 | ആറളം | 3.13.17 | ഓഡിറ്റ് വർഷം 1999-2000 ഭൂമിയില്ലാവർക്ക് ആടിനെ വിതരണം ചെയ്ത തുക 8298 രൂപനിരാകരിക്കുന്നു | അഞ്ച് സെന്റ് സ്ഥലമെങ്കിലും ഉള്ളവർക്ക് മൻഗണന പ്രോജക്ടിൽ നിശ്ചയിച്ചിരുന്നതായും എന്നാൽ ആയത് അർഹത മാനദണ്ഡമായിരുന്നില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. മാത്രമല്ല ഗുണഭോക്താവിന്റെ പേരിൽ ഭൂമിയില്ലായിരുന്നുവെങ്കിലും അവർ ഉൾപ്പെട്ട കുടുംബത്തിന് ആടിനെ സംരക്ഷിക്കുന്നതിനാവശ്യമായ ഭൂമിയുള്ളതായി നേരിൽ അന്വേഷിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആടിനെ വിതരണം നടത്തിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് ഗ്രാമ പഞ്ചായത്തിനോ സർക്കാരിനോ ഇതു മൂലം സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടില്ല തീർത്തും സാമ്പത്തികമായി പിന്നോക്കം നിന്ന സ്ത്രീകളുടെ ഉന്നമനത്തിനായാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി മൂലം 9 ദരിദ്ര കുടുംബങ്ങൾക്ക് വരുമാനവും ഉപജീവന മാർഗ്ഗവും നേടാൻ കഴിഞ്ഞിട്ടുണ്ട്. |
| 58 | തൃപ്പങ്ങോട്ടൂർ | 3.13.17 | 1.ശുദ്ധജല വിതരണ പദ്ധതി സ്ഥലമെടുപ്പ്- ക്രമവിരുദ്ധമായി സ്ഥലത്തിന് വില നൽകിയ 25823/- രൂപ ഓഡിറ്റിൽ | ഓഡിറ്റ് പ്രകാരമുള്ള 25823/- രൂപ 26/04/2019 തിയ്യതിയിലെ രശിതി നമ്പർ 11901010020 1 പ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | അംഗീകരിക്കുന്നില്ല.<br>2. നൃത്ത പരിശീലന പദ്ധതി കൂടുതൽ തുക നല്കി യത് . 5898/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. | ഓഡിറ്റ് പരാമർശ പ്രകാരമുള്ള 5898/- രൂപ 26/04/2019 തിയ്യതിയിലെ രശിതി നമ്പർ 11901010202 പ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. |
| 59 | ധർമ്മടം | 3.13.17 | ഓഡിറ്റ് വർഷം 2000-2001 - പദ്ധതിയിൽ പറഞ്ഞതിലും കൂടുതൽ കക്കൂസ് അനുവദിച്ചു. 14000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറ്കടറുടെ 01/01/2013 തീയ്യതിയിലെ നം LF/KNR/C8/1355/2013(4) കത്ത് പ്രകാരം 2000-2001 വർഷത്തെ ഖണ്ഡിക 19 ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. |
| 60 | കണിച്ചാർ | 3.13.17 | 1999-2000 വർഷ ത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് -ഖണ്ഡിക നം-19 സമഗ്ര നാളികേര വികസന പദ്ധതി- പമ്പ്സെറ്റ് വിതരണം- അനർഹർക്ക് ആനുകൂല്യം നല്കിയ തുക നിരാകരിക്കുന്നു | ടി പരാമർശത്തിൻമേൽ ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഫീസിലെ 14/06/2005 തീയതിയിൽ എൽ.എഫ്-1160(iii) എസ്.സി.എസ്.സി 6/2005 നമ്പർ സർചാർജ് നോട്ടീസ് പുറപ്പെടുവിക്കുകയും തുടർന്നുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 7000 രൂപ ഒഴിവാക്കി അവശേഷിക്കുന്ന 7000/- രൂപക്ക് 30/12/2006 തീയതിയിലെ എൽ.എഫ്-1160(iii) എസ്.സി.എസ്.സി 6/2005 നമ്പർ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സോമരാജൻ കെ, കൃഷി ഓഫീസർ (റിട്ട.) എന്നവർ 22/04/2015 ലെ 11502100087 നമ്പർ രസീത് പ്രകാരം 3500/- രൂപയും , 26/11/2015 ലെ 11502100946 നമ്പർ രസീത് പ്രകാരം 3500/- രൂപയും ആകെ 7000/- രൂപയും ഒടുക്കിയിട്ടുണ്ട്. |
| 61 | എടക്കാട് | 3.13.17 | ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണം- പഞ്ചായത്തിലെ ദുർബല വിഭാഗത്തിൽ പെട്ട 50 കുടുംബങ്ങൾക്കീട നിർമ്മിച്ച് നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പ്രസ്തുത പ്രൊജക്ടിൽ ഗ്രാമ സഭ തിരഞ്ഞെടുക്കാത്തവർക്ക് ധനസഹായം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ലഭിച്ച അപേക്ഷകൾ ഗ്രാമ സഭകളിൽ അവതരിപ്പിച്ച് ഗ്രാമ സഭ അംഗീകരിച്ച വിപുലമായ മുൻഗണനാ ലിസ്റ്റ് ചട്ട പ്രകാരം തയ്യാറാക്കി 50 വീട് നിർമ്മിക്കാനുള്ള പ്രൊജക്ടിൽ മുൻഗണനാ ലിസ്റ്റിലെ ആദ്യത്തെ 50 പേരുകൾ പഞ്ചായത്ത് മിനുട്സിൽ രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കുകയായിരുന്നു. അതിൽ 45 പേർ ഒന്നാം ഗഡു ആനുകൂല്യം 2000-01 വർഷം കൈപറ്റി എങ്കിലും 5 പേർ വസ്തുവിന്റെ കൈവശ രേഖകൾ ഹാജരാക്കാത്തതിനാൽ ഒന്നാം ഗഡു നല്കുവാൻ കഴിഞ്ഞില്ല ഈ സാഹചര്യത്തിൽ 24/03/2001 ലെ 42/01 (5) നമ്പർ തീരുമാന പ്രകാരം നിയമാനുസരണം തന്നെ ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിൽ നിന്നും അടുത്ത 5 പേർക്ക് വീട് അനുവദിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് ആദ്യത്തെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന 2 പേർക്ക് വീട് നിർമ്മിക്കാനുള്ള പ്രോജക്ടിൽ ഉൾപ്പെടുത്തിയും ഒന്നാം ഗഡു |

**സംസ്ഥാന ഓഡിറ്റ് വകപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ചതും. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് മേൽ നടപടിക്രമം സ്വീകരിട്ടിട്ടുള്ളത്. ഈ നടപടിക്രമത്തിൽ ക്രമക്കേടോ ചട്ടലംഘനമോ ഉണ്ടായിട്ടില്ല. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ ബോധിപ്പിച്ചുകൊള്ളുന്നു |
| | | | വായന ശാലകകൾക്ക് സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങുന്നത് സംബന്ധിച്ച്- ഇത്തരം സാധനങ്ങൾ റേറ്റ് കോൺടാക്ടർ മാരിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന സർക്കാർ നിബന്ധന പാലിച്ചില്ല പദ്ധതി പൂർത്തീകരിച്ചില്ല. | കമ്മ്യൂഷൻ പ്രകാരമാണ് പെരളശ്ശേരി വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്ന് ഫർണിച്ചർ വാങ്ങിയത്. വാങ്ങിയ ഫർണിച്ചർ പഞ്ചായത്ത് ഭരണ സമിതി നിശ്ചയിച്ച സബ് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച വായനശാലകൾക്ക് യഥാസമയം തന്നെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയാൽ സമയബന്ധിതമായി ലഭിക്കില്ലെന്നത് കൊണ്ടാണ് കൊട്ടേഷൻ ക്ഷണിച്ച വാങ്ങിയതെന്നും പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കണം എന്ന സദുദ്ദേശം പരിഗണിച്ച ഈ പരാമർശം ഒഴിവാക്കണമെന്നു അപേക്ഷിക്കുന്നു. |
| 62 | എരഞ്ഞോളി | 3.13.17 | കന്നുകുട്ടി പരിപാലനം – പദ്ധതി വിഹിതത്തിൽ നിന്ന് നിർദ്ദേശിച്ച നിരക്കിലധികം നൽകിയ തുക 2708 തിരിച്ചുപിടിച്ച് പ്ലാൻ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. | തടസ്സപ്പെട്ടുത്തിയ തുകയായ 2708 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ 01.08.2019 തിയതിയിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്. |
| 63 | എരഞ്ഞോളി | 3.13.17 | ഓഡിറ്റ് വർഷം 99-2000 തയ്യൽ മെഷിൻ വിതരണം(99-2000) – ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. | സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 10.12.2014 ലെ നം എൽ എഫ് കെ എൻ ആർ /ബി 1/ 1611/2014/12 നം കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| 64 | എരഞ്ഞോളി | 3.13.17 | ഓഡിറ്റ് വർഷം 99-2000 -മുഴുവൻ വീടിലും കക്കൂസ് – കൃത്യമായി ചെലവ് കാണിക്കാതെ കൈപ്പറ്റിയ സബ്സിഡി | 99-2000 വർഷത്തെ മുഴുവൻ വീട്ടിലും കക്കൂസ് എന്ന പദ്ധതിക്ക് 88 ഗുണഭോക്താക്കൾ ഉണ്ട്. എല്ലാ ഗുണഭോക്താക്കളും കക്കൂസ് നിർമ്മാണം പൂർത്തിയാക്കി എന്ന് ബോധ്യപ്പെട്ടതിന് ശേഷമാണ് 2000/രൂപ വീതം സബ്സിഡിയായി അനുവദിച്ചത്. ഗുണഭോക്താക്കൾ എല്ലാം തന്നെ നിർമ്മാണം |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | പൂർത്തീകരിച്ചതായുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് മുൻ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നു. ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണത്തിന് 6000 രൂപയോ അതിൽ കൂടുതലോ ചെലവഴിച്ചതിനാലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ 88 ഗുണഭോക്താക്കൾക്ക് 2000 രൂപ വീതം സബ്സിഡി അനുവദിച്ചത്. |
| 65 | കേളകം | 3.13.17 | കമ്മീഷൻ ക്ഷണിക്കാതെ ബോണ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് സ്പ്രെയർ വാങ്ങിയതിന്റെ അനധികൃത ചെലവായ 22,500/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് വസൂലാക്കേണ്ടതാണ്. | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരത്തിന്റെ എൽ എഫ് 20345/ സ്പെ സെൽ എസ് സി 6)/2004 നമ്പർ കത്ത് പ്രകാരം 22500/- രൂപയുടെ സർചാർജ് നടപടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ചെലവഴിച്ച 31,500/- രൂപയിൽ 9000/- രൂപയാണ് തടസ്സപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി ആനുകൂല്യത്തിനായി തിരഞ്ഞെടുത്ത 14 കർഷകരുടെ അപേക്ഷകളിൽ 4 പേർ കുരുമാവ് കൃഷി ചെയ്യുന്നവരായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതാണ്. സമർപ്പിച്ച അപേക്ഷകൾ പ്രകാരം മുഴുവൻ കർഷകരുടെയും കൃഷി സ്ഥലം കൃഷി അസിസ്റ്റന്റുമാർ നേരിട്ട് നടത്തിയ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പവർ റോക്കർ സ്പ്രെയർ 50 ശതമാനം നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത് .നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി ഈ വിഷയത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 66 | കേളകം | 3.13.17 | മിക്സഡ് നഴ്സറിയിൽ നിന്നു തൈകൾ വാങ്ങിയത് - രൂക കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.(8750 +21250) | പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത് .ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ 20 കർഷകരുടെ അപേക്ഷകളിലും കുടുംബത്തിലെ മുഴുവൻപേരുടേയും സമ്മതങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (കുരുമാവ് കർഷകർക്ക് സഹായം നല്കുന്നതിന്സ്ഥലപരിധിയില്ല) എന്നാൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 2.5 ഏക്കറിൽ കുറഞ്ഞ ഭൂമി മാത്രമേ കൈവശമായുള്ളു. ആയത് 28.03.1998-ലെ തദ്ദേശ ഭരണ വകുപ്പിന്റെ 4349/എൽ 3/98 നം സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മാത്രമല്ല കുരുമാവിൻ തൈകൾ കണ്ണൂർ പ്രിന്സിപ്പൽ കൃഷി ഓഫീകരുടെ 07.03.94 ലെ റ്റി.എ (3) 1557/93 1557/93 നം കത്ത് പ്രകാരം അംഗീകീരം ലഭ്യമായിട്ടുള്ള അടയ്ക്കാത്തോട് ഹരിത മിക്സഡ് നഴ്സറി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. |
| 67 | എരമം കുറ്റൂർ | 3.13.17 | 1999-2000,ഖണ്ഡിക 8. മൈത്രി ഭവന നിർമ്മാണ പദ്ധതി-ഗുണഭോക്തൃ വിഹിതം ഇനത്തില് 72,500/രൂപ പിരിച്ചെടുത്ത വിശദംശങ്ങള് ഓഡിറ്റിന് ബോധ്യപ്പെടുത്താത്തതിനാല് | 2003-04 ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട എരമം കുറ്റൂർ പഞ്ചായത്തിലെ 1999-2000 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ പ്രൊജക്ടാണ് മൈത്രി ഭവന നിർമ്മാണ പദ്ധതി. പഞ്ചായത്ത് വിഹിതത്തിനോടൊപ്പം ഗുണഭോക്തൃ വിഹിതമായി ജനറൽ വിഭാഗത്തിൽപെട്ട 75 പേരിൽ നിന്നും 5000 രൂപ വീതം 375000 രൂപയും വനിത വിഭാഗത്തിൽ പെട്ട 25 പേരിൽ നിന്നും 2500 രൂപ വീതം 62500 രൂപയും കൂടി 437500 |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | പദ്ധതി വിഹിതം ഇനത്തില് അധികരിച്ച് നല്കിയ (ഗുണഭോക്തൃ വിഹിതത്തിന് പകരം പദ്ധതി വിഹിതം) 72,500/രൂപ ഓഡിറ്റില് നിരാകരിക്കുന്നു.72,500/രൂപ ഗുണഭോക്തൃ വിഹിതം ഇനത്തില് പിരിച്ചെടുക്കുകയോ അല്ലെങ്കില് ബന്ധപ്പെട്ട ഉദ്യോഗസ്ഥരില് നിന്നും ഈടാക്കി പഞ്ചായത്ത്ഫണ്ടിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ് | രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അടക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച ഘട്ടത്തിൽ മൈത്രി ഭവന പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഭൂരിഭാഗം പേരും തീരെ നിർദ്ധനരാണെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടു. ജില്ലാ ആസൂത്രണ സമിതിയുടെ കൂടി നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പഞ്ചായത്തിന്റെ ധന സ്ഥിതി കൂടി പരിഗണിച്ച് ഒരു വാർഡിൽ നിന്നും 5000 രൂപ ഗുണഭോക്തൃ വിഹിതം ഒടുക്കാനുള്ള 75 പേരിൽ നിന്നും ഒരാളെ വീതം 11 വാർഡിൽ നിന്നുമായി 11 പേരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും 75 പേരിൽ ഒരാളെ വീതം മറ്റൊരു 11 പേരുടെ വിഹിതം 5000 രൂപയിൽ നിന്നും 2500 രൂപയായി കുറച്ചുകൊടുക്കുന്നതിനും തീരുമാനം എടുക്കുകയും പ്രൊജക്ട് ഭേദഗതി ചെയ്യുകയും ചെയ്തു. 31/12/1999 ന് ചേർന്ന പ്രസ്തുത പഞ്ചായത്ത് യോഗത്തിലെ 125/99(12) തീരുമാന പ്രകാരം 53 പേരിൽ നിന്നും 5000 രൂപ വീതവും 25 വനിതകളും, തീരുമാന പ്രകാരം ഇളവ് നൽകിയ 11 പേരും അടക്കം 36 പേരിൽ നിന്നും 2500 രൂപയും അടക്കം ആകെ (53*5000 – 265000, 36*2500 - 90000) 355000 രൂപയാണ് ഒടുക്കേണ്ടിയിരുന്നത്. ആയതിൽ 2500 രൂപയായി ഗുണഭോക്തൃ വിഹിതം ഇളവ് നൽകിയിരുന്ന 5 പേർ 5000 രൂപ മുഴുവനായും അടക്കാൻ തയ്യാറായി. ആയത് പ്രകാരമാണ് ഓഡിറ്റിൽ പരാമർശിച്ച പ്രകാരം 5000 രൂപ അടക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണം 58 എണ്ണമായത്. പഞ്ചായത്ത് തീരുമാന പ്രകാരം 2500 രൂപ അടക്കേണ്ടിയിരുന്ന 36 പേരില് 5 പേർ 5000 മുഴുവനായും അടക്കുകയും ഒരാൾ ഗുണഭോക്തൃ വിഹിതം അടക്കുകയോ ആനുകൂല്യം കൈപ്പറ്റുകയോ ചെയ്യാത്തതിനാലുമാണ് 2500 രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയ ഗുണഭോക്താക്കളുടെ എണ്ണം 30 ആയത്. ഗുണഭോക്തൃ വിഹിതം ആദ്യ പ്രൊജക്ട പ്രകാരം ( 75*5000+25*2500) 437500/- രൂപയായിരുന്നത് പഞ്ചായത്ത് തീരുമാന പ്രകാരം ഭേദഗതി ചെയ്തതിനു ശേഷം ( 58*5000+30*2500) 365000/- രൂപ ആയി മാറിയിരുന്നു. ടി തുക മുഴുവനായും പിരിച്ചെടുത്തിട്ടുണ്ട്. പ്രൊജക്ടിൽ ഗുണഭോക്താക്കളായി ഉൾപ്പെട്ട, ഗുണഭോക്തൃ വിഹിതം ഈടാക്കിയ 88 പേരും ഗുണഭോക്തൃ വിഹിതം ആവശ്യമില്ലാത്ത പഞ്ചായത്ത് പ്രൊജക്ട് ഭേദഗതി ചെയ്ത പ്രകാരം ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയ 11 പേരും പട്ടിക ജാതി വിഭാഗത്തിപ്പെട്ട 7 പേർ അടക്കം 106 പേര് വീട് നിർമ്മാണം പൂർത്തിയാക്കി വീട് ഉപയോഗിച്ചു വരുന്നതായി പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്. പരാമർശത്തിൽ 107 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കപ്പെട്ട ഒരാൾ അടക്കമാണ്. 1999 മുതൽ 2001 വരെ എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ മൈത്രി ഭവന നിർമ്മാണ പദ്ധതി |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്തൃക്കളായ 157 പേരിൽ ഒഴിവാക്കപ്പെട്ട ഒരാളൊഴികെ 156 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി തുക നൽകിയിട്ടുണ്ടെന്ന് കേരള സ്റ്റേറ്റ് ഹൌസിംഗ് ബോർഡിന്റെ 03/09/2013 ലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 68 | എരമം കുറ്റൂർ | 3.13.17 | സോഡിയം വേപ്പർ ലാമ്പ് റിപ്പയർ-ഇരുതരമായ ക്രമക്കേടുകൾചെലവ്-13565/രൂപ തടസ്സത്തില് വെക്കുന്നു. | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സെക്രട്ടറിയായിരുന്ന ശ്രീ പോൾ . പി എന്നവർ സര്വ്വീസില് നിന്നും വിരമിക്കുകയും 22.01.2013 ൽ മരണപ്പെടുകയും ചെയ്തിട്ടുള്ളതാകുന്നു. തന്മൂലം റവന്യൂ റിക്കവറി നടപടികളുമായി മുന്നോട്ട പോകാൻ കഴിയാത്ത സാഹചര്യത്തിൽ മേൽ തുക ടിയാന്റെ ഡിസിആര്ജിയിൽ നിന്നും ബഹുമാനപ്പെട്ട കാസര്ഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ മുഖേന ഈടാക്കി പഞ്ചായത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 17.03.2019 തീയ്യതിയിലെ 118050900063 രശീതി പ്രകാരം പ്രസ്തുത തുക 13565 രൂപയും, തടഞ്ഞു വെച്ച 750 രൂപയും മേൽ കാലയളവിലെ സെക്രട്ടറി പി.പോളിന്റെ ഡിസിആര്ജിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടില് ഒടുക്കിയിട്ടുണ്ട്. |
| 69 | പാടൂം | 3.13.17 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് പതിനേഴര സെന്റ് സ്ഥലമെടുപ്പ് നടത്തിയത്- അധികം നല്കിയ തുക 38000 രൂപ | 15/05/2004 തീയതി ഓഡിറ്റ് റിപ്പോർട്ടിന്റെ മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19/07/2004 തീയതിയിലെ എൽ എഫ് സി 12/734/2004 നമ്പർ പുനരഭിപ്രായക്കുറിപ്പ് പ്രകാരം പരാമർശ വിഷയം ഉൾപ്പെട്ട ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുണ്ട് |
| 70 | കരിവെള്ളൂർ പെരളം | 3.13.17 | ഗ്രാമീണ വനിതാഹോട്ടലിന് ഉപകരണം നല്കൽ അനാവശ്യമായി ചെലവഴിച്ചത് 15450/രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | ബഹു.നിയമസഭാസമിതി മുമ്പാകെയുള്ള ഓഡിറ്റ് പരാമർശം 09/04/2019 ന് ചേർന്ന ഭരണസമിതി വിശദമായി ചർച്ച ചെയ്തു. 2000-2001 വർഷം നടപ്പിലാക്കിയ വനിതാഹോട്ടലിന് ഫർണ്ണിച്ചർ എന്ന പ്രൊജക്ട് സംബന്ധിച്ചാണ് പരാമർശം നിലനിൽക്കുന്നത്. . മുൻകൂട്ടി തയ്യാറാക്കി ഡി പി സി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ട് പ്രകാരം വനിതാ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുന്ന സമയത്താണ് ഫർണ്ണിച്ചറുകൾ പ്രൊജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വിത്യസ്തമായാണ് ആവശ്യമുള്ളത് എന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ 15/03/2001 തീയ്യതിയിലെ ഗ്രാമ പഞ്ചായത്തിന്റെ/ 143/2001(4), 146/2001(8) നമ്പർ തീരുമാനങ്ങൾ പ്രകാരമാണ് ഗവ: അംഗീകൃത സ്ഥാപനമായ സിഡ്കോവിൽ നിന്നും ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്. ആയത് പ്രൊജക്ട് ഭേദഗതി അനുമതി സമയത്ത് ഭേദഗതി ചെയ്യുന്നതിന് വിട്ടു പോയതാണെന്ന് ഭരണ സമിതിക്ക് ബോധ്യമായി. കൂടാതെ പ്രസ്തുത ഹോട്ടൽ നല്ല നിലയിൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും വാങ്ങി നല്കിയ ഉപകരണങ്ങൾ ഇപ്പോഴും നല്ല നിലയിൽ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും പഞ്ചായത്തിന് |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ബോധ്യപ്പെട്ടിട്ടുണ്ട്. ജനകീയ ഹോട്ടലായി പ്രവർത്തിച്ചു വരുന്നതും വർഷങ്ങളായി 4 വനിതകൾക്ക് തൊഴിൽ നൽകിവരുന്നതുമാണ്. പ്രസ്തുത വാങ്ങൽ വഴി പഞ്ചായത്തിനോ ,സർക്കാറിനോ യാതൊരു വിധ ധനനഷ്ടവും സംഭവിച്ചിട്ടില്ലാത്തതാണെന്നും സർക്കാർ അംഗീകൃത സ്ഥാപനമായ സിഡ്കോയിൽ നിന്നും പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങിയതിനാൽ തന്നെ യാതൊരു വിധ ക്രമക്കേടുകളും ഇക്കാര്യത്തിൽ നടന്നിട്ടില്ലെന്നുമുള്ള വസ്തുതകൾ പരിഗണിച്ച് ഇത് സംബന്ധമായ പരാമർശം ഒഴിവാക്കുന്നതിന് 09.04.219 തീയതിയിലെ 14/79/19 നമ്പർ പ്രകാരം ബഹു.നിയമസഭാസമിതിയോട് അപേക്ഷിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. |
| 71 | മുഴപ്പിലങ്ങാട് | 3.13.17 | ഭവന നിർമ്മാ ണം 2000/01 വർഷത്തിൽ ഏറ്റെടുക്കുകയും ധനസഹായം നൽകുകയും ചെയ്ത 2 പേർ 2002 മാർച്ച് അവസാനത്തിലും ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.- അനുവദിച്ച സഹായ ധനമായ 32000/- രൂപ തടസ്സത്തിൽ വെക്കുന്നു. | കണ്ണൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 13.01.2009 ലെ എൽ.എഫ്/സി1/1737(1)/08 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ 2001-02 വർഷത്തെ പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 9 ലെ നഷ്ടത്തിന് ഉത്തരവാദിയായതിൽ നിന്നും ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട് |
| 72 | കൊട്ടിയൂർ | 3.13.17 | കാലിത്തൊഴുത്ത് നിർമ്മാണം 38 പേർക്ക് അധികം നല്കിയ 33250 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരിച്ച് പിടിച്ച്പ്ലാൻ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. | കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിൽ 2004 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ വെറ്ററിനറി ഡിസ്പെന്സറി കെട്ടിടം പകുതിയിലധികം വെള്ളത്തിൽ മുങ്ങുകയും ഫയലുകൾ നശിച്ചു പോകുകയും ചെയ്തിരുന്നു. ടി ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും നശിച്ച പോയവയിൽ ഉൾപ്പെടുന്നു. 2018 ലുണ്ടായ വെള്ളപ്പൊക്കത്തിലും ഓഫീസിലെ മുഴുവൻ ഫയലുകളും നശിച്ചു പോയിട്ടുണ്ട്. 2004 ലെ വെള്ളപ്പൊക്കത്തിൽ ഫയലുകൾ നശിച്ചത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ റിപ്പോർട്ടിന്റെ പകർപ്പും ജില്ലാ മൃഗസംരക്ഷണ ഓഫീസർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്കും വെറ്ററിനറി സർജൻ ഓഡിറ്റ് വകുപ്പിനും അയച്ച റിപ്പോർട്ടിന്റെ പകർപ്പുകളും ഫോട്ടോകളും 26.04.2019 ലെ എ.1539/2019 നമ്പർ തപാല് മുഖാന്തിരം ബഹു.എ.ഡി.പി, കണ്ണൂർ മുമ്പാകെ തുടർ നടപടികൾക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിൽ മോണിറ്ററിംഗ് സമിതിയും വാർഡ് മെമ്പർമാരും ശ്രുപാർശ നല്കിയാണ് ആനുകൂല്യം നല്കിയിട്ടുള്ളത് എന്നും പറയുന്നുണ്ട്. 2000-01 ലെ പ്രസ്തുത പ്രോജക്ടിലെ ഗുണ ഭോക്താക്കളെ അംഗീകരിച്ച മിനുട്സ് പരിശോധിച്ചതിൽ ഭരണ സമിതി |

## നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | അംഗീകരിച്ച 48 പേരും സാമ്പത്തികമായി താഴെ തട്ടിലുള്ളവരാണെന്നും ആനുകൂല്യം ലഭിച്ചത് തികച്ചും അർഹരായവർക്കാണെന്നും ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. നിയമ സഭ സമിതിയുടെ തീരുമാനത്തിന് വിധേയമായി ഈ വിഷയത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |
| 73 | കീഴല്ലൂർ | 3.13.17 | കെ.എസ്.ഇ.ബിയുടെ മൂന്ന് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകളിൽ അടക്കുന്നതിന് വേണ്ടി അധികമായി പിൻവലിച്ച തുക 1,69,900 ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് ഈടാക്കി പ്ലാൻ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്. | ഓഡിറ്റ് കാലളവിൽ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ ബാലചന്ദ്രൻ.ആർ 03.08.2006 തിയ്യതിയിൽ മരണപ്പെട്ടിട്ടുള്ളതാകുന്നു. തുടർന്ന് ടിയാൻറെ അനന്തരാവകാശികളിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ബഹു.കേരള ഹൈക്കോടതിയിൽ പ്രസ്തുത നടപടിക്കെതിരെ എതിർ കക്ഷികൾ 04.07.17 ലെ WP(c) 22139 പ്രകാരം അന്യായം ഫയൽ ചെയ്തിരിക്കയാണ്. നിലവിൽ ഈ കേസ് വിചാരണയിലാണ്. |
| 74 | കീഴല്ലൂർ | 3.13.17 | പ്രൊജക്ട് നം-26- എൽ.പി വിഭാഗം പഠന കേന്ദ്രം വകയിരുത്തിയത് തനതുഫണ്ട് 1,90,000 രൂപ<br>പ്രൊജക്ട് തുടങ്ങുന്നതിന് മുമ്പെ ചെലവഴിച്ചത് അനുവദനീയമല്ല. | ഓഡിറ്റ് കാലളവിൽ സെക്രട്ടറി തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ ബാലചന്ദ്രൻ.ആർ 03.08.2006 തിയ്യതിയിൽ മരണപ്പെട്ടിട്ടുള്ളതാകുന്നു. തുടർന്ന് ടിയാൻറെ അനന്തരാവകാശികളില് നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ബഹു.കേരള ഹൈക്കോടതിയിൽ പ്രസ്തുത നടപടിക്കെതിരെ എതിർ കക്ഷികൾ 04.07.17 ലെ WP(c) 22139 പ്രകാരം അന്യായം ഫയൽ ചെയ്തിരിക്കയാണ്. നിലവിൽ ഈ കേസ് വിചാരണയിലാണ്. |
| 75 | മാട്ടൂൽ | 3.13.17 | വീട് റിപ്പയറിംഗ് ജനറൽ: സബ്സിഡി അധികം നല്കിയത് 8950/- രൂപ കൺവീനർ തിരിച്ചടക്കേണ്ടതാണ് | കൺവീനറായ ശ്രീ. വി പി ഹംസ 8950/- രൂപ ഈ ഓഫീസിലെ 9337/2 തീയ്യതി. 16.02.2014 പ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. |
| 76 | പാപ്പിനിശ്ശേരി | 3.13.17 | അളവെടുക്കലിന് പ്രതിഫലം നൽകിയത് -<br>പി.ഡബ്ല്യു.ഡി.ക്ക് അധികമായി നൽകിയത് -<br>(ടി പ്രവൃത്തികളിൽ യഥാക്രമം 2120+401+1416 എന്നിങ്ങനെ ആകെ 3937/- രൂപ) | ഓഡിറ്റ് നിർദ്ദേശാനുസരണം പഞ്ചായത്ത് തീരുമാനമെടുത്ത് ബഹു സർക്കാരിലേക്ക് സാധൂകരണത്തിന് സമർപ്പിച്ചതിൻറെ ഫലമായി തദ്ദേശസ്വയം ഭരണ (എബി) വകുപ്പിൻറെ 23/07/2008 തീയതിയിലെ സ.ഉ. (സാധാ) നം.2069/2008/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം ആയത് സാധൂകരിച്ച് ഉത്തരവായിട്ടുണ്ട്. 15/12/2017 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ ടി പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| 77 | പാപ്പിനിശ്ശേരി | 3.13.17 | ഉരുത്തി സെറ്റിൽമെൻറ് കോളനി റോഡ് (98-99) - | ഓഡിറ്റ് ഖണ്ഡികയുടെ പകർപ്പുസഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീപി. ശ്രീധരന് കത്തു നൽകി. ആയതിന് ടിയാൾ വിശദീകരണം നൽകി. ഷ്രിംഗേജ് |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | വൗച്ചർ നം. 81/18-09-2000 അളവ് പുസ്തകം 14/98-99 അധിക മൂല്യം നൽകിയത് - 12144.12 രൂപ<br>(ബി) പാപ്പിനിശ്ശേരി മാർക്കറ്റ് - പോസ്റ്റ് ഓഫീസ് റോഡ്<br>വൗച്ചർ നം. 56/15-07-2000 അളവ് പുസ്തകം 20/99-2000 അധികം അനുവദിച്ചത്- 6340.78 രൂപ രണ്ടു പ്രവൃത്തികളിലായി അധികം നൽകിയ 18,485/- രൂപ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. | കുറവുചെയ്ത ശേഷമാണ് അളവു രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയത് എന്ന ടിയാളുടെ വാദം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കുകയും രണ്ടു പ്രവൃത്തികളി ലായി അധികം നൽകിയ 18,485/- രൂപ യിൽ 11705/- രൂപ ഒഴിവാക്കി 6780/-രൂപ (ആറായിരത്തി എഴുന്നൂറ്റി എൺപതുരൂപ മാത്രം)യായി ക്ലിപ്തപ്പെടുത്തുകയും ചെയ്തിട്ടുണ്ട്(24/11/2008 ലെ LF 22768/ Spl.Cell. SC6/06 നമ്പർ കത്ത്). ബഹു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറകടർ 31/07/2008 ന് LF 22768/Spl.Cell.SC6/06 നമ്പർ സർചാർജ് നോട്ടീസ് പുറപ്പെട്ട വിച്ചതിനെത്തുടർന്ന് ഈയാഫീസിൽ നിന്നും 29/08/2008 ന് തുക അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് അറിയിപ്പ് നൽകിയെങ്കിലും പ്രസ്തുത തുകയും (കുറവുവരുത്തിയത്) തിരിച്ചടച്ചിട്ടില്ല. ആയതിൻമേൽ ശ്രീ.പി.ശ്രീധരൻ, അസിസ്റ്റൻറ് എഞ്ചിനീയർ(റിട്ടയേർഡ്) ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(C)3037/2009 നമ്പർ കേസ് കോടതിയുടെ പരിഗണനയിലായതിനാൽ തുക ഈടാക്കുവാന് കഴിഞ്ഞിട്ടില്ല. |
| 78 | പാപ്പിനിശ്ശേരി | 3.13.17 | പാപ്പിനിശ്ശേരി പഞ്ചായത്ത് 9-ാം വാർഡിലെ ശ്രീമതി. തലയൻറകത്ത് അസ്മ എന്ന ഗുണഭോക്തൃവിന് പ്രോജക്ട് നം. 48 അനുസരിച്ച് വീട് റിപ്പയർ ചെയ്യുന്നതിനുള്ള ധനസഹായമായി 5,000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേ ഗുണഭോക്തൃവിനു തന്നെ പ്രോജക്ട് നം. 43 പ്രകാരം കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായവുംനൽകിക്കാണുന്നു | ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണ്. തുടർ വർഷങ്ങളിൽ ആയത് പാലിച്ചിട്ടുണ്ട്. ഭാവിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നു കാണിച്ച് പഞ്ചായത്ത് അസി ഡയറക്ടർ 11/06/2004 ന് നൽകിയ എ 4- 340/2004 നമ്പർ പ്രഥമ മറുപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ 04/10/2006 ന് പുറപ്പെടുവിച്ച എൽ.എഫ്./ ഡി2-1007/04 നമ്പർ പുനരഭിപ്രായക്കുറിപ്പിൽ ടി ഖണ്ഡികയെക്കുറിച്ച് (ഖണ്ഡികനം.14) പരാമർശമില്ലെന്ന് അറിയിച്ചിട്ടുണ്ട്. |
| 79 | പന്ന്യന്നൂർ | 3.13.17 | ഓഡിറ്റ് വർഷം/-2000-01<br>1.. ഖണ്ഡിക 9 അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. തുകതടസപ്പെടുത്തുന്നു.<br>തുക 28261/-രൂപ-രാസവള വിതരണപ്പട്ടിക ഇല്ല.<br>2.തുക 126841/രൂപ രാസവള | 1.രാസവള വിതരണപ്പട്ടിക ഹാജരാക്കിയിട്ടുണ്ട്.<br>2.രാസവള വിതരണപ്പട്ടിക ഹാജരാക്കിയിട്ടുണ്ട്.<br>3.റെയ്ഡ്കോയുടെ ഒറിജിനൽ രസീതിയും പാടശേഖരസമിതിക്ക് ടില്ലർ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | വിതരണപ്പട്ടിക ഇല്ല.<br>3.തുക 90872/രൂപ റെയ്ഡ്കോയിൽ നിന്ന് പവർ ടില്ലർ വാങ്ങിയത് റെയ്ഡ്കോയുടെ ഒറിജിനൽ രസീതിയും പാടശേഖരസമിതിക്ക് ടില്ലർ കൈമാറിയ രേഖയും ഹാജരാക്കിയിട്ടില്ല.<br>4. തുക.8549/-രൂപ കവുങ്ങിൻ തൈ വിതരണ രജിസ്റ്റർ ഇല്ല.<br>5.തുക.4250/-രൂപ സ്റ്റേറ്റ് സീഡിംഗ് - പച്ചക്കറി വിത്ത് വാങ്ങിയത് ഒറിജിനൽ ചലാൻ ഇല്ല. പച്ചക്കറി വിതരണ രജിസ്റ്റർ ഇല്ല<br>6. തുക.2283/രൂപ പച്ചക്കറി വിതരണ രജിസ്റ്റർ ഇല്ല<br>7.തുക.2500/-രൂപ ഗോപാൽ നഴ്സറി മുഴിക്കര എന്ന സ്വകാര്യസ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ വിളിക്കാതെ വാങ്ങിയത്. വിതരണ രജിസ്റ്റർ ഇല്ല<br>8.തുക.5000/-രൂപ സ്വാശ്രയ സംഘം പച്ചക്കറി - ഉപ വൌച്ചറുകൾ ഇല്ല | കൈമാറിയ രേഖയും രാസവള വിതരണപ്പട്ടികയും ഹാജരാക്കിയിട്ടുണ്ട്.<br>4. കവുങ്ങിൻ തൈ വിതരണരജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.<br>5. 16.01.2001 ലെ 245 നമ്പർ ചലാന്റെ് പകർപ്പ് .ഹാജരാക്കിയിട്ടുണ്ട്.<br>6. വിതരണ രജിസ്റ്ററും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ട്.<br>7. വിതരണ രജിസ്റ്ററും അനുബന്ധരേഖകളും ഹാജരാക്കിയിട്ടുണ്ട്.<br>8.ഉപ വൗച്ചറുകൾ തെരച്ചിൽ നടത്തി കണ്ടെത്തി സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് വീണ്ടും തെരച്ചിൽ നടത്തി കണ്ടെത്തി ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 80 | മുഴക്കുന്ന് | 3.13.17 | ഓഡിറ്റ് വർഷം 2000-01 സമഗ്ര വയൽ കൃഷി വികസനം അധികം നല്കിയ പദ്ധതി വിഹിതം നിരാകരിക്കുന്നു. | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണ്ണൂരിൻറെ 21.08.2008 ലെ എൽ.എഫ്.ഡി1/1351(24)/08 നമ്പർ പുനരഭിപ്രായ കുറിപ്പ് പ്രകാരം രൂ.500 ഒഴിച്ച് ഖണ്ഡിക 12 ലെ തടസ്സം നീങ്ങിയതായി അറിയിച്ചിട്ടുണ്ട്. തടസ്സപ്പെടുത്തിയ രൂപ.500/- 17.12.2014 ലെ 11402102902 നമ്പർ രസീത് പ്രകാരം കൃഷി ഓഫീസർ ഒടുക്കിയിട്ടുണ്ട്. |
| 81 | മുഴക്കുന്ന് | 3.13.17 | വനിതാ കംപ്യൂട്ടർപരിശീലന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് | ലോക്കല് ഫണ്ട് ഓഡിറ്റ് വകുപ്പ് കണ്ണൂരിന്റെ 06.01.2007 ലെ എല്.എഫ്.ഡി1/1262-06 നമ്പർ പുനരഭിപ്രായ കുറിപ്പ് പ്രകാരം ഖണ്ഡിക 13 ഓഡിറ്റ് തടസ്സം |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | വിരുദ്ധമായി ചെലവ് ചെയ്ത 16500/- രൂപ ഓഡിറ്റില് തടസ്സപ്പെടുത്തുന്നു. | ഒഴിവാക്കിയിട്ടുണ്ട്. |
| 82 | അഴീക്കോട് | 3.13.17 | 2003-04 ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ട് പാര 3.13.17- കണ്ണൂർ ജില്ല മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ ഓഡിറ്റ് വർഷം- 2001-02<br>ഖണ്ഡിക -4 - മരാമത്ത് പണികൾ - അധിക ചെലവ് തുക-10147/- നിരാകരിക്കുന്നു. | 1. പൊയ്യം കടവ് സ്രാംപി റോഡ് പരിഷ്കരണം പ്രവർത്തിയുടെ അടങ്കൽ തുക 71000 രൂപയും എസ്റ്റിമേറ്റ് തുക 67738 രൂപയുമാണ്. ആകെ ചെയ്ത പ്രവർത്തിയുടെ മൂല്യം 63573 രൂപയുമാണ്. ഈ തുക എസ്റ്റിമേറ്റ് തുകയേക്കാൾ കുറവായിരുന്നു. ഈ പ്രവർത്തിക്കായി അഡ്വാൻസായി 17700 രൂപയും ഫൈനൽ ബില്ലായി 45873 രൂപയും കൂടി ആകെ 63573 രൂപയാണ് കൺവീനറായ ശ്രീ. അബദുൾ റഷീദ് വി പി എന്നവർ നൽകിയത് പ്രസ്തുത തുക സാങ്കേതിക അനുമതി ലഭിച്ച 67738 രൂപയേക്കാൾ അധികരിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റിലെ മേൽ ഖണ്ഡിക പ്രകാരം നഷ്ടത്തിനുത്തരവാദിയെന്ന് പരാമർശിച്ച ശ്രീ പി വി ഗോവിന്ദൻ റിട്ട പി.ഡബ്ലു.ഡി എഞ്ചനിയർക്ക് 22.05.2006 ലെ എ 1-599/2004(7) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം അയച്ച് കൊടുക്കുകയും തുക 10147 രൂപ ഒടുക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയത് പ്രകാരം ടിയാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടർക്ക് അപേക്ഷ നല്കുകയും ആയതിനാൽ പ്രസ്തുത പ്രവത്തികളുടെ ഒന്നും രണ്ടും ഐറ്റങ്ങളിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 8798 രൂപയുടെ കുറവ് മാത്രമേ ആവശ്യമായി വന്നിട്ടുള്ളു എന്നും മൂന്നാമത്തെ ഇനത്തിൽ 150 ക്യൂബിക് മീറ്റർ മണ്ണ് ആവശ്യമുള്ളതായി എസ്റ്റിമേറ്റിൽ കണക്കാക്കിയിരുന്നുള്ളുവെങ്കിലും പ്രസ്തുത റോഡ് പുഴയുടെ തീരത്തുള്ളതും വേലിയേറ്റത്തിൽ വെള്ളം കയറുന്ന സ്ഥലവുമാണ്. എസ്റ്റിമേറ്റ് എടുത്ത് പ്രവർത്തി എടുത്തത് മാസങ്ങൾ കഴിഞ്ഞതിനാൽ വേലിയേറ്റം കൊണ്ടും മറ്റും കൂടുതൽ മണ്ണിളകിപ്പോയി ഗർത്തങ്ങൾ രൂപപ്പെട്ടതിനാലും സംരക്ഷണ ഭിത്തിയില്ലാത്ത റോഡിന് വെള്ളം കയറി നശിക്കാത്ത അത്ര ഉയരത്തിൽ സംരക്ഷണ ഭിത്തി കെട്ടിയാണ് ഇപ്പോൾ മണ്ണ് നിറച്ച് പരിഷ്കരിച്ചതിനാലും എസ്റ്റിമേറ്റിൽ കണക്കാക്കിയതിനേക്കാളും വ്യാപതത്തിൽ മണ്ണ് ആവശ്യമായി വന്നുവെന്നും പ്രവൃത്തി ഇടങ്ങുന്നതിന് മുമ്പ് പ്രതലത്തിന്റെ അളവ് പ്രീ മെഷർമെന്റായി റിക്കാർഡ് ചെയ്തിട്ടുള്ളതും ആയത് അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർമെൻറ് നടത്തിയതുമാണെന്നും പേമെന്റ് എസ്റ്റിമേറ്റ് തുകയേക്കാളും കുറവാണതിനാലും പ്രവർത്തികളെല്ലാം യഥാർത്ഥത്തിൽ നടന്നതും യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതിനാലും പഞ്ചായത്തിന് യാതൊരു നഷ്ടവും ഈ പ്രവർത്തികൊണ്ട് സംഭവിച്ചിട്ടില്ലെന്നതിനാലും നഷ്ടം സംഭവിച്ചുവെന്ന നിഗമനം യഥാർത്ഥത്തിൽ സംഭവിച്ചിട്ടില്ലാത്തതിനാലും പണം ഈടാക്കുന്ന കാര്യത്തിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് ശ്രീ. ഗോവിന്ദൻ , റിട്ട.പി.ഡബ്ലിയു.ഡി എഞ്ചിനിയർ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | എന്നവർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 23.07.2008 ലെ എൽ.എഫ്.22766/സ്പെസെല്/എസ്.സി, 6/06 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചതിൽ ജോയിന്റ് ഡയരക്ടർ , ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ടിയാനെ സർചാർജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>2) അഴീക്കോട് സെറ്റിൽ മെൻറ് കോളനി റോഡ് നിർമ്മാണം പ്രസ്തുത പ്രവർത്തിയുടെ അടങ്കൽ തുക 56000 വും എസ്റ്റിമേറ്റ് തുക 49927 രൂപയും ആണ്. ആകെ ചെയ്ത പ്രവർത്തി യുടെ മൂല്യം 48710 രൂപയാണ്. മേൽ പ്രവർത്തിയുടെ കൺവീനർ ആയ ശ്രീ കെ കുമാരൻ അഡ്വാൻസായി 13700 രൂപയും ഫൈനൽ ബിൽ പ്രകാരം 35010 രൂപയും ഉൾപ്പെടെ 48710 രൂപ നല്കിയിരുന്നു. എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട ഇനം (1) റോഡ് മണ്ണിട്ടുയർത്തിലിൽ 1314 രൂപ അധികം നല്കിയതാണ് ഓഡിറ്റ് പരാമർശം. പരാമർശം നില നിൽക്കുന്നതായി കണ്ട സാഹചര്യത്തിൽ പ്രസ്തുത തുക ഒടുക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ കെ.കുമാരൻ പി പി ഹൌസ് എന്നവർക്ക് 02.07.2021 തീയ്യതി കത്ത് നല്കിയിരുന്നു. മേൽ തുക ഒടുക്കാൻ ആവശ്യപ്പെട്ട സാഹചര്യത്തിൽ 24.08.2021 ന് രസീത് നം. 121040103237 പ്രകാരം 1314 രൂപ ഒടുക്കിയിട്ടുണ്ട്. |
| 83 | അഴീക്കോട് | 3.13.17 | അഴീക്കോട് പഞ്ചായത്തിൽ സ്ഥിരതാമസമാക്കിയ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരും , സ്വന്തമായി ഔട്ട് ബോർഡ് ഇഞ്ചിൻ ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്നവരുമായ 50 മത്സ്യത്തൊഴിലാളികൾക്ക് ഒരു വർഷത്തേക്ക് ഇന്ധന സബ്സിഡി നല്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള പ്രൊജക്ട് - ആനുകൂല്യം ഗുണഭോക്താക്കള്ക്ക് ലഭിച്ചുവെന്ന് മനസ്സിലാക്കുവാൻ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതിയോ, മേൽതുകയുടെ ഇന്ധനം ഈ 43 ഗുണഭോക്താക്കള്ക്ക് വിതരണം ചെയ്തായുള്ള ഫിഷന്മെൻ | അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ 2001-02 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഇന്ധന സബ്സിഡി നല്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള ഫിഷറീസ് സബ് ഇന്സ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രസ്തുത പ്രൊജക്ടിൽ 50 മത്സ്യത്തൊഴിലാളികൾക്ക് 1000 രൂപ വീതം 50000 രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത തുക കടപ്പുറം ഫിഷർമെൻ ഡവലപ്പ്മെന്റ് വെൽഫെയർ കോ-ഓപ് സൊസൈറ്റി ലിമിറ്റഡിന് 30.03.2002 ന് മുന്കൂറായി നല്കിയിരുന്നു. 7 ഗുണഭോക്താക്കൾക്ക് സ്വന്തമായി യന്ത്രവല്കൃത വള്ളങ്ങൾ ഇല്ലാത്തതിനാൽ ശേഷിക്കുന്ന 43 ഗുണഭോക്താക്കൾക്കാണ് സൊസൈറ്റി മുഖേന സബ്സിഡി നല്കിയത്. 43000 രൂപ ഒടുക്കേണ്ട സ്ഥാനത്ത് 50000 രൂപ സൊസൈറ്റിക്ക് അടച്ചത് വഴി 7000 രൂപയുടെ അധിക ചെലവ് വരുത്തിയതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം 7000 രൂപ കടപ്പുറം ഫിഷർമെൻ ഡവലപ്പ്മെന്റ് വെൽഫെയർ കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് ഈ ഓഫീസിൽ 31.03.2005 ന് (ചെക്ക് നം-023634 തീയ്യതി 29.03.2005) ഒടുക്കിയിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ 17.05.1999 മുതൽ 31.03.2010 വരെയുള്ള ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ 31ാം മത്തെ പേജിൽ ചേർത്തിട്ടുണ്ട്.കൂടാതെ ആയത് പഞ്ചായത്തിന്റെ അക്കൗണ്ടിൽ 31/03/2005 ന് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സീനിയർ ഡപ്യൂട്ടി ഡയറക്ടർ , ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യാലയം , കണ്ണൂർ 12/12/2014 ലെ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | ഡവ.കോ-- ഓപ്.സൊസൈറ്റിയുടെ രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലഴിച്ച 43000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | LF/KNR/B1-2027/2014 നമ്പർ കത്തിൽ ആവശ്യപ്പെട്ടത് പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചത് പ്രകാരം പദ്ധതിയുടെ ആനുകൂല്യം നേടിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നും ഇന്ധനം വിതരണം ചെയ്തതായുള്ള രേഖകളും ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് പ്രസിഡണ്ട്/ സെക്രട്ടറി അഴീക്കോട് കടപ്പുറം ഫിഷർമെൻ ഡവലപ്പ്മെന്റ് വെൽഫെയർ കോ-ഓപ് സൊസൈറ്റി ലിമിറ്റഡിന് 15/12/14 ന് എ 1.599/14 ആയി കത്ത് നല്കുകയും ആയത് പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ പകർപ്പും വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതി എന്നിവ ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്. 2001-02 വർഷത്തെ പദ്ധതി ചെലവ് ഓഡിറ്റ് റിപ്പോർട്ടിന്മേൽ പ്രാദേശിക പരിശോധന നടത്തി 16/01/2009 ന് എൽ.എഫ്.സി1/1042/08(18) നമ്പർ റിപ്പോർട്ട് പ്രകാരം ഓഡിറ്റ് തടസ്സം സമാഹൃത റിപ്പോർട്ട് 2003-04 ൽ ഉൾപ്പെട്ടതിനാൽ തടസ്സം നിലനിർത്തുന്നു എന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) അറിയിച്ചിട്ടുണ്ട്. |
| **കാസറഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ - മറ്റ പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ** | | | | |
| 84 | നീലേശ്വരം നഗരസഭ | 3.14.3 | മറ്റ് പരാമർശങ്ങൾ കോട്ടപ്പുറം-കടിഞ്ഞിമൂല നടപ്പാലം റിപ്പയർ- മാർക്കറ്റ് റേറ്റ് കണക്കാക്കുമ്പോൾ 15% അധികം കൂടി ചേർത്തത് അനുവദനീയമല്ല. | 2003-04 കോട്ടപ്പുറം - കടിഞ്ഞിമൂല നടപ്പാലം അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ.എം.കൃഷ്ണൻ അധികം കൈപ്പറ്റിയ 15249/- രൂപ തിരിച്ചടക്കുന്നതിനായി ടിയാന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ടിയാൻ മേൽ തുക ഒടുക്കുകയോ മറുപടി സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ടിയാന് 24/08/2021 ന് ഓർമ്മകുറിപ്പ് അയച്ചു നൽകിയിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. 2015 ൽ നീലേശ്വരം പഞ്ചായത്ത് നഗരസഭയായി മാറിയതിനെതുടർന്ന് ബന്ധപ്പെട്ട രേഖകൾ പരമാവധി ശേഖരിച്ച് പരിശോധിച്ച് അധികമായി കൈപ്പറ്റിയ തുക ഗുണഭോക്തൃ കമ്മിറ്റി കൺവീനറിൽ നിന്നും ഈടാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് നല്കിയിട്ടുണ്ട്. |
| 85 | ബദിയടുക്ക | 3.14.3 | കവുങ്ങ് കൃഷി-സർക്കാർ അനുവദിക്കാത്ത ഇനത്തിന് സബ്സിഡി നൽകിയത്- 34000/- രൂപ | ബദിയടുക്ക ഗ്രാമ പഞ്ചായത്തിൽ കവുങ്ങ് കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ധാരാളം കർഷകർ ഉള്ളതിനാൽ ടി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് 1998-99 വർഷം ടി പദ്ധതി ആസൂത്രണം ചെയ്ത് BLTC യുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തിയത് . മഴക്കാലത്തെ മണ്ണൊലിപ്പ് മൂലം വർഷങ്ങൾ കഴിയുമ്പോൾ കൃഷിതോട്ടങ്ങളിലെ ഫലഭ്രയിഷ്ടമായ മേല്മണ്ണ് നഷ്ടപ്പെടുകയും ആയത് വിളവിനെ സാരമായി ബാധിക്കുകയും ചെയ്യുന്നു.ആയതിനാൽ മറ്റ് സ്ഥലങ്ങളിൽ നിന്ന് ഫലഭ്രയിഷ്ടമായ മേല്മണ്ണ് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | നിക്ഷേപിക്കുന്നതിലൂടെ വിളവ് വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു എന്നും ഭരണസമിതി വിലയിരുത്തി എന്നാൽ ടി പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നടപ്പിൽ വരുത്തേണ്ട പദ്ധതിയായി ഉൾപ്പെടുത്തിയിരുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിൻമേൽ 25.11.2014 ൽ ചേർന്ന ഭരണസമിതിയുടെ 93/ 14 (24) നമ്പർ തീരുമാന പ്രകാരം ജനോപകരപ്രദമായി നടത്തിയ ടി പദ്ധതിക്ക് സാധൂകരണം നല്കുന്നതിന് ബഹു:കേരള സർക്കാരിനോട് അപേക്ഷിച്ച് തീരുമാനിക്കുകയും ആയതിനുള്ള ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിലേക്കുള്ള പ്രൊപ്പോസൽ 24.08.2021 തീയ്യതിയിലെ എ-7693/14 നമ്പർ കത്തു പ്രകാരം ബദിയടുക്ക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| 86 | കാറടുക്ക | 3.14.3 | പശു വിതരണം-കൂടുതൽ സബ്സിഡി നൽകിയത് 39000/- രൂപ | ബഹു: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2011-14)യുടെ 12-ാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് കാസറഗോഡ് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 20/03/2013-ലെ എൽ.എഫ്.കെ.എസ്.ഡി.3/223/2013 നമ്പർ കത്ത് പ്രകാരം പരാമർശം തീർപ്പാക്കിയിട്ടുണ്ട്. |
| 33 | മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | 2001 2002 ഖണ്ഡിക 13 | **സമഗ്ര വയൽ കൃഷി വികസനം (നിർവ്വഹണ ഉദ്യോഗസ്ഥർ - കൃഷി ഓഫീസർ)**<br>നെല്ലിന്റെ ഉൽപാദനം വർദ്ധിപ്പിക്കാനായി നെൽകൃഷി കർഷകർക്ക് 110 ഹെക്ടർ കൃഷി സ്ഥലത്ത് കൃഷി നടത്താനായി ഉൽപാദനോപാധികൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. 50% സബ്സിഡി ഉൽപാദനോപാധികൾ വിൽപനോപാധികൾ വിതരണം ചെയ്യാനാണ് നിർദ്ദേശം. ആയതിനായി 302500 രൂപ പദ്ധതി വിഹിതമായും 419500 രൂപ ഗു.വിഹിതമായും ആകെ 722000 രൂപ അടങ്കലുള്ള ഈ പദ്ധതിയിൽ അനുവദിച്ച പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ തുക കർഷകർക്ക് നൽകിയതായി കാണുന്നു. ഉൽപാദനോപാധിയായി മുഴക്കുന്ന് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും രാസവളം കൃഷി ആഫീസറുടെ പെർമിറ്റ് മുഖാന്തിരം കർഷകർക്ക് നൽകുകയാണ് ചെയ്തത്. താഴെ കാണിച്ച വിവിധ ചെക്കുകകളിലായി ആകെ 322300 രൂപയുടെ രാസവളം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അനുവദിച്ചി പദ്ധതി തുകയാകട്ടെ പ്രോജക്ട് പ്രകാരം 302500 രൂപ മാത്രമാണ്. പദ്ധതി തുക ചെലവഴിക്കുന്നതിൽ വ്യതിയാനം വന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളോന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധികം ചെലവഴിച്ച തുക 19800 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടരുടെ 06.01.2007 തീയതിയിലെ എൽ.എഫ്.ഡി1/1262 06 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |
| 34 | അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 2001 2002 ഖണ്ഡിക 4(11) | **മത്സ്യത്തൊഴിലാളികൾക്ക് ഇന്ധനം പ്രൊജക്ട് നമ്പർ :12 -നിർവ്വഹണം ഫിഷറീസ് സബ് ഇൻസ്പെക്ടർ**<br>അഴീക്കോട് പഞ്ചായത്തിൽ സ്ഥിര താമസമാക്കിയ ദാരിദ്ര രേഖയ്ക്ക | | 2001-02 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4 (1) ൽ തടസ്സപ്പെടുത്തിയ തുക 8833 |

| | | | | |
|---|---|---|---|---|
| | | | താഴെയുള്ളവരും, സ്വന്തമായി ഔട്ട് ബോർഡ് ഇഞ്ചിൻ ഉപയോഗിച്ച് മത്സ്യ ബന്ധനം നടത്തുന്നവരുമായ 50 മത്സ്യത്തൊഴിലാളികൾക്ക് ഒരുവർഷത്തെക്ക് ഇന്ധന സബ്സിഡി നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈപ്രൊജകട് .2000000/- രൂപ അടങ്കൽ വകയിരുത്തിയഈ പ്രൊജക്ടിൽ 500000/- (1000* 50 ) രൂപ പദ്ധതി വിഹിതവും150000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. തെര ഞ്ഞെടുക്കപ്പെട്ട 50 ഗുണഭോക്താക്കളിൽ 43 പേർക്ക് മാത്രമേ സ്വന്തമായി ഔട്ട് ബോർഡ് ഇഞ്ചിൻ ഉള്ളുവെന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കെ 50പേർക്ക് വേണ്ടി 1000 രൂപ പ്രകാരം 50000 രൂപ പദ്ധതി വിഹിതം ചെക്ക് നമ്പർ ബി(എ) 153645/30.03.02 പ്രകാരം അഴീക്കോട് കടപ്പുറം ഫിഷർമെൻ ഡവ. വെൽഫയർ കൊ-ഓപ്പ്. സൊസൈറ്റി ലിമിറ്റഡിന് ഫിഷറീസ് സബ് ഇൻസ്പെക്ടർ മുൻകൂർ നൽകുകയുണ്ടായി. 43000 രൂപ ഒടുക്കേണ്ട സ്ഥാനത്ത് 50000 രൂപ സൊസൈറ്റിക്ക് അടച്ചതു വഴി 7000 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് ഓഡിറ്റ് നിരാകരിക്കുന്നു. ടി തുക സൊസൈറ്റിൽ നിന്നും തിരിച്ച് പിടിക്കുകയോ അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. ടി പദ്ധതിയുടെ ആനുകൂല്യം നേടിയ ഗുണഭോക്താക്കളുടെ ആരുടെയും തന്നെ അപേക്ഷ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 43 ഗുണഭോക്താക്കൾക്ക് 1000 രൂപയുടെ വീതം ഇന്ധനം നൽകുന്നതിനുള്ള ഇൻഡന്റ് ഫിഷറീസ് സബ് ഇൻസ്പെകടറുടെ ഓഫീസിൽ നിന്നും സൊസൈറ്റിക്ക് നൽകുന്നുണ്ടങ്കിലും പ്രൊജകട് പ്രകാരമുള്ള ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്ന് മനസ്സിലാക്കുവാൻ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതിയോ, മേൽ തുകയുടെ ഇന്ധനം ഈ 43 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായുള്ള ഫിഷർമെൻഫിഷർമെൻ ഡവ. വെൽഫയർ കൊ-ഓപ്പ്. സൊസൈറ്റിയുടെ രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 43000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | /- രൂപയും, ഖണ്ഡിക 4 (2) ൽ 1314 /- രൂപയും, ഖണ്ഡിക 4 (11) ൽ 43000/- രൂപയും ഉൾപ്പെടെ ആകെ തടസ്സപ്പെടുത്തിയ 53147/- രൂപ തുകയാണ് ഖണ്ഡിക 4 (11) ൽ ഉൾപ്പെടുത്തിയതായി കാണിച്ചിട്ടുള്ളത്. മേൽ പറയപ്പെടുന്ന 4 (1), 4 (2) തുടങ്ങിയ ഖണ്ഡികകളിലെ തടസ്സപ്പെടുത്തിയ 10147/- രൂപയുടെ തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയരക്ടരുടെ 23-07-2008 ലെ എൽ.എഫ് 22766/സ്പെ.സെൽ/ (എസ്.സി)/6/06 നമ്പർ എഴുത്ത് പ്രകാരം ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 4(11) ഖണ്ഡികയിൽ 43000/- രൂപയാണ് തടസ്സം നിലനിൽക്കുന്നത്. അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ 2001-02 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഇന്ധന സബ്സിഡി നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പ്രൊജക്ടിൽ 50 മത്സ്യത്തൊഴിലാളികൾക്ക് 1000 രൂപ വീതം 50000 രൂപയാണ് വകയിരുത്തിയിരുന്നത്. ഏഴ് ഗുണഭോക്താക്കൾക്ക് സ്വന്തമായി യന്ത്രവൽകൃത വള്ളങ്ങൾ ഇല്ലാത്തതിനാൽ ശേഷിക്കുന്ന 43 ഗുണഭോക്താക്കൾക്കാണ് സൊസൈറ്റി മുഖേന സബ്സിഡി നൽകിയത്. 7000/- രൂപ ചെക്ക് മുഖേന ( ചെക്ക് നമ്പർ 02364 തീയ്യതി : 29-03-2005) ഈ ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. ഓഡിറ്റ് തടസ്സം സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റി 43000/- രൂപ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതിയിൽ ഉദ്ദേശിച്ച കാര്യത്തിന് ചെലവാക്കിയതായി കാണിച്ചുകൊണ്ട് എഴുത്ത് ലഭിച്ചിട്ടുണ്ടെന്നും ആയത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ 1-2-2007 ന് ഈ ഓഫീസിൽ സമർപ്പിച്ച മറുപടിയിൽ വിശദമാക്കിയതായി രേഖകളിൽ കാണുന്നുണ്ട്. ഇപ്പോൾ ഇത് സംബന്ധിച്ച് കൂടുതൽ വസ്തുതകൾ ഹാജരാക്കുന്നതിന് വേണ്ടി മേൽ സൊസൈറ്റിക്കും, ഇപ്പോഴുള്ള നിർവ്വഹണ ഉദ്യോഗസ്ഥനും എഴുത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. |

പി.വി.

**ലോക്കൽ ഫണ്ട്എക്കൗണ്ട്സ് കമ്മറ്റി**

**ലോക്കൽ ഫണ്ട്ഓഡിറ്റ്ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ നീലേശ്വരം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

## (Remedial Measures Taken Statement)

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽസ്വീകരിച്ച നടപടി |
| 1 | 2003-04 | 3.14..2 (മറ്റു പരാമർഷങ്ങൾ ഒറ്റനോട്ടത്തിൽ) | കോട്ടപ്പുറം-കടിഞ്ഞിമൂല നടപ്പാലം റിപ്പയർ-മാർക്കറ്റ് റൈറ്റ് കണക്കാക്കുമ്പോൾ അധികം കൂട്ടിച്ചേർത്തത് - അനുവദനീയമല്ല -15249/-രൂപ | നിലേശ്വരം ഗ്രാമ പഞ്ചായത്ത് നിലവിൽ നഗരസഭയായതിനാൽ നഗരസഭാ സെക്രട്ടറിക്ക് മേൽ ഖണ്ഡികയുടെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് ഈ ഓഫീസിലെ 10.12.2014-ലെ പി3-197/08 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട് |

**ലോക്കൽ ഫണ്ട്എക്കൗണ്ട്സ് കമ്മറ്റി**

**ലോക്കൽ ഫണ്ട്ഓഡിറ്റ്ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ ബദിയടുക്ക ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

## (Remedial Measures Taken Statement)

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽസ്വീകരിച്ച നടപടി |
| 1 | 2003-04 | 3.14..2 (മറ്റു പരാമർഷങ്ങൾ ഒറ്റനോട്ടത്തിൽ) | സർക്കാർ അനുവദിക്കാത്ത ഇനത്തിന് സബ്സിഡി നൽകിയത് - 34000/-രൂപ | ബദിയഡുക്ക ഗ്രാമ പഞ്ചായത്തിൽ കവുങ്ങ് കൃഷിയെ ആശ്രയിച്ച് മാത്രം ജീവിക്കുന്ന ധാരാളം കർഷകർ ഉള്ളതിനാൽ ടി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് 98-99 വർഷം ടി പദ്ധതി ആസൂത്രണം ചെയ്തതും നടപ്പിൽ വരുത്തിയതും എന്നാൽ ടി പദ്ധതി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് നടപ്പിൽ വരുത്തേണ്ട പദ്ധതിയായി ഉൾപ്പെടുത്തിയിരുന്നില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ 25.11.2014 ൽ ചേർന്ന ഭരണ സമിതിയുടെ 93/14(24) നമ്പർ തീരുമാന പ്രകാരം ജനോപകരപ്രദമായി നടത്തിയ ടി പദ്ധതിക്ക് സാധൂകരണം നൽകുന്നതിന് ബഹു: കേരള സർക്കാറിനോട് അപേക്ഷിച്ച് തീരുമാനിക്കുകയും ആയതിനുള്ള അപേക്ഷ 05.12.014 തീയ്യതിയിലെ എ -7693/14 നമ്പർ കത്ത് പ്രകാരം ബഹു: സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രവർത്തികൾ നടപ്പിലാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നതിനാലും കാലപഴക്കംമൂലവും ടി പരാമർശം ഒഴിവാക്കിതരണമെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |

**ലോക്കൽ ഫണ്ട്എക്കൗണ്ട്സ് കമ്മറ്റി**
**ലോക്കൽ ഫണ്ട്ഓഡിറ്റ്ഡയറക്ടറുടെ2003-04വർഷത്തെ സമാഹൃതറിപ്പോർട്ടിൽ കാറഡുക്ക ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

## (Remedial Measures Taken Statement)

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽസ്വീകരിച്ച നടപടി |
| 1 | 2003-04 | 3.14..2 (മറ്റു പരാമർഷങ്ങൾ ഒറ്റനോട്ടത്തിൽ) | 1) പശു വിതരണം - കൂടുതൽ സബ്സിഡി നൽകിയത് 30428/-രൂപ. | കന്നുകാലി വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് അധിക സബ്സിഡി നൽകിയത് എന്ന ഓഡിറ്റ് പരാമർശത്തിൽ സൂചിപിച്ച ഖണ്ഡിക സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജൻ ഡോ.ശ്രീഷ. ആർ കാരെ സമർപ്പിച്ച മറുപടി 28/09/2005തീയ്യതിയിൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗം ചർച്ചചെയ്തു. പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം അംഗീകാരം ലഭിച്ച പ്രൊജക്ടിൽ പശുവിതരണത്തിനായി ഒരു യൂണിറ്റ് കോസ്റ്റിന് 9000/-രൂപ കണക്കാക്കി ആയതിന്റെ 50% വരുന്ന തുകയായ 4500/-രൂപയാണ് ഗുണഭോക്താവിന് സബ്സിഡിയായി നൽകിയത്. ഇതിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ബോദ്ധ്യപ്പെടുകയും പ്രസ്തുത ഓഡിറ്റ് തടസ്സം പുന:പരിശോധന നടത്തി ഒഴിവാക്കിതരുവാൻ ബന്ധപ്പെട്ട ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനോട് അപേക്ഷിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള അപേക്ഷ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായും അയതിന് മറുപടി ലഭിച്ചിട്ടില്ലെന്നും ഗ്രാമ പഞ്ചയത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നതിനാലും കാലപഴക്കംമൂലവും ടി പരാമർശം ഒഴിവാക്കിതരണമെന്ന് 17/12/2014 ലെ എ4 6851/14 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട് |

ലോക്കൽ ഫണ്ട്എക്കൗണ്ട്സ് കമ്മറ്റി

ലോക്കൽ ഫണ്ട്ഓഡിറ്റ്ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ കാറഡുക്ക ഗ്രാമ പഞ്ചായത്ത് - സ്വീകരിച്ച നടപടികൾഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

**(Remedial Measures Taken Statement)**

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽസ്വീകരിച്ച നടപടി |
| 2 | 2003-04 | 3.14..2 (മറ്റുപരാമർഷങ്ങൾ ഒറ്റനോട്ടത്തിൽ) | പശു വിതരണം - കൂടുതൽ സബ്സിഡി നൽകിയത് 39000/-രൂപ. | കന്നുകാലി വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് അധിക സബ്സിഡി നൽകിയത് എന്ന ഓഡിറ്റ് പരാമർശത്തിൽ സൂചിപിച്ച ഖണ്ഡിക സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജൻ ഡോ.ശ്രീഷ. ആർ കാരെ സമർപ്പിച്ച മറുപടി 28/09/2005തീയ്യതിയിൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗം ചർച്ചചെയ്തു. പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം അംഗീകാരം ലഭിച്ച പ്രൊജക്ടിൽ പശുവിതരണത്തിനായി ഒരു യൂണിറ്റ് കോസ്റ്റിന് 9000/-രൂപ കണക്കാക്കി ആയതിന്റെ 50% വരുന്ന തുകയായ 4500/-രൂപയാണ് ഗുണഭോക്താവിന് സബ്സിഡിയായി നൽകിയത്. ഇതിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് ബോദ്ധ്യപ്പെടുകയും പ്രസ്തുത ഓഡിറ്റ് തടസ്സം പുനഃപരിശോധന നടത്തി ഒഴിവാക്കിതരുവാൻ ബന്ധപ്പെട്ട ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനോട് അപേക്ഷിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള അപേക്ഷ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായും അയതിന്മറുപടി ലഭിച്ചിട്ടില്ലെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നതിനാലും കാലപഴക്കംമൂലവും ടി പരാമർശം ഒഴിവാക്കിതരണമെന്ന് 17/12/2014 ലെ എ4 6851/14 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട് |

# ലോക്കൽ ഫണ്ട് എക്കൗണ്ട്സ് കമ്മറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ കാറഡുക്ക ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

## (Remedial Measures Taken Statement)

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽസ്വീകരിച്ച നടപടി |
| 3 | 2003-04 | 3.14..2 (മറ്റു പരാമർഷങ്ങൾ ഒറ്റനോട്ടത്തിൽ) | നേന്ത്രവാഴകൃഷി-കൂടുതൽ സബ്സിഡി നൽകിയത് 14875/-രൂപ | കൃഷി ഓഫീസർ എം.സി. സതീഷ് കുമാറിൽ നിന്നും 14865/- രൂപ പലിശ സഹിതം റിക്കവറി ചെയ്യുവാൻ തീരുമാനിച്ചത് നിയമ സഭാ സെക്രട്ടറിയുടെ 29/09/2010 ലെ 4491/എൽഎഫ്എസി.എ3/2008/ലെജി. നം. കത്ത് പ്രകാരം പരാമർശം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട്എക്കൗണ്ട്സ് കമ്മറ്റി

ലോക്കൽ ഫണ്ട്ഓഡിറ്റ്ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ കാറഡുക്ക ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

**(Remedial Measures Taken Statement)**

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേÂസ്വീകരിച്ച നടപടി |
| 4 | 2003-04 | 3.14..2 (മറ്റു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ) | വി.സി.ബി. കം ബാർക്കോൽ ബ്രിഡ്ജ് നിർമ്മാണം- കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക കിഴിക്കാതെ ഫൈനൽ ബിൽ നൽകിയത് 35000/-രൂപ | കൺവീനറിൽ നിന്നും രശീതി നമ്പർ 43793/41 ൽ 43246/-രൂപയും, രശീതി നമ്പർ 43793/42, ൽ 2162/-രൂപയും 04.09.2004 ന് ഈടാക്കിയിട്ടുള്ളതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

56

**ലോക്കൽ ഫണ്ട്എക്കൗണ്ട്സ് കമ്മറ്റി**
**ലോക്കൽ ഫണ്ട്ഓഡിറ്റ്ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃതറിപ്പോർട്ടിൽ പടന്ന ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

**(Remedial Measures Taken Statement)**

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡികനമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽസ്വീകരിച്ച നടപടി |
| 1 | 2003-04 | 3.14..2 (മറ്റു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ) | പവർ ടില്ലർ വാങ്ങിയത് 186562/-രൂപ | പടന്ന ഗ്രാമ പഞ്ചായത്തിലെ 1999-2000 സാമ്പത്തിവർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പവർടില്ലർ വാങ്ങുന്നതിന് പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത ഫണ്ട്, ഗുണഭോക്തൃ വിഹിതം ഇവ ഉൾപ്പെടുത്തി പ്രൊജക്ടിന് അനുവാദം ലഭിക്കുകയും 2000-2001ൽ കൃഷി ഭവൻ മുഖേന നടപ്പിലാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രൊജക്ട് പ്രകാരം വാങ്ങിയ പവർടില്ലറുകളിൽ ഒരെണ്ണം ശ്രീ കെകുഞ്ഞമ്പു, കൊളവയൽ പാടശേഖരസമിതിക്കും മറ്റൊന്ന് ശ്രീ.ടി.പി മുഹമ്മദലിഹാജി, കാലിക്കടവ് പാടശേഖരസമിതിക്കും ഉടമ്പടി പ്രകാരം നൽകിയിട്ടുണ്ട്. പവർടില്ലറുകൾ ഇപ്പോഴും പാടശേഖരസമിതികൾ ഫലപ്രദമായി ഉപയോഗിച്ച്വരുന്നതായും ആയതിനാൽ ചെലവഴിച്ചതുക പാഴായി പോയിട്ടില്ലെന്നും റിപ്പോർട്ട്ചെയ്ത്കൊള്ളുന്നു. ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച കാലഘട്ടമായതിനാൽ അറിവില്ലായ്മമൂലം നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെ തുകചെലവഴിച്ചത് മാപ്പാക്കിതരണമെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട് |

K. S. SOBHANA
Joint Secretary, Govt.
Local Self
Govt. Fund

# സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04 ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച മറുപടി

| ജില്ല, ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | ഓഡിറ്റ് വർഷം/പരാമർശ വിഷയം | ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടി |
|---|---|---|
| | ഖണ്ഡിക 4.12-ന് ശേഷമുള്ള പട്ടിക മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ (അഞ്ചു ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകൾ | |
| തിരുവനന്തപുരം ാനാം | ഓഡിറ്റ് വർഷം - 2000-01<br>1) മൺപണിക്ക് അധികം തുക നൽകിയത്. | തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.റ്റി.ഡി. ബി&ഡി/1423/08 തീയതി 09.12.2011 കത്ത് പ്രകാരം ഖണ്ഡിക പരാമർശം ഒഴിവാക്കിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 2000-01<br>2) പ്രവൃത്തിക്ക് ആവശ്യമുള്ളതിൽ കൂടുതൽ മെറ്റീരിയൽസ് നൽകി. | 16.12.2014 -ലെ 47-ാം നമ്പർ ചെലാൻ പ്രകാരം 597/- രൂപ 3604-00-911 നമ്പർ ശീർഷകത്തിൽ അടവാക്കിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ചെലാൻ അടക്കം ചെയ്തിട്ടുണ്ട്) (അനുബന്ധം -1) |
| | ഓഡിറ്റ് വർഷം - 2000-01<br>3) പദ്ധതി നിർവ്വഹണ ചെലവിനായി മുൻകൂറായി പണം മാറിയെടുത്തു. | മുൻകൂർ നൽകിയ 10,000/- രൂപയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങളും ക്രമീകരിച്ച വൗച്ചറുകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കിയതിനെ തുടർന്ന് 09.12.2011-ലെ തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.റ്റി.ഡി. ബി&ഡി/1423/ 08 കത്ത് പ്രകാരം ഖണ്ഡിക പരാമർശം ഒഴിവാക്കിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| തിരുവനന്തപുരം ാറശ്ശാല | ഓഡിറ്റ് വർഷം - 2000-01<br>1) കലുക് നിർമ്മാണത്തിന് അധികം നൽകിയ തുക. | ഈ പരാമർശമായി ബന്ധപ്പെട്ട് 2.5.2005 ലെ തിരുവനന്തപുരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.റ്റി.ഡി.ബി 239/04 നമ്പർ കത്ത് പ്രകാരം 200-01 വർഷത്തെ ഖണ്ഡിക 37 (1), (2) (4) എന്നീ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഖണ്ഡിക 37 (3) പ്രകാരം അധികം നൽകിയ തുക 4066/-രൂപ സർക്കാർ ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 2000-01<br>2) മൺപണിക്ക് അധികം നൽകിയത്. | ഈ പരാമർശമായി ബന്ധപ്പെട്ട് അധികം നൽകിയ തുകയായ 6390.94 സർക്കാർ ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | ഓഡിറ്റ് വർഷം - 2000-01<br>3) കറി പൗഡർ യൂണിറ്റിന് അധികം നൽകിയത്. | ഈ പരാമർശമായി ബന്ധപ്പെട്ട് 9.12.2011 ലെ തിരുവനന്തപുരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.റ്റി.ഡി.ബി 1542/08 നമ്പർ കത്ത് പ്രകാരം ഈ ഖണ്ഡിക ഒഴിവാക്കിയിട്ടുണ്ട്. |
| രുവനന്തപുരം<br>നപുരം | ഓഡിറ്റ് വർഷം - 2001-02<br>1) കൺവേയൻസ് ചാർജ്ജ് അധികം നൽകിയത്. | കൺവെയൻസ് ചാർജ്ജ് നൽകിയത് സംബന്ധിച്ച് നൽകിയ മറുപടി ലോക്കൽ ഫണ്ട് ആഡിറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കാർ ഷെഡ്ഡിന്റെ അളവിലുണ്ടായ 25 ശതമാനത്തിലധികം വ്യതിയാനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിനെപ്പറ്റി വിശദമായി അന്വേഷിക്കാൻ ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയതനുസരിച്ച് ഈ കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നോട്ടീസ് അയക്കുകയും അദ്ദേഹം രേഖാമൂലം മറുപടി നൽകുകയും മറുപടിയിൽ പ്രസ്തുത പ്രവൃത്തിയിൽ 22-ാം ഇനം എസ്റ്റിമേറ്റിൽ കാർ ഷെഡ്ഡിന്റെ അളവ് 3.50 X 6.00 മീറ്റർ ആണെങ്കിലും കൂടുതലായി ഡാമേജ് സംഭവിച്ചിരുന്ന ഷീറ്റ് കൂടി മാറ്റുവാൻ ആശുപത്രി അധികൃതർ ആവശ്യപ്പെട്ട പ്രകാരമാണ് 13.20 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലും പണി നടത്തിയിട്ടുള്ളത്. പ്രസ്തുത എസ്റ്റിമേറ്റിൽ 19-ാം ഇനമായി ജി.ഐ.ഷീറ്റ് സ്ഥാപിക്കുന്നതിന് 29,864/- രൂപ വകയിരുത്തിയിരുന്നതിൽ 6700/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. ആയതിന്റെ സേവിംഗ്സായി 22,000/- രൂപ ഉള്ളത് കാർ ഷെഡ്ഡിൽ വന്ന വ്യതിയാനത്തിൽ ക്രമീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അപേക്ഷിച്ചിട്ടുണ്ട്. ഭരണാനുമതി/സാങ്കേതികാനുമതി തുകയിൽ അധികരിക്കാതെയാണ് പണികൾ ചെയ്തു തീർത്തത്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 21.08.2008-ൽ നടത്തിയ തെളിവെടുപ്പ് യോഗത്തിൽ, അധിക നിരക്ക് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ആയതിൻ പ്രകാരം പ്രസ്തുത കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ.പി.ദിവാകരന്റെ വിശദീകരണം 16.09.2008-ാം തീയതിയിലെ എ.183/04 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. ആഡിറ്റിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ഓഡിറ്റ് വർഷം – 2001-02<br>2) മരാമത്തു പണികൾക്ക് ഡാറ്റയിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ നൽകിയത്.<br>എ) ശാസ്താംനട തോട് സംരക്ഷണ പദ്ധതി.<br>ബി)കുട്ടത്തി ക്ഷേത്രം റോഡിൽ പാലം നിർമ്മാണവും പുനരുദ്ധാരണവും.<br>സി) മണ്ണാർകുന്ന്-പൂവത്തൂർ തോട്ടുംപുറം ഏലാ റോഡ് സംരക്ഷണം. | എ) ശാസ്താംനട തോട് സംരക്ഷണ പദ്ധതിക്ക് അധിക തുക നൽകിയത് സംബന്ധിച്ച ആഡിറ്റ് പരാമർശ പ്രകാരം അധിക തുക ബ്ലോക്ക് പഞ്ചായത്തിൽ അടക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പ്രസ്തുത കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ദിവാകരൻ പേർക്ക് നോട്ടീസ് അയച്ചതിൻ പ്രകാരം അദ്ദേഹം രേഖാമൂലം മറുപടി നൽകി. മറുപടിയിൽ, പ്രസ്തുത പണിയുടെ 4-ാം ഇനം കരികല്ലിന് സിമന്റ് ചാന്ത് ഉപയോഗിച്ച് 1:8 അനുപാതത്തിൽ അടിസ്ഥാനത്തിന് മുകളിൽ കെട്ടുന്നതിനാണ്. ഹെഡ് ലോഡ് ഉൾപ്പെടുത്താത്ത റേറ്റാണ് രൂ.736.5/ ഘ.മീ. എന്നാൽ ബി.എൽ.റ്റി.സി അംഗീകരിച്ച റേറ്റ് നൽകിയത് അംഗീകരിച്ച് ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. കരാറുകാരന്റെ മണ്ണിട്ട് സംരക്ഷണ ഭിത്തിയുടെ സൈഡ് ബലപ്പെടുത്തേണ്ട ആവശ്യം ഈ പ്രവൃത്തിയിൽ വന്നതിനാൽ മണ്ണ് ഫില്ലിംഗ് ചെയ്യേണ്ടി വന്നു. ഇത് കാൽനടക്കാർക്കും സ്കൂൾ കുട്ടികൾക്കും അത്യാവശ്യമായ കാര്യമായിരുന്നു. ഭരണാനുമതി/സാങ്കേതികാനുമതി തുക അധികരിക്കാതെയാണ് പണികൾചെയ്തു തീർത്തത്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 21.08.2008 -ൽ നടത്തിയ തെളിവെടുപ്പ് യോഗത്തിൽ, അധിക നിരക്ക് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുകയും ആയതിൻ പ്രകാരം പ്രസ്തുത കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ.പി.ദിവാകരന്റെ വിശദീകരണം 16.09.2008-ാം തീയതിയിലെ എ.183/04 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. ആഡിറ്റ് വകുപ്പിൽ നിന്നും തുടർനിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ബി) കുട്ടത്തി ക്ഷേത്രം റോഡിൽ പാലം നിർമ്മാണവും പുനരുദ്ധാരാണവും എന്ന പ്രവൃത്തി നടത്തിയതിൽ അധികമായി നൽകിയ തുക ബ്ലോക്ക് പഞ്ചായത്തിൽ തിരിച്ചടക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ അസിസ്റ്റന്റ് |

59 60

എഞ്ചിനീയർ ആയിരുന്ന ശ്രീ.പി.ദിവാകരൻ പേർക്ക് രജിസ്റ്റേർഡ് നോട്ടീസ് നൽകി. മറുപടിയിൽ, പ്രസ്തുത പണിയുടെ മൂന്നാമത്തെ ഇനം 1:3:6 അനുപാതത്തിൽ ഗ്രേഡ് ഗ്രെറ്റൽ 60%, 40 എം.എം 40% 20 എം.എം ഉപയോഗിച്ചുള്ള കോൺക്രീറ്റാണ്. ബി.എൽ.റ്റി.സി അംഗീകരിച്ച റേറ്റ് നൽകിയത് അംഗീകരിച്ച് റിക്കവറികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

ഭരണാനുമതി/സാങ്കേതികാനുമതി തുകഅധികരിക്കാതെയാണ് പണികൾ ചെയ്തു തീർത്തത്: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 21.08.2008-ൽ നടത്തിയ തെളിവെടുപ്പ് യോഗത്തിൽ, അധിക നിരക്ക് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുകയും ആയതിൻ പ്രകാരം പ്രസ്തുത കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.പി.ദിവാകരന്റെ വിശദീകരണം 16.09.2008-ാം തീയതിയിലെ എ.183/04 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയുണ്ടായി. ഓഡിറ്റ് വകുപ്പിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല എന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സി) മണ്ണാർക്കുന്ന് - പൂവത്തൂർതോട്ടും പുറം ഏലാ തോട് സംരക്ഷണം

21.08.2008 -ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ദിവാകരൻ പേർക്ക് രജിസ്റ്റേർഡ് നോട്ടീസ് നൽകിയതനുസരിച്ച് അദ്ദേഹം മറുപടി രേഖാമൂലം നൽകിയിട്ടുണ്ടായി. മറുപടിയിൽ "മണ്ണാർക്കുന്ന് - പൂവത്തൂർതോട്ടും പുറം ഏലാ തോട് സംരക്ഷണം" എന്ന പണിയുടെ രണ്ടാമത്തെ ഐറ്റം കൺവീനറുടെ സ്വന്തം മണ്ണ് ഉപയോഗിച്ച് ബണ്ട് ഉണ്ടാക്കലാണ്. 1720 $m^3$ മണ്ണിനു പകരം 2084.93 $m^3$ മണ്ണ് ആ പണിക്ക് ആവശ്യമായി വന്നു. അത് യാഥാർത്ഥ്യമാക്കികൊണ്ട് ചെയ്തിട്ടുള്ളതും മേലുദ്യോഗസ്ഥൻ

| | | |
|---|---|---|
| | | |
| | | |
| | | |

| | | |
|---|---|---|
| ...ംതിട്ട<br>ഇലന്തൂർ | ഓഡിറ്റ് വർഷം - 2000-01<br>1) നാരങ്ങാനം പഞ്ചായത്ത് - അതുല്യാ ആർട്ട്സ് ക്ലബ് കെട്ടിട നിർമ്മാണം - അംഗീകരിക്കാത്ത തുക - 50475 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 1999-2000 പദ്ധതി യിൽ ഉൾപ്പെടുത്തി സേവനമേഖലയിൽ പ്രോജക്ട് നം.33 പ്രകാരം അതുല്യാ സ്പോർട്സ് ക്ലബ് നിർമ്മാണത്തിന് 14.06.1999 -ലെ ജനറൽ കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയ്ക്ക് ആകെ 1,25,000/- രൂപ വിലയിരുത്തിയിട്ടുള്ളതിൽ യഥാക്രമം പ്ലാൻ ഫണ്ട് 40,000/- കേന്ദ്രാവിഷ്കൃതം 50,000/- സന്നദ്ധസേവന സംഭാവന 20,000/- മറ്റുള്ളവ 15,000/- എന്നീ രീതിയിലാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടേയും സാങ്കേതിക സമിതിയുടേയും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ശ്രീ.കെ.വി.വർഗ്ഗീസ്, കുളത്തൂർ വീട്, നാരങ്ങാനം വെസ്റ്റ് 1.5 സെന്റ് സ്ഥലം വിട്ടു നൽകിയിട്ടുള്ളതാണ്. വിട്ടുകിട്ടിയ സ്ഥലത്താണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. ടി സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ കൈമാറുന്നതിനായി ലാന്റ് റിലിംഗ്ഷ്മെന്റ് സർട്ടിഫിക്കറ്റ് 18.08.2014 -ൽ അടൂർ ആർ.റ്റി.ഒ.യ്ക്ക് കൈമാറിയിട്ടുണ്ട്. ടി സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ഇലന്തൂർ ഐ.സി.ഡി.എസ്.-ന്റെ കീഴിലുള്ള 14-ാം നമ്പർ അംഗൻവാടി പ്രവർത്തിച്ചു വരുന്ന വിവരവും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ...പത്തനംതിട്ട<br>...കോന്നി | ഓഡിറ്റ് വർഷം - 2000-01<br>1) വനിതാ റസ്റ്റോറന്റ്, കാറ്ററിംഗ് യൂണിറ്റ് നടത്തിപ്പിലെ ക്രമക്കേടുകൾ - അംഗീകരിക്കുന്നില്ല. - 200000 | കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 പദ്ധതി വർഷത്തിൽ സേവന മേഖലയിൽ ഏറ്റെടുത്ത വനിത റെസ്റ്റോറന്റ് ആന്റ് കാറ്ററിങ് യൂണിറ്റിന്റെ നടത്തിപ്പിൽ ധനദുർവിനിയോഗം നടത്തിയെന്ന് കാണിച്ച് സെക്രട്ടറി കുഞ്ഞമ്മ ശാമുവേൽ, ഖജാൻജി ബിജി റജി എന്നിവർക്ക് 03.07.2001-ൽ നോട്ടീസ് നൽകി. ആയത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിരവധി തവണ യൂണിറ്റിന് കത്തുകൾ നൽകിയിരുന്നു. സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദി, മുൻ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി.എം.എസ്.വൽസലാ ദേവിയാണെന്നും, തങ്ങൾ നിരപരാധിയാണെന്നും കാണിച്ച് ടിയാൾക്കാർ മറുപടി നൽകി. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ഈ വിഷയത്തിൽ 16.01.2008 -ന് തെളിവെടുപ്പ് നടത്തുകയും ശ്രീമതി.വൽസലാദേവി പണം ദുർവിനിയോഗം ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3 ലക്ഷം രൂപയും നാളിതുവരെയുള്ള പലിശയും ശ്രീമതി.വൽസലാ |

65 63

ദേവിയുടെ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കണമെന്ന് ശുപാർശ ചെയ്തതനുസരിച്ച് 20.05.2010 തീയതിയിൽ 20/2000/ബി.പി. നമ്പരായി ശ്രീമതി.വൽസലാ ദേവിക്ക് രജിസ്ട്രേഡ് കത്ത് അയച്ചു. എന്നാൽ ടി കത്ത് കൈപ്പറ്റാതെ മടങ്ങി. ടി കേസ് ഗവൺമെന്റ് റഫേർഡ് കേസായി ബഹു.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യുകയും കേസ് ഇപ്പോൾ ഓംബുഡ്സ്മാന്റെ പരിഗണനയിലുമാണ്. 06.11.2010-ലെ ബഹു.ഓംബുഡ്സ്മാന്റെ നിർദ്ദേശ പ്രകാരം ശ്രീമതി.വൽസലാദേവി അവസാനം താമസിച്ച സ്ഥലത്തെ അധികാര പരിധിയിലുള്ള വില്ലേജ് ഓഫീസർക്ക് കത്ത് നൽകി അവരുടെ സ്ഥാവര ജംഗമ വസ്തുക്കളുടെ ലിസ്റ്റ് ആവശ്യപ്പെട്ടു. ആയതിൻ പ്രകാരം വൽസലാദേവി എന്നയാളുടെ സ്വന്തം പേരിൽ കോന്നി താഴം വില്ലേജിന്റെ പരിധിയിൽ നിലവിലുള്ള വില്ലേജ് റിക്കാർഡിൻ പ്രകാരം ഭൂമിയില്ലായെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട്ചെയ്തിട്ടുണ്ട്. ടി കേസ് ഓംബുഡ്സ്മാന്റെ പരിഗണനയിലായതിനാൽ ഓംബുഡ്സ്മാന്റെ നിർദ്ദേശ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

27.02.2008 -ലെ നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 15.03.2008-ൽ വനിതാ കേറ്ററിങ് യൂണിറ്റിന്റെ ആസ്തികൾ കണ്ടെടുത്ത് തരണമെന്ന് ആവശ്യപ്പെട്ട് കോന്നി സർക്കിൾ ഇൻസ്പെക്ടർ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും, അതിൻ പ്രകാരം 15.09.2010 -ൽ 680-ാം നമ്പരായി കോന്നി പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജെ.എഫ്.സി.എം കോടതിയിൽ സി.സി.427/11-ാം നമ്പരായി കേസ് നടന്നു വരികയുമാണ്.

യൂണിറ്റിന്റെ തകർച്ചയ്ക്ക് വഴിതെളിച്ച വൽസല ദേവിയ്ക്കെതിരെ ഗവൺമെന്റ് റഫേർഡ് കേസ് ഓംബുഡ്സ്മാൻ നടക്കുന്നതിനാൽ വിധി വന്നതിനു ശേഷമേ അന്തിമ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു. ബഹു.ഓംബുഡ്സ്മാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുള്ളതും കമ്മീഷൻ തെളിവെടുത്ത് നടത്തിയിട്ടുള്ളതുമാണ്. പ്രസ്തുതകമ്മീഷൻ മുമ്പാകെ ഫർണിച്ചർ ശ്രീമതി.വത്സലാദേവി അനധികൃതമായി കൈയ്യിൽ വെച്ചിരുന്നു എന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തെളിവുകൾ ഹാജരാക്കിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച

| | | |
|---|---|---|
| ക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് | | |
| അടിയന്തിരമായി ഭരണാനുമതി നൽകുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ | 04.12.2014 - ലെ | |
| തുക അനുവദിക്കുന്നതിനും സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനുമുള്ള | G.O.(Rt)No.2295/2015/ | |
| കോഴിക്കോട് ജില്ലാ കളക്ടറുടെ 07.02.2015 ലെ ഡി.ഒ.നമ്പർ | Fin dated 07.02.2015 | |
| എ1-2000/2014 നമ്പർ കത്ത് | | |
| 2 | 3 | 4 |
| ഇപ്രകാരം ഭരണാനുമതി നൽകുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക | | |
| അനുവദിക്കുന്നതിനുമുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ 07.02.2015 ലെ ഡി.ഒ.നമ്പർ | | |
| എ1-2000/2014 നമ്പർ കത്ത് പരിഗണിച്ച് ഇപ്രകാരം ഭരണാനുമതി നൽകുന്നതിനും | | |
| ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുമുള്ള കോഴിക്കോട് | | |
| ജില്ലാ കളക്ടറുടെ 07.02.2015 ലെ ഡി.ഒ.നമ്പർ എ1-2000/2014 നമ്പർ കത്ത് | | |
| പരിഗണിച്ച് ഇപ്രകാരം ഭരണാനുമതി നൽകുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിന് | | |
| ആവശ്യമായ തുക അനുവദിക്കുന്നതിനുമുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ | | |
| 07.02.2015 ലെ ഡി.ഒ.നമ്പർ എ1-2000/2014 നമ്പർ കത്ത് പരിഗണിച്ച് | | |
| ഇപ്രകാരം ഭരണാനുമതി നൽകുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ | | |
| തുക അനുവദിക്കുന്നതിനുമുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ 07.02.2015 ലെ | | |
| ഡി.ഒ.നമ്പർ എ1-2000/2014 നമ്പർ കത്ത് പരിഗണിച്ച് ഇപ്രകാരം ഭരണാനുമതി | | |
| നൽകുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുമുള്ള | | |
| കോഴിക്കോട് ജില്ലാ കളക്ടറുടെ 07.02.2015 ലെ ഡി.ഒ.നമ്പർ എ1-2000/2014 | | |
| നമ്പർ കത്ത് പരിഗണിച്ച് ഇപ്രകാരം ഭരണാനുമതി നൽകുന്നതിനും ഭൂമി | | |
|

1. റാന്നി പെരുനാട് പമ്പാവാലി ഹരിത സംഘം - ₹ 20,000/-
2. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഹരിത സംഘം - ₹ 20,000/-
3. തോട്ടഭാഗം മക്കപ്പുഴ ഹരിത സംഘം - ₹ 20,000/-
4. കൊല്ലമുള ഡിവിഷൻ ചാത്തൻതറ ഹരിതസംഘം - ₹ 10,000/-
5. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് ഹരിത സംഘം - ₹ 20,000/-
6. സീതത്തോട് ഗ്രാമപഞ്ചായത്ത് ഹരിത സംഘം - ₹ 10,000/-

ആകെ ₹ 1,00,000/-

എന്നാൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സാധിക്കാതിരുന്ന പി.424/01 നമ്പരിൽ രജിസ്റ്റർ ചെയ്ത റാന്നി - പെരുനാട് പമ്പാവാലി ഹരിത സംഘം, പി.363/01 നമ്പരിലുള്ള കൊല്ലമുള ഡിവിഷൻ ചാത്തൻതറ ഹരിത സംഘം എന്നിവർ വാങ്ങിയ 30,000/- രൂപ തിരികെ അടച്ചിട്ടുള്ളതാണ്.

തോട്ടഭാഗം മക്കപ്പുഴ ഹരിത സംഘം, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഹരിത സംഘം (പി.118/2000) വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് ഹരിത സംഘം (പി.999/2000) സീതത്തോട് ഗ്രാമപഞ്ചായത്ത് ഹരിത സംഘം (പി.118/2000) എന്നിവ പ്രവർത്തനം ആരംഭിക്കുകയും ആയതിന്റെ പുരോഗതി നിർവ്വഹണ ഉദ്യോഗസ്ഥനും കൃഷി ആഫീസറും വിലയിരുത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ 2002 മാർച്ച് മാസം നടത്തിയ പരിശോധനയിൽ തോട്ടഭാഗം മക്കപ്പുഴ ഹരിത സംഘം ഒഴികെയുള്ള 3 സംഘങ്ങളുടെ പ്രവർത്തന പുരോഗതി ആശ്വാസകരമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് ബ്ലോക്ക് പ്രസിഡന്റിന്റെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവെങ്കിലും സംഘങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടിയിനത്തിൽ ചെലവായ 50,000/- രൂപ തിരികെ നാളിതുവരെയായും ഈടാക്കിയിട്ടില്ലാത്തതാകുന്നു. പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥനെ 30.12.2014 -ാം തീയതി നടക്കുന്ന

21/66

| | | |
|---|---|---|
| | | തെളിവെടുപ്പ് യോഗത്തിൽ ഹാജരാകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| പത്തനംതിട്ട (കോന്നി) | ഓഡിറ്റ് വർഷം - 1997-98<br>1) കുമ്പഴ പബ്ലിക് മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ - പണി പൂർത്തീകരിച്ചിട്ടില്ല. - 50000 | ടി പരാമർശ വിഷയം പത്തനംതിട്ട മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. കൂടാതെ 1995-96 മുതൽ 1997-98 വർഷം വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലിൽ ഉൾപ്പെട്ടിട്ടില്ല എന്നും കൂടാതെ 1995-98 വരെയുള്ള ഓഡിറ്റ് തടസ്സങ്ങൾ പത്തനംതിട്ട സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കിയിട്ടുള്ളതായി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. |
| പത്തനംതിട്ട (കോന്നി) | ഓഡിറ്റ് വർഷം - 1998-99<br>1) പരസ്യ ചാർജ്ജ് അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. - 92160 | ടി പരാമർശ വിഷയം പത്തനംതിട്ട മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ടി പരാമർശം ഉൾപ്പെട്ടിട്ടില്ല എന്ന് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1998-99<br>2) എസ്.എൻ.ഡി.പി. റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി അംഗീകരിക്കുന്നില്ല. - 24679 | ടി പരാമർശ വിഷയം പത്തനംതിട്ട മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലിൽ ടി പരാമർശം ഉൾപ്പെട്ടിട്ടില്ല എന്ന് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1998-99<br>3) സെന്റ് മേരീസ് 2-ാം ക്രോസ് റോഡിന്റെ മെറ്റലിംഗും കോൺക്രീറ്റിംഗും അംഗീകരിക്കുന്നില്ല. - 55338 | ടി പരാമർശ വിഷയം പത്തനംതിട്ട മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലിൽ ടി പരാമർശം ഉൾപ്പെട്ടിട്ടില്ല എന്ന് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1998-99<br>4) മുനിസിപ്പൽ മാർക്കറ്റിൽ ഇറച്ചി സ്റ്റാൾ നിർമ്മാണം - ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. - 50000 | ടി പരാമർശ വിഷയം പത്തനംതിട്ട മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടതാണ്. കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലിൽ ടി പരാമർശം ഉൾപ്പെട്ടിട്ടില്ല എന്ന് കോന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| തൃശ്ശൂർ കൊടുങ്ങല്ലൂർ (മതിലകം) | ഓഡിറ്റ് വർഷം - 2000-01<br>1) ഖ.(ബി) നടീൽ വസ്തുക്കൾ നശിച്ചത് - നഷ്ടം 21,028/- | നിർത്തലാക്കിയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിലെ 2000-01-ലെ ഓഡിറ്റ് ഖണ്ഡിക 1(ബി) നടീൽ വസ്തുക്കൾ നശിച്ചതിന്റെ നഷ്ടം 21,028/- രൂപയുടെ വിഷയം സംബന്ധിച്ച് അന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.കെ.എക്സ്.ജെസ്സിയ്ക്ക് ഓഡിറ്റ് പരാമർശത്തിനു വിശദീകരണമാവശ്യപ്പെട്ട് കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 26.07.2007 -ലെ 896-ാം നമ്പർ തീരുമാന പ്രകാരം കത്ത് |

| | | |
|---|---|---|
| ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന ദേവികുളം താലൂക്കിൽ ഉൾപ്പെടുന്ന ചിന്നക്കനാൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 59 ൽ റീസർവ്വേ നമ്പർ 5/2 ൽ ഉൾപ്പെട്ട 1.2140 ഹെക്ടർ (3 ഏക്കർ) പുറമ്പോക്ക് ഭൂമി പട്ടയം നൽകുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. | | |

| | | |
|---|---|---|
| | | 09.03.2000-ന് സർക്കാർ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ഒരു ലക്ഷം രൂപ ഡിമാന്റ് ഡ്രാഫ്റ്റായി നൽകി. 21.06.2000 -ന് ബാക്കി 26,490/- രൂപ ഗുണഭോക്തൃ വിഹിതം ചെമ്മണ്ട കർഷക സംഘത്തിനെ കൊണ്ട് KAICO-ക്ക് അടപ്പിക്കുകയും ചെയ്തു. 22.09.2001-ന് കൊയ്ത്തുയന്ത്രവും 29.09.2001 -ന് മെതിയന്ത്രവും ചെമ്മണ്ട പാടത്തിന് കിട്ടിയതായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ അറിയിച്ചിട്ടുണ്ട് എന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1999-2000<br>2) ഖ.33 - പൈപ്പ് വാങ്ങിയത് ഉപയോഗിച്ചിട്ടില്ല - 203200 | ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 കാലഘട്ടത്തിൽ നടപ്പിലാക്കിയ ആറാട്ടിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ 800 മീറ്റർ 6" പി.വി.സി പൈപ്പുകൾ വാങ്ങി കൺവീനർ കൈപ്പറ്റുകയും 700 മീറ്റർ പൈപ്പ് പദ്ധതിക്ക് ഉപയോഗിച്ചതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നു. ബാക്കിയുള്ള 100 മീറ്റർ പൈപ്പിന് മീറ്ററിന് 254 രൂപ പ്രകാരം 25,400/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.<br>എന്നാൽ അളവു പുസ്തകം 10/99 -ലെ പേജ് നമ്പർ 46-ൽ 763 മീറ്റർ പൈപ്പ് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 37 മീറ്റർ പൈപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ സെൻട്രൽ സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കുന്നതിന് ആവശ്യപ്പെട്ടിരുന്നതായി അന്നത്തെ എ.ഡി.എ.യുടെ ചാർജുണ്ടായിരുന്ന ഇപ്പോഴത്തെ തൃശൂർ കൃഷി ഡെപ്യൂട്ടി ഡയറക്ടർ മറുപടി തന്നിട്ടുണ്ട്. എന്നാൽ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഈ പറയുന്ന 37 മീറ്റർ പൈപ്പ് സ്റ്റോക്കിൽ എടുത്തതായി കാണുന്നില്ല എന്ന വിവരം ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| പാലക്കാട്<br>പട്ടാമ്പി | ഓഡിറ്റ് വർഷം - 1998-99<br>1) ഖ. 9 - വികലാംഗർക്ക് ട്രൈസൈക്കിൾ വാങ്ങി വിതരണം ചെയ്തത് - 137512 | വികലാംഗർക്ക് ട്രൈസൈക്കിൾ വാങ്ങിയതിൽ ഇൻവോയ്സ് പ്രകാരം ഒരെണ്ണത്തിന് 2,778/- രൂപ പ്രകാരം 45 എണ്ണത്തിന് 1,25,010/- രൂപയും, 10% എസ്.ടി 12,501/- രൂപയും ഉൾപ്പെടെ 1,37,511/- രൂപ അധികമായി 10,689/- രൂപ ഉൾപ്പെടെ 1,48,200/- രൂപ നൽകിയിരുന്നു. മേൽപ്പറഞ്ഞ ട്രൈസൈക്കിളുകളിൽ എക്ട്രാ ഫിറ്റിംഗ്സായി സീറ്റ് കവർ, ബെൽ, സൈഡ് മിറർ തുടങ്ങിയ ഇനങ്ങൾ ആവശ്യമായി വാങ്ങി നൽകിയത് എന്നു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| ാലക്കാട് ട്ടാമ്പി | ഓഡിറ്റ് വർഷം - 1998-99<br>2) ഖ.4-കിഴക്കേതൊടി കള്ളിയ്വളപ്പ് റോഡ് പുനരുദ്ധാരണം - 41804 | എസ്റ്റിമേറ്റ് തുക - 315000, സാങ്കേതികാനുമതി - 211175, ജി.ഒ (പി) നം.218/98/എൽ.എ.ഡി തീയതി 23.10.1988 പ്രകാരമുള്ള 30% വർദ്ധനവ്, ടാറിന്റെ അധിക വില എന്നിവ കൂടി ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്.<br>നൽകിയത് : [പ്രവൃത്തി മൂല്യം - 211039, 30% അധികം - 63312, ടാറിന്റെ അധിക വില - 25488, നികുതികൾ - 13929]<br>ആകെ പ്രവൃത്തി മൂല്യം - 313768, ആകെ പ്രവൃത്തി മൂല്യം - 211039, കുറയ്ക്കുക ടാർ വില എസ്റ്റിമേറ്റ് പ്രകാരം- 78392, ടാറിന്റെ അധിക വില - 25488 (103880-25488 - 78392) കൂട്ടുക 30% അധിക നിരക്ക് 132647 * 30 = 39794 - 172441<br>കൂട്ടുക നികുതികൾ - 13929- 186370 . 72 ബാരൽ ടാർ നൽകി. 10.92 ടൺ ടാർ ആവശ്യമുള്ള പ്രവർത്തി ആയതിനാൽ 2% വെയിറ്റേജ് കണക്കാക്കി 72 ബാരൽ വാങ്ങിയിട്ടുണ്ട്.<br>എക്സ്ട്രാ പ്രവൃത്തി എസ്റ്റിമേറ്റ് എടുത്തതിനു ശേഷം 6 മാസത്തിൽ കൂടുതൽ കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിക്കുന്നത് എസ്റ്റിമേറ്റ് എടുക്കുന്ന സമയത്ത് ഇല്ലാതാകുന്ന പോട്ട് ഹോൾസ് ശേഷം അധിക ആഴത്തിൽ രൂപപ്പെട്ടതിനാൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അധിക ഇനം പ്രവൃത്തികൾ 60 എ.എം മെറ്റൽ കൊണ്ട് മണ്ണ് ഉപയോഗിച്ച് ഫിൽ ചെയ്ത് ആയതിന് മുകളിൽ ടാർ ചെയ്യേണ്ടി വന്നത്. ടാർ പ്രവൃത്തി പൂർത്തീകരണത്തിന് എക്സ്ട്രാ ഇനം പ്രവൃത്തി അനിവാര്യമായതിനാലാണ് ആയത് നിർവ്വഹിച്ചത് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1998-99<br>3) ഖ.5-ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകൾക്ക് സഹായം - 74880 | 30 സന്നദ്ധ സംഘടനകൾക്ക് 2,500/- രൂപ വിലയിൽ 75,000/- രൂപയും ഗുണഭോക്തൃ വിഹിതമായി 500/- രൂപ വീതം 15,000/- രൂപയും കണക്കാക്കി ഗുണനിലവാരമുള്ള അലമാരകൾ വാങ്ങുവാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നത്. 10 പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന 30 സന്നദ്ധ സംഘടനകളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ വൈകിയിരുന്നു. മാത്രമല്ല ക്വട്ടേഷൻ ലഭ്യമായപ്പോൾ 3,000/- രൂപയാണ് ഒരു അലമാരയ്ക്ക് ഉദ്ദേശിച്ചിരിക്കുന്നത്. 2,400/- രൂപയ്ക്ക് ഗുണനിലവാരമുള്ളതും, വാറണ്ടി ഉള്ളതുമായ അലമാര ലഭ്യമായതിനാലാണ് ഇപ്രകാരം 2,400/- രൂപ നിരക്കിൽ പർച്ചേസ് |

| | | |
|---|---|---|
| | | നടത്തിയതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1999-2000<br>1) ഖ.5-താമരക്കുളം-പുനരുദ്ധാരണം - 112000 ഫയൽ, എം.ബുക്ക്, പ്രോജക്ട് അസ്സൽ തുടങ്ങിയവ ഹാജരാക്കിയിട്ടില്ല.<br>2) മുച്ചിരിത്തോട് ശുദ്ധജല പദ്ധതി<br>3) മുച്ചിരിത്തോട് മുച്ചി ജലസേചനം. | ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന മൂന്ന് പ്രവൃത്തികളും തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ഫയലുകളും എം.ബുക്കുകളും ആഡിറ്റിറ്റ് വകുപ്പ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1999-2000<br>4) സോയാബിപടി - പൂവക്കോട് റോഡ് ടാറിംഗ് - 211053 | ടി പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട്.<br>പ്രവൃത്തിയുടെ അടങ്കൽ തുക 2,40,000/-<br>ആകെ ചെയ്ത് കഴിഞ്ഞ പ്രവൃത്തിയുടെ മൂല്യം 2,25,000/-<br>കൺവീനർ ശ്രീ.പി.മുഹമ്മദ് കുട്ടി 2,11,058/-<br>നികുതി 13,942/-<br>ഫയൽ ഓഡിറ്റിന് ഹാജരാക്കുന്നതാണ്. ഓഡിറ്റ് തടസ്സവാദം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| പാലക്കാട്<br>അട്ടപ്പാടി | ഓഡിറ്റ് വർഷം - 1998-99<br>1) ഖ.3-അംഗീകൃത കാലിതീറ്റ പ്രചരണ പരിപാടി - ലക്ഷ്യത്തിനു വിരുദ്ധമായി പ്രവർത്തിച്ചത് - 399962 | ആറു സംഘങ്ങളുടെയും അക്കൗണ്ടുകളിൽ ബ്ലാക്കി നിൽക്കുന്ന 4,34,599/- രൂപ 01.12.2004 -ൽ ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടിൽ ഒടുക്കുകയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.07.2005 -ലെ 19-ാം നമ്പർ തീരുമാന പ്രകാരം മേൽ തുക ഉപയോഗിച്ച് അട്ടപ്പാടിയിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ നീട്ടൽ എന്ന 12 പദ്ധതികൾ അംഗീകാരത്തിന് ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കുകയും 26.02.2006 തീയതിയിലെ 1030/05/ഡി.പി.ഒ/പി.കെ.ഡി നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണ സമിതി മേൽ പദ്ധതികൾക്ക് 3,28,742/- രൂപയുടെ അംഗീകാരം നൽകുകയും ചെയ്തു. 24.04.2006 -ന് 3,28,742/- രൂപ അഗളി കെ.എസ്.ഇ.ബി.യ്ക്ക് നൽകുകയും പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുകയും ചെയ്തു. വൈദ്യുതി ലൈൻ നീട്ടൽ പദ്ധതികായി കെ.എസ്.ഇ.ബി.യ്ക്ക് നൽകിയ തുകയിൽ ശേഷിക്കുന്ന 1,05,857/- രൂപയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളായ അഗളി സാമൂഹികാരോഗ്യ കേന്ദ്രം ശിശു വികസന പദ്ധതി ഓഫീസ് എന്നിവയുടെ ദൈനംദിന ചെലവുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ആശുപത്രിയുടെയും |

| | | |
|---|---|---|
| | | അംഗനവാടികളുടെയും ആവശ്യങ്ങൾക്ക് തടസ്സം വരാതിരിക്കുന്നതിനു 23,053/- രൂപ പ്രസ്തുത സ്ഥാപനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 82,804/- രൂപ അഗളി എസ്.ബി.ഐ.യിലെ 10644383940 നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1998-99<br>2) ഖ.7- ആദിവാസികളുടെ പാരമ്പര്യ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കൽ പദ്ധതി - 77000 | ടി പദ്ധതിയുടെ ഫയലുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഓഫീസ് പുനരുദ്ധാരണം നടന്നപ്പോൾ കാലപ്പഴക്കമുള്ള ചില ഫയലുകൾ വീണ്ടെടുക്കാനാവാത്ത വിധം ചിതലരിച്ചു നശിച്ചു പോയതിൽ ഈ ഫയലും ഉൾപ്പെട്ടിരുന്നതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടിരുന്നു. സുതാര്യമായും നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവുകൾക്കും മാനദണ്ഡങ്ങൾക്കുമനുസരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്നും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും മോണിറ്ററിംഗ് സമിതിയുടെയും നിരീക്ഷണത്തിലാണ് പൂർത്തീകരിച്ചതെന്നും യാതൊരുവിധ ക്രമക്കേടുകളും ഉണ്ടായിട്ടില്ലായെന്നും അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ഈശ്വരി രേശൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| പാലക്കാട് അട്ടപ്പാടി | ഓഡിറ്റ് വർഷം - 1999-2000<br>1) ഖ.14 - കള്ള്മല ഫലവൃക്ഷ തൈ നഴ്സറി പദ്ധതി - 199950 | ടി പരാമർശം 2003-04 -ലെ സമാഹൃത റിപ്പോർട്ടിലെ 4.8.5 ഖണ്ഡികയായി ഉൾപ്പെടുത്തുകയും നിയമസഭാ സമിതി മുമ്പാകെ 12.12.2007 -ൽ നടന്ന തെളിവെടുപ്പു യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. |
| | ഓഡിറ്റ് വർഷം - 1999-2000<br>2) ഖ.15 - പുത്തൂർ ഉമ്മത്തുംപടി അമ്പലിക്കോണം റോഡ് വികസനം - 688514 | ഫയൽ കണ്ടെത്തുകയും പരിശോധനയ്ക്കായി 12.12.2014 -ൽ പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1999-2000<br>3) ഖ. 18 - വ്യവസായ വികസനം - 49920 | ബന്ധപ്പെട്ട ഫയലുകൾ 12.12.2014 -ൽ പാലക്കാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥൻ 31.07.2014 -ന് സർവ്വീസിൽ നിന്നും വിരമിക്കുകയും 02.11.2014 -ന് മരണപ്പെടുകയും ചെയ്തു. |
| | ഓഡിറ്റ് വർഷം - 1999-2000<br>4) ഖ. 6- വെകടക്കടവ് കുടിവെള്ള പദ്ധതി - 262732 | ടി പരാമർശം 2003-04 -ലെ സമാഹൃത റിപ്പോർട്ടിലെ 4.8.2(1) ആയി ഉൾപ്പെടുത്തുകയും നിയമസഭാ സമിതി മുമ്പാകെ 12.12.2007 -ൽ നടന്ന തെളിവെടുപ്പു യോഗത്തിൽ പരിഗണനയ്ക്ക് സമർപ്പിക്കുകയും |

| | | |
|---|---|---|
| | | ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ 17.01.2014 -ലെ തദ്ദേശ സ്വയം-ഭരണ (ഇ.ആർ.ബി) വകുപ്പ് 138/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ഷൗക്കത്തലിയ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| പാലക്കാട്.<br>തൃത്താല | ഓഡിറ്റ് വർഷം - 1998-99<br>1) ബ്ലോക്ക് പഞ്ചായത്ത് രസീത് അടച്ച് പണം പിരിച്ചത് | തൃത്താല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07.01.1998 -ലെ 3(3) നമ്പർ തീരുമാനപ്രകാരമാണ് ബ്ലോക്ക് വികസന സമിതി രൂപീകരിച്ചത്. ജനകീയാസൂത്രണ പദ്ധതി പ്രോജക്ടുകളിൽ പണമായി കാണിച്ചിരിക്കുന്ന ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിനുവേണ്ടി ബ്ലോക്ക് വികസന സമിതിയുടെ പേരിൽ 50 രസീതികൾ ഉള്ള 10 രസീത് പുസ്തകങ്ങൾ അച്ചടിക്കുന്നതിന് വേണ്ടി 07.01.1998 -ന് ചേർന്ന ഭരണസമിതി 3(6) നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. ഈ രസീതി പ്രകാരം സ്വീകരിക്കുന്ന പണം ബ്ലോക്ക് പഞ്ചായത്തിന്റെ പി.ഡി.അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചതിന്റെയടിസ്ഥാനത്തിലാണ് പണം പിരിച്ചതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1998-99<br>2) ബാലവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണം – 101500 | തൃത്താല ഐ.സി.ഡി.എസിന് കീഴിലുള്ള ഏഴ് അംഗൻവാടി കെട്ടിടങ്ങൾക്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഓരോ അംഗൻവാടികളുടെയും അന്നത്തെ ആവശ്യകത അനുസരിച്ചാണ് കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്തു കൊടുത്തിട്ടുള്ളത്. ഈ കെട്ടിടങ്ങൾ ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സാമൂഹ്യ നീതി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | ഓഡിറ്റ് വർഷം - 1999-2000<br>1) ഖ. 2 - കൊയത്തുമെതി യന്ത്രം വാങ്ങിയത് - 1445000 | തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ 99-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ കൊയ്ത്തുമെതിയന്ത്രത്തെ സംബന്ധിച്ച ആഡിറ്റ് പരാമർശത്തിന്മേൽ താഴെപ്പറയുന്ന വിശദാംശങ്ങൾ സമർപ്പിക്കുന്നു.<br>1) ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br>2) ബ്ലോക്ക്തല കൃഷി വിദഗ്ദ്ധ സമിതി മോണിറ്ററിംഗ് നടത്തി അംഗീകാരം നൽകിയിട്ടുണ്ട്.<br>3) ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക |

സർവ്വകലാശാല എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധരുടെ അഭിപ്രായം ആരാഞ്ഞതിൽ നിന്നും, എസ്കോർട്ട് കമ്പനിയുടെ കൊയ്ത്തുമെതി യന്ത്രം കൂടുതൽ പ്രവർത്തനക്ഷമതയുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) കൊയ്ത്തുമെതിയന്ത്രം ഇതുവരെ പ്രവർത്തിപ്പിച്ചതിൽ ആകെ വരവ് 9,65,664/- രൂപയും (ഒമ്പത് ലക്ഷത്തി അറുപത്തയ്യായിരത്തി അറുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) ആകെ ചെലവ് 2,82,280/- (രണ്ട് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) രൂപയുമാണ്. ആകെ വരവിൽ 3,95,000/- (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ശ്രീ.കെ.മുരളീധരൻ, S/o കെ.കൃഷ്ണൻ, തൊകുലം, കുറ്റിപ്പാടം, മുതലമട പി.ഒ എന്നവർ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിനെതിരെ ഒ.എസ്.31/04 നമ്പറായി ഒറ്റപ്പാലം സബ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

5) വാടക കുടിശ്ശിക ഈടാക്കുന്നതിന് ശ്രീ.കെ.മുരളീധരന്റെ പേരിൽ ഒറ്റപ്പാലം സബ് കോടതിയിൽ ഫയൽ ചെയ്തിരുന്ന 31/04 നമ്പർ കേസ്സ് തീർപ്പാക്കുകയും, ടിയാനിൽ നിന്ന് 3,71,161/- (മൂന്ന് ലക്ഷത്തി എഴുപത്തൊന്നായിരത്തി ഒരുന്നൂറ്ററുപത്തൊന്ന് രൂപ മാത്രം) 08.09.2008 -ലെ രസീതി നമ്പർ 45, 46 - ബുക്ക് നമ്പർ 23984 പ്രകാരം പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

6) പ്രതിമാസം 22,650/- (ഇരുപത്തിരണ്ടായിരത്തി അറുന്നൂറ്റമ്പത് രൂപ മാത്രം) വാടക നിശ്ചയിച്ച് വ്യക്തമായ കരാറിന്റേയും, ജാമ്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് ടി യന്ത്രം വാടകയ്ക്ക് നൽകിയിരുന്നത്.

7) ബ്ലോക്ക് പ്രദേശത്തെ പാടശേഖര സമിതികളുടെ ആവശ്യമനുസരിച്ച് വാടകയ്ക്ക് ഏറ്റെടുത്തിരിക്കുന്ന വ്യക്തി മുഖേന യന്ത്രം ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

8) പ്രാരംഭഘട്ടത്തിൽ കൊയ്ത്തുമെതി യന്ത്രത്തിന് ആവശ്യക്കാർ കുറവായിരുന്നുവെങ്കിലും, പിൽക്കാലത്ത് തൊഴിലാളികളുടെ

| | | |
|---|---|---|
| | | |
| | | |
| | | |

| | | |
|---|---|---|
| | | കൾക്കായി 30.01.1999 മുതൽ 29.03.1999 കാലയളവിൽ 1,08,279/- രൂപ ചെലവഴിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (പട്ടിക ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം 2) |
| | ഓഡിറ്റ് വർഷം - 1999-2000<br>1) ഖ. 2 - വിവിധ വ്യവസായ സഹകരണ സംഘങ്ങൾ-<br>രൂപീകരണം - ധനസഹായം - 1581067 | 1999-2000 സാമ്പത്തിക വർഷത്തിൽ വിവിധ വ്യവസായ സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനും വിപുലീകരണത്തിനുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്കായി 14,31,067/- രൂപ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം വിനിയോഗിച്ചതായി കാണുന്നു. (പട്ടിക ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം 2)<br>ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം പുതുക്കി പണിതതിന്റേയും പ്രസ്തുത പ്രവൃത്തികളുടേയും ഭാഗമായി ഓഫീസ് രേഖകളും ഫയലുകളും ഒന്നിലധികം തവണ മാറ്റിവെക്കേണ്ട സാഹചര്യമുണ്ടായതിനാൽ ഫയലുകൾക്ക് സ്ഥാനചലനം സംഭവിക്കുകയും ചെയ്തതിനാലാണ് ഓഡിറ്റ് സമയത്ത് ഫയലുകൾ യഥാസമയം ഹാജരാക്കുവാൻ കഴിയാതെ വന്നതെന്ന വിവരം താഴ്മയോടെ ബോധിപ്പിച്ചു കൊള്ളുന്നു. ഇപ്പോൾ ലഭ്യമായ ഫയലുകളും, വൗച്ചറുകളും ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം മുമ്പാകെ ഹാജരാക്കുകയും പരാമർശം ഒഴിവാക്കാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.<br>വിവിധ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക വഴി പ്രസ്തുത മേഖലയിൽ കുറേപേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സഹകരണ സംഘങ്ങൾ എല്ലാം തന്നെ വളരെക്കാലം നല്ല നിലയിൽ പ്രവർത്തനം കാഴ്ചവെക്കുവാൻ കഴിഞ്ഞിട്ടുമുണ്ട് എന്നു കൂടി ബോധിപ്പിച്ചു കൊള്ളുന്നു. മേൽ പറഞ്ഞ സംഘങ്ങളിൽ ബാംബുവർക്കേഴ്സ് സഹകരണ സംഘം, ഫർണിച്ചർ നിർമ്മാണ സഹകരണ സംഘം എന്നിവ ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| പാലക്കാട്<br>ണ്ണാർക്കാട് | ഓഡിറ്റ് വർഷം - 1998-99<br>1) ഖ. 11- മുതുകുർശ്ശി പത്തായക്കല്ല് (റോഡ് സംരക്ഷണം)-<br>140613 | തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ 10 ഹെക്ടറോളം വരുന്ന കൃഷി നടത്തികൊണ്ടിരിക്കുന്ന ഭൂമിയിലേക്ക് ജലസേചനം നടത്തുന്ന ജലസേചനതോട് പാർശ്വഭിത്തി കെട്ടാത്തതിനാൽ മണ്ണ് ഇടിഞ്ഞ് വീണ് നികന്ന് കൃഷി നടത്താൻ പറ്റാത്ത അവസ്ഥ സംജാതമായതിന് |

പരിഹാരമായാണ് ഈ പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിയത്.
മണ്ണ് കുഴിച്ചെടുക്കൽ പാർശ്വഭിത്തി സംരക്ഷണം എന്നിവ എസ്റ്റിമേറ്റിലെ അളവുകളിലും യഥാർത്ഥത്തിൽ ചെയ്ത അളവുകളിലും വ്യത്യാസം വരാനുണ്ടായ കാരണം, എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തോടിൽ നികന്ന് കിടന്ന മണ്ണ് കുഴിച്ച് മാറ്റുന്ന അവളവ് 2070$M^2$ എന്നും പാർശ്വഭിത്തി കെട്ടേണ്ട അളവ് 80 $M^3$ എന്നാണ് കണക്കാക്കിയിരുന്നത്. ഗുണഭോക്തൃ സമിതി നിർവ്വഹണം ആരംഭിച്ചതിന് ശേഷമാണ് കുഴിച്ചെടുക്കേണ്ട അളവ് 761.99 $M^3$ മതിയെന്നും യഥാർത്ഥത്തിൽ തോടിന്റെ വൾങ്ങളിൽ മണ്ണ് ഇടിഞ്ഞ് വീണ് തോട് നികന്ന് പോകാതിരിക്കുന്നതിനായി 221.81$M^3$ (141.81 കൂടുതൽ) ആവശ്യമാണെന്ന് തീർച്ചപ്പെടുത്താൻ സാധിച്ചത്.
ടി പ്രൊജക്ടിന്റെ നിർവ്വഹണം ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിലും ജനപ്രതിനിധികളുടെയും ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതികളുടെയും നേതൃത്വത്തിലും നടന്നു വരുന്നതിനാലാണ് പണികൾ നിർത്തി വെയ്ക്കാതെ പുതിയ സാഹചര്യമനുസരിച്ച് ആവശ്യമായ അളവുകളിൽ പണികൾ നടത്തിയത്. പ്രൊജക്ടിന്റെ ലക്ഷ്യം നേടുന്നതിന് പാർശ്വഭിത്തി നിർമ്മാണം വളരെ അത്യാവശ്യമായതിനാലാണ് എസ്റ്റിമേറ്റിൽ പറഞ്ഞ അളവിലും കൂടുതൽ ചെയ്യേണ്ടിവന്നത്. ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളുടെയും, ഭരണസമിതിയുടെയും അറിവോടെയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. പാർശ്വഭിത്തി കൂടുതൽ അളവ് ചെയ്തില്ലെങ്കിൽ വീണ്ടും മണ്ണ് ഇടിഞ്ഞ് തോട് നികന്ന് പ്രൊജക്ട് ഉപയോഗശൂന്യമാവുകയും വീണ്ടും തുക ചെലവഴിക്കേണ്ടി വരുകയും ചെയ്യേണ്ടിവരുമായിരുന്നു. പൊതു ഖജനാവിന് യാതൊരുവിധ നഷ്ടവും പാർശ്വഭിത്തി കൂടുതൽ നിർമ്മിച്ചതുകൊണ്ട് വന്നിട്ടില്ല. മേൽ പ്രൊജക്ടിന്റെ ആകെ അടങ്കൽ തുക 150000 രൂപയായിരുന്നു. മേൽ പ്രൊജക്ടിനായി ആകെ ചിലവഴിച്ച തുക 149893 രൂപ മാത്രമാണ്. അടങ്കൽ തുകയിൽ കുറവ് തുക ചെലവഴിച്ചാണ് മേൽ പ്രൊജക്ട് വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളത്.
ലാഭേച്ഛയില്ലാതെ കർഷകരുടെ യഥാർത്ഥ ആവശ്യങ്ങൾ കണക്കിലെടുത്ത് ഗുണഭോക്തൃ സമിതിയുടെയും ബ്ലോക്ക് ജനപ്രതിനിധികളുടെയും ഭരണസമിതിയുടെയും മേൽനോട്ടത്തിൽ

| | | |
|---|---|---|
| | | പ്രൊജക്ട് വിജയകരമായി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റിൽ പാർശ്വഭിത്തി സംരക്ഷണത്തിന്റെ അളവുകൾ കൂടുതൽ ചെയ്തെന്നത് കണക്കിലെടുത്തും, അടകൽ തുകയിൽ കുറവ് തുക മാത്രമാണ് ആകെ ചെലവഴിച്ചത് എന്ന് കണക്കിലെടുത്തും മേൽ പ്രൊജക്ടിന്റെ രണ്ട് ഇനങ്ങളിൽ വന്ന വ്യത്യാനത്തിന് ബി.എൽ.ഇ.സി അംഗീകാരം വാങ്ങിയില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഓഡിറ്റ് വർഷം – 1998-99<br>2) ഖ.12 – ഐ.സി.ഡി.പി. സബ് സെന്റർ – ഫർണിച്ചർ വിതരണം ചെയ്യൽ – 15204 | | ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഐസിഡിപി സബ് സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിന് ഫർണീച്ചറുകളായ സ്റ്റീൽ അലമാര, ഓഫീസ് മേശ ഫൈബർ സ്റ്റൂൾ, പ്ലാസ്റ്റിക് ബക്കറ്റ്, മഗ്ഗ് തുടങ്ങിയവ വാങ്ങി വിതരണം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി രൂപീകരിക്കുകയും അഗളി വിഎം ഇൻഡസ്ട്രീസിൽ നിന്ന് പ്രസ്തുത ഫർണിച്ചറുകൾ വാങ്ങി സബ് സെന്ററുകൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഐസിഡിപി സബ് സെന്ററുകൾക്ക് തന്നെയാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്ത ദിവസം സബ് സെന്ററിൽ ജീവനക്കാരുടെ അഭാവാത്താലാണ് ആർ.എ.ഐസിയിലെ എൽ.ഡി ക്ലർക്കും ആർ.എ.ഐസിയിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറും പ്രസ്തുത ഫർണീച്ചറുകൾ കൈപ്പറ്റുകയും രസീതികൾ നൽകുകയും ചെയ്തിട്ടുള്ളത്. ടി ഫർണീച്ചറുകൾ അതാത് സെന്ററുകൾക്ക് തന്നെയാണ് വിതരണം ചെയ്തിട്ടുള്ളത് ആയത് പ്രസ്തുത സബ് സെന്ററുകളിൽതന്നെയാണ് ഉപയോഗിച്ച് വരുന്നത്. അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ഒപ്പിട്ടുതന്ന രശീതിയിൽ തിരുത്തലുകൾ ക്ലറിക്കൽ തകരാറുമൂലം വന്നിട്ടുള്ളതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഓഡിറ്റ് വർഷം – 1998-99<br>3) ഖ.13 – വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് – 100000 | | മണ്ണാർക്കാട് ബ്ലോക്ക് പ്രദേശത്ത് വനിതകളുടെ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണസംഘം കുറവായിരുന്നു ഏറെ തൊഴിൽ സാധ്യതയും ശോഭനമായ ഒരു ഭാവിയും ഉള്ള കാറ്ററിംഗ് രംഗത്തെ വനിതകളുടെ പ്രാതിനിധ്യം തീരെ ഉണ്ടായിരുന്നതുമില്ല. ഈ അവസ്ഥ പരിഗണിച്ച് സഹകരണ രംഗത്തെ പ്രവർത്തനം പ്രയോജനപ്പെടുത്തി ഒരു സംരംഭം വനിതകൾക്ക് സ്വയംതൊഴിൽ സാധ്യതയും |

| | | |
|---|---|---|
| 2 | 6.13 | **കുടിവെള്ള പദ്ധതിയിൽ ക്രമക്കേടുകൾ**<br>( 1997-198 ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 33)<br>നഗരസഭയുടെ കുറുക്കൻപാറ കുടിവെള്ള പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ. പാതി വഴിയിൽ മുടങ്ങിയ പദ്ധതിയുടെ അടങ്കൽ തുക 30 ലക്ഷവും ചെലവഴിച്ചതായി നഗരസഭ സർക്കാരിനെ അറിയിച്ചതായി കാണുന്നു.<br>10,11,12,13 വാർഡുകളിൽ കുറുക്കൻപാറ ക്വാറിയിലെ വെള്ളം വിതരണം ചെയ്യുന്നതിന് 97-98 ലാണ് പദ്ധതി തയ്യാറാക്കിയത്. ക്വാറിയിലെ വെള്ളത്തിന്റെ ശുദ്ധീകരണം, വിതരണം എന്നിവ പഠിക്കാതെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതെ നഗരസഭ ഗുണഭോക്തൃ സമിതിയെ നിർവ്വഹണം ഏൽപ്പിച്ചു. അടങ്കൽ തുകയിൽ 2602000/- രൂപ 29.6.98 ൽ തന്നെ ഗുണഭോക്തൃ സമിതിയുടെ സംയുക്ത അക്കൗണ്ടിൽ മാറ്റി.<br>ഗുണഭോക്തൃ സമിതി കൺവീനറുടെയും നഗരസഭാ സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് നിക്ഷേപിച്ച തുകയിൽ 2550000 രൂപ പദ്ധതി പ്രവർത്തനത്തിന് വിനിയോഗിക്കാതെ പിൻവലിച്ച് 46 ദിവസ കാലാവധിക്ക് ആദ്യം 7 ശതമാനവും പിന്നീട് 6 ശതമാനവും പലിശക്ക് നിക്ഷേപിച്ചതായി നഗരസഭയുടെ നിക്ഷേപ രജിസ്റ്ററിൽ കാണുന്നു. | കുന്നംകുളം നഗരസഭ<br>കുന്നംകുളം നഗരസഭാ പ്രദേശത്ത് 10,11,12,13 എന്നീ വാർഡുകളിൽ നിലവിലുള്ള രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം തേടുന്നതിന്റെ ഭാഗമായാണ് 97-98 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കുറുക്കൻപാറ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചത്. ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേങ്ങൾ സർക്കാർ തലത്തിൽ രൂപീകരിക്കുന്നതിന് മുൻപ് ജനകീയാസൂത്രണ പദ്ധതികളുടെ തുടക്ക കാലത്ത് 97-98 ൽ ആണ് ഈ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കുന്നംകുളം നഗരസഭ ശ്രമിച്ചത്.<br>ജനകീയാസൂത്രണ പദ്ധതികളുടെ തുടക്കം ആയതിനാൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് അനുവർത്തിക്കേണ്ട സ്റ്റെപ്പ് ബൈ സ്റ്റെപ്പ് നടപടിക്രമങ്ങൾ സംബന്ധിച്ച് നഗരസഭയ്ക്ക് വ്യക്തമായ അറിവ് ഉണ്ടായിരുന്നില്ല. ഇതിനാലാണ് ക്വാറിയിലെ വെള്ളത്തിന്റെ ശുദ്ധീകരണം, വിതരണം എന്നിവ സംബന്ധിച്ച പഠനം, വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി എന്നിവ നേരത്തെ വാങ്ങുന്നതിന് നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചത്. പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം പിന്നീട് ലഭിച്ചിട്ടുള്ളതാണ്. 22/05/2002 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരവും 31/3/2003 ന് ജില്ലാ തല സാങ്കേതിക സമിതിയുടെ അംഗീകാരവും ലഭിച്ചിട്ടുള്ളതാണ്.<br>പ്രവൃത്തികൾ പരമാവധി ജനപങ്കാളിത്തത്തോടെയും സുതാര്യമായും ക്രയും വേഗത്തിലും നടപ്പിലാക്കാനാണ് നഗരസഭ ശ്രമിച്ചത്. ഇതിനാലാണ് പദ്ധതി നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചത്. |

| | | | |
|---|---|---|---|
| | | മുതലും പലിശയുമായി 2848400 രൂപയായ നിക്ഷേപം 20.5.2000 ൽ വീണ്ടും 46 ദിവസത്തേക്ക് നിക്ഷേപിച്ചതായി കാണുന്നുണ്ടെങ്കിലും തുടർന്ന് നിക്ഷേപം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. നിക്ഷേപത്തിന്റെ രേഖകൾ ഓഡിറ്റിൽ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.<br><br>കുടിവെള്ള വിതരണത്തിന് വകയിരുത്തിയ പദ്ധതി വിഹിതം ഇത്തരത്തിൽ നിക്ഷേപമാക്കിയത് ഗുരുതരമായ വീഴ്ചയാണ് സർക്കാർ 14 ശതമാനം പലിശക്ക് വാങ്ങി നൽകുന്ന പദ്ധതി ഫണ്ടിന്റെ ദുർവിനിയോഗം ന്യായീകരിക്കത്തക്കതല്ല. വികസന നിഷേധം ഗൗരവമായി കാണേണ്ടതാണ്.<br><br>പദ്ധതി അടങ്കലിൽ ഗുണഭോക്തൃ സമിതിക്ക് വകമാറ്റിയത് കൂടാതെ 398000 രൂപ 9/98 ൽ തന്നെ വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതായി കാണുന്നു. പദ്ധതിയിൽ സ്ഥാപിക്കാനിരിക്കുന്ന 50 കുതിര ശക്തി മോട്ടറിന് വൈദ്യുതി കമ്പി വലിക്കുന്നതിനായിരുന്നു ഇത്. പദ്ധതി പ്രദേശത്ത് നിലവിൽ 20 കുതിര ശക്തിയുടെ മോട്ടോർ ഉണ്ട്. അതിനാൽ ഇത്രയധികം തുക നിക്ഷേപിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല വർഷങ്ങൾ കഴിഞ്ഞിട്ടും തുകയുടെ വിനിയോഗ രേഖകൾ ബോർഡ് ഹാജരാക്കിയിട്ടില്ല.<br><br>പദ്ധതിക്ക് ജലസംഭരണി പണിയാൻ മണ്ണ് പരിശോധന നടത്തിയതിന് തിരുവനന്തപുരത്തെ എൽ.ബി.എസിന് 40120/- രൂപ നൽകിയതായി കാണുന്നു. മണ്ണ് പരിശോധനക്ക് വിദഗ്ധോപദേശം ലഭിച്ചിരുന്നില്ല. ജലസംഭരണി പണിയാൻ ഉദ്ദേശിച്ച സ്ഥലം ഉറച്ച പാറകൾ നിറഞ്ഞതാണ്. മാത്രമല്ല 2000 ജനുവരിയിലെ പരിശോധനയുടെ ഫലം 2002 ലാണ് ലഭിക്കുന്നത്.<br><br>പദ്ധതി സ്ഥലം ഒരുക്കുന്നതിന് 15000 രൂപ ചെലവഴിച്ചതായി കാണുന്നു. ചെലവ് രേഖകൾ സംശയിക്കത്തക്കതാണ്.<br><br>പദ്ധതി നിർവ്വഹണം തുടരാൻ പുതിയ ഗുണഭോക്തൃ സമിതിയെ തിരഞ്ഞെടുത്തിരിക്കുന്നതിനാൽ ഇതേവരെയുള്ള | ട്രഷറി എക്കൗണ്ടിൽ കിടക്കുന്ന പദ്ധതി തുക ആവശ്യാനുസരണം വിനിയോഗിക്കുന്നതിന് പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. ട്രഷറി നിയന്ത്രണങ്ങൾ ഒരുതരത്തിലും പദ്ധതി നടത്തിപ്പിനെ ബാധിക്കാതിരിക്കുവാൻ ഉദ്ദേശിച്ച് 26/06/98 ൽ ചേർന്ന നഗരസഭാ കൗൺസിൽ അതിന്റെ 3-ാം നമ്പർ തീരുമാനമനുസരിച്ച് പദ്ധതിക്ക് വേണ്ടി മാറ്റിവെച്ച തുക സെക്രട്ടറിയുടെയും ഗുണഭോക്തൃ സമിതി കൺവീനറുടെയും പേരിൽ സംയുക്തമായി കുന്നംകുളം ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിച്ച് കൈകാര്യം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഇതുപ്രകാരമാണ് പദ്ധതി തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് മുനിസിപ്പൽ സെക്രട്ടറിയുടെയും ഗുണഭോക്തൃ സമിതി കൺവീനറുടെയും പേരിൽ 50,000/- രൂപ വീതമുള്ള 51 സ്ഥിര നിക്ഷേപങ്ങളും 2000/- രൂപ എസ്.ബി. എക്കൗണ്ടിലും നിക്ഷേപിച്ചത്. 50,000/- രൂപ ഗുണഭോക്തൃ സമിതി കൗൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകിയിരുന്നു. ഇതിന് പിന്നിൽ പദ്ധതി തടസ്സം കൂടാതെ പൂർത്തിയാക്കുക എന്ന സദുദ്ദേശം മാത്രമാണ് ഉണ്ടായിരുന്നത്.<br><br>പദ്ധതി നിർവ്വഹണത്തിന്റെ യഥാർത്ഥ ചിലവും എസ്റ്റിമേറ്റ് തുകയും പൊരുത്തപ്പെടാതെ വന്നതിനെ തുടർന്ന് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരുകയും പദ്ധതി പാതി വഴിയിൽ നിർത്തിവെക്കാൻ നഗരസഭ നിർബന്ധിതമാവുകയും ചെയ്തു. ഇതിനെ തുടർന്ന് നഗരസഭയ്ക്ക് ഈ ഇനത്തിൽ അനുവദിച്ചിരുന്ന ബാക്കി തുക 2541552/- രൂപയും ആയതിന്റെ പലിശയിനത്തിൽ 1919834/- രൂപ സഹിതം എൽ.എസ്.ജി.ഡി. ഗവ. സെക്രട്ടറിയുടെ 10/10/2008 തിയ്യതി ആയുള്ള 74299/ഡി.സി. 3/07 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ആകെ 4461386/- രൂപ Sequence No. 239/13/11/2008 ആയി 13/11/2008 ൽ 2515-00-911-99 - Plan - Voted എന്ന Head of Account ൽ കുന്നംകുളം സബ് ട്രഷറിയിൽ തിരിച്ച് അടച്ചിട്ടുള്ളതാണ്.<br><br>നിക്ഷേപം സംബന്ധിച്ച രേഖകൾ ഇൻഡ്യൻ ബാങ്കിൽ തന്നെ സേഫ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നതിനാലാണ് ഓഡിറ്റ് വേളയിൽ ഹാജരാക്കാൻ സാധിക്കാതെ പോയത്. എന്നിരുന്നാലും ഓഡിറ്റ് നിർദ്ദേശം അനുസരിച്ച് 2/6/2003 ന് പ്രത്യേക ദൂതൻ വശം രേഖകൾ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് ആവശ്യപ്പെട്ട പലിശ സംബന്ധിച്ച മുഴുവൻ വിവരങ്ങളും 24/7/2003 ന് ലോക്കൽ ഫണ്ട് ഓഡിറ്റിന് തപാൽ മാർഗ്ഗം എത്തിച്ചിട്ടുള്ളതാണ്.<br><br>സർക്കാർ 14 % പലിശക്ക് വാങ്ങിയാണ് പദ്ധതി വിഹിതം നഗരസഭയ്ക്ക് | |

| | | | | |
|---|---|---|---|---|
| | | | പദ്ധതി നിർവ്വഹണം അന്വേഷണ വിധേയമാക്കേണ്ടതും പൊതുധനം ദുർവിനിയോഗം ചെയ്തത് തിട്ടപ്പെടുത്തി ഈടാക്കേണ്ടതുമാണ്. | നൽകിയത് എന്ന വിവരം നഗരസഭയ്ക്ക് അറിവില്ലായിരുന്നു. തുക ട്രഷറി എക്കൗണ്ടിൽ തന്നെ ആണ് തിരിച്ചടവ് കാലം വരെ കിടന്നിരുന്നത് എങ്കിൽ ടി ഇകയ്യ് ബാങ്കിൽ നിന്നും ലഭിക്കുമായിരുന്ന പലിശ ലഭിക്കില്ലായിരുന്നു. നഗരസഭയുടെ അറിവില്ലായ്മമൂലം സംഭവിച്ച ഈ പിഴവ് സർക്കാരിനെ ബോധ്യപ്പെടുത്തി ആയതിന് സാധുകരണം ലഭ്യമാക്കുന്നതിന് ഉള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. നഗരസഭ മനപൂർവ്വം വികസനത്തെ നിഷേധിക്കുകയായിരുന്നില്ല. വളരെ താൽപ്പര്യപൂർവ്വം ആണ് ഈ പദ്ധതി നഗരസഭ നടപ്പിലാക്കാൻ ശ്രമിച്ചത്. ഒരു മാതൃകാ പദ്ധതിയായി വിലയിരുത്തപ്പെട്ട ഈ കുടിവെള്ള പദ്ധതി യഥാർത്ഥത്തിൽ നഗരസഭയുടെ സ്വപ്ന പദ്ധതിയായിരുന്നു.<br><br>പദ്ധതിക്കുവേണ്ടി മോട്ടോർ സ്ഥാപിക്കുന്നതിന് ആവശ്യമായ ശേഷിയിലുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്. ഇ.ബി. യിൽ നിക്ഷേപിച്ച 3,98,000/- രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം ടി സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഇതോടൊപ്പം ഹാജരാക്കുന്നു. പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല എങ്കിലും പദ്ധതിക്കുവേണ്ടി സ്ഥാപിച്ച ട്രാൻസ്ഫോർമർ നഗരസഭ മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തി യിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 10,11,12,13 വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ള ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള ജലം ഈ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നിശ്ചയിച്ചിരുന്ന അതേ കാറിയിൽ നിന്ന് പമ്പ് ചെയ്ത് നൽകി വരുന്നുണ്ട്. ഇതിന്റെ മോട്ടോർ പ്രവർത്തിക്കുന്നത് ഈ ട്രാൻസ്ഫോർമർ പ്രയോജനപ്പെടുത്തിയാണ്. ഈ ട്രാൻസ്ഫോർമറിന്റെ തൊട്ടടുത്താണ് നഗരസഭയുടെ ചരമാലിന്യ സംസ്ക്കരണ പ്ലാന്റ്, പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്, ചകിരി നാര് ഉൽപ്പാദന കേന്ദ്രം എന്നിവ ഉൾക്കൊള്ളുന്ന 4 ഏക്കർ വിസ്തൃതിയിലുള്ള നഗരസഭ വക സ്ഥലം ഉള്ളത്. ഈ സ്ഥലത്ത് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് മേൽപ്പടി ട്രാൻസ്ഫോർമർ പ്രയോജന പ്പെടുത്താവുന്ന മറ്റ് സംരംഭങ്ങൾ സംബന്ധിച്ച ആലോചനകൾ പുരോഗമിച്ചുവരുന്നു.<br><br>ജലസംഭരണി പണിയാൻ ആവശ്യമായ മണ്ണ് പരിശോധന നടത്തുന്നതിലേക്ക് 40,120/- രൂപ എൽ.ബി.എസ്. തിരുവനന്തപുരത്തിന് കൈമാറുന്നതിന് തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് കൈമാറുകയും ടിയാൻ അഡ്വാൻസായി ടി തുക എൽ.ബി.എസ്. ന് കൈമാറുകയും ആണ് ഉണ്ടായത്. ടി സ്ഥാപനത്തിൽ നിന്ന് പരിശോധനാഫലം ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളതാണ്. സർക്കാർ സ്ഥാപനം ആയതിനാലാണ് ഇതുസംബന്ധിച്ച് ഈ സ്ഥാപനത്തിനെതിരെ നഗരസഭ നടപടി സ്വീകരിക്കാതിരുന്നത്. |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രദേശം വളരെ നാളായി കാടുകയറിയ അവസ്ഥയിലായിരുന്നതിനാൽ പദ്ധതി സ്ഥലം ഒരുക്കേണ്ടത് അത്യാവശ്യമായിരുന്നു. ഇതിലേക്കായി 15616/- രൂപ ഗുണഭോക്തൃ സമിതി ചിലവഴിച്ചിട്ടുള്ളതിന്റെ ചിലവ് രേഖകൾ സമിതി കൺവീനർ ഹാജരാക്കിയിട്ടുള്ളതാണ്. ആയത് 15/5/2001 ന് ചേർന്ന നിർവ്വഹക സമിതി യോഗം പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. നഗരസഭ നേരിട്ട് ചിലവു ചെയ്ത തുകയല്ലാത്തതിനാൽ ഇതുസംബന്ധിച്ച കൂടുതൽ പരിശോധനകൾ നഗരസഭ നടത്തിയിട്ടില്ല.<br><br>പുതിയ ഗുണഭോക്തൃസമിതി പദ്ധതി നടത്തിപ്പ് ഏറ്റെടുത്തിട്ടില്ലാത്തതാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ പാറ പൊട്ടിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റേറ്റിനേക്കാൾ ഉയർന്ന തുക യഥാർത്ഥ ചിലവ് വരുന്നതിനാലും മാനുവൽ ആയി മാത്രം പാറപൊട്ടിക്കേണ്ടി വരുന്നതിനാലും ആണ് ചിലവ് ക്രമാതീതമായി വർദ്ധിക്കുന്നത്. ഇതിന് വിദഗ്ധ തൊഴിലാളികളുടെ സേവനം കൂടി ലഭ്യമാകേണ്ടതുണ്ട്. ഇതിനാൽ തൊഴിലാളികളുടെ കൂലി ഇനത്തിലും വലിയ അന്തരം ഉണ്ടായിരുന്നു.<br><br>സർക്കാർ ധനം നഗരസഭ ദുർവിനിയോഗം ചെയ്തിട്ടില്ല. നടപ്പിലാക്കാൻ സാധിക്കാത്ത പ്രോജക്ട് ആണെന്ന് മനസ്സിലായ ഉടൻതന്നെ നഗരസഭ പദ്ധതി ഉപേക്ഷിക്കുകയാണ് ഉണ്ടായത്. ടി പ്രദേശത്തെ ജനങ്ങൾക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ നഗരസഭ ശുദ്ധജലം എത്തിക്കുന്നതിന് പബ്ലിക് ടാപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മറ്റൊരു കുടിവെള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങൾക്ക് മറ്റ് ആവശ്യങ്ങൾക്കുള്ള വെള്ളം നിർദ്ദിഷ്ട കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നിശ്ചയിച്ചിരുന്ന അതേ കിണറിൽ നിന്ന് പമ്പ് ചെയ്ത് നൽകി വരുന്നുണ്ട്. ഈ നഗരസഭയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ് 10,11,12,13 വാർഡുകൾ എന്നതിനാൽ കൂടുതൽ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>നഗരസഭയുടെ മേൽപ്പടി വിശദീകരണവും സദുദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളും പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്ന നിസ്സഹായാവസ്ഥയും പരിഗണിച്ച് വീഴ്ചകൾ മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| ക്രമനമ്പർ | നഗരസഭയുടെ പേര് | പരാമർശ ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | **അദ്ധ്യായം 6**<br>**6.13 നഗരസഭകൾ മറ്റു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ** | |
| | ആലപ്പുഴ നഗരസഭ | 6.13 | വസ്തുനികുതി | 1997-98 വർഷത്തിലെ ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട് ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട് അപ്പീൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടില്ല എന്ന രീതിയിലുള്ള ഓഡിറ്റ് തടസ്സവാദമാണ് ഉന്നയിച്ചിട്ടുള്ളത്. അതുമൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചതായിട്ടാണ് സൂചിപ്പിച്ചിട്ടുള്ളത്. അപ്പീൽ അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിലാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ അപ്പീൽകമ്മിറ്റി കൂടുവാൻ താമസം നേരിട്ടതിനാലാണ് അപ്പീൽ അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. അതുമൂലം കുറച്ച് കൊടുത്തിട്ടുള്ള തുക നഷ്ടം വന്നിട്ടുള്ളതായാണ് ഓഡിറ്റ് ക ണ്ടെത്തിയിട്ടുള്ളത്. നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ടി അപേക്ഷ പ രിഗണിച്ച് നിയമാനുസൃതമായി നികുതി കുറച്ച് നൽകിയിട്ടുള്ളതിനാലും 22 വർഷം പഴക്കമുള്ള പരാമർശം ആയതിനാലും നിലവിൽ രേഖകൾ കണ്ടെത്തുവാൻ നിരന്തര ശ്രമം നടത്തിയിട്ടും കഴിഞ്ഞിട്ടില്ലാത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു . നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | 6.13 | ഡി&ഒ ലൈസൻസ് | 1997-98 കാലഘട്ടത്തിൽ ട്രേഡ് ലൈസൻസുമായി ബന്ധപ്പെട്ട പുതിയ നിയമാവലി നടപ്പിലാക്കാൻ സാധിക്കാത്തതുമൂലം ട്രേഡ് ലൈസൻസ് ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചതെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ ടി തുക പിന്നീട് ഒടുക്കിയതുമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നും തന്നെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. നിലവിൽ നിർദ്ദിഷ്ട സർക്കാർ നിയമാവലിയുടെ അടിസ്ഥാനത്തിലാണ് ട്രേഡ് ലൈസൻസ് ഈടാക്കിവരുന്നത്. പല തവണയായി ഓഫീസ് ഷിഫ്റ്റിംഗ് വന്നിട്ടുള്ളതുമൂലവും കാലപ്പഴക്കം മൂലവും രജിസ്റ്ററുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ മേൽ പരാമർശത്തിൽ നിന്നും നഗരസഭയെ ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | 6.13 | ലേലം, വാടക | 1997-98 വർഷത്തിലെ ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട് ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ലേലം, വാടക ഇനത്തിൽ നഷ്ടം സംഭവിച്ചതായിട്ടാണ് ഓഡിറ്റ് പരാമർശം ഉള്ളത്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ലൈലാബീവി 22/02/2012 തീയതിയിലെ 32249-ാം നമ്പർ രസീത് പ്രകാരം 1216/- രൂപ അടച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ശ്രീമതി സിന്റർലാദർത്താലിസ് 03/03/2012-ലെ 01/11102133206 നമ്പർ രസീത് പ്രകാരം ടിയാളുടെ ബാദ്ധ്യത തുകയായ 402/- രൂപ അടച്ചതായും കാണുന്നു. വിശദമായി അന്വേഷിച്ചതി ല്യം പരിശോധിക്കപ്പെട്ടതിലും ഉത്തരവാദപ്പെട്ട ചില ഉദ്യോഗസ്ഥർ മരണപ്പെട്ടിട്ടുള്ളതിനാലും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കിയിട്ടു ണ്ടോ എന്ന് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | 6.13 | റോഡ് റോളർ വാടക | 1997-98 കാലഘട്ടത്തിലെ ഓഡിറ്റ് പരാമർശമായ റോഡ് റോളർ വാടക ഇനത്തിൽ തുക അടവാക്കിയിട്ടില്ല എന്നത് സംബന്ധിച്ച് ഫയലുകളോ രേഖകളോ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്. റോഡ് റോളറിന്റെ ചുമതലയു ണ്ടായിരുന്ന ഉദ്യോഗസ്ഥൻ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ടി ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കാൻ ആവശ്യമായ രേഖകൾ ഒന്നുംതന്നെ ആവർത്തിച്ചുള്ള പരിശോധനകളിലും നഗരസഭയുടെ പക്കൽ ഇല്ലായെന്ന് ബോധ്യപ്പെട്ടതിനാലും 24 വർഷം പഴക്കമുള്ള വിഷയമായതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു . നിയമസഭാ സമിതിയോട് അപേക്ഷിച്ചുകൊള്ളുന്നു. |
| | | 6.13 | ശുദ്ധജലവിതരണം | 1997-98 കാലഘട്ടത്തിൽ ആലപ്പുഴ നഗരസഭ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 96-97 വർഷത്തെ പ്ലാൻ ഓഫ് ആക്ഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി വാട്ടർടാപ്പുകൾ സ്ഥാപിച്ചത് സംബന്ധിച്ചാണ് ഓഡിറ്റ് പ രാമർശം ഉണ്ടായിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട 72 ടാപ്പുകൾ സ്ഥാപിച്ചുവെങ്കിലും സ്റ്റോക്ക് എൻട്രി നടത്താത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല എന്നാണ് ഓഡിറ്റ് പ |

| | | | | |
|---|---|---|---|---|
| | | | | രാമർശം ഉണ്ടായിട്ടുള്ളത്. എന്നിരുന്നാലും നഗരസഭയ്ക്കാവശ്യമായ 72 ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചാണ് വർക്കിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയത്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പ്ലംബറുടെ സേവനം ഉപയോഗിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്നാണ് മറ്റൊരു പരാമർശം. അടിയന്തിരമായി പ്രോജക്ട് പൂർത്തീകരിക്കേണ്ടതിനാൽ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ച് പ്ലംബറെ നിയോഗിച്ചാണ് ടി പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്. വളരെ കാലപ്പഴക്കം ചെന്ന വിഷയമായതിനാലും ആവർത്തിച്ചുള്ള പരിശോധനകൾ നടത്തിയിട്ടും പ്രോജക്ടുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ നഗരസഭാ ഓഫീസിൽ ലഭ്യമല്ലാത്ത സാഹചര്യം പരിഗണിച്ചും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതിയോട് അപേക്ഷിച്ചുകൊള്ളുന്നു. |
| | | 6.13 | സെന്റേജ് ചാർജ്ജ് | 1997-98 കാലഘട്ടത്തിലെ എൻ.എസ്.ഡി.പി ദേശീയ ചേരി വികസന പദ്ധതി പ്രകാരം മരാമത്ത് വേലകൾ നടപ്പിലാക്കിയ കരാറുകാരന് സെന്റേജ് ചാർജ്ജ് നൽകിയതുമായി ബന്ധപ്പെട്ടാണ് പരാമർശം ഉണ്ടായിട്ടുള്ളത്. ഈ മരാമത്ത് വേലകൾ നിർവ്വഹിക്കുന്നതിന് ടി കാലയളവിൽ സാങ്കേതിക പരിജ്ഞാനം നേടിയ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ ആണ് റിട്ട. പൊതുമരാമത്ത് അസി.എക്സിക്യൂട്ടീവ് എൻജിനീയർ ആയിരുന്ന ശ്രീ.എം.പി.ഗംഗാധരൻനായരുടെ സേവനം ഉപയോഗിച്ചിട്ടുള്ളത്. ടിയാൻ മരണപ്പെട്ടുപോയതിനാലും നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിരമിച്ചിട്ടുള്ളതിനാലും രേഖകളുടെ അഭാവത്തിലും ടി പരാമർശം ഒഴിവാക്കി നല്കണമെന്ന് ബഹു നിയമസഭാ സമിതി മുൻപാകെ അപേക്ഷിച്ചുകൊള്ളുന്നു. |
| | **കോട്ടയം** | | | |
| | **ചങ്ങനാശ്ശേരി നഗരസഭ** | **6.13** | വനിത വ്യവസായ യൂണിറ്റ് | ചില സാങ്കേതിക കാരണങ്ങളാൽ സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുവാൻ സാധിക്കാതിരുന്നതിനാൽ വനിതാ വ്യവസായ യൂണിറ്റായ ഐശ്വര്യ വനിതാ സെന്ററിന് നൽകിയ പ്രവർത്തന ധനസഹായം 40,000/- രൂപ തിരികെ അടയ്ക്കുന്നതിന് സമ്മതമാണെന്ന് ഈ സ്ഥാപനം 16/10/2001 ൽ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത തുക അടവാക്കിയിട്ടില്ല. ഈ സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ടവരിൽനിന്നും തുക ഈടാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | ഇക്കാര്യം കർശനമായി നിരീക്ഷിച്ച് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ബഹു. നിയമ സഭാ സമിതി മുൻപാകെ ബോധിപ്പിക്കുന്നു. |
| | **കോട്ടയം നഗരസഭ** | **6.13** | പാൽ വിതരണ യൂണിറ്റ് | ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് പരാമർശം ലഭിച്ച ഉടൻ തന്നെ കുറിപ്പും തുടർന്ന് ഓർമ്മക്കുറിപ്പുകളും നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. കാലപ്പഴക്കം മൂലം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർവ്വഹണ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും ഓഡിറ്റ് പരാമർശ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. വിശദമായ അന്വേഷണത്തിലും പദ്ധതി നിർവ്വഹണ ഫയലുകൾ നഗരസഭയിൽ നിന്ന് കണ്ടെത്താൻ കഴിയാത്ത സാഹചര്യവുമുണ്ട്. വിശദമായ അന്വേഷണത്തിൽ പദ്ധതി നിർവ്വഹണത്തിൽ ബോധപൂർവമായ വീഴ്ച വരുത്തിയിട്ടില്ലാത്തതാണ്. നിലവിൽ സർക്കാർ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പദ്ധതി നിർവ്വഹണം നടത്തുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ നിരന്തരം നിരീക്ഷണ വിധേയമാക്കുകയും ചെയ്യുന്നതാണ്. ആകയാൽ ടി സാഹചര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | **6.13** | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി | 1998-99 കാലഘട്ടത്തിൽ ജനകീയാസൂത്രണ പദ്ധതി വഴി നടപ്പിലാക്കിയ സമ്പൂർണ്ണ ഭവന നിർമ്മാണം എന്ന പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഓരോ വാർഡിലും മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിച്ചിരുന്നു. നഗരസഭാ കൗൺസിലർമാർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി വീട് പണിയുടെ ഓരോ ഘട്ടത്തിലും പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരം അടച്ച രസീതിന്റെയോ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെയോ കോപ്പി വാങ്ങാതെ അവസാന ഗഡു അനുവദിക്കാൻ ഇടയായത്. കരം അടച്ച രസീതിന്റെ കോപ്പി ഹാജരാക്കുന്നതിന് എല്ലാ ഗുണഭോക്താക്കൾക്കും അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 16 ഗുണഭോക്താക്കൾ കരം അടച്ച രസീതിന്റെ കോപ്പി ഹാജരാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളിൽ ചിലർ മരണമടയുകയും ചിലർ അനന്തരാവകാശികളുടെ പേരിലേയ്ക്ക് ഉടമസ്ഥാവകാശം കൈമാറ്റം ചെയ്തിട്ടുള്ളതുമായ സാഹചര്യത്തിൽ എല്ലാ ഗുണഭോക്താക്കളിൽ നിന്നും കരം അടച്ച രസീതിന്റെ കോപ്പി ലഭ്യമായിട്ടില്ല. ജനകീയാസൂത്രണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വന്ന പിഴവായി കാണണമെന്നും പദ്ധതി |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | നടത്തിപ്പിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല എന്നും അന്വേഷണങ്ങളിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | 6.13 | ക്വാർട്ടേഴ്സ് അനുവദിച്ച ജീവനക്കാർക്ക് അലവൻസ് അനുവദിക്കുകയും വീട്ടു വാടക ഈടാക്കിതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് | ക്വാർട്ടേഴ്സ് അനുവദിച്ച ജീവനക്കാർക്ക് അനുവദിച്ച ഹൗസ് റെന്റ് അലവൻസ് സർവ്വീസിലുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും, വിരമിച്ച ജീവനക്കാരുടെ പ്രതിമാസ പെൻഷനിൽ നിന്നും പൂർണ്ണമായും തിരികെ ഈടാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | 6.13 | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് റെസ്റ്റ് ഹൗസ് വാടക നഷ്ടം | 1998-99 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രോജക്ട് നിർവ്വഹണത്തിനായി സജ്ജീകരിച്ചിരുന്ന നഗരസഭാ റെസ്റ്റ് ഹൗസ് മുറികൾ ആരും വാടകയ്ക്ക് എടുക്കാൻ തയ്യാറാകാത്തതിനാൽ ടി പ്രോജക്ട് ഉപേക്ഷിക്കുന്നതിനും പ്രോജക്ട് നിർവ്വഹണത്തിന് സജ്ജമാക്കിയ മുറികൾ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നതിനും പ്രത്യേക അനുമതി നൽകി ക്കൊണ്ട് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.07.2004 തീയതിയിലെ 1838/DP3/04 ത.സ്വ.ഭ.വ നമ്പർ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി ഉപേക്ഷിച്ചിരുന്നു. നിലവിൽ ടി മുറികൾ നഗരസഭയ്ക്ക് വരുമാനം ലഭ്യമാകുന്ന വിധത്തിലാണ് ഉപയോഗിച്ചു വരുന്നത്.ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | | 6.13 | തടസ്സപ്പെടുത്തിയ തുക 32,46,070/-രൂപ | |
| | | 6.13 | സാനിറ്ററി ലാട്രിൻ നിർമ്മാണ പദ്ധതി - അനർഹർക്ക് സഹായം നൽകൽ | സാനിറ്ററി ലാട്രിൻ നിർമ്മാണത്തിന് ധനസഹായമായി ഒരു ഗുണഭോക്താവിന് 2500/- രൂപയിൽ അധികരിക്കുവാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2475/- രൂപ ഓരോ ഗുണഭോക്താവിനും ധനസഹായം നൽകി കൂടുതൽ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാണ് പ്രോജക്ടിൽ മാറ്റം വരുത്തിയത്. 18.04.1999 ലെ കൗൺസിലിന്റെ 2-ാം നമ്പർ തീരുമാന പ്രകാരമാണ് കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമായ അന്വേഷണത്തിൽ ഗുണഭോക്താകക്കൾക്ക് പൂർണ്ണമായും ഈ ധനസഹായം |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | ലഭ്യമായിട്ടുള്ളതായും ടി പോജക്ട് നടത്തിപ്പിൽ ക്രമക്കേടൊന്നും നടന്നിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | 6.13 | കിഴക്കൻ മേഖലയ്ക്കൊരു സാംസ്ക്കാരിക കേന്ദ്രം ലക്ഷ്യപ്രാപ്തി നേടിയില്ല. | കാലപ്പഴക്കം മൂലം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർവ്വഹണ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. കൂടാതെ ടി ഓഡിറ്റ് പരാമർശ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. വിശദമായ അന്വേഷണത്തിൽ ടി വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതാണ്. നിലവിൽ സർക്കാർ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതെന്ന് സൂക്ഷ്മമായി സർക്കാർ നിരീക്ഷിക്കുന്നുണ്ട്. ആകയാൽ ടി സാഹചര്യം പരിഗണിച്ച് ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | | 6.13 | പെട്ടി, പറ, മോട്ടോർ സ്ഥാപിക്കൽ | കാലപ്പഴക്കം മൂലം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർവ്വഹണ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും ഓഡിറ്റ് പരാമർശ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതാണ്. നിലവിൽ സർക്കാർ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതെന്ന് സൂക്ഷ്മമായി സർക്കാർ നിരീക്ഷിക്കുന്നുണ്ട്. ആകയാൽ ടി സാഹചര്യം പരിഗണിച്ച് ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | | 6.13 | പച്ചക്കറി കൃഷി വികസനം | കാലപ്പഴക്കം മൂലം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർവ്വഹണ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും ഓഡിറ്റ് പരാമർശ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതാണ്. നിലവിൽ സർക്കാർ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതെന്ന് സൂക്ഷ്മമായി സർക്കാർ നിരീക്ഷിക്കുന്നുണ്ട്. ആകയാൽ ടി |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | സാഹചര്യം പരിഗണിച്ച് ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | 6.13 | മണ്ഡരി മരുന്ന് തളി | കാലപ്പഴക്കം മൂലം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതി നിർവ്വഹണ രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും ഓഡിറ്റ് പരാമർശ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥർ സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതാണ്. നിലവിൽ സർക്കാർ മാനദണ്ഡങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതെന്ന് സൂക്ഷ്മമായി സർക്കാർ നിരീക്ഷിക്കുന്നുണ്ട്. ആകയാൽ ടി സാഹചര്യം പരിഗണിച്ച് ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | **എറണാകുളം**<br><br>**ആലുവ നഗരസഭ** | 6.13 | പത്രപ്പരസ്യം - 33600 രൂപ<br><br>(നഗരസഭാ ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 24) | ആലുവ മണപ്പുറത്തെ മഹാശിവരാത്രിയോടനുബന്ധിച്ചുള്ള വേലകളായതിനാൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ട സാഹചര്യമുണ്ടായിരുന്നതിനാൽ ടെണ്ടർ പരസ്യം പത്രത്തിൽ നൽകുകയും എന്നാൽ നിർദ്ദിഷ്ട ദിവസത്തിൽ 2 ദിവസം വൈകി പത്രത്തിൽ പ്രസിദ്ധീകരിക്കുകയാണുണ്ടായത്. മഹാശിവരാത്രി പ്രമാണിച്ച് വേലകൾപൂർത്തീകരിക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടായിരുന്നതിനാൽ ടെണ്ടർ മാറ്റി വയ്ക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ആകയാൽ ടി സാഹചര്യം പരിഗണിച്ച് ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | | 6.13 | വാഹന വായ്പ 1,50,000 രൂപ (നഗരസഭാ ഓഡിറ്റ് റിപ്പോർട്ട് 2000-01, ഖണ്ഡിക 40) | 1.ശ്രീ. ജോജോ മാത്യു അടവാക്കാൻ ബാക്കിയുണ്ടായിരുന്ന തുകയിൽ 13586/-രൂപ രസീത് നമ്പർ 62 തീയതി 27/02/2009 പ്രകാരവും, 1872/-രൂപ ചെക്ക് നമ്പർ 691849 തീയതി 07/04/2009 പ്രകാരവും നഗരസഭയിൽ അടവാക്കി യിട്ടുള്ളതാണ്.<br><br>2.ശ്രീ. ജോൺ ജോഷി അടവാക്കാൻ ബാക്കിയു ണ്ടായിരുന്ന പലിശയും, പിഴ പലിശ ഇനത്തിൽ ബാക്കിയുണ്ടായിരുന്ന 1,250/-രൂപ 16/06/2011-ൽ ചെക്ക് നമ്പർ |

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | | 746990 പ്രകാരം 18/07/2011 ലെ രസീത് നമ്പർ 1101500061ൽ അടവാക്കിയിട്ടുള്ളതാണ്.<br><br>3 എ .ശ്രീ.എ. കെ ശിവനിൽ നിന്നും റിക്കവറി നടത്തി ബാക്കി തുകയായ 22870/- രൂപ ഒറ്റത്തവണയായി 10/10/2008ൽ രസീത് നമ്പർ 7 പ്രകാരം അടവാക്കിയിട്ടുള്ളതും, പിഴ പലിശ ഇനത്തിൽ അടവാക്കാനുള്ള 24293/-രൂപ 15/01/14 ലെ രസീതു പ്രകാരവും നഗരസഭയിൽ 11301400062-ൽ അടവാക്കിയിട്ടുള്ളതാണ്.<br><br>3.ബി. ശ്രീ.ബി. അഹമ്മദ് കബീർ അടവാക്കാനുണ്ടായിരുന്ന പലിശയും, പിഴപ്പലിശയും ഉൾപ്പെടെ 17,213/- രൂപ 31/05/2003ൽ രസീത് നമ്പർ 58/2869 രസീതു പ്രകാരം നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ്.<br>3.ശ്രീ. എം.എം ജോസഫ് പലിശ ഉൾപ്പെടെ 23,328/-രൂപ അടവാക്കാൻ ബാക്കിയുണ്ടായിരുന്നു. ആയതിൽ 5,000/- രൂപ വീതം 20.06.2013ലും, 31/08/2013ലും അടവാക്കിയിട്ടുള്ളതും, ബാക്കി തുകയായ 13,328/-രൂപ 16/02/2019ൽ രസീത് നമ്പർ 10500377 പ്രകാരം നഗരസഭയിൽ അടവാക്കിയിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹു നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | | 6.13 | ഹരിതനഗരം<br>സുന്ദര നഗരം രണ്ടാം പ്രോജക്ട് വാച്ചർക്ക് ശമ്പളം നൽകിയ 3000/- രൂപ ഓഡിറ്റ് അനുവദിക്കുന്നില്ല. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേതാണ്. | ഹരിതനഗരം സുന്ദര നഗരം രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി നഗരസഭ വക മണപ്പുറത്ത് വൃക്ഷത്തൈ നട്ട് വളർത്തിയതുമായി ബന്ധപ്പെട്ട് തനതുഫണ്ടിൽ നിന്നും 42,500 രൂപ വകയിരുത്തി 2000-01 കാലയളവിൽ പദ്ധതി തയ്യാറാക്കുകയും ചെയ്തു. ടി പദ്ധതി വളരെ വിജയകരമായി പൂർത്തിയാക്കുന്നതിനും നട്ടു വളർത്തിയ വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനും വേണ്ടി പ്രതിമാസം 1500/- രൂപ വീതം ഓണറേറിയം നല്കി വാച്ചറെ നിയമിച്ചത്. ടി തുക ഹരിത നഗരം സുന്ദരനഗരം പ്രോജക് ടിൽ നിന്നും ചെലവഴിക്കുന്നതിന് ജനകീയാസൂത്രണ പദ്ധതി പ്രാരംഭ ദിശയിലായതിനാൽ മുഴുവൻ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ സാധിച്ചിട്ടില്ലാത്തതാണ് എന്നുള്ള നഗരസഭാ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ടി ഓഡിറ്റ പരാമർശം ഒഴിവാക്കി നല്കണമെന്ന് ബഹു നിയമസഭാ സമിതി മുൻപാകെ അപേക്ഷിച്ചുകൊള്ളുന്നു. |
| | | 6.13 | ജനകീയാസൂത്രണം | 2000-01 വർഷത്തെ പരിസ്ഥിതി ബോധവൽക്കരണവുമായി ബന്ധപ്പെട്ട് 40,000/- |

## സംസ്ഥാന ഓഡിറ്റ് വകപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക

| | | | | |
|---|---|---|---|---|
| | | | 2000-01 പ്രോജക്ട് നമ്പർ 13 പരിസ്ഥിതി ബോധവത്ക്കരണം | രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ടി ആവശ്യത്തിലേക്ക് വൗച്ചർ നം. നമ്പർ 64/3/01 പ്രകാരം 10,000 രൂപ 22.3.2001 ലെ 348087 ചെക്ക് പ്രകാരം കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ആലുവയിൽ പണം നിക്ഷേപിച്ച് പണം ചെലവഴിച്ചിട്ടുള്ളതാണ്. ആയത് സംബന്ധിച്ച കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു |
| | | 6.13 | പൊതുമരാമത്ത് പണികൾ അധികം നൽകിയ 6,049/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനായ ശ്രീ.ടി.എസ്.കുമാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭ ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. ഒടുക്കുക | ഫയൽ പരിശോധിച്ചതിൽ അടങ്കൽ തയ്യാറാക്കിയിരിക്കുന്നത് ലാഭവിഹിതം ഇല്ലാത്ത നിരക്ക് വച്ചാണ് ലാഭവിഹിതം 10% അനുവദനീയമാണ് എന്ന് ടെന്റർ ഷെഡ്യൂളിലും എഗ്രിമെന്റിലും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ തയ്യാറാക്കിയത് കരാറുകാരന്റെ ലാഭം ഇല്ലാത്ത നിരക്കിലായതിനാൽ കരാറുകാരന് ലാഭവിഹിതം ഒരു തവണമാത്രമേ നൽകിയിട്ടുള്ളൂ. അധികം തുക കരാറുകാരന് നൽകിയിട്ടില്ലാത്തതാണ് എന്ന നഗരസഭാ സെക്രട്ടറിയുടെറപ്പിന്റെ പശ്ചാത്തലത്തിൽ ഓഡിറ്റ പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു. |
| | | 6.13 | <u>പൊതുമരാമത്ത് പണികൾ</u><br>7 ാം വാർഡിൽ വി.ഐ.പി.റോഡിൽ | ഓഡിറ്റ് തടസ്സവാദത്തിൽ 1,92,464/- രൂപ ടി ബിൽ പ്രകാരം കരാറുകാരന് നൽകി എന്നാണ് കാണിച്ചിട്ടുള്ളത്. ബിൽ കോപ്പി ടി തുക തന്നെയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ടി ബില്ലിന് 1,77,614/- രൂപ മാത്രമേ നൽകിയിട്ടുള്ളൂ. അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും പെയ്മെന്റ് നൽകിയപ്പോൾ ഡിപ്പാർട്ട്മെന്റലായി നൽകിയ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമഗ്ര ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | കാനപണിയുന്നത് സംബന്ധിച്ച് അധികം നൽകിയ തുക 16,780/- രൂപ കരാറുകാരനായ ശ്രീ.പി.ജെ. ഫ്രാൻസിസിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ പലിശ സഹിതം ഈടാക്കി നഗരസഭാ ഫണ്ടിൽ അടയ്ക്കുക | ടാറിന്റെ വില പിടിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ കരാറുകാരന്റെ ലാഭവും ആയതിന്റെ ടെണ്ടർ എക്സസ്സും പിടിച്ചിട്ടില്ലാത്തതാണ്. ആയതും നികുതികളും ചേർത്ത് ബാക്കി തുക അടയ്ക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് കരാറുകാരന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി കരാറുകാരൻ 9 വർഷങ്ങൾക്ക് മുമ്പ് മരണപ്പെട്ടു പോയിട്ടുള്ളതാണ്. ആയതിനാൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | തൃശ്ശൂർ<br>**ഗുരുവായൂർ നഗരസഭ** | **6.13** | ബഹു.ചെയർമാന്റെ വസതിയിലെ ഒദ്യോഗിക ടെലഫോൺ അധിക വാടക | നഗരസഭ മുൻ ചെയർപേഴ്സൺ ശ്രീമതി.പി.കെ.ശാന്തകുമാരി 16/01/99 മുതൽ 29/02/2000 വരെയുള്ള കാലയളവിലെ 51256/- രൂപ അടവാക്കുന്നതിനും, ആയതിന്റെ സത്യപ്രസ്താവന നൽകേണ്ടതുമാണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ടിയാരി സത്യപ്രസ്താവന സമർപ്പിക്കുകയും ടി കാലയളവിലെ ഔദ്യോഗിക വസതിയിലെ ടെലഫോൺ ഉപയോഗത്തിനായി അടവാക്കിയ തുകയുടെ വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശത്തിന് പകരമായി LF.T4 729/08 dt.31/03/2008 പ്രകാരം ശുദ്ധിപത്രം ഇറക്കിയിട്ടുള്ളതാണ്. ആയതിൽ 03/01/2000 മുതൽ 29/02/2000 വരെ അവിശ്വാസ പ്രമേയത്തെ തുടർന്ന് ശ്രീമതി.പി.കെ.ശാന്തകുമാരി ചെയർപേഴ്സൺ സ്ഥാനത്ത് നിന്നും പുറത്താക്കപ്പെട്ടുവെങ്കിലും ഔദ്യോഗിക വസതിയിലെ ടെലഫോൺ ഉപയോഗിച്ചത് മൂലം നഗരസഭയ്ക്ക് 6119/- രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതും ടി തുക അടവാക്കണമെന്നുമാണ് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | നിർദ്ദേശിച്ചിരിക്കുന്നത്. ടിയാരി Rt.No.43714, തിയ്യതി 27/07/2006 നമ്പർ രസീത് പ്രകാരം മേൽ വിഷയത്തിൽ ഓഡിറ്റിൽ പരാമർശിച്ചിരുന്ന 7381/- രൂപ അവൊക്കിയിട്ടുള്ളതാണ്. ആയതിനാൽ മേൽ നടപടികളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണെന്ന് അപേക്ഷിക്കുന്നു |
| | | | (2) ഖണ്ഡിക 33<br><br>കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽശിയത് കരാറുകാരൻ: ശ്രീ.പി. നന്ദകുമാർ<br><br>ഈ ഇനത്തിൽ നൽകിയ അധിക തുക 15,511/- ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേതാണ്. | റിപ്പോർട്ടിലെ ഖണ്ഡിക 33 ൽ, കരാറുകാരനായിരുന്ന ശ്രീ.പി.നന്ദകുമാറിൽ നിന്നും 15511/ രൂപ ഈടാക്കി അടവാക്കിയിട്ടുള്ളതാണ് |
| | | | 3) ഖണ്ഡിക 40 : <u>പാക്കത്ത് ലെയിൻ കോൺക്രീറ്റിഗ് തെറ്റായ സ്പെസിഫിക്കേഷൻ</u><br><br><u>അധികനിരക്ക് നൽകിയത് അംഗീകരിക്കാത്തത്</u><br><br><u>കരാറുകാരൻ</u> : ശ്രീ. പി. നന്ദകുമാർഅധിക | ശ്രീ. .പി.നന്ദകുമാറിൽ നിന്നും റിക്കവറി നടത്തേണ്ട 15410/ രൂപ ടിയാനിൽനിന്നും ഈടാക്കി അടവാക്കിയിട്ടുള്ളതാണ്.കരാറുകാരനായ ശ്രീ പി. നന്ദകുമാരിൽ നിന്നും റിക്കവറി നടത്തി അടവാക്കേണ്ട തുക ( 15511+15410=30921/- രൂപ ) ടിയാന്റെ മറ്റൊരു പ്രവൃത്തി (1-8767/2007 നമ്പർ പ്രവൃത്തി ) യുടെ തുകയിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ് . |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേതാണ്.<br><br>(4) ഖണ്ഡിക 42 കൽവർട് അധികതുക നൽകിയത്<br><br>39000 രൂപ | ഓഡിറ്റിൽ പരാമർശിക്കുന്ന 39,000/ രൂപയും 18% പലിശയും സഹിതം ഒടുക്കാത്ത സാഹചര്യത്തിൽ ആയത് ഒടുക്കു വരുത്തണമെന്ന് കാട്ടി ഈ പദ്ധതിയുടെ കൺവീനർക്ക് നോട്ടീസ് നല്കിയിരുന്നു. നാളിതുവരെ തുക ഒടുക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ മുഖാന്തരം ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് തുക ഈടാക്കുന്നതിനായി സമയബന്ധിത നടപടി സ്വീകരിക്കുന്നതും ആയത് നിരന്തരം സർക്കാൽ നിരീക്ഷണ വിധേയമാക്കുമെന്നും ബഹു.നിയമസഭാ സമിതി മുൻപാകെ ബോധിപ്പിച്ചുകൊള്ളുന്നു. |
| | **തൃശ്ശൂർ**<br>**കുന്നംകുളം**<br>**നഗരസഭ** | **6.13** | **കുടിവെള്ള പദ്ധതിയിൽ ക്രമക്കേടുകൾ**<br><br>(1997-1998 ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 33)നഗരസഭയുടെ കുറുക്കൻപാറ കുടിവെള്ളപദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ.<br><br>.അടങ്കൽ തുകയിൽ 2602000/- രൂപ 29.6.98 ൽ തന്നെ ഗുണഭോക്തൃ സമിതിയുടെ സംയുക്ത അക്കൗ | കുന്നംകുളം നഗരസഭാ പ്രദേശത്ത് 10,11,12,13 എന്നീ വാർഡുകളിൽ നിലവിലുള്ള രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം തേടുന്നതിന്റെ ഭാഗമായാണ് 97-98 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കുറുക്കൻപാറ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചത്.<br><br>ജനകീയാസൂത്രണ പദ്ധതികളുടെ തുടക്കം ആയതിനാൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് അനുവർത്തിക്കേണ്ട സ്റ്റെപ്പ് ബൈ സ്റ്റെപ്പ് നടപടിക്രമങ്ങൾ സംബന്ധിച്ച് നഗരസഭയ്ക്ക് വ്യക്തമായ അറിവ് ഉണ്ടായിരുന്നില്ല. ഇതിനാലാണ് കാറിയിലെ വെള്ളത്തിന്റെ ശുദ്ധീകരണം, വിതരണം എന്നിവ സംബന്ധിച്ച പഠനം, വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി എന്നിവ നേരത്തെ വാങ്ങുന്നതിന് നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചത്.<br><br>ട്രഷറി അക്കൗണ്ടിൽ കിടക്കുന്ന പദ്ധതി തുക ആവശ്യാനുസരണം വിനിയോഗിക്കുന്നതിന് പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട് ട്രഷറി നിയന്ത്രണങ്ങൾ ഒരുതരത്തിലും പദ്ധതി നടത്തിപ്പിനെ ബാധിക്കാതിരിക്കുവാൻ ഉദ്ദേശിച്ച് 26/06/98 ൽ ചേർന്ന നഗരസഭാ കൗൺസിൽ അതിന്റെ 3-ാം നമ്പർ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | ണ്ടിൽ മാറ്റി.<br>ഗുണഭോക്തൃ സമിതി കൺവീനറുടെയും നഗരസഭാ സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് നിക്ഷേപിച്ച തുകയിൽ 25,50,000/ രൂപ പദ്ധതി പ്രവർത്തനത്തിന് വിനിയോഗിക്കാതെ പിൻവലിച്ച് 46 ദിവസ കാലാവധിക്ക് ആദ്യം 7 ശതമാനവും പിന്നീട് 6 ശതമാനവും പലിശക്ക് നിക്ഷേപിച്ചതായി നഗരസഭയുടെ നിക്ഷേപ രജിസ്റ്ററിൽ കാണുന്നു.<br>പദ്ധതി സ്ഥലം ഒരുക്കുന്നതിന് 15000 രൂപ ചെലവഴിച്ചതായി കാണുന്നു. ചെലവ് രേഖകൾ സംശയിക്കത്തക്കതാണ്. | തീരുമാനമനുസരിച്ച് പദ്ധതിക്ക് വേണ്ടി മാറ്റിവെച്ച തുക സെക്രട്ടറിയുടെയും ഗുണഭോക്തൃ സമിതി കൺവീനറുടെയും പേരിൽ സംയുക്തമായി കുന്നംകുളം ഇൻഡ്യൻ ബാങ്കിൽ നിക്ഷേപിച്ച് കൈകാര്യം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ഇതുപ്രകാരമാണ് പദ്ധതി തുക ട്രഷറിയിൽ നിന്ന് പിൻവലിച്ച് മുനിസിപ്പൽ സെക്രട്ടറിയുടെയും ഗുണഭോക്തൃ സമിതി കൺവീനറുടെയും പേരിൽ 50,000/- രൂപ വീതമുള്ള 51 സ്ഥിര നിക്ഷേപങ്ങളും 2000/- രൂപ എസ്.ബി. അക്കൗണ്ടിലും നിക്ഷേപിച്ചത്. 50,000/- രൂപ ഗുണഭോക്തൃ സമിതി കൗൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകിയിരുന്നു. ഇതിന് പിന്നിൽ പദ്ധതി തടസ്സം കൂടാതെ പൂർത്തിയാക്കുക എന്ന സദുദ്ദേശം മാത്രമാണ് ഉണ്ടായിരുന്നത്.<br>പദ്ധതി നിർവ്വഹണത്തിന്റെ യഥാർത്ഥ ചിലവും എസ്റ്റിമേറ്റ് തുകയും പൊരുത്തപ്പെടാതെ വന്നതിനെ തുടർന്ന് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാതെ വരുകയും പദ്ധതി പാതി വഴിയിൽ നിർത്തിവെക്കാൻ നഗരസഭ നിർബന്ധിതമാവുകയും ചെയ്തു. ഇതിനെ തുടർന്ന് നഗരസഭയ്ക്ക് ഈ ഇനത്തിൽ അനുവദിച്ചിരുന്ന ബാക്കി തുക 2541552/- രൂപയും ആയതിന്റെ പലിശയിനത്തിൽ 1919834/- രൂപ സഹിതം എൽ.എസ്.ജി.ഡി. ഗവ. സെക്രട്ടറിയുടെ 10/10/2008 തിയ്യതി ആയുള്ള 74299/ഡി.സി. 3/07 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ആകെ 4461386/- രൂപ Sequence No. 239/13/11/2008 ആയി 13/11/2008 ൽ 2515-00-911-99 Plan – Voted എന്ന Head of Account ൽ കുന്ദംകുളം സബ് ട്രഷറിയിൽ തിരിച്ച് അടച്ചിട്ടുള്ളതാണ്.<br>നിക്ഷേപം സംബന്ധിച്ച രേഖകൾ ഇൻഡ്യൻ ബാങ്കിൽ തന്നെ സേഫ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നതിനാലാണ് ഓഡിറ്റ് വേളയിൽ ഹാജരാക്കാൻ സാധിക്കാതെ പോയത്. എന്നിരുന്നാലും ഓഡിറ്റ് നിർദ്ദേശം അനുസരിച്ച് 2/6/2003 ന് പ്രത്യേക ദൂതൻ വശം രേഖകൾ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് ആവശ്യപ്പെട്ട പലിശ സംബന്ധിച്ച മുഴുവൻ വിവരങ്ങളും 24/7/2003 ന് ലോക്കൽ ഫണ്ട് ഓഡിറ്റിന് തപാൽ മാർഗ്ഗം എത്തിച്ചിട്ടുള്ളതാണ്.<br>സർക്കാർ 14 % പലിശക്ക് വാങ്ങിയാണ് പദ്ധതി വിഹിതം നഗരസഭയ്ക്ക് നൽകിയത് എന്ന വിവരം നഗരസഭയ്ക്ക് അറിവില്ലായിരുന്നു. തുക ട്രഷറി അക്കൗണ്ടിൽ തന്നെ ആണ് തിരിച്ചടവ് കാലം വരെ കിടന്നിരുന്നത് എങ്കിൽ ടി ഇകയ്ക് |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | പദ്ധതി നിർവ്വഹണം തുടരാൻ പുതിയ ഗുണഭോക്തൃ സമിതിയെ തിരഞ്ഞെടുത്തിരിക്കുന്നതിനാൽ ഇതേവരെയുള്ള പദ്ധതി നിർവ്വഹണം അന്വേഷണ വിധേയമാക്കേണ്ടതും പൊതുധനം ദുർവിനിയോഗം ചെയ്തത് തിട്ടപ്പെടുത്തി ഈടാക്കേണ്ടതുമാണ്. | ബാങ്കിൽ നിന്നും ലഭിക്കുമായിരുന്ന പലിശ ലഭിക്കില്ലായിരുന്നു നഗരസഭ മനപൂർവ്വം വികസനത്തെ നിഷേധിക്കുകയായിരുന്നില്ല. വളരെ താൽപ്പര്യപൂർവ്വം ആണ് ഈ പദ്ധതി നഗരസഭ നടപ്പിലാക്കാൻ ശ്രമിച്ചത്. ഒരു മാതൃകാ പദ്ധതിയായി വിലയിരുത്തപ്പെട്ട ഈ കുടിവെള്ള പദ്ധതി യഥാർത്ഥത്തിൽ നഗരസഭയുടെ സ്വപ്ന പദ്ധതിയായിരുന്നു.<br><br>പദ്ധതിക്കുവേണ്ടി മോട്ടോർ സ്ഥാപിക്കുന്നതിന് ആവശ്യമായ ശേഷിയില്ലുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കെ.എസ്. ഇ.ബി. യിൽ നിക്ഷേപിച്ച 3,98,000/- രൂപക്കുള്ള വിനിയോഗ സാക്ഷ്യപത്രം ടി സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട് ആയത് ഇതോടൊപ്പം ഹാജരാക്കുന്നു. പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല എങ്കിലും പദ്ധതിക്കുവേണ്ടി സ്ഥാപിച്ച ട്രാൻസ്ഫോർമർ നഗരസഭ മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 10,11,12,13 വാർഡുകളിലെ ജനങ്ങൾക്ക് കുടിവെള്ള ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള ജലം ഈ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നിശ്ചയിച്ചിരുന്ന അതേ കിണറിയിൽ നിന്ന് പമ്പ് ചെയ്ത് നൽകി വരുന്നു. ഇതിന്റെ മോട്ടോർ പ്രവർത്തിക്കുന്നത് ഈ ട്രാൻസ്ഫോർമർ പ്രയോജനപ്പെടുത്തിയാണ്. ഈ ട്രാൻസ്ഫോർമറിന്റെ തൊട്ടടുത്താണ് നഗരസഭയുടെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ്, പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ്, ചകിരി നാര് ഉൽപ്പാദന കേന്ദ്രം എന്നിവ ഉൾക്കൊള്ളുന്ന 4 ഏക്കർ വിസ്തൃതിയിലുള്ള നഗരസഭ വക സ്ഥലം ഉള്ളത്. ഈ സ്ഥലത്ത് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് മേൽപ്പടി ട്രാൻസ്ഫോർമർ പ്രയോജന പ്പെടുത്താവുന്ന മറ്റ് സംരംഭങ്ങൾ സംബന്ധിച്ച ആലോചനകൾ പുരോഗമിച്ചുവരുന്നു.<br><br>ജലസംഭരണി പണിയാൻ ആവശ്യമായ മണ്ണ് പരിശോധന നടത്തുന്നതിലേക്ക് 40,120/- രൂപ എൽ.ബി.എസ്. തിരുവനന്തപുരത്തിന് കൈമാറുന്നതിന് തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് കൈമാറുകയും ടിയാൻ അഡ്വാൻസായി ടി തുക എൽ.ബി.എസ്. ന് കൈമാറുകയും ആണ് ഉായത്. ടി സ്ഥാപനത്തിൽ നിന്ന് പരിശോധനാഫലം ലഭിക്കാൻ കാലതാമസം ഉായിട്ടുള്ളതാണ്. സർക്കാർ സ്ഥാപനം ആയതിനാലാണ് ഇതുസംബന്ധിച്ച് ഈ സ്ഥാപനത്തിനെതിരെ നഗരസഭ നടപടി സ്വീകരിക്കാതിരുന്നത്. പദ്ധതി പ്രദേശം വളരെ നാളായി കാടുകയറിയ അവസ്ഥയിലായിരുന്നതിനാൽ പദ്ധതി സ്ഥലം ഒരുക്കേണ്ടത് അത്യാവശ്യമായിരുന്നു. ഇതിലേക്കായി 15610/- രൂപ ഗുണഭോക്തൃ സമിതി ചിലവഴിച്ചിട്ടുള്ളതിന്റെ ചിലവ് രേഖകൾ സമിതി കൺവീനർ ഹാജരാക്കിയിട്ടുള്ളതാണ്. ആയത് 15/5/2001 ന് ചേർന്ന നിർവ്വാഹക സമിതി യോഗം പരിശോധിച്ച് അംഗീകരിച്ചിട്ടുള്ളതുമാണ്. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | നഗരസഭ നേരിട്ട് ചിലവു ചെയ്ത തുകയല്ലാത്തതിനാൽ ഇതുസംബന്ധിച്ച കൂടുതൽ പരിശോധനകൾ നഗരസഭ നടത്തിയിട്ടില്ല.<br><br>പുതിയ ഗുണഭോക്തൃസമിതി പദ്ധതി നടത്തിപ്പ് ഏറ്റെടുത്തിട്ടില്ലാത്തതാണ്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ പാറ പൊട്ടിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റേറ്റിനേക്കാൾ ഉയർന്ന തുക യഥാർത്ഥ ചിലവ് വരുന്നതിനാലും മാനുവൽ ആയി മാത്രം പാറപൊട്ടിക്കേി വരുന്നതിനാലും ആണ് ചിലവ് ക്രമാതീതമായി വർദ്ധിക്കുന്നത്. ഇതിന് വിദഗ്ധ തൊഴിലാളികളുടെ സേവനം കൂടി ലഭ്യമാക്കേണ്ടതാണ്. ഇതിനാൽ തൊഴിലാളികളുടെ കൂലി ഇനത്തിലും വലിയ അന്തരം ഉണ്ടായിരുന്നു.<br><br>സർക്കാർ ധനം നഗരസഭ ദുർവിനിയോഗം ചെയ്തിട്ടില്ല. നടപ്പിലാക്കാൻ സാധിക്കാത്ത പ്രോജക്ട് ആണെന്ന് മനസ്സിലായ ഉടൻതന്നെ നഗരസഭ പദ്ധതി ഉപേക്ഷിക്കുകയാണ് ഉണ്ടായത്. ടി പ്രദേശത്തെ ജനങ്ങൾക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ നഗരസഭ ശുദ്ധജലം എത്തിക്കുന്നതിന് പബ്ലിക് ടാപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട് ഇതിനായി മറ്റൊരു കുടിവെള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങൾക്ക് മറ്റ് ആവശ്യങ്ങൾക്കുള്ള വെള്ളം നിർദ്ദിഷ്ട കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നിശ്ചയിച്ചിരുന്ന അതേ കാറിയിൽ നിന്ന് പമ്പ് ചെയ്ത് നൽകി വരുന്നുണ്ട്. ഈ നഗരസഭയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ് 10,11,12,13 വാർഡുകൾ എന്നതിനാൽ കൂടുതൽ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>നഗരസഭയുടെ അറിവില്ലായ്മമൂലം സംഭവിച്ച ഈ പിഴവ് സർക്കാരിനെ ബോധ്യപ്പെടുത്തി ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിന് ഉള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.<br><br>ശിപാർശ സർക്കാരിന് സമർപ്പിക്കുകയാണെങ്കിൽ സാധൂകരണത്തിനുള്ള സാധ്യത സർക്കാർ പരിശോധിക്കുന്നതാണ് നഗരസഭയുടെ മേൽപ്പടി വിശദീകരണവും സദുദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളും പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്ന നിസ്സഹായാവസ്ഥയും പരിഗണിച്ച് വീഴ്ചകൾ മാപ്പാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | പാലക്കാട് നഗരസഭ | 6.13 | 1. ഖണ്ഡിക 12 വർഷം 2 പദ്ധതി തുക പണമാക്കി മാറ്റിയത് തിരിമറി ചെയ്തു 1,20,000/<br><br>2 .(ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-2002, ഖണ്ഡിക 13- സ്കൂൾ പദ്ധതി തുക പണമാക്കി തിരിമറി ചെയ്തു-45000)<br><br>ചെക്കുകൾ പ്രകാരം പി.ഡി അക്കൗ ണ്ടിൽ നിന്നും പണംപിൻവലിച്ചു-വി ശദവിവരങ്ങൾ ഹാജരാക്കിയില്ല-<br><br>പ ണാപഹരണംനട ന്നതായി സംശയിക്കുന്നു. | ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ 2003-2004 ലെ സമാഹൃത റിപ്പോർട്ടിൽ 1999-2000 കാലയളവിലെ ഖണ്ഡിക 12, 2000-2001 കാലയളവിലെ ഖണ്ഡിക 13 എന്നിവയായി ഉൾപ്പെടുത്തിയിരുന്ന മേപ്പറമ്പ് ജി.യു.പി.എസ് അറ്റകുറ്റ പണികൾക്കായി വകയിരുത്തിയ തുക പണമാക്കി മാറ്റി തിരിമറി ചെയ്തുവെന്നത് സംബന്ധിച്ച് പരാമർശങ്ങളെ തുടർന്ന് പാലക്കാട് നഗരസഭയിലെ വിദ്യാഭ്യാസ നിർവ്വഹണ ഉദ്യോഗസ്ഥനും മേപ്പറമ്പ് ജി.യു.പി.എസ് മുൻ പ്രധാനാധ്യാപകനുമായിരുന്ന ശ്രീ.ഇ.എം.ലക്ഷ്മണൻ നമ്പൂതിരിയുടെ പേരിലുള്ള ഓഡിറ്റ് തടസവാദങ്ങൾ എല്ലാംതന്നെ കൃത്യമായ വൗച്ചറുകളും മെഷർമെന്റ് ബുക്കുകളും രേഖകളും ഹാജരാക്കിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ ടിയാൻ കൈപറ്റിയ തുകയെക്കാൾ കൂടുതൽ തുകക്കുള്ള പ്രവർത്തികൾ (1,68,700/- രൂപയുടെ) സ്കൂളിൽ പൂർത്തിയാക്കിയിട്ടുള്ളതായി ക ണ്ടെത്തിയ പശ്ചാത്തലത്തിൽ ഓഡിറ്റ് തടസവാദങ്ങൾ ഒഴിവാക്കേണ്ടതാണെന്നുള്ള - തദ്ദേശസ്വയംഭര ണ (എ.ബി) വകുപ്പ് ഗവ.സെക്രട്ടറിയുടെ 01.03.2008 ലെ 32227/എ.ബി2/07/തസ്വഭവ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് മുനിസിപ്പൽ ഓഫീസ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 19/04/2008 ലെ എൽ.എഫ്(പി.എം)എ3/195/08 നമ്പർ ഉത്തരവിൻ പ്രകാരം 1999-2000 സാമ്പത്തിക വർഷം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 12 ലെ 1,21,000/- രൂപയുടെ ഓഡിറ്റ് തടസ്സത്തിൽ നിന്നും, 2000-2001 സാമ്പത്തിക വർഷത്തിലെ ഖണ്ഡിക 13 ലെ 45,000/- രൂപയുടെ ഓഡിറ്റ് തടസ്സത്തിൽ നിന്നും ശ്രീ.ഇ.എം.ലക്ഷ്മണൻ നമ്പൂതിരിയെ ഒഴിവാക്കിയിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൃനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | **കണ്ണൂർ നഗരസഭ** | **6.13** | ജനകീയാസൂത്രണ പദ്ധതി - മരാമത്ത് പണികളിൽ ഉണ്ടായ അധിക ചെലവുകൾ- 30849/ | ആയിക്കര പാലം മുതൽ നീർച്ചാൽ പാലം വരെ റോഡ് വീതി കൂട്ടൽ പ്രവൃത്തിക്കായി കുഴിച്ചെടുത്ത മണ്ണ് ചെളി നിറഞ്ഞതും ഫില്ലിംഗ് പ്രവൃത്തിക്ക് ഉപയോഗിക്കാൻ പറ്റാത്തതുമായിരുന്നു. മാത്രമല്ല റോഡ് ബേമിൽ ഇത്തരം മണ്ണിട്ട് കഴിഞ്ഞാൽ മഴക്കാലമായാൽ ഇത് മുഴുവനും ഒലിച്ച് പോവുകയും ശരിയായ പ്രയോജനം ലഭിക്കാതെ വരികയും ചെയ്യും . ആയതിനാൽ കൂടുതൽ കാലം നിലനിൽക്കുന്നതിന് സൈഡ്ബേം നല്ല ഗ്രാവൽ മണ്ണ് നിറച്ച് ഉറപ്പിക്കേണ്ട തായതിനാലാണ് ഇത്തരം ഗ്രാവൽ മണ്ണ് തന്നെ ഉപയോഗിച്ചിട്ടുള്ളത്.<br><br>പ്രവൃത്തി നടന്നുകൊണ്ടിരിക്കെ പ്രവൃത്തിയുടെ സുഗമമായ പൂർത്തീകരണത്തിന് ആവശ്യമായി വരുന്നതിനാലാണ് എക്സ്ട്രാ ഇനം പ്രവൃത്തി ചെയ്യേണ്ടി വരുന്നത്.<br><br>എസ്റ്റിമേറ്റ് തയ്യാറാക്കി അതേ നിരക്കിൽ എക്സ്ട്രാ ഇനം ചെയ്യുന്നതിന് കരാറുകാരനോട് നിർദ്ദേശിക്കാവുന്നതും കരാറുകാരന് അത്തരം ഇനം പ്രവൃത്തി ചെയ്യുന്നതിന് ബാധ്യതയുള്ളതും ആണ്. ഇത്തരം ഇനങ്ങൾ ചെയ്ത് കഴിഞ്ഞതിന് ശേഷം സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതിന് ശേഷം മാത്രമാണ് തുക അനുവദിക്കുന്നത്.പദ്ധതിയ്ക്ക് ശരിയായ പ്രയോജനം ലഭ്യമാക്കുക എന്ന സദുദ്ദേശത്തോടെ ചെയ്ത മേൽ നടപടി പരിഗണിച്ച് ഈ വിഷയത്തിലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. |
| | | **6.13** | പൊതുമരാത്ത് പ്രവൃത്തികൾ - ഫോം വർക്കിന് അധിക നിരക്കുകൾ അനുവദിച്ചത് | ഫോം വർക്ക് ഇനത്തിൽ 4 പ്രാവശ്യം ഉപയോഗിക്കുന്ന 320 dm3 മാവ് 8 പ്രാവശ്യം ഉപയോഗിക്കുന്ന 190 dm3 കാട്ടുമരം എന്നിവയ്ക്ക് ആനുപാതികമായി കടത്തുകൂലി അനുവദിക്കുന്നതിന് പകരം മുഴുവൻ കടത്തുകൂലിയും സ്പെയിക് ആന്റ് വയർ ഇനത്തിൽ ഉയർന്ന തുക അനുവദിച്ചു എന്നതായിരുന്നു ഓഡിറ്റ് തടസ്സം<br><br>കടത്തുകൂലി മുഴുവനായി അനുവദിക്കേതാണ്. ഫോം വർക്ക് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മാവ് 4 പ്രാവശ്യവും കാട്ടുമരം 8 പ്രാവശ്യവും ഉപയോഗിക്കേണ്ടി വരുമെങ്കിലും ഫോം വർക്ക് വ്യത്യസ്ത സൈറ്റുകളിൽ ആയാണ് ഉപയോഗിക്കേു വരുന്നത്. ആയതിനാൽ സൈറ്റിൽ |

| | | | | |
|---|---|---|---|---|
| | | | | നിന്ന് മറ്റു സ്റ്റൈറ്റുകളിലേക്ക് കടത്തുകൂലി ആവശ്യമാണ്. ആയതിനാൽ ഡാറ്റാ തയ്യാറാക്കുമ്പോൾ മുഴുവൻ കടത്തുകൂലിയും ആവശ്യമാണ്. സ്പെയിൻ ആന്റ് വയർ, സ്പെയിക് നെയിൽ കൂടുതലായി ഉപയോഗിക്കുന്നതു കൊ് ഡാറ്റ തയ്യാറാക്കുമ്പോൾ സ്പയികിന്റെ തുകയാണ് ഉൾപ്പെടുത്തിയിരുന്നത്. ഫോം വർക്ക് ഡാറ്റാ പി.ഡബ്ല്യു.ഡി റേറ്റ് പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു. |
| | | 6.13 | സ്വന്തമായി സ്ഥലമുള്ള 12 പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണം- 70,000/ | നഗരസഭയുടെ 2001-02 വർഷത്തെ പ്രോജക്ട് ആണ് സ്വന്തമായി സ്ഥലമുള്ളവർക്ക് ഭവന നിർമ്മാണം. 20 അപേക്ഷകരിൽ സെക്ടറൽ കമ്മിൽ തെരഞ്ഞെടുത്ത അർഹരായ 12 പേരെ ആണ് ഗുണഭോക്താക്കളായ തെരഞ്ഞെടുത്തത്. കണ്ണൂർ നഗരസഭയിലെ തായത്തെരു വാർഡിൽ താമസിക്കുന്ന ഇടമന ബാലൻ, മരക്കാർകി വാർഡിൽ ആരംഭൻ ഹൗസിൽ ആരംഭൻ മീര എന്നവരും മേൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നഗരസഭാ പരിധിയിൽ താമസിക്കുന്നവർക്ക് സമീപ പഞ്ചായത്തിൽ സ്ഥലം വാങ്ങുന്നതിന് സർക്കാറിന്റെ അനുമതി ഉള്ളതിനാലാണ് സമീപ പഞ്ചായത്തിൽ ഭൂമി രജിസ്റ്റർ ചെയ്ത മേൽ പേർക്കും ഈ പ്രോജക്ടിൽ ആനുകൂല്യം നൽകിയത്. ബന്ധപ്പെട്ട പട്ടികജാതി ഓഫീസർ നൽകിയ സ്റ്റേജ് സർട്ടിഫിക്കറ്റിന്റേയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ് ഓരോ ഘട്ടത്തിലും തുക നൽകിയിട്ടുള്ളത്. 2 പേരും വീടുപണി തൃപ്തികായി പൂർത്തിയാക്കിയിട്ടുള്ളതിനാൽ സദുദ്ദേശത്തോടെ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയ നടപടി അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു |
| | | 6.13 | ഭൂരഹിത-ഭവന രഹിത പട്ടികജാതിക്കാരായ സ്ത്രീകളുടെ പുനരധിവാസ പദ്ധതി - 20,000/- | ഭൂരഹിത ഭവന രഹിത പട്ടികജാതിക്കാരായതും പ്രായപൂർത്തിയായ പുരുഷൻമാരില്ലാത്തതുമായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണ സഹായം നൽകുന്നതിനായി 2001-02 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ആവിഷ്കരിച്ചതാണ് ടി പദ്ധതി . ഇതു പ്രകാരം പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃ ലിസ്റ്റിലെ 5 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകുന്നതിന് സെക്ടറൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. ഈ 5 പേരിൽ ശ്രീമതി.കെ.ആർ.ജ്യോതിയുടെ പേര് ഉൾപ്പെടുന്നില്ല. ആയതു കൊണ്ടു തന്നെ ടിയാരിക്ക് 2001-02 വർഷത്തിൽ ആനുകൂല്യം നൽകിയിട്ടില്ല. മാത്രമല്ല തുടർന്നുള്ള വർഷങ്ങളിലും ടിയാരിക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടില്ലന്ന വിവരം അറിയിക്കുന്നു. മേൽ പദ്ധതിയിലെ |

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നൂനത പരിഹാര പത്രിക**

| | | | | |
|---|---|---|---|---|
| | | | | ഗുണഭോക്താവായ ശ്രീമതി.ശ്രീലത.പി സ്ഥലം വാങ്ങുന്നതിനായി കൈപ്പറ്റിയ തുകയായ 20000/- രൂപ റസീറ്റ് നമ്പർ 21/802 പ്രകാരം 15/11/2017 തീയ്യതിയിൽ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | | സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനുള്ള പദ്ധതി- 35,000/- | പട്ടികജാതിയിൽപ്പെട്ട സ്വന്തമായി സ്ഥലമുള്ളവർക്ക് അതിൽ വീട് വെക്കുന്നതിനുള്ള പ്രോജക്ടിന്റെ ആനുകൂല്യം ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അർഹത ഉറപ്പു വരുത്തുന്നതിനും ചേർന്ന കർമ്മസമിതിയോഗ തീരുമാന പ്രകാരം നിയുക്തമായ ഇംപ്ലിമെന്റിംഗ് കമ്മിറ്റി കൺവീനറും ചെയർമാനും അംഗങ്ങളും നഗരസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ഇന്നുള്ള വാസസ്ഥലം നേരിട്ട് സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഇംപ്ലിമെന്റ് ചെയ്തതും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതും. കൂടാതെ വിശദമായ പരിശോധനയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട് എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്നും ബഹു നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു. |
| | | | ചേരിപരിഷ്കരണം - സ്വന്തമായി സ്ഥലമുള്ളവർക്ക് വീട് നിർമ്മിച്ചു കൊടുക്കൽ - 35,000/- | |
| | | | സമാജ്വാദികോളനി നിവാസികളുടെ പുനരധിവാസ പദ്ധതി 6,30,000/- | |

363

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

Martindale 2.11
Avail on Windows from disk
and Macintosh from Help
Short Introduction
Open Mind

-108-

## കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുൻപാകെ കേരള സർവ്വകലാശാല സമർപ്പിച്ച ആഡിറ്റ് ന്യൂനതപരിഹാര നടപടി പത്രികയിൽ മേൽ പുനരഭിപ്രായം പുറപ്പെടുവിക്കുന്ന പത്രിക.

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നം. | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിമേൽ സർവ്വകലാശാല സമർപ്പിച്ച മറുപടി | പുനരഭിപ്രായം |
|---|---|---|---|---|---|
| 1 | 2003-04 | 8.1.1<br>ആഡിറ്റ് റിപ്പോർട്ട്<br>2001-01 ഖണ്ഡിക 47 | മലയാളം ലക്സിക്കൺ മന്നാം വാല്യം വീണ്ടും അച്ചടിച്ചതിലെ ക്രമക്കേടുകൾ | സർവ്വകലാശാല നടപടി ക്രമം അനുസരിച്ച് സ്വകാര്യ പ്രസ്സിൽ നിന്ന് ലക്സിക്കൺ ഡിപ്പാർട്ടുമെന്റ് ലക്സിക്കൺ പ്രതികൾ ഏറ്റുവാങ്ങി പ്രസിദ്ധീകരണ വിഭാഗത്തിന് കൈമാറേണ്ടിയിരുന്നതാണ്. പ്രസ്തുത നടപടി ക്രമം പാലിച്ചിരുന്നുവെങ്കിൽ സർവ്വകലാശാലയ്ക്ക് അധിക ജോലിഭാരവും സാമ്പത്തിക നഷ്ടവും ഉണ്ടാകുമായിരുന്നു. ആയത് ഒഴിവാക്കുന്നതിലേയ്ക്ക് പ്രസിദ്ധീകരണ വിഭാഗം കോപ്പികൾ നേരിട്ട് ഏറ്റെടുക്കുവാൻ നിർദ്ദേശം നൽകിയിതിൻ പ്രകാരം പ്രസ്തുത വാല്യങ്ങളുടെ 2000 കോപ്പികൾ ഏറ്റുവാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള കാലതാമസമാണ് ഉണ്ടായിട്ടുള്ളത്.<br>ഗോൾഡ് ലീഫിങ്ങിംഗിന് പകരം കരാറിന് വിരുദ്ധമായി സ്പൈൻ ലീഫിങ്ങ് ചെയ്തതിനാൽ കവറിൽ വന്ന ഈ വ്യത്യാസം മൂലം കോപ്പി ഒന്നിന് അൻപത് പൈസ നഷ്ടം സംഭവിച്ചു രണ്ടായിരം കോപ്പിയുടെ സഷ്ടമായി സെൻറ് ജോസഫ് പ്രസിൽ നിന്നും രൂപ 1000/- ഈടാക്കി സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടുണ്ട് (Pay in slip No.176510, dated: 13.02.2003.) | കരാർ ലംഘനത്തിൽ മേൽ എടുത്ത നടപടിയെ സംബന്ധിച്ചും, യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളെ കുറിച്ചും മറുപടിയിൽ യാതൊരു പരാമർശവും ഇല്ല. ഈ വിവരങ്ങൾ അറിയിക്കുന്നതിനാവശ്യപ്പെടാവുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | ആകയാൽ പ്രസ്തുത പരാമർശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. | |
| 2 | 2003-04 | 8.1.2 ആഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക. 68 | സുവർണ്ണ ജൂബിലി സ്മാരക സമുച്ചയം നിർമ്മാണം ക്രമക്കേടുകൾ. | 24.10.1992 ലെ സർവ്വകലാശാല ഉത്തരവ് P1.A3.3787/85 പ്രകാരമാണ് ജോലി ശ്രീ.ഹരിഹരപുത്രൻ എന്ന കരാറുകാരനെ ഏൽപ്പിച്ചത് ജോലികൾ വേഗം പൂർത്തികരിക്കണമെന്ന് കരാറുകാരനോട് രേഖാമൂലം പലപ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും പണിക്ക് കാലതാമസം വരുത്തുകയാണുണ്ടായത്. കരാറുകാരന്റെ സാമ്പത്തിക കഴിവില്ലായ്മയും ലോക്കൽ തൊഴിലാളികളെ ഉപയോഗിച്ചു മാത്രമേ പണി നടത്താവൂ എന്ന തൊഴിലാളി സംഘടനയുടെ ഇടപെടലും തൊഴിൽ പ്രശ്നങ്ങൾക്കും കാരണമാകുകയും ഇത് നിർമ്മാണ ജോലികളെ സാരമായി ബാധിക്കുകയും ചെയ്തു. കൂടാതെ ആർബിട്രേഷൻ പെറ്റീഷൻ സമർപ്പിച്ചതിന് ശേഷം ആയതിന് തീരുമാനം ഉണ്ടാകുന്നതു വരെ കരാറുകാരൻ ജോലി നിർത്തിവയ്ക്കുകയും ഉണ്ടായി. നിശ്ചിത സമയത്ത് പണി തീരാത്തതു കാരണം സമയം നീട്ടി കൊടുക്കേണ്ടിവന്നു. ജോലി അവസാനിപ്പിച്ചു പുതിയ കരാർ നൽകുമ്പോഴുണ്ടാകുന്ന നിയമ നടപടികൾ സാമ്പത്തിക ബാധ്യത എന്നിവ കണക്കിലെടുത്താണ് കരാർ റദ്ദ് ചെയ്യാതിരുന്നത്. മുൻ കരാറുകാരനായ സി.ഐ.ഐസക്ക് കരാറിൽ നിന്നും പിൻവാങ്ങിയതിനു ശേഷം അതേ വ്യവസ്ഥയിൽ ജോലി ഏറ്റെടുക്കുവാൻ പുതിയ കരാറുകാരൻ തയ്യാറായതിന്റെ | യൂണിവേഴ്സിറ്റിയുടെ മറുപടി ഒട്ടും തൃപ്തികരമല്ല. സാമ്പത്തിക കഴിവില്ലായ്മയുള്ള കരാറുകാരനെ യൂണിവേഴ്സിറ്റിയുടെ കെട്ടിട സമുച്ചയ നിർമ്മാണത്തിന് കരാർ നല്കിയതും പൊതു മരാമത്ത് വകുപ്പിന്റെ എല്ലാ പ്രവൃത്തികളിലും 16.5.1985 ലെ ജി.ഒ (എം.എസ്) 45/PW/85 -ാം നമ്പർ ഉത്തരവ് പ്രകാരം നിർത്തലാക്കിയ ആർബിട്രേഷൻ Clause 1993 ൽ കരാർ വെച്ച ഈ പ്രവൃത്തിക്ക് അനുവദിച്ചത് കോൺട്രാക്ടർക്ക് undue favour ചെയ്യുന്നതാണ്. ഇക്കാരണങ്ങളാൽ യൂണിവേഴ്സിറ്റിക്ക് അധിക ബാദ്ധ്യത യുണ്ടാക്കി. 29.5.90, 18.4.2000 എന്നീ തീയതികളിലെ സിൻഡിക്കേറ്റ് തീരുമാനത്തിനു വിരുദ്ധമായി യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ അഭ്യർത്ഥന പ്രകാരം മൊബിലൈസേഷൻ അഡ്വാൻസിന്റെ പലിശ നിരക്ക് 12% ൽ നിന്നും 6% ആയി കുറച്ചതും , ലിക്വിഡേറ്റഡ് ഡാമേജ്സ് നിരക്കു ദിനം പ്രതി 1000/- എന്നത് 100/ രൂപയായി കുറച്ചു നല്കിയ വി.സി യുടെ |

-110-

| | | | | | |
|---|---|---|---|---|---|
| | | | | അടിസ്ഥാനത്തിലാണ് ടെൻഡർ എക്സസ് 77% അനുവദിച്ചത്. ആർബിട്രേഷൻ തീർപ്പിന് വിധേയമായി അഡീഷണൽ ടെൻഡർ എക്സസ് 25% അനുവദിച്ചത്, 18.07.1995-ലെ സർവ്വകലാശാല ഉത്തരവ് PI.A3/3787/94 പ്രകാരമാണ്. 90% നിരക്ക് വർദ്ധന അനുവദിച്ചത് UO No. PI (3) 4261/97, Dated: 28.4.2000 മുഖാന്തിരമാണ്. പാർട്ട് ബില്ലുകളിൽ മേൽ അഡ്വാൻസ് നൽകിയത് സിൻഡിക്കേറ്റ് തീരുമാന പ്രകാരമായിരുന്നു. കരാറുകാരൻ പൂർത്തീകരിച്ച ജോലികളുടെ പാർട്ട് ബില്ലുകൾ യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ ഓഫീസിൽ എത്തിച്ചതിനു ശേഷം ബില്ലുകളിന്മേൽ പ്രാഥമിക പരിശോധന നടത്തിയശേഷമാണ് 75% അഡ്വാൻസ് നൽകിയത്. അഡ്വാൻസ് തുക പ്രസ്തുത ബില്ല് പാസാക്കുമ്പോൾ തന്നെ തിരിച്ചു പിടിച്ചിട്ടുള്ളതാണ്. നിർമ്മാണ ജോലികൾ നടത്തിക്കൊണ്ട് പോകുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് ജോലി മുടങ്ങരുതെന്ന സദുദ്ദേശ്യത്തോടു കൂടിയും പണികൾ വേഗം പൂർത്തീകരിച്ച് സർവ്വകലാശാലയുടെ താത്പര്യം സംരക്ഷിക്കുന്നതിനുമാണ് സിൻഡിക്കേറ്റ് ഇങ്ങനെ തീരുമാനിച്ചത്. കരാറുകാരൻ പൂർത്തികരിച്ച ജോലികളുടെ പാർട്ട് ബില്ലുകൾ ആവശ്യപ്പെട്ടാൽ അത് നൽകാൻ PWD കോഡ് അനുസരിച്ച് സർവ്വകലാശാല എഞ്ചിനീയർ ബാദ്ധ്യസ്ഥനാണ്. നിർമ്മാണ ജോലികൾ പൂർണ്ണമായി തീരുന്നതിനു മുൻപ് തന്നെ പ്രസ്തുത കെട്ടിടം സർവ്വകലാശാല എഞ്ചിനീയറിംഗ് കോളേജിന്റെ | നടപടി തികച്ചും നിയമ വിരുദ്ധമാണ് (AppVII & VIII) ഇത്തരത്തിൽ ഇളവ് ചെയ്തത് നിമിത്തം 577100/- രൂപ കരാറുകാരന് തിരിച്ചു നല്കാൻ 31.3.05 ൽ ഉത്തരവുണ്ടായി. അതിന് സിൻഡിക്കേറ്റിന്റെ സാധൂകരണം വാങ്ങിയതായും കാണുന്നില്ല. ഇക്കാരണങ്ങളാൽ കരാറുകാരന് അനർഹമായ ആനുകൂല്യങ്ങൾ നല്കുക വഴി യൂണിവേഴ്സിറ്റിക്കുണ്ടായ സാമ്പത്തിക നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ജ്ലോലികൾ പൂർത്തികരിച്ച മുറയ്ക്ക് കെട്ടിടം പരിപൂർണ്ണമായും സർവ്വകലാശാല ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം 28.10.2004 നും മൂന്നാം ഘട്ടത്തിന്റെ നിർമ്മാണം 30.6.2004 നും പൂർത്തിയായിട്ടുണ്ട്. 11.03.1993 ൽ നൽകിയ രൂ.5,00,000/- 12% പലിശ ഉൾപ്പെടെ 31.12.2004 ൽ കരാറുകാരനിൽ നിന്നും ഈടാക്കുകയുണ്ടായി. പലിശ ഇനത്തിൽ 6,73,703/- രൂപയാണ് ഈടാക്കിയത്. എന്നാൽ 04.03.2005 ലെ സർവ്വകാലാശാല ഉത്തരവ് Pl.G.1.2698/96 പ്രകാരം പലിശ നിരക്ക് 12% ൽ നിന്നും 6% കുറവ് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 4.3.2005 ലെ ടി. നമ്പർ ഉത്തരവ് അനുസരിച്ച് 673703/- രൂപയുടെ പകുതി തുകയായ 3,36,851/- രൂപ കരാറുകാരന് തിരികെ നൽകുകയുണ്ടായി. | |
| 3 | 2003-04 | 8.1.3<br>ആഡിറ്റ് റിപ്പോർട്ട്<br>2000-01<br>ഖണ്ഡിക.71 | സെനറ്റ് ഹൗസ് കെട്ടിടത്തിന് നടത്തിയ അടിയന്തിര അറ്റകുറ്റപ്പണികൾ അപാകതകൾ | സർവ്വകലാശാല കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ 10 മുതൽ 15 വർഷങ്ങൾ കഴിയുമ്പോഴാണ് നടത്താറുള്ളത്. ഈ കെട്ടിടത്തിന്റെ കാര്യത്തിലും അപ്രകാരമാണ് സംഭവിച്ചത്. കാലപ്പഴക്കം കാരണം കെട്ടിടത്തിന്റെ ചുവരുകൾവ്യത്തികേടായിരുന്ന സാഹചര്യത്തിൽ അവ ചുരണ്ടി മാറ്റിയാണ് പെയിൻറിംഗ് ജ്ലോലികൾ പൂർത്തീകരിച്ചത്. അറ്റകുറ്റപ്പണികൾക്ക് കാലവിളംബം നേരിട്ട സാഹചര്യത്തിലാണ് രണ്ട് കോട്ട് പെയിൻറിംഗ് ആവശ്യമായി വന്നത്. ഒരു കോട്ട് പെയിൻറിംഗ് കൊണ്ട് ജ്ലോലികൾ വ്യത്തിയായി പൂർത്തീകരിയ്ക്കാവില്ല എന്ന ഉത്തമ ബോധ്യം ഉള്ളതുകൊണ്ടും തുടർന്ന് അറ്റകുറ്റപ്പണികൾ | അധികം ചെയ്യേണ്ടി വന്ന പണികൾ സംബന്ധിച്ച് മറുപടി അംഗീകരിക്കാവുന്നതാണ്. എന്നാ വി.ഡ്യൂ.ഡി നിരക്കിനേക്കാൾ അധികം നിരക്കിൽ തുക കണക്കാക്കി (ടെൻറർ എക്സസ് ഉൾപ്പെടെ ) നല്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും അല്ലാത്ത പക്ഷം അപ്രകാരം അധികം നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി എടുക്കുന്നതിനും ആവശ്യപ്പെടാവുന്നതാണ്.. |

-112

| | | | | |
|---|---|---|---|---|
| | | | | ചെയ്യുന്നത് വർഷങ്ങൾക്ക് ശേഷമായിരിക്കും എന്ന് മുൻകൂട്ടി കണ്ടു കൊണ്ടുമാണ് പ്രസ്തുത ജോലിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആയതിനാൽ എസ്റ്റിമേറ്റ് തയാറാക്കിയതിൽ അപാകത സംഭവിച്ചിട്ടില്ല. പൊതു മരാമത്ത് മാനുൽ അനുസരിച്ച് വിവിധ പ്രതലങ്ങൾ പുതുക്കുന്നതിനുള്ള കാലാവധി ഇപ്രകാരമാണ്.<br>വൈറ്റ് വാഷിംഗ് – എല്ലാ വർഷവും<br>ഡിസ്റ്റംബർ – രണ്ട് വർഷത്തിലൊരിക്കൽ<br>വാട്ടർ പ്രൂഫ് പെയിൻറിംഗ് – മൂന്ന് വർഷത്തിലൊരിക്കൽ<br>മരം കൊണ്ടുള്ള ഭാഗം – രണ്ട് വർഷത്തിലൊരിക്കൽ<br>ഇരുമ്പുകൊണ്ടുള്ള ഭാഗം – എല്ലാ വർഷവും.<br>വാർണിഷിംഗ് – രണ്ടു വർഷത്തിലൊരിക്കൽ<br><br>ഒരു കോട്ട് പെയിൻറിംഗ് കൊണ്ട് പ്രതലം വൃത്തിയാക്കണമെങ്കിൽ മേൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള കാലയളവിൽ പണികൾ ചെയ്യേണ്ടതാണ്.<br>ഈ സാഹചര്യത്തിലാണ് പ്രതലം വൃത്തിയാക്കുന്നതിന് 5877.59 രൂപയും പുറം ഭിത്തിയിൽ വാട്ടർ പ്രൂഫ് പെയിൻറിംഗ് അടിച്ച വകയിൽ 43072 രൂപയും ഭിത്തിയുടെ പ്രതലത്തിൽ സിന്തറ്റിക് ഇനാമൽ പെയിൻറിംഗ് അടിച്ചതിന് 21,390.70 രൂപയും പ്രതലം വാർണിഷ് ചെയ്തതിന് 40799 രൂപയും സെക്കൻഡ് കോട്ടിന് വേണ്ടി ചെലവാക്കേണ്ടി വന്നത്. മാത്രവുമല്ല ഈ ജോലി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കേവലം 3.8% മാത്രം കൂടിയാണ് ടെൻറർ നിശ്ചയിച്ചു നല്കിയത്. എസ്റ്റിമേറ്റിൽ നിന്നും സ്ക്രാപ്പിംഗ് പോലെയുള്ള ജോലികൾ ഒഴിവാക്കിയിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | നിരക്കിനെക്കാളും വളരെ ഉയർന്ന നിരക്കിൽ ടെൻഡർ നൽകേണ്ടിവരുമായിരുന്നു. അപ്പോൾ തന്നെ യഥാകാലാവധിക്കുള്ളിൽ പെയിൻറിംഗ് ജോലികൾ നടത്തിയിരുന്നുവെങ്കിൽ രണ്ടു മൂന്നു പ്രാവശ്യമായി ഇതിനെക്കാളധികം തുക സർവകലാശാല ചെലവാക്കേണ്ടിവരുമായിരുന്നു. 31.03.1998 ലെ സർവകലാശാല ഉത്തരവ് Ad.131/1/534/96 പ്രകാരം പ്രസ്തുത ജോലിക്ക് 370000/- രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിൽ പ്രസിഡൻറിൻെറ സന്ദർശനം പ്രമാണിച്ച് 168315 രൂപയ്ക്കുള്ള അടിയന്തിരമായി കമ്പ്ലീഷൻ വ്യവസ്ഥയിൽ അംഗീകൃത കരാറുകാരനെ കൊണ്ട് ചെയ്യിക്കുകയുണ്ടായി. ബാക്ക് ജോലികൾ ടെൻഡർ ചെയ്യുകയും 202269/- രൂപയ്ക്ക് ചെയ്യുകയും ചെയ്തു. രണ്ട് ജോലികൾക്കും കൂടി ആകെ ചെലവായ തുക 370584/- രൂപ ആണ്. എസ്റ്റിമേറ്റ് തുകയുടെ 25% വരെ ടെൻഡർ എക്സസ് നൽകുവാനുള്ള അധികാരം 7.3.81 ലെ സർവ്വകലാശാല ഉത്തരവ് P/A3 2577/89 പ്രകാരം സർവ്വകലാശാല എൻജിനീയറുടെ അധികാരപ്പെടുത്തിട്ടുണ്ട് ആയതിനാൽ ഈ പ്രവർത്തിക്കായി സർവ്വകലാശാല യാതൊരു അധിക ചെലവും നടത്തിയിട്ടില്ലെന്ന് വിലയിരുത്തണം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു. ആയതിനാൽ ഈ പ്രവൃത്തിക്കായി സർവ്വകലാശാല യാതൊരു അധിക ചെലവും നടത്തിയിട്ടില്ലെന്ന് വിലയിരുത്തണമെന്നും പ്രസ്തുത ഓഡിറ്റ് പരാമർശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. | |

| | | | | | |
|---|---|---|---|---|---|
| 4 | 2003-04 | 8.1.4<br>ആഡിറ്റ് റിപ്പോർട്ട്<br>2000-01<br>ഖണ്ഡിക 125. | ക്രമവിരുദ്ധമായി മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിച്ചത് സംബന്ധിച്ച് ചെലവുകൾ അംഗീകരിക്കുന്നില്ല. | 1. സംസ്ഥാന സർക്കാരിന്റെ മെഡിക്കൽ അറ്റൻഡൻസ് ചട്ടങ്ങളാണ് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ പരിഗണിക്കുമ്പോൾ സർവ്വകലാശാല അടിസ്ഥാനമാക്കുന്നത്. എങ്കിലും തങ്ങളിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സിൻഡിക്കേറ്റ് ഈ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുയോ പുതിയ ചട്ടങ്ങൾക്ക് രൂപം നൽകുകയോ ചെയ്യാറുണ്ട്.<br>2. രണ്ടായിരത്തി ഒന്നു മുതൽ ഡിസ്പോസബിൾ സാധനങ്ങളുടെ റീ ഇംബേഴ്സ്മെന്റ് അനുവദിക്കുന്നില്ല.<br>3. ഈ വകയിൽ അനധികൃതമായി അനുവദിച്ചെന്ന് പരാമർശിച്ചിട്ടുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. ഡോക്ടർമാരുടെ വസതിയിലുള്ള ചികിത്സ എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത് അംഗീകൃത ഡോക്ടറുടെ ചികിത്സാ മുറി എന്നാണ്. 12.09.1966 ലെ സർവ്വകലാശാല ഉത്തരവ് നം. Ad/A1/1757/63 ഉത്തരവ് പ്രകാരം അംഗീകൃത ഡോക്ടറുടെ വസതിയിലോ ചികിത്സാമുറിയിലോ രോഗകാലയളവിൽ രണ്ടുതവണ കളിൽ കൂടാത്ത ചിലവ് അനുവദനീയമാണ്.<br>5. അനധികൃതമായി അനുവദിച്ചെന്ന് പരാമർശിക്കപ്പെട്ടിട്ടുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>6. അനധികൃതമായി അനുവദിച്ചെന്ന് പരാമർശിക്കപ്പെട്ടിട്ടുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>7. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ | കേരള ഗവ:സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾ 1966 ന് ബാധകമാക്കുന്നുണ്ട്. യൂണിവേഴ്സിറ്റി ജീവനക്കാർക്കും റീ ഇംബേഴ്സ്മെന്റ് നടപ്പിലാക്കുന്നത് മൗലീകമായി സർക്കാർ ജീവനക്കാർ അനുഭവിക്കുന്ന ആനുകൂല്യങ്ങൾക്ക മാത്രമേ യൂണിവേഴ്സിറ്റി ജീവനക്കാർക്കും അർഹതയുള്ളു. |

| | | | | | |
|---|---|---|---|---|---|
| | | | | സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന വൈദ്യചികിത്സ ആരംഭിക്കുന്നതിനു മുമ്പാണ് പലിശ രഹിത വായ്പ അനുവദിക്കുന്നത് ഇപ്രകാരം അനുവദിക്കപ്പെടുന്ന വായ്പ ക്രമപ്പെടുത്തുന്നതിനു വേണ്ടി അപേക്ഷിക്കുമ്പോൾ മാത്രമേ ക്യാഷ് ബില്ലുകളും എസ്സൻസ്യാലിറ്റി സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതുള്ളൂ. പരാമർശിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അനുവദിച്ച പലിശ രഹിത വായ്പകൾ താഴെ പറയുന്ന സർവ്വകലാശാല ഉത്തരവുകൾ പ്രകാരം ക്രമപ്പെടുത്തിയിട്ടുണ്ട്. (എ) ശ്രീ.എ.ബി.എബ്രഹാം സൈറസ് GO.No.Ad. G3/4352/2001 Dated: 16.08.2001. (ബി) ശ്രീ.എം.അബൂബേക്കർ U.O No.AdG4/4344/ MR/200, dated: 27.03.2001. (സി) ശ്രീ. എം.മുരളീധരൻ നായർ U.O.Ad.G4/4344/ MR/2001. Dated: 5.04.2001. | |
| 5 | 2003-04 | 81.5.( )<br>ആഡിറ്റ് റിപ്പോർട്ട് 2000-2001 ഖണ്ഡിക 910 | സർവ്വകലാശാല പ്രസ്സ് യന്ത്രങ്ങളുടെ കാര്യക്ഷമത പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. | ലെറ്റർ പ്രസ് വിഭാഗത്തിൽ അഞ്ചും ഓഫ് സെറ്റ് വിഭാഗത്തിൽ രണ്ടും മെഷീനുകളാണ് ഇക്കാലയളവിൽ നിലവിലുണ്ടായിരുന്നത്. ഇതിൽ രണ്ട് ലെറ്റർ പ്രസ് മെഷീനുകൾ (Jobber and PDS) മുപ്പത് വർഷത്തിലധികം പഴക്കമുള്ള വയായിരുന്നു. തന്മൂലം മെക്കാനിക്കൽ റിപ്പയറിംഗ് അധികരിക്കുകയും നിർദ്ദിഷ്ട ഔട്ടേൺ ലഭ്യമാകാതിരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഷീനുകൾ പ്രവർത്തിപ്പിക്കുന്നത് ആദായകരമല്ലെന്ന സാങ്കേതികോപദേശത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത മെഷീനുകൾ ലേലം ചെയ്ത് വില്ക്കുന്നതിന് തീരുമാനമെടുക്കുകയും | യന്ത്രക്ഷമത പൂർണ്ണമാ<br>ഉപയോഗിക്കപ്പെടുത്താ<br>റുണ്ടെന്നു യൂണിവേഴ്സിറ്റിയു<br>മറുപടി ശരിയല്ല 2003-<br>സാമ്പത്തിക വർഷത്തെ ആഡ<br>വേളയിൽ സ്റ്റോക്ക് രജിസ്റ്റ<br>പരിശോധനയി<br>യൂണിവേഴ്സിറ്റിക്ക്<br>പ്രസ്സുകളുള്ളതായി കാണുന്നു.<br>ബുക്ക്, ബ്രേക്ക്ഡൗൺ രജിസ്റ്റ<br>എന്നിവ പ്രകാരം തൻവർ<br>ആകെയുള്ള<br>പ്രവൃത്തിദിനങ്ങളിൽ ചുറ |

നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് 22.04.2003 ന് ലേലം ചെയ്തിട്ടുള്ളതാകുന്നു. മെക്കാനിക്കൽ റിപ്പയറിംഗ് വൈദ്യുതി തടസ്സം എന്നിവ മൂലം മെഷീൻ പ്രവർത്തിക്കാതിരുന്നാൽ ആ വിവരം ബ്രേക്ക്ഡൗൺ രജിസ്റ്ററിലാണ് രേഖപ്പെടുത്താറുള്ളത്.

ഈ രണ്ട് സന്ദർഭങ്ങളിലും പ്രിൻറർമാരുടെ ഹാജർ നിലയിൽ കുറവ് വന്നിട്ടുള്ള സന്ദർഭങ്ങളിലൊഴികെ മുഴുവൻ പ്രവർത്തി സമയങ്ങളിലും മെഷീൻ പ്രവർത്തിപ്പിക്കുകയും ഉല്പാദനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. 2000-01 വർഷത്തിലെ 1117വർക്ക് ഓർഡറുകളുടേയും 2001-02 വർഷത്തിലെ 823 വർക്ക് ഓർഡറുകളുടേയും പ്രിൻറിംഗ് ജോലികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. (100 മുതൽ പത്ത് ലക്ഷം കോപ്പികൾ വരെ ആവശ്യമായവർക്ക് ഓർഡറുകൾ ഇതിൽപ്പെടും)

ഡേ ബുക്കിൽ ഓരോ ദിവസവും മെഷീൻ പ്രവർത്തിപ്പിച്ച പ്രിൻറർമാരുടെ വിവരമാണ് പ്രധാനമായും രേഖപ്പെടുത്തുന്നത്. ഉല്പാദനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ഔട്ടേൺ രജിസ്റ്ററിലും യന്ത്രത്തകരാറുകളെ സംബന്ധിച്ച വിവരങ്ങൾ ബ്രേക്ക്ഡൗൺ രജിസ്റ്ററിലും ആണ്

വിവരിക്കുന്ന ദിനങ്ങളെ പ്രസ്സുകൾ പ്രവർത്തനരഹിതമായി കാണപ്പെട്ടു.

| ക്രമനം | പ്രസ്സിൻറെ മോഡലും ക്ഷമതയും | നിഷ്ക്രിയ ദിനങ്ങൾ |
|---|---|---|
| 1 | 2 | 3 |
| 1 | ഓഫ്സെറ്റ്പ്രസ്സ് 136/3000/impressions/hour | 108 |
| 2 | ഓഫ്സെറ്റ്പ്രസ്സ് 125gm/3000/impressions/hour | 190 |
| 3 | ലെറ്റർപ്രസ് HMT ആൻറൊ/1900/impressions/hour | 89 |
| 4 | HMT പഴയത് 2100/impressions/hour | 85 |
| 5 | ലെറ്റർപ്രസ്/ഇത്തൂൺ പ്ലേറ്റ് VI/99/750/impressions/hour | 99 |

മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്സിൻറെ പൂർണ്ണ ക്ഷമത പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ലെന്ന് മനസ്സിലാക്കാം. ആയത് ഉപയോഗപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കാവുന്നതാണ്.

| | | | | | |
|---|---|---|---|---|---|
| | | | | രേഖപ്പെടുത്താറുള്ളത്. നിയമാനുസരണം രേഖപ്പെടുത്തപ്പെട്ട കാരണങ്ങളല്ലാതെ മെഷീനുകൾ പ്രവർത്തിപ്പിക്കാതിരുന്നിട്ടില്ല. | |
| 6 | 2003-04 | 8.1.5(2)<br>ആഡിറ്റ് റിപ്പോർട്ട്<br>2000-01<br>ഖണ്ഡിക.90 | | സർവ്വകലാശാല അച്ചടിശാലയിൽ പ്രിൻറർ, കമ്പോസിറ്റർ, ബൈൻഡർ, എന്നീ വിഭാഗം ജീവനക്കാർ ഡ്യൂട്ടിക്ക് ഹാജരാകുന്ന ദിവസങ്ങളിൽ നിർദ്ദിഷ്ട ഔട്ടേൺ പൂർത്തീകരിക്കുവാൻ നിയമപരമായി ബാധ്യസ്ഥരാണ്. പ്രിൻറിംഗ് മെഷ്യൻറെ ക്ഷമതയുമായി ബന്ധപ്പെടുത്തിയാണ് പ്രിൻററുടെ ഔട്ടേൺ നിശ്ചയിക്കപ്പെടുന്നത്. ബൈൻഡറുടേയും കമ്പോസിറ്ററുടേയും ഔട്ടേൺ ഓരോ വർഷത്തിൻെറയും പട്ടികയെ ആശ്രയിച്ചാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. നിയമാനുസൃത ഷെഡ്യൂൾ പ്രകാരമാണ് ഔട്ടേൺ മൂല്യ നിർണ്ണയം നടത്തുന്നത്. നിർദ്ദിഷ്ട ഔട്ടേൺ പൂർത്തീകരിക്കുന്ന ജീവനക്കാർക്കു മാത്രമേ വാർഷിക ഇൻക്രിമെൻറ് അനുവദിക്കപ്പെടാറുള്ളൂ.<br>ഓഫ്സെറ്റ് മെഷ്യനുകളുടെ സ്ഥാപനത്തോടെ അധികമായ ഹാൻഡ് കമ്പോസിറ്റർക്കാവശ്യമായ പരിശീലനം നൽകി ഇതര സെക്ഷനുകളിൽ നിയമിച്ചു വരുന്നു. പരിശീലനം പൂർത്തിയാക്കിയ ഒരാളെ DTP സെക്ഷനിലും മറ്റൊരാളെ പ്ലേറ്റ് മേക്കിംഗ് സെക്ഷനിലും രണ്ടു പേരെ പ്രൂഫ് റീഡിംഗ് സെക്ഷനിലും ഇതിനകം മാറ്റി നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്നവരുടെ പരിശീലനത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.H.M.T Super Egeria, H.M.T Atena, Indian Platters എന്നീ ലെറ്റർ പ്രസ് പ്രിൻറിംഗ് മെഷ്യനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഹാൻഡ് | വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് ഖണ്ഡിക ഒഴിവാക്കാവുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | കബോസിംഗ് ജോലികൾ നിർവഹിക്കുന്നതിനാവശ്യമായ കമ്പോസിറ്റർ മാരെ നിലനിർത്തി ബാക്കിയുള്ളവരെ ഇതര സെക്ഷനുകളിൽ പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാറ്റി നിയമിക്കുന്നതാണ്. പ്രിൻറിംഗ് സെക്ഷനിൽ 2000-01 വർഷത്തിൽ 7743/4 മണിക്കൂറുകളുടേയും 2001-02 വർഷത്തിൽ 4613/4 മണിക്കൂറുകളുടേയും അധിക ഉല്പാദനം നേടിയിട്ടുണ്ട്. ആകയാൽ ഈ പരാമർശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. | |
| 7 | 2003-04 | 8.16<br>ആഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 70 | മരാമത്ത് വിഭാഗം<br>മാൻഹോളുകൾ വൃത്തിയാക്കിയതിലെ അപാകതകൾ | മാൻഹോളുകളിൽ നിന്നും മനുഷ്യവിസർജ്ജ്യം നീക്കം ചെയ്തു പ്രസ്തുത വിസർജ്ജ്യ വസ്തുക്കൾ മറ്റൊരു കുഴി എടുത്ത് നിക്ഷേപിക്കുന്നത് സാധാരണ തൊഴിലാളികളേക്കാൾ ഉയർന്ന കൂലി നൽകേണ്ടുന്ന സ്കാവഞ്ചർ വിഭാഗം ജോലിക്കാരാണ്. പൊതു മരാമത്തു വകുപ്പിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം പരാമർശിച്ചിട്ടുള്ളതുപോലെ 60x60x120 സെ.മീ വലിപ്പമുള്ള ഒരു മാൻഹോൾ വൃത്തിയാക്കുന്നതിന് അനുവദിച്ചിട്ടുള്ള ജോലിക്കാരുടെ എണ്ണവും ആയതിന് 1999-ലെ പൊതു മരാമത്തു വകുപ്പു ഷെഡ്യൂൾ അനുസരിച്ച് കണക്കാക്കിയിട്ടുള്ള തുകയും താഴെ ചേർക്കുന്നു.<br><br>0.5 സ്കാവഞ്ചർ (134 രൂപ ഒരാൾക്ക്) 67.00<br>.5 മാൻ മസ്ദൂർ (91 രൂപ ഒരാൾക്ക്) 45.50<br>സോപ്പ് മുതലായവ 0.75<br><br>10% C.P 11;37 | മാൻഹോളുകൾ വൃത്തിയാക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന ലഭ്യമായ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നല്കാവുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ രൂപ 124.58 | |
| | | | | ഇതിൽ നിന്നും വ്യക്തമാകുന്നത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിവിധ സെക്ഷനുകളിൽ ടി ബ്ലോലി ചെയ്യുന്നതിന് സർവ്വകലാശാല നൽകുന്ന കൂലിയായ രൂപ 84.10 നേക്കാൾ കൂടുതലാണ് ആയതിനാൽ പ്രസ്തുത പരാമർശം പിൻവലിക്കുന്നതിന് അഭ്യർത്ഥിക്കുന്നു. | |
| 8 | 2003-04 | 6.1.7 ഓഡിറ്റ് റിപ്പോർട്ട് 2000-01 | മരാമത്ത് വിഭാഗം പൂർത്തീകരിച്ച ഹോസ്റ്റലിൽ സീലിംഗ് ഫാനുകൾ സ്ഥാപിച്ചത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. | ഇതു സംബന്ധിച്ച യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ മറുപടിയും ബന്ധപ്പെട്ട ഫയലും മറ്റു രേഖകളും 04.01.1987 ൽ സർക്കാർ ഓഡിറ്ററുടെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. | മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി ശരിയല്ല. ഫയൽ സമർപ്പിച്ചിട്ടുള്ളതിനാലും ഫയൽ പരിശോധിച്ചതിൽ അപാകതകൾ കാണുവാൻ കഴിയാത്തതിനാലും തടസ്സം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നു. |

Director
of
Local Fund Audit

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ മഹാത്മാഗാന്ധി സർവ്വകലാശാല സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

| ക്രമനമ്പർ | ഓഡിറ്റ് ഖണ്ഡിക / വർഷം നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 1998-99 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 9(a),(1),(2), A (3)(4), 9 (a) ,4(a), 9(b)(i). | ഫീസ് പിരിവിൽ 710425..രൂപയുടെ കുറവ് | യൂണിവേഴ്സിറ്റി അഫിലിയേഷൻ, വാർഷിക അഡ്മിനിസ്ട്രേഷൻ എന്നീ ഫീസിനങ്ങളിൽ അഫിലിയേറ്റഡ് കോളജുകളിൽ നിന്ന് സർവകലാശാലയ്ക്ക് ലഭിക്കുവാനുണ്ടായിരുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഒൻപതു ടീമുകളെ നിയോഗിച്ചിരുന്നു. ഇപ്രകാരം ഒൻപതു സോണുകളിൽ പ്രത്യേക റിക്കവറി അദാലത്ത് നടത്തി ഫീസിനത്തിൽ നിലവിലുണ്ടായിരുന്ന കുടിശ്ശിക ഏതാണ്ട് പൂർണമായി തിരിച്ചു പിടിക്കുകയുണ്ടായി. ഇതിനുശേഷം, സർവകലാശാല ഉത്തരവ് നമ്പർ 2331/A1/2009/Admn തീയതി 02.06.2009 പ്രകാരം സ്റ്റുഡന്റ്സ് അഫിലിയേഷൻ, വാർഷിക അഡ്മിനിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ ഉള്ളവ അടക്കം ഫീസ് പിരിവ് കൈകാര്യം ചെയ്യുന്നതിനായി Ac.AVIII എന്ന പ്രത്യേക സെക്ഷൻ തന്നെ രൂപീകരിച്ചു .<br>മെട്രിക്കുലേഷൻ ഫീസ് കുടിശിക പിരിച്ചത് സംബന്ധിച്ച വിവരങ്ങൾക്കായി ബന്ധപ്പെട്ട സെക്ഷനിൽ ഊർജിതമായി തിരച്ചിൽ നടത്തിയെങ്കിലും ഇത് സംബന്ധിച്ച രേഖകൾ കണ്ടെടുക്കാൻ സാധിച്ചില്ലെന്ന് പരീക്ഷ വിഭാഗം അറിയിച്ചു. ഏറെക്കാലത്തിനു ശേഷം ഈ ഇനത്തിലുള്ള കുടിശിക പിരിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചു ഈ വിഷയം തീർപ്പാക്കണമെന്നു അഭ്യർത്ഥിക്കുന്നു . നിലവിൽ UG/PG അഡ്മിഷന് വേണ്ടിയുള്ള Centralised Allotment Programme-ന്റെ ഭാഗമായി മട്രിക്കുലേഷൻ ഫീസ് അഡ്മിഷൻ സമയത്തു തന്നെ സർവകലാശാല നേരിട്ട് ഈടാക്കുന്നുണ്ട്.<br>റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കോളേജുകൾക്ക് ഫീസ് |

| | | | |
|---|---|---|---|
| 2 | 1998-99 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 28(b)(f),17 | ഫോട്ടോ കോപ്പിയെർ / ടൈപ്പ് റൈറ്റർ ഇടപാടിൽ 1,77,635/-രൂപ നഷ്ടം:- | ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ കഴിയാതെ നല്കിയിട്ടുള്ളതാണ്. Modi Xerox കമ്പനി 1999 ൽ സമർപ്പിച്ച ഫോട്ടോകോപ്പി കൈമാറ്റ വ്യവസ്ഥയിൽ പുതിയ മോഡലിന്റെ സ്ഥാപനച്ചിലവ് 1,34,071/- രൂപയും കേടായ മോഡലിന് 45,000/- രൂപ കൈമാറ്റവിലയും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഈ വ്യവസ്ഥ അനുസരിച്ചുള്ള വാങ്ങൽ നടപടികളുമായി സർവകലാശാല മുന്നോട്ട് പോയിട്ടില്ല. പിന്നീട് 2003 ൽ പുതുക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച് ലൈബ്രറി അഡ്വൈസറി കമ്മിറ്റിയുടെയും സർവകലാശാല പർച്ചേസ് കമ്മിറ്റിയുടെയും തീരുമാനപ്രകാരം മത്സരാധിഷ്ഠിത കൊട്ടേഷനുകൾ ക്ഷണിച്ച് വാങ്ങൽ പ്രക്രിയ നടത്തുവാൻ തീരുമാനിച്ച കൊട്ടേഷനുകൾ പരിശോധിച്ചതിൽ നിന്ന് തോഷിബ C-studio-350 ഫോട്ടോകോപ്പി മെഷീൻ വാങ്ങൽ വിലയായി 2,41,500/- രൂപയും കേടായ പഴയ മെഷീന്റെ കൈമാറ്റ വിലയായി 30,000/- രൂപയും അംഗീകരിച്ച് വാങ്ങൽ പ്രക്രിയ പൂർത്തിയാക്കുകയാണുണ്ടായത്. നാല് വർഷത്തിന് ശേഷം മറ്റൊരു കമ്പനിയുടെ നവീനമാതൃകയിലുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഫോട്ടോകോപ്പിയർ വാങ്ങിയപ്പോൾ ഉണ്ടായ സ്വാഭാവികമായ ചിലവായി ഇതിനെ കണക്കാക്കണമെന്നും അഭ്യർത്ഥിക്കുന്നു. നടപടിക്രമങ്ങൾ പാലിച്ച് നടത്തിയ ഈ വാങ്ങലിൽ സർവകലാശാലയ്ക്ക് നഷ്ടമുണ്ടായതായി കരുതാനാകില്ല.<br>സർവകലാശാല ലൈബ്രറിയും ലൈബ്രറിയുടെ ഭാഗമായി വിദ്യാർഥി സമൂഹത്തിനും അധ്യാപകർക്കും വേണ്ടി ലഭ്യമാക്കിയിരിക്കുന്ന പ്രത്യേക സേവനങ്ങളിൽ ഒന്നാണിത്. ഓരോ പകർപ്പിനും നിശ്ചിത നിരക്കിൽ തുക ഈടാക്കിയാണ് ഈ സേവനം നൽകുന്നത്.<br>പ്രീഡിഗ്രി കൂടി സർവകശാലയുടെ ഭാഗമായിരുന്ന കാലത്തു പരീക്ഷ സംബന്ധമായി വിദ്യാർത്ഥികളുടെ നോമിനൽ റോൾ, റിസൾട്ട് ഷീറ്റ്, ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ തയ്യാറാക്കുക എന്നിങ്ങനെ നിരവധി അടിയന്തിര പ്രാധാന്യമുള്ള |

42

| | | | |
|---|---|---|---|
| 3 | 1998-99 ലെവിറ്റ് വിജ്ഞാപനം, 28(b) | ടെൻഡർ അംഗീകരിക്കുന്നു : 867350 (രൂപ നാലര | ടെൻഡർ |

ക്കോട്ടയിൽ ടെൻഡർ ക്ഷണിച്ചു. ടെൻഡർ ഫോറം 8 ദിവസം വരെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ വില 100 രൂപയും ടെൻഡർ ഫീസ് 100 രൂപയും ഉൾപ്പെടെ 200 രൂപ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ടെൻഡർ ഫോറം ലഭിക്കുന്നതിനുള്ള അവസാന തീയതി 14 ഒക്ടോബർ 98 വൈകുന്നേരം 5 മണിയാണ്. ടെൻഡർ ഫോറം ലഭിക്കുന്നതിനുള്ള അവസാന തീയതിക്കു ശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നതല്ല. ടെൻഡർ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 15 ഒക്ടോബർ 98 വൈകുന്നേരം 5 മണിയാണ്. ടെൻഡർ തുറക്കുന്നത് അന്നേദിവസം വൈകുന്നേരം 5.30 ന് ടെൻഡർ കമ്മിറ്റിയുടെ മുമ്പാകെയാണ്. ടെൻഡർ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ടെൻഡർ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്. ടെൻഡർ കമ്മിറ്റിയുടെ തീരുമാനം 7.3.1995 ൽ ഇറങ്ങിയ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(പി) 39 ഐ.ആർ.ഡി/95 തീയതി 39 ധനകാര്യം (ഐ.ആർ.ഡി) കോഡ് പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിരിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ മാതൃക ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ മാതൃക 21.07.1995 ലെ ജി.ഒ.(പി) 52 ധനകാര്യം (ഐ.ആർ.ഡി) കോഡ് പ്രകാരമുള്ളതാണ്. ടെൻഡർ ഫോറത്തിന്റെ മാതൃക ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ മാതൃക 08.08.1995 ലെ ജി.ഒ.(പി) 70 ധനകാര്യം (ഐ.ആർ.ഡി) കോഡ് പ്രകാരമുള്ളതാണ്. ടെൻഡർ ഫോറത്തിന്റെ മാതൃക ഓഫീസിൽ നിന്നും ലഭിക്കുന്ന

| | | | |
|---|---|---|---|
| 4 | 1998-99 മുതൽ നിലനിൽക്കുന്ന ഭാഗം(4) ൽ 11(a) (b), ൽ 27, ൽ 46, ൽ 37, (ഭാഗം5) ൽ 53(1) മുതൽ(10) വരെ (ഭാഗം-5) ൽ 58, ൽ 55(1), ൽ 41. | സർവീസ് നിയമങ്ങൾ പരിഷ്കരിച്ചു: 1032106: ഗ്രന്ഥാലയ അസിസ്റ്റന്റ് | 1. 1996 ജനുവരി, 1-ന്മുമ്പ് ഓരോരുത്തരിൽ നിക്ഷിപ്തമായ അധികാരങ്ങൾ നൽകിയോ ചുമതലപ്പെടുത്തിയ അധിക നിയമനം ഇവ അധികാരിയെ തിരിച്ചു വിടാൻ ഒപ്പിട്ട് നടപ്പാക്കുമ്പോൾ ഭരണഘടനാപരമായി ഇവയെല്ലാം അടിസ്ഥാനമാക്കിയാണ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇക്കാര്യം വ്യക്തമാക്കുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്.<br>2. സെക്രട്ടറിമാർക്ക് അഡീഷണൽ സർവീസുകളിലെ ഓഫീസർമാർക്ക് ഓഫീസ് മേധാവിയുടെ ചുമതല നൽകുന്നതിനുള്ള 10.10.2006 ൽ ഇറക്കിയ സർക്കുലർ പ്രകാരം ഇവർ വിരമിക്കുന്നതുവരെ (പ്രത്യേക ഓഫീസുകളിൽ) തുടരുന്നതിനാൽ 15/6.11/3957 (പ്രകാരം തീരുമാനിച്ച് ഉത്തരവ് 05.01.20( ഉം ഡി ) നമ്പർ 3/08/ ഉ. വി. വ. പ്രകാരം നൽകിവരുന്ന ഓപ്പറേറ്റർമാർക്ക് (പ്രത്യേക വേതനം).<br>3. മറ്റ് ഓഫീസുകളിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്നതിനാൽ ഗ്രന്ഥശാലകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനായി ഗ്രന്ഥശാലകളിലെ സാധാരണ ജീവനക്കാരുടെ സ്ഥലംമാറ്റം, അധികച്ചുമതലയായി ലൈബ്രേറിയന്റെ ചുമതല നിശ്ചയിക്കുന്നതിനുള്ള അധികാരം ഇവ ഒഴിവാക്കുന്നതിനുള്ള ഭേദഗതിയാണ് ഇവിടെ നിർദ്ദേശിക്കുന്നത്. ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ഭേദഗതിയാണിത്.<br>4. സർവീസ് ചട്ടങ്ങളിൽ ഉദ്ദേശിക്കുന്ന ഭേദഗതികൾ ഇപ്രകാരമാണ്. | 4 |

| | | | |
|---|---|---|---|
| | | | പ്രായോഗികമല്ല. ആയതിനാൽ ഇതിന്മേലുള്ള ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.<br>5. പരീക്ഷ ഫലങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി ജീവനക്കാർ തങ്ങളുടെ സാധാരണ ജോലി സമയത്തിന് ശേഷവും അവധി ദിവസങ്ങളിലും അധിക ജോലി ചെയ്തതിനുള്ള പ്രതിഫലമായാണ് ഈ തുക നൽകിയിരിക്കുന്നത്. നിലവിൽ ഇത്തരത്തിലുള്ള സ്പെഷ്യൽ വേതനങ്ങൾ സർവകലാശാല നൽകുന്നില്ല.<br>6. സ്കൂട്ടർ അഡ്വാൻസ്<br>7. പെൺമക്കളുടെ വിവാഹത്തിന് മുൻകൂർ തുക നൽകിയത്.<br>ഓഡിറ്റിൽ പരാമർശിക്കപ്പെട്ട, 6)സ്കൂട്ടർഅഡ്വാൻസ്, 7)പെൺമക്കളുടെ വിവാഹത്തിന് മുൻകൂർ തുക നൽകിയത് എന്നിവ ഇതിനോടകം ക്രമീകരിച്ചിട്ടുള്ളതാണെന്നും ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് അറിയിച്ചിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ഗുരുവായൂർ ദേവസ്വം, മലബാർ ദേവസ്വം ബോർഡ് എന്നിവയെ സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി**

| ഓഡിറ്റ് വർഷം | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 2001-02 | 1 വൈദ്യുത കമ്പി മാറ്റുന്ന പദ്ധതിയിൽ അപാകതകൾ | ഓഡിറ്റ് പരാമർശത്തിന് മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്ന് ഗുരുവയൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| 1995-96 | 1. പ്രസാദ ഊട്ടിന് ആവശ്യമായ പുഴുക്കലരി വാങ്ങിയ ചെലവ് 4,20,217/- രൂപ.<br>2.പഞ്ചസാരയുടെ കൺവെർഷൻ ചാർജ്ജ് നെഗോഷ്യേഷൻ നടത്തിയത് 74,250 /-<br>3.തലക്കോട്ടുകര മഹാദേവ ക്ഷേത്രത്തിൽ ബലിക്കൽപുര നിർമ്മിക്കൽ 93,166/- രൂപ.<br>4. ക്ലാസ്സ് 4 ജീവനക്കാർക്കുവേണ്ടി താമരയൂരിൽ ബ്ലോക്ക് സ്റ്റ് ക്വാർട്ടേഴ്സ് നിർമ്മാണം 20,47,334 /- രൂപ.<br>5. വെള്ളം എത്തിച്ചത് ബദൽ സംവിധാനം 89,818 /- രൂപ.<br>6. 97-98 മുതൽ 98-99 വരെ ക്ഷേത്രം ആവശ്യത്തിന് നെല്ല് വാങ്ങിയതിലേയും ചെലവ് | എല്ലാ ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കി പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | എഴുതിയതിലേയും അപാകതകൾ 30,021/- രൂപ.<br>7. സസ്പെൻഷൻ കാലയളവിൽ ഉപജീവന ബത്ത തിരിച്ചുപിടിച്ചത് 24,308/- രൂപ.<br>8. ബാച്ചിലേഴ്സ് ക്വാർട്ടേഴ്സിലെ വൈദ്യുതി താരിഫ് മാറ്റാൻ കാലതാമസം വരുത്തിയതിനാലുണ്ടായ നഷ്ടം. 20,420/- രൂപ. | |
| 1998-99 | 1. താമരയൂരിലെ ക്ലാസ്-3, ക്ലാസ് 4 ക്വാർട്ടേഴ്സിന് അഴുക്കുചാൽ നിർമ്മിച്ച പ്രവൃത്തി 61,509/- രൂപ. | ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കി പ്രസ്തുത വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| 1997-01 | 1) **ശ്രീ. ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രം.**<br>1. കാഷ്ബുക്കിൽ ഒരു മാസത്തെ ശമ്പളം കൂടുതൽ ചെലവ് കാണിച്ചത് 10728/- രൂപ.<br>2. അക്കിറ്റൻസ് രജിസ്റ്റർ - ഉദ്യോഗസ്ഥന്റെ പേരും ഒപ്പുമില്ല. 9770/- രൂപ.<br>3.സ്റ്റോർ ക്രമക്കേടുകൾ 21061/- രൂപ.<br>4. നിത്യതയ്ക്ക് എണ്ണ-സ്റ്റോക്ക് സൂക്ഷിക്കത്തതുവഴി ക്ഷേത്ര ഫണ്ടിനു നഷ്ടം 9750/- രൂപ. | ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ തടസ്സവാദം തീർപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിനോ തൃപ്തികരമായ വിശദീകരണം ബോധിപ്പിക്കാനോ ഉത്തരവാദിയായ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. വി.വി. പ്രഭാകരന് കഴിഞ്ഞിട്ടില്ലെന്ന് സ്പെഷ്യൽ ടീം അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടിയാനിൽ നിന്നും ദേവസ്വത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2000-02 | **2) ശ്രീ. കുഞ്ഞിമംഗലം മാത്തുംപാടി ക്ഷേത്രം.**<br>1.ക്ഷേത്രം സ്റ്റോറിലേക്ക് വാങ്ങിയ സാധനങ്ങൾ | ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനത പരിഹരിക്കുന്നതാനായി വഴിപാട് സ്റ്റോർ സമ്പ്രദായം അടിയന്തിരമായി ആരംഭിക്കാനും വഴിപാട് ഡിറ്റും രജിസ്റ്റർ തയ്യാറാക്കാനും എക്സിക്യൂട്ടീവ് ഓഫീസർക്ക് കർശന |

| | | |
|---|---|---|
| | സ്റ്റോക്കിലെടുത്തില്ല. 5814/- രൂപ.<br>2. ക്ഷേത്രം സ്റ്റോറിലേക്ക് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. 32,338/- രൂപ. | നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് ഓഫീസർ തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 1997-01 | **3) ശ്രീ കുന്നത്തൂർപാടി മുത്തപ്പൻ ക്ഷേത്രം.**<br>1.ഭണ്ഡാരത്തിൽ നിന്നുള്ള വരവ് ക്ഷേത്രഫണ്ടിൽ വരവ് വെക്കാതെ ധനാപഹരണം നടത്തി. 17,874/- രൂപ.<br>2. കാലാവധി എത്തിയ സ്ഥിര നിക്ഷേപത്തിന്റെ രസീത് ഹാജരാക്കിയില്ല. 10,000/- രൂപ. | ദേവസ്വത്തിൽ നഷ്ടം വന്ന തുക ഈടാക്കിയിട്ടുള്ളതായി സ്പെഷ്യൽ ടീമിന്റെ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 1997-01 | **4) ശ്രീ. തുച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം.**<br>1.സ്ഥിരനിക്ഷേപത്തിന്റെ പലിശ വരവ് കുറവ് - 26,140/- രൂപ. | ദേവസ്വത്തിന് നഷ്ടം വന്ന തുക ക്ഷേത്രഫണ്ടിൽ നിക്ഷേപിച്ചതായി സ്പെഷ്യൽ ടീം അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തടസ്സവാദം ഒഴിവാക്കാവുന്നതാണ്. |
| 1997-00 | **5) ശ്രീ. കടലായി ശ്രീകൃഷ്ണ ക്ഷേത്രം.**<br>1. നിത്യതയ്ക്ക് എണ്ണ ചെലവ് - ദീപ സ്തംഭത്തിന് ചെലവു വരുന്ന എണ്ണ കുറവ് ചെയ്യാത്തത്. 18,460/- രൂപ. | ഓഡിറ്റ് കാലയളവിൽ ശ്രീ. വി.വി. പ്രഭാകരൻ (05.12.1996 -21.08.1997) ശ്രീ. കെ. സോമൻ (22.08.1997 - 10.10.2001) എന്നിവരാണ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ചുമതല നിർവ്വഹിച്ചത്. ഓഡിറ്റ് പരാമർശങ്ങളിന്മേൽ തടസ്സവാദം ഒഴിവാക്കുന്നതിനായി തൃപ്തികരമായ വിശദീകരണമോ, നടപടികളോ സ്വീകരിച്ചിട്ടില്ല എന്ന് സ്പെഷ്യൽ ടീം അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തടസ്സവാദം തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ നിലവിലെ എക്സിക്യൂട്ടീവ് ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട കാലയളവിലെ എക്സിക്യൂട്ടീവ് |

| | | |
|---|---|---|
| | | ഓഫീസർമാർ തടസ്സവാദം ഒഴിവാക്കുന്നതിനോ തൃപ്തികരമായ വിശദീകരണം നൽകുന്നതിനോ ഇതുവരെ തയ്യാറാവാത്തി സ്ഥിതിയിൽ ബന്ധപ്പെട്ടവർക്കെതിരെ സർച്ചാർജ്ജ് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. സർച്ചാർജ്ജ് നടപടി സ്വീകരിക്കേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണെന്നും അറിയിച്ചിട്ടുണ്ട്. |
| 1996-02 | **6) ശ്രീ തിരുനെല്ലി ക്ഷേത്രം**<br>1. വിശ്രമ മന്ദിരം നിർമ്മാണം - 4,11,263/- രൂപ. | തടസ്സപ്പെടുത്തിയ 4,11,263/- രൂപയടക്കം 9,73,112/- രൂപ കരാറുകാരന് നൽകാകെ ദേവസ്വം പിടിച്ചുവച്ചിരുന്നു. ഇതിനെതിരെ കോൺട്രാക്ടർ ശ്രീ. കെ.കെ. ശിവദാസ്, ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത OP No. 22697/2002(B) നമ്പർ കേസിലെ 20.01.2003 ലെ വിധിപ്രകാരം 8,27,800/-രൂപ കരാറുകാരന് ദേവസ്വം നൽകിയിട്ടുണ്ടെന്നും കോടതി വിധിപ്രകാരം നടപടി സ്വീകരിക്കേണ്ടി വന്നിട്ടുള്ളതിനാൽ തടസ്സവാദത്തിന്മേൽ തുടർ നടപടി അവസാനിപ്പിക്കാവുന്നതാണെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 1997- 02 | **8)ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രം.**<br>1.ക്യാഷ് ബുക്കിൽ കൈയ്യിരിപ്പ് തുക കാണിച്ചതിൽ കുറവ് 27,406/- രൂപ.<br>2. ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക അടുത്ത ദിവസം മുന്നിരിപ്പായി കാണിച്ചതിലെ കുറവ്. 8000/- രൂപ.<br>3. ബാങ്കിൽ അടച്ചതായി ക്യാഷ്ബുക്കിൽ ചെലവ് കാണിച്ച തുക ബാങ്കിൽ അടക്കാത്തത് 14,500/- | 1997 മുതൽ 2020 വരെയുള്ള ഓഡിറ്റ് പരിശോധനയെ തുടർന്ന് ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രത്തിൽ ക്ലാർക്കായി ജോലി ചെയ്തിരുന്ന ശ്രീ. എൻ.പി. ജയരാജനെ ക്ഷേത്രം കണക്കുകളിൽ കൃത്രിമം കാണിച്ചതുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും നീക്കം ചെയ്തിരുന്നുവെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് തലശ്ശേരി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലുണ്ടായിരുന്ന CC152/2006 നമ്പർ കേസ്സിൽ ശ്രീ.ജയരാജനെ ശിക്ഷിച്ചുകൊണ്ട് വിധിന്യായം ഉണ്ടായതിനെ തുടർന്ന് ടിയാൻ തലശ്ശേരി ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ആയത് നിലനിൽക്കുന്നുവെന്നും 1997-2002 വർഷങ്ങളിലെ ക്യാഷ് ബുക്കും |

| | | |
|---|---|---|
| | രൂപ.<br>4. ബാങ്കിൽ നിന്നു പിൻവലിച്ച ഉക ക്യാഷ്ബുക്കിൽ വരവ് കാണിക്കാത്തത് 9,945/- രൂപ.<br>5.ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായി ക്ഷേത്രഫണ്ടിൽ നിന്ന് വകമാറ്റിയ സംഖ്യ ബന്ധപ്പെട്ട അക്കൌണ്ടിൽ വരവ് വയ്ക്കാത്തത് 78,530/- രൂപ.<br>6. സ്ഥിരനിക്ഷേപം പിൻവലിച്ചത് ക്യാഷ്ബുക്കിൽ വരവ് ചേർക്കാത്തത് 29,466/- രൂപ.<br>7. പലവക രശീതി വരവ് വച്ചതിലെ കുറവ് 48,024/- രൂപ.<br>8. മുഖവില രശീത് വരവ് ചേർത്തതിലെ കുറവ് 19,070/- രൂപ.<br>9. ചിലംപിട്ടകലശം മുഖവില രശീതി ഓഡിറ്റിൽ ലഭ്യമാക്കാത്തത് 75,000/-രൂപ.<br>10. ഒരേ ചെലവ് രണ്ട് പ്രാവശ്യം ക്യാഷ്ബുക്കിൽ ചെലവെഴുതിയത്. 3,950/-രൂപ.<br>11. എണ്ണ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല 4,085/-രൂപ.<br>12. ക്ഷേത്രം സ്റ്റോറിലേയ്ക്ക് പഴം വാങ്ങിയ ഇനത്തിന് അധിക ചെലവ് 12,000/- രൂപ. | വൌച്ചറുകളും ഉൾപ്പെടെ മുഴുവൻ രേഖകളും കേസ്സിന്റെ ആവശ്യാർത്ഥം പ്രസ്തുത കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണെന്നും ടി അപ്പിലിൽ കോടി നടപടികൾ പൂർത്തീയാകാത്ത സാഹചര്യത്തിൽ ആയത് ക്ഷേത്രാധികൃതർക്ക് തിരികെ ലഭിച്ചിട്ടില്ലെന്ന് സ്പെഷ്യൽ ടീം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെന്നും നിലവിൽ ടി വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ തുടർ നടപടി സ്വീകരിക്കുവാനൻ തൽക്കാലം നിർവ്വാഹമില്ലെന്ന് കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 2001-02 | **9) ശ്രീ. പറശ്ശിനി മഠപ്പുര മുത്തപ്പൻ ക്ഷേത്രം**<br>1.ശമ്പളം അധികം നൽകിയത് 5,395/- രൂപ.<br>2. നിർമ്മാല്യം, അവിൽ, പയർ എന്നിവ സ്റ്റോക്കിൽ എടുത്തിട്ടില്ല 15,225/- രൂപ. | ദേവസ്വത്തിന് നഷ്ടം വന്ന തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടി ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 2000-02 | **10)പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം.**<br>1. എക്സിക്യൂട്ടീവ് ഓഫീസറുടെ സസ്പെൻഷൻ, ഉപജീവനബത്ത എന്നിവ തിരിച്ചുപിടിക്കേണ്ടത് 32,078/- രൂപ. | പ്രസ്തുത ക്ഷേത്രത്തിൽ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. നാരായണൻ നമ്പ്യാരുടെ 08.08.2000 മുതൽ 28.02.2001 വരെയുള്ള സസ്പെൻഷൻ കാലാവധി ശൂന്യവേതനാവധിയായി കണക്കാക്കിയതിനാൽ ടിയാന് ഉപജീവനബത്തയായി നൽകിയ 32,078/- രൂപ തിരികെ ഈടാക്കിയ വിവരം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ പിന്നീട് വന്ന എക്സിക്യൂട്ടീവ് ഓഫീസർമാർ ഓഡിറ്റ് റിപ്പോർട്ടിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തത് കാരണമാണ് ടി തുക യഥാസമയം തിരിച്ചുപിടിക്കാൻ കഴിയാതിരുന്നതെന്ന് കാസർഗോഡ് അസി. കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇപ്പോൾ ശ്രീ. സി.കെ. നാരായണൻ നമ്പ്യാർ ജീവിച്ചിരിപ്പില്ല എന്നും തുക തിരിച്ചടയ്ക്കാൻ ബാധ്യസ്ഥനായ വ്യക്തി മരണപ്പെട്ട സാഹചര്യത്തിലും, വകുപ്പിനുകീഴിലെ എക്സിക്യൂട്ടീവ് ഓഫീസറായി ടിയാന്റെ ദീർഘകാല സേവനം കണക്കിലെടുത്തും പരേതനുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവാദം ഒഴിവാക്കാവുന്നതാണെന്ന് കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | 2.കൂടിയ വിലയ്ക്ക് സാധനം വാങ്ങിയത് ദേവസ്വം ഫണ്ടിന് നഷ്ടം 42,164/- രൂപ.<br>3. വഴിപാട് ചെലവ് ഉപയോഗിച്ച എണ്ണയുടെ അളവ് കൂടുതൽ കാണിച്ച് ക്ഷേത്രഫണ്ടിന് നഷ്ടം 11,700/- രൂപ. | ദേവസ്വത്തിന് നഷ്ടം വന്ന തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടി. ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |
| 2001-02 | **11) ശ്രീ. പുൽപ്പള്ളി.**<br>1. ക്ഷേത്രക്കുളത്തിന് പുറത്ത് തോട് നിർമ്മാണം അപാകതകൾ 12,716/- രൂപ. | പ്രവൃത്തി ചെയ്ത കാര്യനിർവ്വണ ഉദ്യോഗസ്ഥൻ ഇപ്പോൾ ജീവിച്ചിരിപ്പില്ലാത്തതിനാലും പ്രവൃത്തി കഴിഞ്ഞിട്ട് ഏതാണ്ട് 18 വർഷങ്ങൾ പിന്നിട്ടതിനാലും സർവ്വോപരി പ്രവൃത്തികളുടെ മൂല്യത്തുക പോലും യഥാർത്ഥത്തിൽ ചെലവ് വന്നിട്ടില്ലെന്നും അന്വേഷണം നടത്തിയ സ്പെഷ്യൽ ടീം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ടി തടസ്സവാദം കേവലം സാങ്കേതികമായി വന്നിട്ടുള്ളതായി കണക്കാക്കി ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് കമ്മീഷണർ ബോധിപ്പിക്കുന്നു. |
| 2000-01 | **12)ശ്രീ. തിരുനാവായ ദേവസ്വം.**<br>1. അംഗീകരിക്കാത്ത തസ്തികകളിൽ നിയമിച്ചവർക്ക് നൽകിയ ശമ്പളം 24,825/- രൂപ. | ക്ഷേത്രം ട്രസ്റ്റിയുടെ എ 4-480/2001 തീയതി 20.03.2002 നമ്പർ ഉത്തരവ് പ്രകാരം എൽ.ഡി. ക്ലർക്ക് തസ്തികയിൽ ശ്രീ. പി.സി. രവിവർമ്മ രാജയ്ക്ക് സ്ഥിര നിയമനം നൽകിയതായും 01.04.2002 മുതൽ ദേവസ്വത്തിൽ ജോലി ചെയ്തതായും 31.07.2018 ന് ടിയാൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതായും ടിയന്റെ സർവ്വീസ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ടിയാന്റെ നിയമനം മലബാർ ദേവസ്വം ബോർഡ് അംഗീകരിച്ചിട്ടില്ല. 2000-01 വർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡികകളിൽ ചെലവുകൾ നിരാകരിക്കുന്നതിന് വ്യക്തമാക്കിയ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് ബോധിപ്പിക്കുന്നു. ശ്രീ. പി.സി. രവിവർമ്മരാജ ജീവിച്ചിരിപ്പില്ലെന്ന് ബോധിപ്പിക്കുന്നു. |

| | | |
|---|---|---|
| | | ശ്രീ. എം.വി. രാമചന്ദ്രന് 17.08.1998 മുതൽ സെക്യൂരിറ്റി തസ്തികയിലും 20.12.2002 മുതൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലും സർവ്വീസ് അംഗീകാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ടെന്നും (എച്ച്8-2329/17/എംഡിബി (കെ.ഡിസ്) തീയതി 23.3.2018) ആയതിനാൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്ത പി.സി. രവിവർമ്മ രാജ നിലവിൽ ജീവിച്ചിരിപ്പില്ലെന്നതും ശ്രീ. എം.വി. രാമചന്ദ്രൻ ജോലി ചെയ്ത തസ്തിക അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ടെന്നതും പരിഗണിച്ച് മാനുഷിക പരിഗണന നൽകി ടി. ഖണ്ഡികയിലെ തടസ്സവാദം ഒഴിവാക്കുന്നത് അനഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്. |
| 1997-00 | **13) ശ്രീ. തിരുവറ ദേവസ്വം.**<br>1. തേൻ വാങ്ങിയതിലെ ക്രമക്കേടുകൾ 9,680/- രൂപ. | ലോക്കൽ ഫണ്ട് ഡയറക്ടറുടെ കത്ത് നം. എൽ.എഫ്. 1628/സ്പെ.സെൽ/(എസ്.ജി.)4(എ)/2006 തീയതി 27/11/2006 പ്രകാരം സർചാചർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും തുടർ നടപടി ആവശ്യമില്ലെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| 2000-01 | **14) ശ്രീ. തൃപ്രങ്ങോട് മഹാദേവ ക്ഷേത്രം.**<br>1. രേഖകളില്ലാത്ത ചെലവ് 10,000/- രൂപ. | ദേവസ്വത്തിന് നഷ്ടമായ 10,000/- രൂപ എത്രയും വേഗം ക്ഷേത്രഫണ്ടിൽ അടച്ച് രശീതിയടക്കം റിപ്പോർട്ട് ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തിരിച്ചടവ് പുരോഗതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടി ടീം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് വിശദമായ ശുപാർശ സമർപ്പിക്കുന്നതാണെന്നും കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 1999-00 | **16) ശ്രീ മണപ്പള്ളിക്കാവ് ദേവസ്വം.**<br>1. നിക്ഷേപം പുതുക്കാത്തതിനാൽ നഷ്ടം 56,864/- രൂപ.<br>2. കൂടുതൽ ചെലവ് 15,477/- രൂപ. | നഷ്ടമായ തുക ദേവസ്വം ഫണ്ടിൽ അടവാക്കുന്നതിന് എക്സ്ക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. നാരായണ മൂർത്തിക്ക് നിരവധി തവണ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലക്കുകയുണ്ടായില്ല എന്നും ആയതിനാൽ നിലവിലെ നിയമപ്രകാരം ടിയാനെതിരെ സർചാർജ്ജ് നടപടി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സ്വീകരിക്കാവുന്നതാണെന്നും കമ്മീഷണർ ബോധിപ്പിക്കുന്നു. |
| 1999-00 | **17) ശ്രീ തുപ്പല്ലാവൂർ ദേവസ്വം.**<br>1. സ്റ്റോക്കിലെടുക്കാത്ത കലവറ സാധനങ്ങൾ 12,606/- രൂപ. | ഓഡിറ്റ് പരാമർശ പ്രകാരം തുക അടവാക്കുന്നതിനായി കലവറയുടെ ചുമതലയിൽ ഉണ്ടായിരുന്ന ശ്രീ. ശ്രീധരൻ നായർ,. എം. ന് രേഖാമൂലം അറിയിപ്പ് ക്ഷേത്രത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ കത്തിനോട് ടിയാൻ പ്രതികരിക്കുകയോ തുക തിരിച്ചടച്ചതായോ കാണുന്നില്ല. ശ്രീ. എൻ. ശ്രീധരൻ 2000-ാമാണ്ടിൽ സർവ്വീസിൽ നിന്നും പിരിയുകയും അസുഖബാധിതനായതിനെ തുടർന്ന് 2006 ആഗസ്റ്റ് മാസത്തിൽ നിര്യാതനാവുകയും ചെയ്തു. 2007 ൽ ടിയാന്റെ ഭാര്യയും മരണമടഞ്ഞു. ഏകദേശം 6 സെന്റോളം വരുന്ന ടിയാന്റെ ഭൂമി സഹോദരി പുത്രൻമാർക്ക് ലഭിക്കുകയും (ശ്രീ. എം. ശ്രീധരൻ സന്താനങ്ങളില്ല) അവർ ആ വസ്തു വിൽപ്പന നടത്തുകയും ചെയ്തു. ആയതിനാൽ കലവറ ക്രമക്കേട് സംബന്ധിച്ച സർചാർജ്ജ് തുക 12,605/- രൂപ ശ്രീ. എം. ശ്രീധരനിൽ നിന്നോ ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കുന്നതിന് നിലവിൽ സാഹചര്യമില്ല. ആയതിനാൽ മാനുഷിക പരിഗണന മുൻനിർത്തി തടസ്സവാദം ഒഴിവാക്കാവുന്നതാണെന്ന് കമ്മീഷണർ ബോധിപ്പിച്ചിട്ടുണ്ട്. |

V. VILASACHANDRAN NAIR
Additional Secretary to Govt.
Revenue (Devaswom) Dept.
Govt. Secretariat
Ph: 0471 - 2335426 & 2518397

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2021 - 23) - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003 - 04 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്: ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| നമ്പർ | ഖണ്ഡിക നമ്പർ | ശ്രദ്ധക്ഷണിക്കൽ/നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 10.2 | **വിനോദ സഞ്ചാര വാരാഘോഷം ഓഡിറ്റ്:**<br>***ഓഡിറ്റ് നിരീക്ഷണങ്ങൾ***<br>(എ) 1988 - 89 ൽ നിലവിൽ വന്ന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്ക് കണക്കുകൾ സൂക്ഷിക്കുന്നതിനും ധനവിനിയോഗം നടത്തുന്നതിനും നിശ്ചിത മാനദണ്ഡങ്ങളോ, നിർദ്ദേശങ്ങളോ നിലവിലില്ലാത്തതിനാൽ ഓരോ കൗൺസിലും വ്യത്യസ്ത രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതായി കാണുന്നു. പല ജില്ലകളിലും ക്യാഷ് ബുക്ക്, ലഡ്ജർ തുടങ്ങിയ അടിസ്ഥാന അക്കൗണ്ടിങ്ങ് രേഖകൾ പോലും സൂക്ഷിക്കുന്നില്ല എന്നത് ഖേദകരമാണ്.<br>ടൂറിസം പ്രമോഷൻ കൗൺസിലുകൾക്കു കണക്കുകൾ രേഖപ്പെടുത്തുന്നതിനും ധനവിനിയോഗത്തിനും വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. | ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ കണക്ക് സൂക്ഷിക്കുന്നതിനും ധനവിനിയോഗത്തിനും മറ്റുമുള്ള മാർഗ നിർദേശങ്ങൾ 15.06.2020 ലെ ഐ & ബി 2 - 12626/2018 നമ്പർ പരിപത്ര പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. |
| | | (ബി) സർക്കാർ ധനസഹായം മുഴുവനായും ഉപയോഗിക്കാതിരിക്കുക, സർക്കാർ അനുവാദം കൂടാതെ ഗ്രാന്റ് തുക വകമാറ്റി ചെലവഴിക്കുക, സർക്കാർ ഗ്രാന്റ് തുക ഉപയോഗിക്കാതെ പൂർണ്ണമായോ ഭാഗികമായോ ബാങ്കുകളിൽ സ്ഥിര നിക്ഷേപം നടത്തുക എന്നീ തെറ്റായ പ്രവണതകൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ നടത്തി വരുന്നതായി തെളിഞ്ഞിട്ടുണ്ട് (ഉദാഹരണം - സ്ഥിര നിക്ഷേപം. ഡി. ടി. പി. സി. കാസർകോട് - 10 ലക്ഷം രൂപ, ഡി. ടി. പി. സി. വയനാട് - 13 | ധനവിനിയോഗം സംബന്ധിച്ച വിശദ മാർഗനിർദേശങ്ങൾ ഡി. ടി. പി. സികൾക്ക് 15.06.2020 ലെ ഐ & ബി 2 - 12626/2018 നമ്പർ പരിപത്ര പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ലക്ഷം രൂപ). ഉപയോഗിക്കാതെ നീക്കിയിരിപ്പുള്ള സർക്കാർ ധനം അടിയന്തിരമായി സർക്കാർ ഖജനാവിലേക്ക് തിരിച്ചടക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് ആഡിറ്റ് നിർദേശം നൽകിയിട്ടുണ്ട്. | |
| 2 | 10.2.1 | **കോഴിക്കോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ:**<br>*1. ഹൗസ് ബോട്ടിന്റെ വാടക പിടിച്ചെടുക്കുന്നതിൽ വന്ന അപാകതകൾ(2000 - 01 ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5)*<br><br>കോഴിക്കോട് ഡി. ടി. പി. സിയുടെ ഉടമസ്ഥതയിലുള്ള രണ്ട് ഹൗസ് ബോട്ടുകൾ ഓടിച്ച് ആദായമെടുക്കുന്നതിനുള്ള അവകാശം 'വൈത്തിരി റിസോർട്സ്' എന്ന സ്ഥാപനത്തിനു പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ 21.11.99 വരെയുള്ള ഒരു വർഷത്തേക്ക് അനുവദിച്ചിരുന്നു.<br><br>ഡി. ടി. പി. സി. കാലാവധി രണ്ടു വർഷത്തേക്ക് നീട്ടി കൊടുക്കുകയും നിലവിലുള്ള വാടകയിന്മേൽ ഒന്നാം വർഷം 15% വർദ്ധനവും രണ്ടാം വർഷം വീണ്ടും 15% വർദ്ധനവും ഏർപ്പെടുത്തുകയും ചെയ്തു.<br><br>എന്നാൽ കൗൺസിലിന്റെ 1999 മുതൽ 2001 വരെയുള്ള കണക്കുകൾ പരിശോധിച്ചതിൽ ടി ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കിയതായി കാണുന്നില്ല. ഈ കാലയളവിൽ കോൺട്രാക്ടറിൽ നിന്നും 768580 രൂപ പിരിഞ്ഞുകിട്ടാൻ കുടിശ്ശികയുള്ളതായി കാണുന്നു. ഒന്നാം വർഷം വാടകയിനത്തിൽ ഒരു രൂപ പോലും അടക്കാത്ത കോൺട്രാക്ടർക്ക് രണ്ടാം വർഷവും ബോട്ടിന്മേലുള്ള കരാർ അവകാശം തുടർന്ന് അനുവദിച്ചതും, കുടിശിക തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതും കൗൺസിലിന്റെ ഉരുതരമായ വീഴ്ചയാണ്. | ഹൗസ് ബോട്ടുകളുടെ നടത്തിപ്പ് ലൈസൻസ് വ്യവസ്ഥയിൽ 'വൈത്തിരി റിസോർട്സ്' എന്ന സ്ഥാപനത്തിനു നൽകിയതിനെക്കുറിച്ചും തുടർന്നുണ്ടായ കാര്യങ്ങളെക്കുറിച്ചും വിശദമായ അന്വേഷണം നടത്താൻ കോഴിക്കോട് എ. ഡി. എമ്മിനെ ഡി. ടി. പി. സി. എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു.<br>ഡി. ടി. പി. സിക്കു സംഭവിച്ച നഷ്ടത്തിന് ഉത്തരവാദികളെന്ന നിലയിൽ ആ കാലയളവിൽ സെക്രട്ടറിമാരായി പ്രവർത്തിച്ചവരിൽ നിന്നു തുക ഈടാക്കണമെന്ന ശുപാർശയാണ് 18.03.2004 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലുണ്ടായിരുന്നത്. ഈ റിപ്പോർട്ട് പഠിച്ച് തുടർനടപടി സ്വീകരിക്കാൻ അഡ്വ. എം. പി. സുകുമാരനെ ചുമതലപ്പെടുത്തിയെങ്കിലും, ഉദ്യോഗസ്ഥരുടെ വീഴ്ച സംബന്ധിച്ച വിശദ റിപ്പോർട്ട് ഇല്ലാത്ത സാഹചര്യത്തിൽ നിയമനടപടി സാധ്യമല്ലെന്നായിരുന്നു മറുപടി.<br>പിന്നീട് ഹൗസ് ബോട്ടുകളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കാൻ ലൈസൻസിക്കെതിരെ നിയമ നടപടി സ്വീകരിക്കാനായി അഡ്വ. എം. മോഹൻ കുമാറിനെ നിയോഗിച്ചിട്ടുണ്ട്.<br>ഡി. ടി. പി. സിയുടെ മുൻ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കാൻ ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കാൻ മുൻ എ. ഡി. എമ്മും നിലവിലെ കോഴിക്കോട് ആർ. ഡി. ഒയുമായ ശ്രീ. പി. എസ്. മുഹമ്മദ് സഗീറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3 | 10.2.2 | **കണ്ണൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ:**<br>*പയ്യാമ്പലം ബീച്ച് ഗാർഡൻ(2001 - 2002 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 21)*<br>പയ്യാമ്പലം ബീച്ച് ഗാർഡനിലേക്കുള്ള പ്രവേശന ഫീസ് പിരിക്കുന്നതിനും, ബീച്ചിലെ 'നൗറ' റസ്റ്റാറന്റ് നടത്തുന്നതിനുമുള്ള അവകാശം പ്രതിമാസം 27,250/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് ശ്രീ. കെ. സി. സുധീശന് നൽകിയിട്ടുള്ളതായി കാണുന്നു. 4.2.2001ൽ ഇതിനായി കരാർ ഒപ്പിടുകയും ചെയ്തു. കരാർ പ്രകാരം ഒന്നാം വർഷം പ്രതിമാസം 27,250/- രൂപയും രണ്ടാം വർഷം പ്രതിമാസം 29,975/- രൂപയും വാടക കോൺട്രാക്ടർ നൽകണം.<br>എന്നാൽ കോൺട്രാക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൗൺസിൽ കരാർ പ്രകാരമുള്ള വാടകയിൽ ഒന്നാം വർഷം 25% കുറവും രണ്ടാം വർഷത്തെ വാടകയിൽ വീണ്ടും 25% കുറവും അനുവദിച്ചു. കൂടാതെ മൺസൂൺ കാലത്തെ പ്രതികൂല കാലാവസ്ഥയുടെ മറവിൽ രണ്ട് മാസത്തെ വാടക ഒഴിവാക്കി കൊടുക്കുകയും ചെയ്തു. ഇപ്രകാരം ആകെ രണ്ട് വർഷത്തെ വാടകയിൽ 2,72,844/- രൂപയുടെ കിഴിവ് കൗൺസിൽ അനുവദിച്ചതായി കാണുന്നു. കരാർ പ്രകാരം നിശ്ചയിച്ചിട്ടുള്ള വാടകയിൽ മാറ്റം വരുത്തുവാനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമല്ലാത്തതിനാൽ ഈ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. | കണ്ണൂർ ഡി. ടി. പി. സിയുടെ 26.09.2003 ലെ നിർവാഹക സമിതി യോഗത്തിലെ ആറാം നമ്പർ തീരുമാനപ്രകാരമാണ് ശ്രീ. കെ. വി. സുധീശന് ഓഫ് സീസണിലും മറ്റുമടക്കം വാടക ഇളവ് അനുവദിച്ചു നൽകിയത്.<br>ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഇത്തരത്തിലുള്ള ഇളവുകൾ പിന്നീട് ആർക്കും അനുവദിച്ചിട്ടില്ലെന്നും ഡി. ടി. പി. സി. വ്യക്തമാക്കിയിട്ടുണ്ട്. |
| 4 | 10.2.3 | **കാസർകോട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ:**<br>*(2000 - 2001 & 2001 - 2002 ആഡിറ്റ് റിപ്പോർട്ടുകൾ ഖണ്ഡിക IX എ) ഖണ്ഡിക 10)*<br>കാസർകോട് ജില്ലയിലെ റാണിപുരത്തെ വനമേഖലയോടു ചേർന്ന് ഉയർന്ന മലമ്പ്രദേശത്ത് രണ്ട് ടൂറിസ്റ്റ് കോട്ടേജുകളും, കാന്റീൻ തുടങ്ങിയവയും സർക്കാർ | കാസർകോട് റാണിപുരത്ത് 1997 ൽ നിർമിച്ച കോട്ടേജുകളും കാന്റീനും വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമല്ലെന്നു കണ്ടെത്തിയതിനെ തുടർന്ന് |

| | | | | |
|---|---|---|---|---|
| | | 1997 ൽ ഏഴ ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച സ്ഥലവാസിയായ ശ്രീ. മധുസൂദനൻ എന്നയാളെ കോട്ടേജിന്റെ 'കെയർടേക്കറായി' 1998 ൽ ഏർപ്പെടുത്തിയെങ്കിലും കൃത്യമായ വേതനം തീരുമാനിച്ചിരുന്നില്ല. കോട്ടേജിനോടനുബന്ധിച്ചുള്ള കാന്റീൻ ഇച്ഛമായ നിരക്കിൽ വാടകയ്ക്ക് നടത്തുവാനുള്ള അവകാശവും അതിനുള്ള മുടക്കുമുതലായി വായ്പയും കൗൺസിൽ ശ്രീ. മധുസൂദനനു പിന്നീട് അനുവദിച്ചു കൊടുക്കുകയുണ്ടായി. 2000 - 01 വർഷത്തെ കണക്കു പരിശോധനയിൽ കോട്ടേജുകളുടെയും കാന്റീനിന്റെയും ഒരു വർഷത്തെ വാടകയിനത്തിൽ 4280/- രൂപ മാത്രമാണു ശ്രീ. മധുസൂദനൻ ഡി. ടി. പി. സിയിൽ അടച്ചതായി കാണപ്പെട്ടത്. ഈ കാലയളവിൽ വൈദ്യുതി, റിപ്പയർ, വൃത്തിയാക്കൽ തുടങ്ങിയ ഇനങ്ങളിൽ 19713/- രൂപ ഈ പ്രോജക്ടിനായി കൗൺസിൽ ചെലവഴിക്കുകയും ചെയ്തു. 2001 - 02 ൽ വരുമാനം 1600 രൂപ മാത്രമാണ്. സർക്കാർ ഏഴ ലക്ഷത്തോളം രൂപ മുതൽമുടക്കിയ പ്രോജക്ട്, ഡി. ടി. പി. സിയുടെ ഉത്തരവാദിത്വമില്ലായ്മ മൂലം പരാജയമായി ഭവിച്ചിരിക്കുന്നു. വൻ സാമ്പത്തിക നഷ്ടം വരുത്തുന്ന ഈ സ്ഥാപനം കെയർടേക്കറുടെ പക്കൽ നിന്ന് അടിയന്തിരമായി ഏറ്റെടുത്ത് കൗൺസിൽ നിയമപരമായി ടെൻഡർ വിളിച്ചു വാടകയ്ക്കു കൊടുക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. | പൊളിച്ചു നീക്കി, കിറ്റ്കോയുടെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള റിസോർട്ട് നിർമിച്ച് 2011 ൽ ഉദ്ഘാടനം നടത്തിയിരുന്നു. ഡി. ടി. പി. സിയുടെ സ്ഥലത്തു നിർമിച്ച ഈ റിസോർട്ടുകൾ കാലാകാലങ്ങളിൽ കൗൺസിൽ യോഗം ചേർന്നു ടെൻഡർ വഴി നടത്തിപ്പിനു കൈമാറി വരികയാണ്. നിലവിൽ റാണിപുരത്തെ റിസോർട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. |

സഹീദ് ഇ
അഡീഷണൽ സെക്രട്ടറി
ടൂറിസം വകുപ്പ്
ഓഫ് സെക്രട്ടേറിയറ്റ്

Dr. Ahmad Ali Kazemi
Professor of Political Science
Tehran University
Tehran, Iran